515661N

THE TRAVANCORE LEGISLATIVE ASSEMBLY.

President.

The Honourable Mr. A. J. John, B. A., B. L., (*Vaikom I—General*).

Members.

1. Sahib Bahadur T. A. Abdulla, B. A., B. L., (*Ambalapuzha I—Muslim*).
2. Sahib Bahadur Abdul Aziz, B. A., B. L., (*Trivandrum I—Muslim*).
3. Sahib Bahadur Abdul Majeed (*Chirayinkil III—Muslim*).
4. Sahib Bahadur A. Abdul Razaak, B. A., B. L., (*Nedumangad I—Muslim*).
5. Miss Accamma Cheriyan, B. A., L. T., (*Changanacherry I—General*).
6. M. R. Ry. Adichan (Chennan) Avl., (*Kunnathur II—Kurava*).
7. " Aiyappan Krishnan Avl., (*Shertalai III—General*).
8. Mr. Albert Lopez, B. A., B. L., (*Neyyattinkara II—Latin Catholic*).
9. " Alexander Vakayil, B. A., L. T., (*Parur II—Latin Catholic*).
10. " S. Ambrose (*Agastiswaram—Latin Catholic*).
11. Miss Annie Mascarene, M. A., B. L., (*Trivandrum I—Latin Catholic*).
12. M. R. Ry. A. Atchuthan Avl., B. A., B. L., (*Karthikapally II—General*).
13. " R. Atchuthan Avl., (*Kottarakara III—Kurava*).
14. " P. Balakrishnan Thampi Avl., B. A., B. L., (*Mavelikara III—General*).
15. " E. Bhaskaran Avl., (*Karunagapally I—Araya*).
16. Mr. N. V. Chacko, B. A., B. L., (*Kunnathunad III—General*).
17. " P. Chacko (*Thiruvella V—General*).
18. " P. T. Chacko, B. A., B. L., (*Kottayam II—General*).
19. M. R. Ry. G. Chandrasekhara Pillai Avl., B. A., B. L., (*Neyyattinkara II—General*) (Deputy President).
20. Mr. K. M. Chandy. M. A., (*Meenachil I—General*).
21. M. R. Ry., K. K. Chellappan Pillai Avl., B. A., B. L., (*Mavelikara II—General*).
22. " Chellaswami Nadar Avl., B. A., B. L., (*Vilavancode—Hindu Nadar*).
23. Mr. Cheriyan J. Kappen, B. A., B. L., (*Meenachil III—General*).
24. Dr. M. O. Cherian (*Devicolam—General*)
25. M. R. Ry. A. Chidambaranatha Nadar Avl., B. A., B. L. (*Kalkulam II—Hindu Nadar*).
26. Mr. Daniel Jose N., (*Neyyattinkara III—S. I. U. C.*)
27. M. R. Ry. Sree V. Das Avl., (*Kalkulam I—Hindu Nadar*).
28. Mrs. Devaki Gopidas (*Kottayam I—General*.).
29. M. R. Ry. V. Devan Avl., (*Kottayam IV—Pulaya*).

30 Mr. Eapen Arackal B. A., B. L. (*Ambalapuzha I—Latin Catholic*).
31. M. R. Ry. A. Easwara Pillai Avl., B. A.. B. L., (*Kottarakara III—General*).
32. „ K. R. Elankath Avl., (*Trivandrum IV—General*).
33. Mr. Elias Mary Antony) (*Kalkulam I—Latin Catholic*).
34. „ Gabriel Nadar (*Vilavancode—Latin Catholic*).
35. M. R. Ry. K. A. Gangadhara Menon Avl., B. A., B. L., (*Nedumangad I—General*).
36. „ V. Gangadharan Nair Avl., (*Quilon III—General*).
37. Mr. P. C. George, B. A., B. L., (*Pathanamthitta I—General*).
38. „ D. Gnanasigamani, B. A., B. L., (*Kalkulam II—General*).
39. M. R. Ry. P. Gopalan Avl., (*Vaikom III—General*).
40. „ Mannar Gopalan Nair (Kesavan Nair) Avl., B. A., B. L. (*Thiruvella I—General*).
41. „ Gopala Panicker (Padmanabha Panicker) Avl., (*Thiruvella II—General*).
42. „ M. Govindan Avl., B. A.. B. L., (*Trivandrum III—General*).
43. Mr. E. John Philipose, B. A., B. L., (*Thiruvella III—General*).
44. „ A. V. Joseph, (*Kunnathnad I—General*).
45. „ K. S. Joseph, B. A., B. L. (*Thiruvella VI—General*).
46. „ Joseph Malieckal, B. A., B. L., (*Thodupuzha I—General*),
47. The Honourable Mr. C. Kesavan, B. A., B. L., (*Quilon I—General*) (MINISTER).
48. M. R. Ry. T. T. Kesavan Sastri Avl., (*Kunnathnad I—Pulaya*).
49. „ T. Kochukrishna Pillai Avl.. (*Kalkulam I—General*).
50. „ N. S. Kochukunju Avl., (*Changanacherry IV—Paraya*).
51. Mr. K. M. Korah, B. A., B. L.. (*Changanacherry IV—General*).
52. M. R. Ry. D. Krishnan Potti Avl., (*Kottarakara II—General*).
53. „ P. K. Krishnan Sastri Avl., (*Meenachil II—Pulaya*).
54 „ Kumaran Asari Avl., (*Meenachil I—Kammala*).
55. Mr. Thariathu Kunjithommen, (*Muvattupuzha II—General*).
56. Sahib Bahadur P. K. Kunju, (*Karunagapally II—Muslim*).
57. M. R. Ry., P. Kunjukrishnan Avl., B. A., B. L., (*Quilon II—General*).
58. „ N. Kunjuraman Avl., B. A.. B. L., (*Chirayinkil IV—General*).
59. „ Kuttan (Sankaran) Avl., B. A., B. L., (*Neyyattinkara I—General*).
60. „ Kuttappan (Kochayyappan) Avl., (*Mavelikara III—Thandan*).
61. „ R. K. Madhavan Avl., (*Parur I—General*).
62. „ Mankuzhi M. Madhavan Avl., (*Chirayinkil III—General*).
63. „ V. Madhavan Avl., (*Vaikom II—General*).
64. Sahib Bahadur Majeed Marikkar (*Kunnatnad I—Muslim*).
65. Mr. V. O. Markos, B. A., B. L., (*Kottayam III—General*).
66. „ K. A. Mathew (*Thiruvella IV—General*).
67. „ M. C. Mathew (*Changanacherry III—General*).

68. Sahib Bahadur Mohammed Mustafa (*Pathanapuram—Muslim*).
69. „ K. A. Mohammed, B. A., B. L., (*Quilon IV—Muslim*).
70. „ P. S. Mohammed, (*Muvattupuzha I—Muslim*)
71. M. R. Ry., P. Nanoo Avl., (*Chirayinkil II—General*).
72. „ Narayanan (Chittonpullan) Avl., (*Thiruvella IV—Pulaya*).
73. „ C. Narayana Pillai Avl., (B. A., B. L., *Mavelikara I—General*).
74. „ T. K. Narayana Pillai, Avl., B. A., B. L., (*Parur II—General*).
75. „ P. S. Nataraja Pillai Avl., (*Trivandrum V—General*).
76. Mr. A. Nesamony, B. A., B. L., (*Vilavancode—S. I. U. C.*).
77. M. R. Ry. S. Nilakanta Aiyar Avl., B. A., B. L., (*Trivandrum I—General*).
78. „ G. Nilakantan Avl., (*Quilon III—Kammala*).
79. „ G. P. Nilakanta Pillai Avl., (*Karunakapalli. I—General*).
80. „ K. P. Nilakanta Pillai Avl., B. A., B. L., (*Chirayinkil I—General*).
81. M. R. Ry. Mannathu Padmanabha Pillai Avl., (*Pathanamthitta II—General*).
82. „ M. Pappu Avl., (*Kottarakara I—General*).
83. „ A. K. Patchu Pillai Avl., (*Peermade—General*).
84. Mr. Paul Thaliat, B. Com., (*Parur III—General*).
85. „ Poulose (Pylee) B. A., B. L., (*Muvattupuzha III—General*).
86. „ Philipose Muthalaly (*Kunnathur I—General*).
87. M. R. Ry. D. Ponniah Avl., (*Agastiswaram—Paraya*).
88. „ G. Ramachandran Avl., (*Neyyattinkara III—General*).
89. „ K. Ramachandran Avl., (*Pathanamthitta I—Kammala*).
90. „ K. Ramakrishna Achari Avl., (*Nedumangad II—Kammala*).
91. „ K. Ramakrishna Pillai Avl., B. A., B. L., (*Ambalapuzha I—General*).
92. „ P. K. Raman Avl., (*Shertalai II—General*).
93. „ R. K. Ram Avl., (*Agastiswaram—General*).
94. „ Raman Pillai (Madhavan Pillai) Avl., (*Kunnathur II—General*).
95. „ A. Ramasubramonia Karayalar Avl., (*Shencottah—General*).
96. Mr. Raphael J. Rodriguez (*Quilon IV—Latin Catholic*).
97. M. R. Ry. Sadasivan Avl., (*Vilavancode—General*).
98. „ R. Sankar Avl., B. A., B. L., (*Quilon IV—General*).
99. „ Sankaran Nadar Avl., (*Neyyattinkara I—Hindu Nadar*).
100. „ Sankara Pillai (Narayana Pillai) Avl., (*Karthikapalli III—General*).
101. „ K. N. Sankunni Pillai Avl., (*Kottayam IV—General*).
102. „ K. Sarangadharan Avl., B. A., B. L., (*Ambalapuzha II—General*).

103. M. R. Ry. K. Sekhara Panicker Avl., (*Karthikapally I—General*).
104. „ K. Sivarama Pillai Avl., B. A., B. L., (*Thovala—General*).
105. „ Ponnara G. Sreedhar Avl., (*Nedumangad II—General*).
106. The Honourable Mr. A. Thanu Pillai B. A., B. L. (*Trivandrum II—General*) (*Prime Minister*).
107. M. R. Ry. P. Thanulingom Nadar Avl., B. A., B. L. (*Agastiswaram—Hindu Nadar*).
108. Mr. R. V. Thomas, B. A., B. L., (*Meenachil II—General*).
109. M. R. Ry. A. P. Udayabhanu Avl., B. A., B. L., (*Karunagapalli II—General*).
110. Mr. P. V. Urumese Tharakan (*Shertalai I—General*).
111. Mr. Varughese Augustine (*Ambalapuzha III—General*).
112. Mr. P. M. Varughese, B. A., (*Thodupuzha II—General*).
113. Mr. N. P. Varghese, B. A., B. L., (*Muvattupuzha I—General*).
114. Mr. M. Varkey, B. A., (*Kunnathunad II—General*).
115. M. R. Ry. U. K. Vasudevan Asari Avl.. (*Kottayam III—Kammala*).
116. „ K. Velayudhan Nair Avl., B. A., B. L., (*Changanacherry II—General*).
117. The Honourable Mr. T. M. Varghese B. A., B. L., (*Pathanapuram—General*) (MINISTER).
118. Mr. V. K. Verghese B. A., B. L., (*Pathanamthitta III—General*).
119. Mr. Wilson Peter (*Shertalai III—Latin Catholic*).

SECRETARY TO THE LEGISLATIVE ASSEMBLY.

M. R. Ry. V. Krishnamoorthi Aiyar Avl., B. A., B. L.

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

FIRST SESSION 1948/1123.

OFFICIAL REPORT.

Wednesday the 2nd June 1948 20th Idavom 1123.

The first meeting of the Travancore Legislative Assembly convened under the provisions of the Interim Constitution Act, VI of 1123, was held in the Legislative Chamber, Public Offices, at 11 of the clock with the President, (the Hon'ble Mr. A. J. John) in the Chair.

ചോദ്യങ്ങൾ.

MR. K. R. ELANKATH (*Trivandrum IV-General*) : സർ, ചോദ്യോത്തരങ്ങളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ഒരു സംഗതി അങ്ങയുടെ മുമ്പിൽ കൊണ്ടുവരുന്നതിന് ഞാൻ ഉദ്ദേശിക്കുന്നു. ഇതിന് മുമ്പ് അന്നന്ന് ചോദിക്കുന്ന ചോദ്യങ്ങൾക്കുത്തരം മെമ്പറന്മാരുടെ മേശപ്പുറത്ത് വയ്ക്കുകയാണ് പതിവ്. അങ്ങിനെ ചെയ്താൽ പല ചോദ്യങ്ങളും ഉപചോദ്യങ്ങൾ ചോദിക്കാതെ തന്നെ വിടുവാൻ കഴിയും. ഇതു സംബന്ധിച്ച് അങ്ങ് ഒരു റൂളിംഗ് നൾകിയാൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

MR. PRESIDENT : സ്റ്റാൻഡിംഗ് ഓർഡർ ൧൨-ാംനമ്പരിലെ വ്യവസ്ഥ അനുസരിച്ച് ചോദ്യങ്ങളും ഉത്തരങ്ങളും സംബന്ധിച്ച് എനിക്ക് ഒരു പ്രസ്താവന ചെയ്യുവാനുണ്ട്.

നിയമസഭയുടെ ഇതിനുമുമ്പുള്ള ചട്ടങ്ങൾ അനുസരിച്ച് (S. O. *12* at page 95 of Assembly Manual) ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും അച്ചടിച്ച് സഭ കൂടുന്നതിനു അര മണിക്കൂറിനു മുമ്പ് മേശപ്പുറത്തു വയ്ക്കുകയായിരുന്നു പതിവു. എന്നാൽ ഇപ്പോഴത്തെ ചട്ടങ്ങൾ അനുസരിച്ച് ഉത്തരങ്ങൾ അച്ചടിച്ചു മേശപ്പുറത്തു വയ്ക്കേണ്ട ആവശ്യമില്ല.

ബഹുമാനപ്പെട്ട മെമ്പർമാർ അയച്ചിട്ടുള്ള ചോദ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ളവ ക്രമനമ്പരിട്ടു അച്ചടിച്ചു മെമ്പർമാർക്കു അയച്ചുതന്നിട്ടുണ്ടല്ലോ. അവയിൽ ഇന്നേദിവസം ഉത്തരം പറയുന്നതായ ചോദ്യങ്ങ

[Mr. President]

ളുടെ നമ്പരുകൾ ഇന്നത്തെ അജണ്ടയിൽ ചേർത്തിട്ടുണ്ട്. ഈ ക്രമമെല്ലാം തുടരുന്നതാണ്. അജണ്ടയിലെ നമ്പർ ക്രമമനുസരിച്ച് ചോദ്യകർത്താവിന്റെ പേർ പ്രസിഡന്റ് വിളിക്കുന്നതും, ചോദ്യകർത്താവ് അപ്പോൾ എഴുന്നേറ്റുനിന്ന് ചോദ്യത്തിന്റെ നമ്പർ വായിക്കേണ്ടതുമാണ്. ചോദ്യങ്ങൾക്ക് ഉത്തരം മന്ത്രിമാരോ അതിലേക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥ അംഗമോ പറയുന്നതാണ്.

ചോദ്യകർത്താവിന്റെ പേർ വിളിക്കുന്ന സന്ദർഭത്തിൽ ചോദ്യം ചോദിക്കാതിരിക്കുകയോ ചോദ്യകർത്താവ് ഹാജരില്ലാതിരിക്കുകയോ ചെയ്താൽ ഏതെങ്കിലും അംഗത്തിന്റെ അപേക്ഷയിന്മേൽ പ്രസിഡന്റിന് അതിന്റെ ഉത്തരം നൽകാൻ നിർദ്ദേശിക്കാവുന്നതാണ്.

ഉപചോദ്യങ്ങൾ.

ഉത്തരം നൽകിക്കഴിഞ്ഞതായ ഒരു കാര്യത്തെ കൂടുതൽ വിശദമാക്കുന്നതിനായി ഏതെങ്കിലും അംഗത്തിന്, നിയമമനുസരിച്ചുള്ള ഉപചോദ്യം ചോദിക്കാവുന്നതാണ്. റൂളിൽ ഒരു ഉപചോദ്യം ചോദിക്കാം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ശ്രീമൂലം അസംബ്ലിയുടെ റൂളുകളിലും ഇതേ വ്യവസ്ഥ തന്നെയാണ് ചെയ്തിരുന്നത്. പക്ഷെ ഒന്നിൽ കൂടുതൽ ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് അനുവദിക്കുകയായിരുന്നു ഇതേവരെയുള്ള പതിവ്. ഈ പതിവിന് വിപരീതമായി ഒരു ഉപചോദ്യം മാത്രം ചോദിക്കുന്നതിന് അനുവദിച്ചാൽ മതിയെന്നാണ് ഈ സഭയുടെ അഭിപ്രായമെങ്കിൽ അങ്ങനെ ചെയ്യാം. അല്ലാത്ത പക്ഷം മുൻ പതിവനുസരിച്ച് ഉപചോദ്യങ്ങൾ അനുവദിക്കുന്നതായിരിക്കും.

MR. JOSEPH MALIECKAL (*Thodupuzha I-General*) Sir, Rule 10 runs as follows:— (I) Notice of a question shall be given in writing to the Secretary and shall specify:—

ഇതനുസരിച്ച് ചോദ്യം അയക്കുന്ന ആൾ ഇത്രാംതീയതി തന്നെ ആ ചോദ്യങ്ങൾക്കുള്ള ഉത്തരം തരണമെന്ന് കാണിച്ചിരിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ തീയതിക്ക് ഉത്തരം കിട്ടണമെന്ന് കാണിച്ച് അഞ്ചു ചോദ്യങ്ങൾ ഞാൻ അയക്കുകയും പ്രസിഡന്റ് അതനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആ ചോദ്യങ്ങൾ കൂടി ഇന്നത്തെ ലിസ്റ്റിൽ വരുമെന്ന് ഞാൻ ന്യായമായി പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഞാൻ അയച്ച ചോ

ദ്യങ്ങൾ ഇന്നത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. നിയമം അങ്ങിനെ ചെയ്യണമെന്നു അനുശാസിച്ചിരിക്കെ അതു നടപ്പിൽ വരുത്തുവാൻ ഭാവമില്ലെങ്കിൽ ഇങ്ങനെയുള്ള നിയമങ്ങൾക്ക് എന്തർത്ഥമാണുള്ളതെന്ന് ഞാൻ ചോദിക്കുന്നു. ഇപ്പോൾ ഇവിടെ സ്വീകരിച്ചിട്ടുള്ള നടപടി ഹൗസ് ഓഫ് കാമൺസിലെ രീതിയെ ആസ്പദമാക്കിയാണെന്ന് ഞാൻ വിചാരിക്കുന്നു. ഹൗസ് ഓഫ് കാമൺസിൽ ഇന്ന ഇന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം ഇന്ന ഇന്ന ദിവസങ്ങളിൽതന്നെ നൽകണമെന്ന് വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഇവിടേയും സ്വീകരിച്ചില്ലെങ്കിൽ മെമ്പർമാർ ഈ പ്രകാരം ചോദ്യം അയക്കുന്നതുകൊണ്ട് സിദ്ധിക്കേണ്ട പ്രയോജനമോ ഗുണമോ ഉണ്ടാകുന്നതല്ല. അതിനാൽ ചോദ്യങ്ങൾ അയക്കുന്ന മെമ്പറന്മാർ ആവശ്യപ്പെട്ട തീയതിക്കുതന്നെ ഉത്തരം പറയണമെന്ന് മന്ത്രിമാർക്കു നിർദ്ദേശം നൽകേണ്ടതാണ്. ആ നിർദ്ദേശത്തെ ശരിയായി പാലിക്കുവാൻ മന്ത്രിമാർ ശ്രദ്ധിക്കുമെന്നും ന്യായമായി പ്രതീക്ഷിക്കാം.

MR. PRESIDENT : ഈ സെഷന് ആകെ ൩൭൨ ചോദ്യങ്ങൾ ഞാൻ അനുവദിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ചോദ്യങ്ങൾ പതിവനുസരിച്ച് അഞ്ചു ദിവസങ്ങൾക്കുമുമ്പുതന്നെ മന്ത്രിമാർക്ക് അയച്ചിട്ടുണ്ടായിരുന്നു. ഇന്ന് ആകെ ൧൨ ചോദ്യങ്ങൾക്കുള്ള ഉത്തരമേ ലഭിച്ചിട്ടുള്ളൂ. ഇതു സംബന്ധിച്ച് മന്ത്രിമാരെയോ അല്ലെങ്കിൽ ഇവിടുത്തെ സ്റ്റാഫിനെയോ നിയന്ത്രിക്കുന്നതിനുള്ള യാതൊരധികാരവും പ്രസിഡൻറിനില്ല. നിലവിലിരിക്കുന്ന നടപടിച്ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടില്ലാത്ത യാതൊരു നിയന്ത്രണാധികാരങ്ങളും എടുക്കുവാൻ പ്രസിഡൻറ് ഉദ്ദേശിക്കുന്നുമില്ല. ൧൨ ചോദ്യങ്ങൾക്കുത്തരം ഇന്നു പറയുന്നതാണെന്ന് എന്നെ അറിയിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു ദിവസം ൧൨ ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം പറയുകയുള്ളൂ എന്നു വച്ചാൽ വളരെ കുറച്ചു ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം കിട്ടുവാൻ സാധിക്കുകയുള്ളൂ. ഈ സംഖ്യ വളരെ കുറവാണെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് ഈ കാര്യം മന്ത്രിമാർ വളരെ ഗൗരവമായി ആലോചിച്ച് സമയം നഷ്ടപ്പെടുത്താതെ കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ കൂടുതലായി ഇതേപ്പററി യാതൊന്നും പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

MR. P. K. KUNJU (*Karunagapally II-Muslim Reserved*) : സർ, ഈ സന്ദർഭത്തിൽ മററൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രതിനിധിസഭയിലെ അംഗങ്ങൾ അവരുടെ അംഗത്വം ഇവിടെ സ്വീകരിച്ചിട്ടുള്ളത് സത്യവാചകം ചൊല്ലി

[Mr. P. K. Kunju]

യാണ്. ഇതു് നിയമസഭയുടെ ആദ്യത്തെ സമ്മേളനമാണ്. ഇങ്ങനെ ഒരു സമ്മേളനം ആദ്യമായി തുടങ്ങുമ്പോൾ, പ്രതിനിധിസഭയുടെ അംഗങ്ങൾ തന്നെയാണു നിയമസഭയിലെയും അംഗങ്ങൾ എന്നിരുന്നാലും ഒരു പ്രത്യേക സത്യവാചകം ഇവിടെയും ചൊല്ലേണ്ടതു ആവശ്യമല്ലയോ എന്നു ഞാൻ സംശയിക്കുന്നു. മുമ്പു് ഇവിടെ അംഗീകരിക്കപ്പെട്ടിട്ടുള്ള പാരമ്പര്യവും നിയമവും നോക്കുന്നപക്ഷം അതു് ആവശ്യമാണെന്നു കാണാം. മുൻപു അസംബ്ലിയിൽ ഹാജരായ ഒരു മെംബർ കൗൺസിലിൽ ഹാജരാകുമ്പോൾ വീണ്ടും സത്യവാചകം ചൊല്ലേണ്ടതു് നിർബന്ധമായ ഒരാവശ്യമായിരുന്നു. ആ നിലയിൽ ഈ സഭയിൽ പ്രത്യേകം സത്യവാചകം ചൊല്ലേണ്ടതു് ആവശ്യമല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : പ്രതിനിധിസഭതന്നെ നിയമസഭയായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു എന്നാണ് ഇതു സംബന്ധിച്ചുള്ള തിരുവെഴുത്തുവിളംബരത്തിൽ പറഞ്ഞിരിക്കുന്നതു്. ഇവിടെ ഹാജരായിരിക്കുന്ന എല്ലാ മെംബറന്മാരും പ്രതിനിധിസഭയിൽ സത്യപ്രതിജ്ഞ നടത്തിയതുകൊണ്ടു് ഇവിടെ പ്രത്യേകം സത്യപ്രതിജ്ഞ നടത്തേണ്ട ആവശ്യമില്ല.

MR. T. K. NARAYANA PILLAI (*Parur II-General*) : സർ, സ്റ്റാൻറിംഗ് ആർഡർ ൩൭-ാം വകുപ്പിലേക്കു ഞാൻ അങ്ങയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ആ വകുപ്പനുസരിച്ചു് മന്ത്രിമാരെക്കൊണ്ടു് ഇന്നയിന്ന ചോദ്യങ്ങൾക്കു ഉത്തരം പറയിക്കുവാനുള്ള പ്രേരണയും അധികാരവും അങ്ങേയ്ക്കുണ്ടെന്നു് ഞാൻ വിചാരിക്കുന്നു. ൩൭-ാംവകുപ്പു ഇതാണ്.

"Questions shall be put and answers given iu such manner as the President may, in his discretion, determine."

എന്റെ വ്യാഖ്യാനമനുസരിച്ചു മെംബറന്മാർ ആവശ്യപ്പെടുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയിക്കുവാനുള്ള പൂർണ്ണമായ അവകാശങ്ങൾകൂടി ഉണ്ടെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. പ്രസിഡൻറിന്റെ യുക്താധികാരം എന്ന നിലയെ അടിസ്ഥാനപ്പെടുത്തി ഉത്തരം പറയിക്കുന്നതിനുള്ള അധികാരം അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു്. മന്ത്രിമാരുടെ ഹിതാനുസരണം ഉത്തരം പറഞ്ഞാൽ പോരാ എന്നും മന്ത്രിമാർ ഉത്തരം പറയുന്നതു സംബന്ധിച്ചുള്ള ക്രമീകരണങ്ങൾക്കും നിയന്ത്രണങ്ങൾക്കും അങ്ങേക്കുകൂടി അധികാരം ഉണ്ടെന്നും ഞാൻ വിചാരിക്കുന്നു. അതിനാൽ സ്റ്റാൻറിംഗ് ആർഡർ ൩൭-ാം വകുപ്പിനെപ്പറ്റി ഞാൻ ഇപ്പോൾ നൽകിയ വ്യാഖ്യാനത്തെ സംബന്ധിച്ചു് ഒരു റൂളിംഗ് നൽകണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

MR. PRESIDENT: ആദ്യത്തെ ഒരു മണിക്കൂർ സമയം ചോദ്യങ്ങൾക്കുള്ള ഉത്തരം പറയണമെന്നാണു് വ്യവസ്ഥ. അതനുസരിച്ചു ഇവിടെ വന്ന ചോദ്യങ്ങൾ എല്ലാം മന്ത്രിമാക്കു് അയച്ചുകൊടുക്കുകയും അതാതു ചോദ്യങ്ങൾക്കുള്ള ഉത്തരം ഇവിടെ പറയണമെന്നു് അവരോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവരെ നിയന്ത്രിക്കുവാൻ പ്രസിഡൻറിനു് എന്തെങ്കിലും അധികാരമുണ്ടോ എന്നു ഖണ്ഡിതമായി പറയുവാൻ എനിക്കു സാധിക്കുകയില്ല. ഞാൻ അതേപ്പററി ഗാഢമായി ആലോചിച്ചിട്ടുമില്ല. ചോദ്യോത്തരവേളയായ ഒരു മണിക്കൂർ നേരത്തേക്കു ഇന്നു ൧൧ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണു് ഇവിടെ ലഭിച്ചിട്ടുള്ളതു്. ഇതു ഒരു മണിക്കൂർനേരത്തേക്കു മതിയാകുമെന്നുണ്ടെങ്കിൽ കുററമില്ല. മതിയാകുന്നില്ലെങ്കിൽ അതു ശരിയല്ലെന്നുള്ള അഭിപ്രായത്തോടു യോജിക്കുവാനെ നിവൃത്തി കാണുന്നുള്ളു.

MR. T. K. NARAYANA PILLAI: മെംബറന്മാർ അയയ്ക്കുന്ന ഏതെങ്കിലും ചോദ്യങ്ങൾക്കു ഉത്തരം പറയാതിരിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും മന്ത്രിമാക്കുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. K. A. MUHAMMED (*Quilon IV—Muslim Reserved*): ഒരു ദിവസം ഒരു മണിക്കൂർ നേരത്തേക്കു് ഇത്ര ചോദ്യങ്ങൾക്കു് ഉത്തരം പറയണമെന്നു് വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

MR. PRESIDENT: സാധാരണയായി ൩൦ — ൪൦ ചോദ്യങ്ങൾക്കു ഉത്തരം പറയുകയാണു് പതിവു്. കുറെ ചോദ്യങ്ങളുടെ ഉത്തരം പറഞ്ഞുകഴിഞ്ഞതോടുകൂടി അതിലേക്കുള്ള സമയം അവസാനിച്ചുപോകുകയാണെങ്കിൽ ബാക്കി ചോദ്യങ്ങൾക്കുള്ള ഉത്തരം രേഖപ്പെടുത്തി മേശപ്പുറത്തു് വയ്ക്കണമെന്നാണു് ചട്ടം.

MR. A. P. UDAYABHANU (*Karunagapally II—General*): ചോദ്യങ്ങളുടെ ക്രമനമ്പർ അനുസരിച്ചല്ലേ ഉത്തരം പറയേണ്ടതു് ?

MR. PRESIDENT: അജണ്ടായിൽ കാണിച്ചിരിക്കുന്ന നമ്പരുകളുടെ ക്രമമനുസരിച്ചു ഉത്തരം പറയുന്നതാണു്.

MR. G. RAMACHANDRAN (*Neyyattinkara III—General*): ഈ ചോദ്യങ്ങൾക്കുള്ള മറുപടി മാത്രമേ ഇപ്പോൾ പറയുന്നുള്ളു. മററുപല ചോദ്യങ്ങൾക്കും ഉത്തരം പറയാൻ തയ്യാറില്ലെന്നു് മന്ത്രിമാർ പറയുന്നതിന്റെ കാരണം 'എന്താണെന്നു്' പ്രസിഡൻറിനെ അറിയിച്ചിട്ടുണ്ടോ?

MR. PRESIDENT: കാരണം എന്താണെന്നു ഞാൻ ചോദിച്ചിട്ടില്ല.

MR. P. K. KUNJU: സർ, അവതാറിൽ ചിലപ്പോൾ ചോദ്യങ്ങൾ അയച്ചിട്ടുണ്ടെന്ന് പ്രസിഡൻറവർകൾ പറയുകയുണ്ടായി. ഈ മൂന്നു ദിവസത്തിനകം എത്ര ചോദ്യങ്ങൾക്ക് ഉത്തരം പറയുമെന്ന് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

QUESTIONS AND ANSWERS.

മെഡിക്കൽ കാളേജ്.

1. MR. E. P. PAULOSE (*Moovattupuzha III-General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

എ). തിരുവിതാംകൂർ സർവകലാശാലയിൽ ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ബി. എത്ര കൊല്ലംകൊണ്ട് ഇതു നാട്ടിൽ വരുത്താമെന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ?

സി. തിരുവിതാംകൂറിനു പുറത്തുള്ള സർവകലാശാലകളിൽ തിരുവിതാംകൂർ മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഇപ്പോൾ എത്ര സീററു ലഭിക്കുന്നുണ്ട്?

ഡി. പുറത്തുള്ള സർവ്വകലാശാലകളിൽ തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക് കൂടുതൽ സീററുകൾ ലഭിക്കുന്നതിനായി മററു സർവ്വകലാശാലാധികൃതരുമായി ഗവൺമെൻറു വേണ്ട ആലോചനകൾ നടത്തുമോ?

MR. E. P. PAULOSE: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ സർവ്വകലാശാലയിൽ ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

MR. PRESIDENT : ചോദ്യം വായിക്കേണ്ട ആവശ്യമില്ല. മന്ത്രി അതിന്ന ഉത്തരം നൽകുന്നതാണ്.

HON'BLE MR. C. KESAVAN : ഉണ്ട്.

MR. T. K. NARAYANA PILLAI : ഉപചോദ്യങ്ങൾ ചോദിക്കേണ്ടതു് ഏ-യ്ക്കു്, ബി-യ്ക്കു് ഇങ്ങനെ പ്രത്യേകം പ്രത്യേകമായിട്ടാണോ അതല്ല, ഉത്തരം ഒന്നാകെ പറഞ്ഞതിനശേഷം പൊതുവേയാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അതു് മന്ത്രിതന്നെ നിശ്ചയിക്കേണ്ടതാണ്. ചോദ്യത്തിനുള്ള ഉത്തരം ഒന്നാകെ പറയുന്ന എങ്കിൽ ഉപചോദ്യങ്ങളും ഒന്നാകെത്തന്നെ ചോദിക്കാം.

MR. T. K. NARAYANA PILLAI : എ. വകുപ്പിനുള്ള ഉത്തരം പറഞ്ഞുകഴിഞ്ഞതിനശേഷംബഹുമാനപ്പെട്ട മന്ത്രി ഇരുന്നതുകൊണ്ട് ഞാൻ ഒരു ഉപചോദ്യം ചോദിക്കുവാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ സർവ്വകലാശാലയിൽ ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് പൊതുജനങ്ങളെ അറിയിക്കാൻ ഗവണ്മെൻറ എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ എന്നും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN : ആ ചോദ്യത്തിനുള്ള ഉത്തരം ഇതേ ചോദ്യം ബി-ക്കുള്ള ഉത്തരത്തിൽനിന്നും വ്യക്തമാകും.

ചോദ്യം:— ൭ (ബി)

HON'BLE MR. C. KESAVAN: ഈ കാര്യം പ്രാരംഭനടപടികളിൽ ഇരിക്കുന്നതേയുള്ളു. ഇതു എപ്പോൾ നടപ്പിൽ വരുമെന്നു ഖണ്ഡിതമായി പറയാൻ നിവൃത്തിയില്ല.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*) : ഇപ്പോഴത്തെ മന്ത്രിസഭ അതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ ?

MR. T. K. NARAYANA PILLAI: പ്രാരംഭനടപടികളിൽ ഇരിക്കുന്നതേയുള്ളു എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഏതെങ്കിലും പ്രാരംഭനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : ഉണ്ട്.

MR. T. K. NARAYANA PILLAI: ആ നടപടികളുടെ സ്വഭാവവും വ്യാപ്തിയും എന്താണെന്നു പറയുമോ?

HON'BLE MR. C. KESAVAN: പറയാം. ഒരു മെഡിക്കൽ കാളേജു വേണമെന്നുള്ള കാര്യം ഇവിടത്തെ മെഡിക്കൽ അസോസിയേഷനും യൂണിവേഴ്സിററി സെനററും ആലോചിച്ചു. അതിനുവേണ്ടി ഒരു കമ്മിററി ഏർപ്പെടുത്തി. അന്വേഷണം നടത്തി ഒരു താല്ക്കാലിക റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനെ അടിസ്ഥാനമാക്കി ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ എന്തെല്ലാമായിരിക്കണമെന്നുള്ളതിനെപ്പററി അന്വേഷിക്കാൻ ഇവിടത്തെ സർവ്വീസിൽനിന്നു തന്നെ രണ്ടു പ്രധാന ഡാക്ടർമാരെ ഒരു ഡെപ്യൂട്ടേഷനായി നിയോഗിക്കുകയും അവരോടു ഇൻഡ്യയിലുള്ള പല സർവ്വകലാശാലകളിലുംപോയി കണക്കുകൾ ശേഖരിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്. അവർ തിരിച്ചുവന്നിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ഗവർമെണ്ടിന്റെ ശ്രദ്ധയിൽ പെടുന്നതിനുള്ള കാലമായിട്ടില്ല.

MR. V. K. VARGHESE (*Pattanamthitta III—General*): ഇവിടെ ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കുന്നതിനു വളരെ പണച്ചെലവു ചെയ്യേണ്ടതായി വരുമോ?

HON'BLE MR. C. KESAVAN: ആ റിപ്പോർട്ട് കണ്ടതിനുശേഷമേ പറയാൻ സാധിക്കുകയുള്ളു.

MR. K. A. GANGADHARA MENON (*Nedumangad I—General*): കഴിയുന്നതും വേഗത്തിൽ ആ റിപ്പോർട്ട് വരുത്തുവാൻ ശ്രമിക്കുമോ?

HON'BLE MR. C. KESAVAN: ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

MR. P. T. CHACKO (*Kottayam II—General*): ആരെയെല്ലാമാണു ഇതിലേക്കു ഡിപ്യൂട്ടു ചെയ്തിരിക്കുന്നത്.

HON'BLE MR. C. KESAVAN: ഡാക്ടർ കേശവൻ നായർ, ഡാക്ടർ സി. ഒ. കരുണാകരൻ എന്നിവരെ.

MR. P. T. CHACKO: എത്ര നാളുകൾകൊണ്ടാണ് ഇതു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതു്?

HON'BLE MR. C. KESAVAN: അതും റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തീരുമാനിക്കേണ്ട കാര്യമാണ്.

MR. T. A. ABDULLA : എത്ര നാളിനകം റിപ്പോർട്ട് കിട്ടിയിരിക്കണമെന്നാണ് അവരോടാവശ്യപ്പെട്ടിരിക്കുന്നത്.

HON'BLE MR. C. KESAVAN : ഒരു പ്രാരംഭ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. എന്നാൽ അതു് ആലോചനയ്ക്കു് എടുത്തിട്ടില്ല.

ചോദ്യം:— ൧. (ഡി)

HON'BLE MR. C. KESAVAN : ൬ സ്ഥാനങ്ങൾ.

MR. K. R. ELANKATH : ഏതു തോതനുസരിച്ചാണ് ഇതിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്നതു്? സമുദായപ്രാതിനിധ്യം അനുസരിച്ചാണോ; യോഗ്യതയെ അടിസ്ഥാനപ്പെടുത്തിയാണോ ?

HON'BLE MR. C. KESAVAN : പ്രധാനമായി യോഗ്യതയെ അടിസ്ഥാനമാക്കി; അതുകൊണ്ടു് സമുദായപ്രാതിനിധ്യത്തെ ഒഴിവാക്കുകയില്ല.

MR. T. K. NARAYANA PILLAI : ഏതെല്ലാം സർവകലാശാലകളിലാണ് ഈ സ്ഥാനങ്ങൾ ലഭിച്ചിട്ടുള്ളതു്.

HON'BLE MR. C. KESAVAN : മദ്രാസ്, കൽക്കട്ട എന്നീ സർവകലാശാലകളിൽ.

MR. T. K. NARAYANA PILLAI : ഓരോ സർവകലാശാലയിലും എത്ര വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാൻ അനുവദിച്ചിട്ടുണ്ടെന്നു് പറയാമോ?

HON'BLE MR. C. KESAVAN : മദ്രാസ്സിൽ നാലും കൽക്കട്ടയിൽ രണ്ടും സീററുകൾ അനുവദിച്ചിട്ടുണ്ട്.

MR. K. K. CHELLAPPAN PILLAI (*Mavelikara II— General*) : ഇതയും സീററുകൾ റിസർവുചെയ്യുന്നതിന് ഗവണ്മെൻറ് ആ സർവകലാശാലകൾക്ക് എന്തെങ്കിലും കൊടുക്കുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ആ സർവകലാശാലകളിലേക്ക് ഇവിടെനിന്നും അയക്കുന്ന ആളുകൾ പ്രതിമാസം ഇത്ര രൂപാ വീതം അടയ്ക്കണമെന്ന വ്യവസ്ഥയുണ്ട്.

MR. K. K. CHELLAPPAN PILLAI : ഓരോ വിദ്യാർത്ഥിയും ഇതിലേക്ക അടയ്ക്കേണ്ട തുക എത്രയാണെന്നു് പറയുമോ ?

HON'BLE MR. C. KESAVAN : I claim notice.

MR. P. T. CHACKO : ഇതിലേക്ക് ആളുകളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : I claim notice.

MR. P. M. VARGHESE (*Thodupuzha* II—*General*) : ഈ സർവ്വകലാശാലകളിൽ കൂടുതൽ സീററുകൾ റിസർവ്വചെയ്യുന്നതിനായി ഗവണ്മെൻറ എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : ഇവിടെ ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കുവാനുള്ള നടപടികൾ തുടങ്ങിയിരിക്കുന്നതുകൊണ്ട് അതിലേക്ക് പ്രത്യേകമായി ശ്രമിച്ചിട്ടില്ല.

MR. N. V. CHACKO (*Kunnathunad* III—*General*) : ഇപ്പോൾ ഇതിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ അതിലേക്ക് ആവശ്യമുള്ള ഫീസ്സിനേക്കാൾ കൂടുതലായ ഒരു തുകയാണ് നൽകിവരുന്നതെന്ന് അറിയാമോ ?

HON'BLE MR. C. KESAVAN : അറിയാം.

MR. E. P. POULOSE : ഇപ്പോൾ ഇതിലേക്കു ആളുകളെ തിരഞ്ഞെടുക്കുന്നത് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ്?

HON'BLE MR. C. KESAVAN : അതിനുള്ള ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു. കൂടുതൽ യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കും.

MR. E. P. POULOSE : പിന്നോക്കസമുദായക്കാർക്കു ഇതിൽ മുൻഗണന നൽകുമോ ?

HON'BLE MR. C. KESAVAN : തുല്യയോഗ്യതയുണ്ടെങ്കിൽ മുൻഗണന നൽകും.

MRS. DEVAKI GOPIDAS (*Kottayam I—General*) കിട്ടിയിട്ടുള്ള സീററുകളിൽ എത്ര സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്.

HON'BLE MR. C KESAVAN : ഒരു സ്ത്രീക്കും മൂന്നു പുരുഷന്മാർക്കും എന്നു നേരത്തെ പരസ്യപ്പെടുത്തിയിട്ടുണ്ട്.

MR. ABDUL AZIZ (*Trivandrum II—General*) : ഗവണ്മെൻറിന്റെ നിർദ്ദേശപ്രകാരമാണോ അതോ സർവകലാശാലകൾതന്നെ നിശ്ചയിച്ചപ്രകാരമാണോ ഇത്രയും സീററുകൾ മാത്രം അനുവദിച്ചിട്ടുള്ളത്.

HON'BLE MR. C. KESAVAN: I claim notice.

MR. A. CHIDAMBARANATHA NADAR: (*Kalkulam II-Hindu Nadar Reserved*) இதுவரையில் நமது சமஸ்தானத்திலுள்ள ஹிந்து நாடார் சமுதாயத்திலிருந்து எவ்வளவு மாணவர்களை எம். பி. பி. எஸ். க்கு அனுப்பியிருக்கிறார்கள் என்று கனம் மந்திரியவர்களுக்குச் சொல்லமுடியுமா ?

HON'BLE MR. C. KESAVAN: I claim notice.

MR. SREE. V. DAS: (*Kalkulam I—Hindu Nadar—Reserved*).

ஆறு பேர்கள் மருத்துவ வைத்திய கலாசாலைக்கு அனுப்பப்பட்டிருக்கிறதென்று கூறப்பட்டது. அப்படி தேர்ந்தெடுப்பதற்கு ஏதாவது கம்மிட்டியிருக்கிறதா? அல்லது கனம் மந்திரியவர்கள்தான் தேர்ந்தெடுப்பதா?

HON'BLE MR. C. KESAVAN: ഗവണ്മെൻറ്.

MR. SREE V. DAS: *அதற்காகத் தனியாக ஏதாவது ஒரு கம்மிட்டி ஏற்படுத்தப்பட்டிருக்கிறதா?*

HONB'LE. MR. C. KESAVAN ഇല്ല. ഗവണ്മെൻറ് തന്നെ ഉള്ള·

ചോദ്യം ൧. ഡി.

HON'BLE MR. C. KESAVAN: തിരുവിതാംകൂറിൽ ഒരു മെഡിക്കൽ കാളേജ് കഴിയുന്നതു വേഗത്തിൽ സ്ഥാപിക്കണമെന്നുള്ള കാര്യം ആലോചനയിൽ ഇരിക്കുന്നതുകൊണ്ട് ആ പ്രശ്നം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

MR. P. M. VARUGHESE: തിരുവിതാംകൂറിൽ ഒരു മെഡിക്കൽ കാളേജ് എത്രനാളുകൊണ്ടു സ്ഥാപിതമാകുമെന്ന് തീർച്ചയില്ലാത്തിടത്തോളം കാലം അതു സ്ഥാപിക്കുന്നതുവരെ അതിലേക്കുള്ള ശ്രമം നടത്തേണ്ടതല്ലേ?

HON'BLE MR. C. KESAVAN: കഴിയുന്നിടത്തോളം കാലതാമസം വരുത്താതെ മെഡിക്കൽ കാളേജ് ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറ് ശ്രമിച്ചുവരികയാണ്.

MR. A. CHIDAMBARANATHA NADAR: *ஆறு பேர்கள் தேர்ந்தெடுக்கப்பட வேண்டுமென்று சொன்னீர்களே. அந்தத் தேர்தல் முடிந்துவிட்டதா?*

HON'BLE MR. C. KESAVAN: എടുത്തിട്ടില്ല.

MR. K. R. ELANKATH: ഇന്ന് തിരുവിതാംകൂറിൽ വേണ്ടിടത്തോളം ഡാക്ടർമാർ ഇല്ലെന്നിരിക്കെ ഇങ്ങനെ പുറത്തുള്ള സർവ്വകലാശാലകളിൽ അയച്ചുവരുത്തുന്നവരെക്കൊണ്ടു മാത്രം ഇവിടത്തെ ആവശ്യങ്ങൾ നിർവ്വഹിക്കാമെന്നാണോ ആലോചിക്കുന്നത്?

HON'BLE. MR. C. KESAVAN: ഇവിടത്തെ ആവശ്യത്തിനു മതിയാകുന്നിടത്തോളം ഡാക്ടർമാരെ ലഭിക്കുന്നതിന് വേണ്ടിയാണ് ഒരു മെഡിക്കൽകാളേജ് ഇവിടെ സ്ഥാപിക്കണമെന്ന് ആലോചിക്കുന്നത്. അതു സാധിക്കുന്നതുവരെ മുൻപിലത്തെപ്പോലെ തുടരുകയേ നിവൃത്തിയുള്ളൂ.

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General)* :
മററു പ്രാവിൻസുകളോടൊപ്പം ഇവിടെനിന്നും അയയ്ക്കുന്ന വിദ്യാർത്ഥികളുടെ ഫീസു കുറയ്ക്കുന്നതിന് ഗവണ്മെൻറു വല്ല ശ്രമവും ചെയ്യുന്നുണ്ടോ ?

HON'BLE. MR. C. KESAVAN : ഫീസു കുറയ്ക്കുക എന്ന പ്രശ്നം ഇവിടെയില്ല. ഒരു യൂണിവേഴ്സിററിയിൽനിന്നും ഗവണ്മെൻറിന് കുറച്ചു സീററുകൾ വേണമെന്നാവശ്യപ്പെട്ടാൽ അതു കിട്ടണമെങ്കിൽ അതിലേക്ക് ഒരു തുക സംഭാവന ചെയ്താൽ മാത്രമെ സാധിക്കുകയുള്ളു. തിരുവിതാംകൂർ ഗവണ്മെൻറു വളരെ ശ്രമപ്പെട്ടു കിട്ടിയ സീററുകളുണ്ട്. അതിലേക്ക് ഗവണ്മെൻറു ഒരു തുക കൊടുക്കുന്നുമുണ്ട്. ഈ തുക അപേക്ഷകർ തന്നെ കൊടുത്തുകൊള്ളാമെന്ന് സമ്മതിക്കുന്നതു കൊണ്ട് അവർ കൊടുക്കുകയാണ്.

MR. K. RAMACHANDRAN (*Pathanamthitta I—Kummala—Reserved*):
ഈ തുക കുറവു ചെയ്യുവാൻ അടുത്ത കാലത്തെങ്കിലും ഗവണ്മെൻറു ശ്രമിക്കുമോ ?

HON'BLE MR. C. KESAVAN : അതു കൊടുക്കുവാൻ അപേക്ഷകർ തയാറായിരിക്കെ അതേപ്പററി ഗവണ്മെൻറു ആലോചിച്ചിട്ടില്ല.

MR. K. K. CHELLAPPAN PILLAI : ഇൻഡ്യയിലെ മററു സർവകലാശാലകളിൽനിന്ന് സീററുകൾ കിട്ടുന്നതിനായി ഗവണ്മെൻറു ശ്രമിക്കുന്നുണ്ടോ ?

HON'BLE MR. C. KESAVAN : തൽക്കാലം അതിനായി ഒരു ശ്രമവും നടത്തുന്നില്ല. അതിനുള്ള കാരണം ഞാൻ മുൻപേ പറഞ്ഞു കഴിഞ്ഞു.

MR. P. NANOO: (*Chirayinkil II General*) : കൂടുതൽ തുക കൊടുക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ സൌജന്യങ്ങൾ ചെയ്തു കൊടുക്കുവാൻ ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ ?

HON'BLE MR. C. KESAVAN : ഗവണ്മെൻറു ആർക്കും ഒരു സൌജന്യവും ചെയ്യുന്നില്ല.

MR. K. K. CHELLAPPAN PILLAI : മററു സർവകലാശാലകളിൽ കൂടുതൽ സീററുകൾ കിട്ടുവാൻ ഗവണ്മെൻറു എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ ?

MR. PRESIDENT : ആ ചോദ്യം ഇതിനു മുൻപു ചോദിച്ചിട്ടുള്ളതും ഉത്തരം പറഞ്ഞിട്ടുള്ളതുമാണ്. അതുകൊണ്ട് ആ ചോദ്യത്തെ ഞാൻ തടയുന്നു.

MR. K. K. CHELLAPPAN PILLAI : മുൻപു ചോദിച്ച ചോദ്യം അതല്ല. മദ്രാസിലും കൽക്കട്ടായിലും ഉള്ള സർവ്വകലാശാലകളിൽ കൂടുതൽ സീററുകൾ കിട്ടാൻ ശ്രമിച്ചിട്ടുണ്ടോ എന്നാണ്. എന്നാൽ എന്റെ ചോദ്യം അതല്ല. ഇൻഡ്യയിലെ മററു സർവ്വകലാശാലകളിൽ കൂടുതൽ സീററുകൾ കിട്ടാൻവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ എന്നാണ്.

MR. PRESIDENT : അതേ ചോദ്യം വേറെ ഒരു മെംബർ ചോദിച്ചിട്ടുണ്ട്.

MR. T. KOCHUKRISHNA PILLAI (*Kalkulam I General*) : *இதற்கு முன்னிருந்த கவர்மென்டுக்கு இந்த ஆறு* **seat** *கள் தான் பெறமுடிந்தது என்று சொல்லப்பட்டது. இப்போது நம்முடைய ஜனாயக கவர்மென்று என்று சொல்லுகிறீர்களே, உங்களுக்கு அதை விட கூடுதலாக* **seat** *கள் கிடைக்க முயற்சி செய்தால் கிடைக்காதா ?*

HON'BLE MR. C. KESAVAN : ശ്രമിക്കാം.

MR. P. M. VARUGHESE : വെല്ലൂർ മെഡിക്കൽ കാളേജിലേക്കു ഗവണ്മെൻറു അപേക്ഷിച്ചിട്ടുണ്ടോ ?

MR. P. BALAKRISHNAN THAMPI (*Mavelikara III-General.*) : Sir, on a point of order. As I understand the parliamentary practice, when an hon. gentleman resumes the seat, he cannot often enlighten the House with interpellations in the manner in which he has done.

MR. PRESIDENT : ചോദ്യം അനുവദനീയമാണ്.

MR. A. NESAMONY (*Vilavamcode S. I. U. C- Reserved*) . *இந்த வகைக்கு இந்திய கவர்மென்று எவ்வளவு தொகை தருவதாக வாக்குத்தந்திருக்கிறது ?*

HON'BLE MR. C. KESAVAN : തുക തരാമെന്നല്ല, ഇതിന്റെ സ്ക്കീം ഉണ്ടായിക്കഴിഞ്ഞാൽ പലിശയില്ലാതെ ഒരു തുക തരുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

MR. A. NESAMONY : *எவ்வளவு ரூபாய் வரையில் தரலாமென்று சொல்லியிருக்கிறார்கள் ?*

MR. K. A. GANGADHARA MENON : ഇതു സംബന്ധിച്ചു എന്തെങ്കിലും നടപടി നടത്തണമെന്നു് ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. C. KESAVAN : അതു ക്യാബിനററു തീരുമാനിക്കേണ്ട സംഗതിയാണു്. ഈ കാര്യത്തെപ്പററി ക്യാബിനററു ആലോചിച്ചിട്ടില്ല.

MR. P. BALAKRISHNAN THAMPI : Sir, on a point of order. Is the hon'ble member in order in asking the Government whether the matter has been considered by the Cabinet

MR. PRESIDENT : ക്യാബിനററു എന്നു പറയുന്നതു ഗവണ്മെൻറാണു്. അതുകൊണ്ടു ആ ചോദ്യം ചോദിക്കാം.

MR. P. BALAKRISHNAN THAMPI : My question is whether a specific reference to the cabinet meeting is allowed in the Legislature. I wait for a Ruling.

MR. PRESIDENT : ക്യാബിനററു എന്നു പറയുന്നതു് ഇപ്പോഴത്തെ നിയമം അനുസരിച്ചു ഗവണ്മെൻറാണു്. അതുകൊണ്ടു അങ്ങനെയുള്ള ചോദ്യങ്ങളും ചോദിക്കുവാൻ ഞാൻ അനുവദിക്കുന്നു.

MR. K. R. ELANKATH : ഇതു പ്രധാനമായ ഒരു പ്രശ്നമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : ഉണ്ടു്.

MR. SREE. V. DAS : *தொழிலாளி மக்களுக்கும், பாட்டாளி மக்களுக்கும் வீடும் குடியுமில்லா திருப்பது ஒரு முக்கியமான விஷயமாயிருக்கும், நமது சர்க்கார் இதுவரையில் அதில் கவனம் செலுத்தாமலிருப்பதற்கு ஏதாவது விசேஷ காரணங்களுண்டா ?*

HON'BLE MR. C. KESAVAN : വിശേഷകാരണമില്ല.

തൊഴിലാളികളുടെ താമസസൗകര്യങ്ങൾ.

൨. MR. KRISHNAN AIYAPPAN (*Shertallai III-General*) : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സ്വയം മറുപടി പറയുമോ ?

താമസിക്കുവാനും കിടക്കുവാനും സ്വന്തമായി സ്ഥലങ്ങളും വീടുകളും ഇല്ലാത്ത പാവയ തൊഴിലാളികളുടെ ആവശ്യത്തിനുവേണ്ടി സ്ഥലവും വീടും ഉണ്ടാക്കുന്നതിനുള്ള എന്തെങ്കിലും ഒരു പദ്ധതി ഗവണ്മെൻറിന്റെ ആലോചനയിലുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ സാമാന്യസ്വഭാവം എന്താണെന്നും പ്രസ്താവിക്കുന്നതിന് ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

HON'BLE. MR. C. KESAVAN : ഇപ്പോൾ ഗവണ്മെൻറിൻെറ ആലോചനയിൽ ആവിഷയമില്ല.

MR. KRISHNAN AIYAPPAN: ഈ കടിയിറക്ക നടപടികൾമൂലം ചേർത്തല താലൂക്കുകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവണ്മെൻറിനറിയാമോ ?

HON'BLE. MR. C. KESAVAN : ചേർത്തല താലൂക്കിൽ മാത്രമല്ല തിരുവിതാംകൂറിൽ ഒട്ടാകെ സാധുക്കൾ കടിയിറക്കുകൊണ്ടു ബുദ്ധിമുട്ടുന്നുണ്ടെന്നു ഗവണ്മെൻറിനറിയാം.

MR. KRISHNAN AIYAPPAN : ചേർത്തല താലൂക്കിലെ അസമാധാനങ്ങൾക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്നു ഇതാണെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. C. KESAVAN : അറിവില്ല.

MR. V. SIVARAMA PILLAI : (*Thovala- General*) வீடு இல்லாதவர் களுண்டா ? அது எவ்வளவு என்று கணக்கெடுக்கப்பட்டிருக்கிறதா?

HON'BLE MR. C. KESAVAN : കണക്കെടുത്തിട്ടില്ല.

MR. N. V. CHACKO : തൊഴിലാളികളല്ലാത്തവരായ ജനങ്ങളിൽ താമസിക്കുവാനും കിടക്കുവാനും സ്ഥലം ഇല്ലാത്ത ആളുകൾ ഉണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

HON'BLE MR. C. KESAVAN : ഉണ്ടായിരിക്കുമെന്നറിയാം.

MR. P. S. MOHAMMED.(*Moovattupuzha I-Muslim Reserved*) കടിയാന്മാരെ താങ്ങളുടെ സ്ഥലങ്ങളിൽനിന്നും ഒഴിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്നും മററുമുള്ള പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. C. KESAVAN : പരാതികൾ ഉണ്ടായിട്ടുണ്ട്.

MR. A. NESAMONY : அதைத்தடுக்கச்சட்டம் ஏதாவதுண்டா ? இல்லையானால் சட்டமியற்ற கனம் மந்திரிக்கு ஆலோசனையுண்டா ?

HON'BLE MR. C. KESAVAN : അതേപ്പററി ഗവണ്മെൻറു ആലോചിച്ചിട്ടില്ല.

MR. KRISHNAN AIYAPPAN : ചേർത്തല താലൂക്കിലുള്ള സാധുക്കൾക്ക്, അതായതു് കേറിക്കിടക്കുവാൻ വീടില്ലാത്തവർക്കുവേണ്ടി ഗൃഹങ്ങൾ നിർമ്മിക്കുന്നതിനുള്ള വല്ല നടപടികളും ഗവണ്മെൻറു നടത്തുന്നുണ്ടോ?

HON'BLE MR. C. KESAVAN : ചേർത്തല താലൂക്കിനെ സംബന്ധിച്ച മാത്രമല്ല, തിരുവിതാംകൂർ രാജ്യത്തുള്ള എല്ലാ താലൂക്കുകളിലുമുള്ള സാധുക്കൾക്കുവേണ്ടി ഒരു ഗൃഹനിർമ്മാണപദ്ധതി ഗവണ്മെൻറിന്റെ ആലോചനയിൽ ഉണ്ട്. എന്നാൽ അതു് ഇതുവരെ രൂപം പ്രാപിച്ചിട്ടില്ലന്നേയുള്ളു.

MR. MANNAR GOPALAN NAIR (*Thiruvalla I—General*) : ഗൃഹനിർമ്മാണപദ്ധതിയെപ്പററി ഇന്ത്യാഗവണ്മെൻറിന് ഒരു സ്കീം ഉണ്ടെന്നറിയാമോ?

HON'BLE MR. C. KESAVAN : ഇൻഡ്യാഗവണ്മെൻറ് ഇതിനെപ്പററി ഒരു സ്കീം ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ തിരുവിതാംകൂർ ഗവണ്മെൻറ് ഇതിനെപ്പററി ആലോചിക്കുന്നതേയുള്ളു.

MR. SREE. V. DAS : தொழிலாளிமக்களும், பாட்டாளி மக்களும் வீடும் குடியுமில்லாமலிருப்பது ஒரு முக்கியமான விஷயமாயிருக்கும், நமது சர்க்கார் இது வைபீஸ் ஆயில் கவனம் செலுத்தாமலிருப்ப தற்கு ஏதாவது விசேஷ காரணங்களுண்டா?

HON'BLE MR. C. KESAVAN : തൊഴിലാളികളെയും കടിയാന്മാരെ പൊതുവേയും ബാധിക്കുന്ന ഒരു സംഗതിയാണ് ഇതു്. ഇതിന് പരിഹാരം ഉണ്ടാക്കണമെന്ന് ഗവണ്മെൻറിന് ആഗ്രഹവും ഉണ്ട്.

MR. V. K. VARGHESE : ആററരികത്തും തോട്ടരികത്തും ഹാറമുള്ള പറമ്പുകളിൽ ധാരാളം തൊഴിലാളികളും പാവപ്പെട്ടവരും താമസിക്കുന്നു. അങ്ങിനെയുള്ള സ്ഥലങ്ങളേയും ഗവണ്മെൻറു കൈവശപ്പെടുത്താൻ ഉദ്ദേശിക്കുന്നതു സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുള്ളതായി അറിയാമോ?

HON'BLE MR. C. KESAVAN : അല്പം മുൻപ് ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിന പറഞ്ഞ മറുപടി തന്നെയാണ് ഇതിനും പറയുന്നതു്.

MR PRESIDENT : ഉപചോദ്യങ്ങൾ ചോദിക്കുമ്പോൾ അതിന്റെ ലക്ഷണം മാറിപ്പോകരുതെന്നു് ഞാൻ ഓരോ ബഹുമാനപ്പെട്ട മെമ്പറന്മാരേയും അറിയിച്ചുകൊള്ളുന്നു.

MR. P. T. CHACKO : തൊഴിലാളികളുടെ ഗൃഹനിർമ്മാണത്തിനു വേണ്ടി ഒരു പദ്ധതിയും ഇപ്പോൾ തയ്യാറാക്കിയിട്ടില്ലെന്നു പറയുന്നു. എന്നാൽ തൊഴിലാളികളെ കുടിയിറക്കിവിടുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഈ ചോദ്യത്തിന് ഉത്തരം അർഹിക്കുന്നില്ല.

Transport Buses.

3. **MR. K. R. ELANKATH** : Will the Honourable Minister for Transport be pleased to state:

(*a*) the number of buses purchased by the department;

(*b*) the number of buses put on service;

(*c*) the number of buses fitted with gas plant at any time; the cost of the finished buses with gas plant ; and

(*d*) the number of such buses (fitted with gas plant) sold in auction and the amount realised on that account.

HON'BLE MR. T. M. VARGHESE : നൻ൪ ചെസിസുകൾ വാങ്ങിച്ചിട്ടുണ്ട്. (ബസ്സുകളല്ല)

MR K. A. MATHEW (*Thiruvalla IV-General*) : ൧൧൨൨-ൽ എത്രയെണ്ണം വാങ്ങിച്ചിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : അതിനെപ്പറ്റി ആണ്ടു തിരിച്ചുള്ള ഒരു സ്റ്റേറ്റുമെന്റു തരാൻ ഇപ്പോൾ നിവൃത്തിയില്ല. അങ്ങിനെ ആവശ്യമുണ്ടെങ്കിൽ പ്രത്യേകം നോട്ടീസുവേണം.

MR. K. R. ELANKATH : നൻ൪ ചെസിസുകൾ വാങ്ങിച്ചിട്ടുണ്ടെന്നു പറയുന്നു. എത്ര രൂപാ വീതം ഓരോന്നിനും ചെലവായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : അതിനും നോട്ടീസ് വേണ്ടിയിരിക്കുന്നു.

MR. P. T. CHACKO : ഈ ബസ്സുകൾ ഗവണ്മെന്റിൽനിന്നും നേരിട്ടു വാങ്ങിച്ചതോ അതോ വല്ല ഏജന്റന്മാർ മുഖാന്തരം വാങ്ങിച്ചതോ?

HON'BLE MR. T. M. VARGHESE : ഗവണ്മെന്റിൽനിന്നും പണം കൊടുത്തു വാങ്ങിച്ചതാണ്.

MR. A. NESAMONY . *வாங்கின சேஸிஸ் எல்லாம் புதியவைகளா? அல்லது பழயவைகளா?*

HON'BLE MR. T. M. VARGHESE : ഈ ബസ്സുകൾ വാങ്ങിച്ചപ്പോൾ എല്ലാം പുതിയതായിരുന്നു.

MR. P. T. CHACKO : ഈ ബസ്സുകൾ (ചേസിസുകൾ) വരുത്തിയതിന് ഗവണ്മെൻറിൽനിന്നും ആൎക്കെങ്കിലും വല്ല കമ്മിഷനും കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ചേസിസുകൾ വാങ്ങിച്ചപ്പോൾ കമ്മിഷനെ സംബന്ധിച്ച് ചെയ്തിട്ടുണ്ടായിരുന്ന വ്യവസ്ഥ എന്താണെന്ന് അറിഞ്ഞുകൂടാ.

MR. K. R. ELANKATH : ആകെ വരുത്തിയിട്ടുള്ള ബസ്സുകളിൽ എത്ര എണ്ണം ഇപ്പോൾ ഉപയോഗിക്കുന്നുണ്ടെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : ഞാൻ മുൻപു പറഞ്ഞ നമ്പർ എണ്ണവും ഇപ്പോൾ ഉപയോഗിച്ചുവരുന്നു.

MR. K. A. GANGADHARA MENON : അവയെല്ലാം സർവീസിന് ഉപയോഗിക്കത്തക്ക നിലയിലാണോ ഇപ്പോൾ ഇരിക്കുന്നത്?

HON'BLE MR. T. M. VARGHESE : വാങ്ങിച്ചപ്പോൾ എല്ലാം ഉപയോഗയോഗ്യമായിരുന്നു.

MR. K. A. GANGADHARA MENON : ഏതെങ്കിലും ബസ്സുകളുടെ സർവീസ് നിറുത്തേണ്ടി വന്നിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ഇല്ല.

MR. K. R. ELANKATH : ചോദ്യങ്ങൾ അയയ്ക്കുന്ന മെമ്പറന്മാരുടെ ഉപചോദ്യങ്ങൾക്കു ശേഷമേ മററുള്ളവൎക്ക് അതിനെപ്പററി വല്ലതും ചോദിക്കാനുള്ള അനുവാദം കൊടുക്കാവൂ എന്ന് എനിക്ക് ഒരു അപേക്ഷയുണ്ട്.

MR. PRESIDENT : അങ്ങിനെയൊന്നും റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

MISS. ACCAMMA CHERIYAN (*Changanachery I - General*) : കോട്ടയം-തിരുവനന്തപുരം ലൈനിൽ മുൻപ് ഒരു കോച്ച് ഉണ്ടായിരുന്നു. ഇപ്പോൾ അത് ഏതു ലൈനിൽ ഓടുന്നു എന്നു പറയാമോ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ ഏതു ലൈനിൽ ആണെന്നു പറയാൻ നിവൃത്തിയില്ല.

MR. K. K. CHELLAPPAN PILLAI : ഈ ബസ്സുകൾ വാങ്ങിച്ചിട്ടുള്ളത് ഏതു കമ്പനിയിൽ നിന്നാണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. P. T. CHACKO : ഗവണ്മെൻറിൽനിന്നു പണം കൊടുത്തു വാങ്ങിയിട്ടുള്ള ബസ്സുകളെല്ലാം തിരുവിതാംകൂറിൽ വന്നു ചേർന്നിട്ടുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. T. M. VARGHESE : വന്നു ചേർന്നിട്ടുണ്ട്.

MR. A. NESAMONY : அப்படி Military Disposal-இருந்து வாங்கப்பட்ட பஸ்கள் புதியவைகளா அல்லது பழயவைகளா?

MR. A. P. UDAYABHANU : മിലിട്ടറിയിൽനിന്നും ബസ്സുകൾ വിലയ്ക്കു വാങ്ങിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവ പുതിയതോ, പഴയതോ?

HON'BLE MR. T. M. VARGHESE : മിലിട്ടറിയിൽനിന്നും ബസ്സുകൾ വിലയ്ക്കു വാങ്ങിയിട്ടുണ്ട്. അങ്ങിനെ വാങ്ങിയവയിൽ ന്യൂ എന്നു അടയാളപ്പെടുത്തിയിട്ടുള്ളതുകൊണ്ട് പുതിയതായിരിക്കണം.

MR. K. R. ELANKATH : എന്തു വിലയ്ക്കാണ് ഓരോ ബസ്സും വാങ്ങിച്ചതെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : ഓരോന്നിനും ൧൦,൦൦൦ രൂപാ വീതം വില കൊടുത്താണ് വാങ്ങിച്ചിട്ടുള്ളത്.

MR. P. T. CHACKO : എല്ലാ ബസ്സുകളിലും ന്യൂ എന്ന് എഴുതിയിട്ടുള്ളതല്ലാതെ, അവ യഥാർത്ഥത്തിൽ പുതിയതാണെന്നറിയാമോ?

HON'BLE MR. T. M. VARGHESE : ന്യൂ എന്ന് എഴുതിയിട്ടുള്ളതുകൊണ്ട് പുതിയതാണെന്ന് വിചാരിക്കുന്നതിൽ തെററില്ല.

MR. P. T. CHACKO : ൧൦,൦൦൦ രൂപാ വീതം എത്ര എണ്ണം മിലിട്ടറിയിൽനിന്നും വാങ്ങിച്ചിട്ടുണ്ടെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : ൧൧൦ എണ്ണം.

MR. P. T. CHACKO : വാങ്ങിച്ചതിൽ പിന്നീട് വല്ല ബസ്സിനും കേടുകൾ സംഭവിച്ചിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : ബസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതിഗതികളെപ്പററി നോട്ടീസുകൂടാതെ ചോദിച്ചാൽ മറുപടി പറയാൻ തരമില്ല. എങ്കിലും പ്രതീക്ഷിച്ചിരുന്നതുപോലെ നല്ലതല്ലെന്നു പറയാം.

MR. PRESIDENT : ഓരോ ബഡ്ജററുമായി ബന്ധപ്പെട്ട മെമ്പറന്മാരും ഉപചോദ്യങ്ങൾക്കുവേണ്ടി ധാരാളം സമയം ചെലവാക്കുന്നു. അതു് ആശാസ്യമാണെന്ന് എനിക്ക് തോന്നുന്നില്ല.

MR. K. R. ELANKATH : മിലിട്ടറിയിൽനിന്നും വാങ്ങിച്ചിട്ടുള്ള ഓരോ ബസ്സും ഒരു ഗ്യാലൻ പെട്രോളിൽ ശരാശരി എത്ര മൈൽ ഓടുമെന്ന് പറയാൻ സാധിക്കുമോ?

MR. PRESIDENT : ആ ചോദ്യം ഇപ്പോൾ അനുവദിക്കുന്നില്ല.

MR. K. R. ELANKATH : ഗ്യാസ് പ്ലാൻറ് ഫിററുചെയ്തിട്ടുള്ള ബസ്സുകൾ ഇപ്പോൾ എത്രയുണ്ടെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : ഗ്യാസ് പ്ലാൻറ് ഫിററ് ചെയ്തിട്ടുള്ള ബസ്സുകൾ ൭൨ ആണ്.

MR. K. R. ELANKATH : ഒരു ബസ്സിൽ ഗ്യാസ പ്ലാൻറ് ഫിററു ചെയ്യുന്നതിന് എന്തു ചെലവായിട്ടുണ്ട്?

HON'BLE MR. T. M. VARGHESE : ഇതു് ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടില്ല. എങ്കിലും പറയാം. ശരാശരി ൭൫൦ രൂപയാണ്. അതായതു് ചിലതിന് ൮൦൦-ം ചിലതിന് ൯൦൦-ം രൂപയായി.

MR. K. R. ELANKATH : ഈ ബസ്സുകൾ അതായതു് ഇങ്ങനെ ഗ്യാസ് പ്ലാൻറ് ഫിററു ചെയ്ത ബസ്സുകൾ എല്ലാം ഇപ്പോൾ ഉണ്ടോ അതോ ലേലം ചെയ്യോ?

HON'BLE MR. T. M. VARGHESE : ഒന്നും ലേലം ചെയ്തിട്ടില്ല. പെട്രോൾ ധാരാളം കിട്ടിത്തുടങ്ങിയപ്പോൾ ആ ഗ്യാസ് പ്ലാൻറ് മാററി. അല്ലാതെ ഒന്നും ലേലം ചെയ്തു വിററിട്ടില്ല.

MR. P. T. CHACKO : ട്രാൻസ്പോർട്ട ബസ്സ് സർവീസുകളിൽ ഗ്യാസ് പ്ലാൻറ് ഉപയോഗിച്ച് ഓടിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതു് നിശ്ചയമില്ല.

MR. SREE V. DAS : Gas plant fit செய்து எத்தனை வண்டிகள் ஓடின என்பதை நிச்சயமாய்ச் சொல்லமுடியாது என்று சொன்ன கனம் மந்திரியவர்கள் எப்படி 3;4 பஸ்கள் ஓட்டிக்கொண்டிருக்கிறதாகச் சொல்ல முடியும் ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ എത്ര ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നുവെന്നു ചോദ്യമില്ല. എത്ര ബസ്സുകൾ വാങ്ങിച്ചു എന്ന് എ-യും എത്ര ബസ്സുകൾ സർവീസിനെടുത്തു എന്ന് ബി-യും ചോദ്യങ്ങൾ ഉണ്ട്. ൩൯൪ വാങ്ങിച്ചുവെന്നാണ് പറഞ്ഞതു്. കൂടുതൽ വിവരങ്ങൾ കഴിയുന്നതും ഉള്ള സമയംകൊണ്ട് ശേഖരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ലഭിക്കുവാൻ സാധിച്ച വിവരങ്ങൾ പറയാം. ൩൯൪ എണ്ണം വാങ്ങിച്ചതിൽ ഇപ്പോൾ ൨൨൫ മാത്രമേ ഉപയോഗിക്കുന്നുള്ളു. ബാക്കി ൧൬൯-ൽ ൨൬ എണ്ണം ചീന്തയായിട്ടുള്ളതും ൧൦ എണ്ണം മററുവിധത്തിൽ ഉപയോഗപ്പെടുത്തിയതും ൩ എണ്ണം ലാറിയാക്കിയതും കഴികെ ബാക്കിയുള്ളതു് ഉപയോഗിക്കാതെ വച്ചിരിക്കുകയാണ്.

MR. A. ABDUL RAZAK (*Nedumangad I—Muslim Reserved*): ഇങ്ങനെ ഗ്യാസ് പ്ലാൻറു മാററി പെട്രോൾ ബസ്സ് ആക്കിയ എത്ര എണ്ണം ഇപ്പോൾ ഓടുന്നുണ്ടെന്നറിയാമോ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

Enquiry into the charges of the Transport Director.

4. MR. ABDUL AZIZ (*Trivandum I—Muslim*) : Will the Honourable Minister for Transport be pleased to state:

(a) Whether a report has been submitted on the enquiry into the charges against the Transport Director.

(b) if so, the action taken by Government on the report.

HON'BLE MR. T. M. VARGHESE : ഇങ്ങനെ ഒരു റിപ്പോർട്ടു വന്നിട്ടുണ്ട്.

MR. ABDUL AZIZ : അതിന്മേൽ എന്തു നടപടി നടത്തി എന്നു പറയാമോ?

HON'BLE MR. T. M. VARGHESE : അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ ഇരിക്കുകയാണ്. വളരെ ഗൌരവമായ ഒരു സംഗതിയായതുകൊണ്ട് ഗവൺമെൻറ് അതിനെപ്പററി നല്ലതുപോലെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

MR. P. K. KUNJU : റിപ്പോർട്ടു കിട്ടിയിട്ട് എത്ര കാലമായി?

HON'BLE MR. T. M. VARGHESE : റിപ്പോർട്ടു കിട്ടിയിട്ട് അധികകാലം ആയിട്ടില്ല. കേസിൻെറ ഗൌരവം അനുസരിച്ചു ആലോചിച്ചു തീരുമാനിക്കുന്നതിനു തക്കവണ്ണം ഉള്ള സമയം ആവശ്യമായതുകൊണ്ട് റിപ്പോർട്ടു കിട്ടിയിട്ടു കാലതാമസമുണ്ടായിട്ടില്ലെന്നു വേണം പറയുവാൻ.

MR. K. R. ELANKATH : കുററങ്ങളോ ആരോപണങ്ങളോ ഉണ്ടോ?

HON'BLE MR. T. M. VARGHESE : ഉണ്ട്. അതുകൊണ്ടാണു വളരെ ഗൌരവമായി ആലോചിച്ചുകൊണ്ടിരിക്കുന്നതു.

MR. ABDUL AZIZ : ആ റിപ്പോർട്ടു പരസ്യപ്പെടുത്തുന്നതിനു വല്ല തടസ്സവുമുണ്ടോ?

HON'BLE MR. T. M. VARGHESE : ഒരു റിപ്പോർട്ട് തീരുമാനത്തിനു മുൻപ് പരസ്യപ്പെടുത്താൻ പാടില്ല

MR. ABDUL AZIZ : തീരുമാനത്തിനു എത്ര സമയം വേണം?

HON'BLE MR. T. M. VARGHESE : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. ABDUL AZIZ: ഉദ്ദേശമായിട്ടെങ്കിലും പറയാമോ?

HON'BLE MR. T. M. VARGHESE: അതു തീർത്തു പറയുവാൻ നിവൃത്തിയില്ല.

MR. S. KUTTAN (*Neyyattinkara I—General*): ഇങ്ങനെ ചാർജ്ജുകൾ ഉള്ള ഒരു ഉദ്യോഗസ്ഥനെ, ഇപ്പോഴും സർവീസിൽ വച്ചുകൊണ്ടിരിക്കുന്നതു നല്ലതെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: ആരോപണങ്ങൾ അടിസ്ഥാനമുള്ളതാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനുമുൻപ് ആ ഉദ്യോഗസ്ഥനെ മാററാൻ പാടില്ലെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

MR. P. NANOO: സർ, ഒരു പായിൻറു ആഫ് ഓർഡർ. ഉപചോദ്യങ്ങൾ എന്താണെന്നോ അതിൻെറ മറുപടി എന്താണെന്നോ ഒന്നും ഞാൻ കേൾക്കുന്നില്ല.

MR. PRESIDENT: ഇതിനെപ്പററി പല അവസരങ്ങളിലും പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. തൽക്കാലം ഈ ഹാളിൻെറ അകത്തുള്ള സൌകര്യംപോലെ ചെയ്യാമെന്നല്ലാതെ കൂടുതലായി ഒന്നും പറയുവാൻ നിവൃത്തിയില്ല. ഈ ന്യൂനത പരിഹരിക്കുന്നതിനു ഗവൺമെൻറ് എന്തെങ്കിലും ചെയ്യുകയോ മററു സൌകര്യങ്ങൾ ഉണ്ടാക്കുകയോ ചെയ്യാതെ നിവൃത്തിയില്ല. ഇപ്പോൾ ഉള്ള സൌകര്യങ്ങൾ കൊണ്ടുമാത്രമേ നടപടി കൊണ്ടുപോകുവാൻ നിവൃത്തിയുള്ളു.

MR. P. BALAKRISHNAN THAMPI: I rise to a point of order. The question whether the proceedings should not be adjourned for this purpose, that neither the questions nor the answers are heard in this part of the House, may be answered.

MR. PRESIDENT: അതിനെ സംബന്ധിച്ച് ഞാൻ ഇപ്പോൾ ഒരു പ്രസ്താവന പുറപ്പെടുവിച്ചതേയുള്ളു.

HON'BLE MR. T. M. VARGHESE: മി. രാമമൂർത്തിയെപ്പററി ... ...

MR. P. BALAKRISHNAN THAMPI: Louder please.

HON'BLE MR. T. M. VARGHESE: മി. രാമമൂർത്തിയെപ്പററി ആരോപണങ്ങളൊന്നും ഉണ്ടായിട്ടില്ല. ഗവൺമെൻറ് മി. ശങ്കരനെ...

MR. P. BALAKRISHNAN THAMPI: Louder please.

MR. PRESIDENT: മി. തമ്പി അനാവശ്യമായി ബഹളത്തിനു തുടങ്ങുകയാണെങ്കിൽ എനിക്കു കർശനമായ നടപടി സ്വീകരിക്കേണ്ടി വരും.

MR. ABDUL AZIZ: ആ ആരോപണങ്ങൾ ശരിയാണോ അല്ലയോ എന്നുള്ള ഫൈൻറിങ്ങ് ആ റിപ്പോർട്ടിൽ ഇല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

HON'BLE MR. T. M. VARGHESE : അങ്ങനെയല്ല. ആ ഉദ്യോഗസ്ഥൻ ശിക്ഷയ്ക്ക് അർഹനാണോ അല്ലയോ എന്നുള്ളതിനെപ്പററി റിപ്പോർട്ടിൽ ഇല്ല. ഒരു പ്രത്യേകകാര്യം അന്വേഷിക്കുന്നതിനാണ് എൻക്വയറി ആഫീസറോട് ആവശ്യപ്പെട്ടത്. ആ ഉദ്യോഗസ്ഥൻ ശിക്ഷാർഹനാണോ അല്ലയോ എന്നുള്ള കാര്യത്തിൽ അദ്ദേഹത്തിൻെറ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. അതു തീരുമാനിക്കേണ്ടതു് ഗവണ്മെൻറു മാത്രമാണ്. ആ ഉദ്യോഗസ്ഥൻ ചില വീഴ്ചകൾ ചെയ്തതിൻെറ ഫലമായിട്ട് ഗവണ്മെൻറിനു കുറെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും അതു് എങ്ങനെ പരിഹരിക്കാം എന്നും മററുമുള്ള സംഗതികളാണു റിപ്പോർട്ട് ആവശ്യപ്പെട്ടതു്. അതിൻെറ സകല വിവരങ്ങളും നോക്കി തീരുമാനിക്കുന്നതിനു സ്വല്പം സമയം കൂടി വേണം.

MR. P. K. RAMAN (*Shertkalai II General*): ചോദ്യങ്ങൾക്കു മറുപടി പറയുന്നതു് പ്രസ്താവനയുടെ രൂപത്തിലാകാമോ?

MR. PRESIDENT : മറുപടി വ്യക്തമാകണമെങ്കിൽ കുറെ വിവരമായി പറയുവാനുണ്ടായിരിക്കും.

MR. K. R. ELANKATH : ഒരുദ്യോഗസ്ഥൻെറ പേരിൽ ഗൌരവതരമായ ആരോപണങ്ങൾ ഉണ്ടെന്നും അതിനെപ്പററി അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്നും പ്രതീക്ഷിക്കുന്ന സ്ഥിതിക്ക്, ആ ഉദ്യോഗസ്ഥനെ ഈ അന്വേഷണസമയത്തു് ഡിപ്പാർട്ടുമെൻറിൽ വച്ചുകൊണ്ടിരിക്കുന്നതു വിഹിതമാണോ ?

HON'BLE MR. T. M. VARGHESE : അതു് ഗവണ്മെൻറിൻെറ അഭിപ്രായംപോലെ ചെയ്യാവുന്നതാണ്. അങ്ങനെ വച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു ദോഷമില്ലെന്നു കണ്ടു. ചില വിവരങ്ങൾ അറിയേണ്ടതുണ്ട്. അതിൻെറ കാര്യം തീരുമാനിക്കുന്നതുവരെ അദ്ദേഹത്തെ മാറേറണ്ട ആവശ്യമില്ല.

MR. K. R. ELANKATH : വിവരങ്ങൾ അറിയേണ്ടതു് ഡിപ്പാർട്ടുമെൻറിൽനിന്നോ പൊതുജനങ്ങളിൽനിന്നോ?

HON'BLE MR. T. M. VARGHESE : ജനങ്ങളിൽ നിന്നല്ല.

MR. ABDUL AZIZ : അതു് തീരുമാനിക്കുന്നതിനും മററും ഇനിയും ഒരു കമ്മീഷണരൊ മററൊ വേണോ?

HON'BLE MR. T. M. VARGHESE : ആവശ്യമില്ല.

Income and Expenditure of the Transport Department.

5. MR. V. A. ABDUL AZIZ : Will the Honourable Minister for Transport be pleased to state the income and expenditure of the Department each year ending with 1947?

HON'BLE MR. T. M. VARGHESE : ൧൧൧൩ മുതൽ ൧൧൨൨ വരെയുള്ള വരവുചെലവു കണക്കുകളുടെ ഒരു സ്റ്റേറ്റുമെന്റ് വച്ചിട്ടുണ്ട്.

MR. JOSEPH MATTECKAL : മേശമേൽ വച്ചിട്ടുണ്ടെന്നു പറയുന്നു. എന്നാൽ അതു മെമ്പറന്മാരുടെ ടേബിളിലൊ സെക്രട്ടറിയുടെ ടേബിളിലൊ?

MR. PRESIDENT: മേശമേൽ എന്നു പറഞ്ഞാൽ സെക്രട്ടറിയുടെ ടേബിളിലാണ്.

MR. K. R. ELANKATH : ഇതിനു മുമ്പൊക്കെ ടേബിളിൽ എന്നു പറഞ്ഞാൽ മെമ്പറന്മാരുടെ ടേബിളിൽ ആണ്. ഇപ്പോൾ അതിനു മാററം വരുത്തിയിരിക്കുന്നതുകൊണ്ട് ഉപചോദ്യങ്ങൾ ചോദിക്കുന്നതിന് നിവൃത്തിയില്ലാതായിരിക്കുന്നു.

HON'BLE MR. T. M. VARGHESE : വേണമെങ്കിൽ ഞാൻ അതു വായിക്കാം.

The income and expenditure of the Transport department :

	Income.			Expenditure.		
Year	Rs.	Ch.	C.	Rs.	Ch.	C.
1938/1113	3,56,253	22	10	3,04,433	18	2
1938-39/1114	8,87,531	24	9	8,70,516	4	12
1939-40/1115	13,95,909	23	4	13,72,320	13	11
1940-41/1116	16,38,805	0	3	16,19,997	8	7
1941-42/1117	20,99,969	10	9	18,35,399	9	6
1942-43/1118	30,15,457	7	8	21,44,428	7	2
1943-44/1119	37,78,891	5	14	24,93,330	10	7
1944-45/1120	45,47,172	26	14	30,68,152	24	15
1945-46/1121	60,54,407	2	14	40,85,615	19	14
1946-47/1122	74,38,180	22	3	49,94,410	25	6

WRITTEN ANSWERS.

City Corporation.

6. MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya Reserved*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

തിരുവനന്തപുരം സിററി കാർപ്പറേഷൻ കൌൺസിൽ അംഗങ്ങളുടെ ആകെ എണ്ണം എത്രയെന്നും, അതിൽ തെരഞ്ഞെടുക്കപ്പെടുന്നവർ എത്രയെന്നും, നോമിനേററു ചെയ്യപ്പെടുന്നവരുടെ എണ്ണം എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

222

HONOURABLE MR. C. KESAVAN :

The strength of the Corporation Council	32
Elected Councillors	24
Nominated Concillors :	
(a) Officials	3
(b) Non-officials	5

വില്ലേജ് യൂണിയൻ

7. MR. T. T. KESAVAN SASTRY : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ഗവണ്മെന്റിൽനിന്നും ആരംഭിച്ചു നടത്തി വരുന്ന വില്ലേജ് യൂണിയൻ കേന്ദ്രങ്ങൾ എത്രയെന്നും അവ ഏതെല്ലാമെന്നും ഇതിലേക്ക് ഇതേവരെ ചെലവായിട്ടുള്ള തുക എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HONOURABLE MR. C. KESAVAN : The total number of Village Unions in the State in working condition is 99. A list showing their names and the expenditure incurred by them during the years 1121 and 1122 and their budgeted expenditure for 1123 is placed on the table*

നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

8. MR. T. T. KESAVAN SASTRY : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

൧൧൨൧ ചിങ്ങം ൧-ാംനു മുതൽ ൧൧൨൩ മേടമാസം ൩൦-ാംനു വരെ പബ്ലിക്ക് സർവീസ് കമ്മീഷണർ മുഖേന നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക, മേശപ്പുറത്ത് വയ്ക്കാൻ ദയവുണ്ടാകുമോ?

HONOURABLE MR C. KESAVAN : The Honourable Member is referred to the annual Reports of the Public Service Department for the years 1121 and 1122 regarding the recruitments advised during these years. As regards recruitments advised in 1123 the member is informed that the statements of recruitments advised are published in the Public Service Departmental sheet of the Gazette from time to time. The time and labour involved in the preparation of a consolidated statement of recruitments advised during the period under reference will be incommensurate with its possible utility.

വില്ലേജ് അപ്ലിഫ്റ്റ് കേന്ദ്രം

9. MR. T. T. KESAVAN SASTRY : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

നെടുമങ്ങാട് താലൂക്കിൽ ചേർന്ന ഉഴമലക്കൽ പകുതി ഉൾപ്പെടുത്തി ഒരു വില്ലേജ് അപ്ലിഫ്റ്റ് കേന്ദ്രം സ്ഥാപിച്ച് സഹായിക്കാൻ

* Vide Appendix A.

[Mr. T. T. Kesavan Sastri]

സ്ഥലത്തുകാരുടെ പൊതു അപേക്ഷകൾ വല്ലതെങ്കിലും കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്ന് പറയാൻ ദയവുണ്ടാകുമോ?

HONOURABLE MR. C. KESAVAN: Yes. A petition was received on 15-10-1123. It will be considered when new centres are opened in 1124.

Public Health.

10 MR. K. RAMACHANDRAN (*Pathanamthitta. I—Kammala*): Will the Honourable Minister for Public Health be pleased to state:

(*a*) the number of new medical units, dispensaries etc., created in the State during 1122 and the first half of 1123;

(*b*) whether the Government, considering the rapid increase of population in the State are aiming at having more dispensaries and hospitals to maintain normal standard of health among the masses;

(*c*) how many child welfare and maternity centres are there in the State;

(*d*) when the present shortage of medicines and equipment would be eased; and

(*e*) whether the Government would ensure that misappropriation, private and illegal use of medicines etc., by staff is checked in hospitals and dispensaries?

HONOURABLE MR. C. KESAVAN: (*a*) 9 in 1122 and 7 in 1123.

(*b*) Yes.

(*c*) Maternity Centres	10
Rural Maternity Centres	35
Post-War Rural Reconstruction Maternity Centres	20
Total	65

(*d*) When conditions become normal.

(*e*) There is no misappropriation and illegal use of medicines etc., by the staff in Hospitals and dispensaries.

Thiruvattar Village Union.

11. MR. D. GNANASIGAMONI (*Kalkulam II—General*): Will the Honourable Minister for Local Self Government be pleased to state:

(*a*) the date on which the election of members to the Thiruvattar Village Union was held;

(*b*) whether the result of that election was duly notified in the Gazette in accordance with the procedure therefor; and

(*c*) if not why not?

HONOURABLE MR. C. KESAVAN: (*a*) 12-6-1123.

(*b*) No.

(*c*) The results have not been notified in the Gazette, as several objection petitions impeaching the election were received in the meanwhile. They are being enquired into.

Teachers in Primary Schools.

12. MR. A. NESAMONY (*Vilavancode S. I. U. C.—Reserved*): கீழ் குறிப்பிடும் வினாக்களுக்கு கல்வி இலாகா மந்திரி விடை கூறுவாராக.

1. பிரைவேட் மேனேஜ்மென்றிலிருந்து கட்டாயக் கல்வித்திட்டத்திற்கு உட்பட்ட ஆசிரியர்களில் சர்க்கார் உத்தியோகத்தில் அமர்த்தப்பட்டவர்களுக்கு:—

   (*a*) அவர்களது முன் உத்தியோக காலம் சர்க்கார் உத்தியோக காலமாகக் கருதப்படுமோ?

   (*b*) கருதப்படுமானல் அந்த உத்தியோககால அளவு அனுசரித்து உத்தியோக உயர்வும் சம்பள உயர்வும் அளிக்கப்படுமோ?

   (*c*) அவர்களுக்கு அடுத்தூண் கொடுக்கப்படுமா?

   (*d*) கொடுக்கப்படுமானல் எதை அடிப்படையாக்கிக் கொடுக்கப்படும்?

   (*e*) கொடுக்கப்படாவிட்டால் அவர்களுக்கு யாதாவது உதவி சம்பளம் அளிக்கத் திட்டம் உண்டா?

HONOURABLE MR. T. M. VARGHESE: 1. (*a*) No.

(*b*) The question does not arise in view of answer to 1 (*a*)

(*c*) They are governed by the rules under the T. S. R. as other servants of Government.

(*d*) The grant of pension to teachers taken over from private schools will be determined according to the length of their service under Government.

(*e*) If they are not eligible for pension under the rules, they will be given gratuity as contemplated in the T. S. R.

APPENDIX A.

List of Village Unions with information re: their expenditure during 1121 to 1123 M. E.—(Answer to Question No. 7.)

Serial No.	Name of village unions	Actual expenditure excluding Government contribution. 1121			Actual expenditure excluding Government contribution. 1122			Budgeted expenditure in 1123.	Government contribution including grants for wells. 1121	1122	1123
		Rs.	ch	c	Rs.	ch	c	Rs.	Rs.	Rs.	Rs.
1	Thazhakudy	521	19	15	776	10	1	1,610	673	936	...
2	Suchindram	2,129	21	0	2,387	12	6	5,300	1,000	2,500	..
3	Eraniel	1,245	4	12	2,552	4	1	2,520	1,000	2,500	..
4	Kadiapattanam	695	19	1	[illegible]	12	0	[illegible]	807	2,045	...
5	Arudesom	370	12	15	419	11	14	[illegible]	...	1,000	500
6	Arumana	640	23	13	[illegible]	25	..	1,490	...	1,460	500
7	Balaramapuram	344	5	6	845	1	12	1,870	.	1,930	500
8	Kazhakoottam	497	11	6	611	16	8	1,050	...	726	500
9	Vamanapuram	939	8	12	1,859	6	[illegible]	2,710	...	1,284	...
10	Kadakkrvoor	540	24	10	580	26	4	2,170	556	1,187	...
11	Varkala	257	11	2	501	0	0	1,590	.	765	...
12	Aramboly	...	.	...	179	4	0	780	..	1,500	..
13	Thalakulam*‡	..	-	...	..	..	.	..	..	..	500
14	Kanjirakode*‡†	...	...	...	..	.	.	..	..	..	...
15	Pallichal*‡†	..	...	.	...	.	..	..	..	...	...
16	Karakonam*‡†	...		..	..	...	.	...	..	..	...
17	Kallara*‡	..	..	...	..	..	...	..	...	.	500
18	Thrikkovilvattom	303	0	0	658	0	0	1,340	180	818	...
19	Karunagapally	301	7	0	809	11	11	[illegible]	720	1,208	...
20	Ochira	598	14	2	[illegible]	[illegible]	0	1,620	679	1,378	...
21	Cheppad.Valikuzhy	951	22	2	1,201	0	0	2,510	475	1,406	...
22	Eravazha	1,384	0	[illegible]	[illegible]	3	[illegible]	2,080	424	1,167	...

APPENDIX A.—(*contd.*)

Serial No.	Name of village unions.	Actual expenditure excluding Government Contribution. 1121			1122			Budgeted expenditure in 1123.	Government contribution including grants for wells. 1121	1122	1123
		Rs.	ch.	c.	Rs.	ch.	c.	Rs	Rs	Rs	Rs.
23	Chengannoor	1,141	19	6	2,168	19	5	3,050	1,148	2,678	...
24	Mannar	422	19	2	966	8	12	1,800	...	1,036	...
25	Elanthoor	653	16	3	2,033	16	11	2,000	...	500	...
26	Mylapra	508	8	5	693	11	2	690	500	500	500
27	Achenputhur	514	26	11	981	17	10	2,490	708	853	...
28	Punaloor	1,270	5	9	2,425	21	1[illegible]	5,310	1,037	2,000	500
29	Adoor	872	2	7	753	14	0	2,590	554	1,186	...
30	Ambalapuzha	23	25	7	433	3	11	1,830	500	1,000	...
31	Kozhimukku	380	6	12	1,670	19	5	1,990	915	982	...
32	Pulinounnu	2,063	13	4	1,587	21	8	2,820	702	2,166	...
33	Mayyanad	...	...	...	285	24	6	1,250	...	1,000	500
34	Aroor	689	4	3	1,072	6	7	2,500	621	1,854	...
35	Pandalam-Thonnalloor‡*	...	...	...	...	...	...	...	...	...	1,000
36	Kannamangalam	...	...	...	187	0	0	980	...	500	1,000
37	Pandalam-Thekkekara	...	...	...	325	7	0	760	...	500	1,000
38	Nooranad	...	...	...	...	...	...	770	...	500	500
39	Omalloor*	...	...	...	...	...	...	934	...	...	1,000
40	Ranni-Thottamon*	...	...	...	...	...	...	1,300	...	...	1,000
41	Kuttoor*	...	...	...	...	...	...	865	...	...	1,500
42	Keezhvaipur*	...	...	...	...	...	...	740	...	...	1,500
43	Kavumbhagom*‡	...	...	...	...	...	...	...	...	...	1,000
44	Kozhencherry*	...	...	...	...	...	...	1,030	...	...	1,000
45	Mezhuveli*	...	...	...	...	...	...	800	...	...	1,000
46	Kuthiathode*	...	...	...	...	...	...	970	...	...	1,000
47	Vallikkode*	...	...	...	...	...	...	...	...	...	1,000
48	Mannancherry*	...	...	...	...	...	...	890	...	...	1,000
49	Govindamuttam*‡	...	...	...	...	...	...	...	...	...	1,000
50	Ranni Pazhavangady*	...	...	...	...	...	...	700	...	...	1,000
51	Enadimangalam*	...	...	...	...	...	...	785	...	...	1,000
52	Thripperunthura*‡	...	...	...	...	...	...	...	...	...	1,000
53	Thakazhy*‡	...	...	...	...	...	...	...	...	...	1,000
54	Ommannoor*‡	...	...	...	...	...	...	...	...	...	1,000
55	Vilakudy*‡	...	...	...	...	...	...	...	...	...	500
56	Keerikad-Kandalloor	...	...	...	...	...	...	...	...	...	500
57	Chadayamangalam*‡	...	...	...	...	...	...	...	...	...	500
58	Kadampanad*‡	...	...	...	...	...	...	...	...	...	500
59	Peringara*‡	...	...	...	...	...	...	...	...	...	500
60	Thalavoor*‡	...	...	...	...	...	...	...	...	...	500
61	Thalavady*‡†	...	...	...	...	...	...	...	...	...	...
62	Kanjirapally	2,254	17	12	3,985	1	5	4,240	1,000	2,462	...
63	Madapally	204	6	4	472	8	0	1,470	482	839	...

APPENDIX A. (contd.)

Serial No.	Name of village unions.	Actual expenditure excluding Government Contribution 1121 Rs.	ch.	c.	1122 Rs.	ch.	c.	Budgeted expenditure in 1123 Rs.	Government contribution including grants for 1123: 1121 Rs.	1122 Rs.	1123 Rs.
64	Thiruvarppu	724	7	0	2,23[illegible]	17	15	3,430	819	2,000	...
65	Kumarakom	1,369	0	12	9[illegible]3	0	0	1,780	931	2,357	...
66	Thalayazham	914	15	15	1,4[illegible]0	0	7	2,150	927	1,664	...
67	Moothedathukavu	..	..	...	467	2	0	800	5[illegible]	500	...
68	Muvattupuzha	1,584	14	7	3,35[illegible]	16	13	3,980	713	2,500	..
69	Kocthattukulam	841	5	0	3,092	13	10	3,060	683	1,138	..
70	Kothamangalam	1,223	25	2	2,134	26	8	4,770	1,000	1,500	...
71	Thodupuzha	2,512	8	5	1,648	24	11	3,170	1,000	1,500	..
72	Kothakulangara	2,151	6	2	2,5[illegible]	[illegible]	1	3,2[illegible]	1,000	2,000	..
73	Kalady	1,628	18	4	2,109	3	10	2,170	880	925	.
74	Kottuvally	703	7	3	1,205	2[illegible]	6	2,780	1,000	1,291	..
75	Edappally	...	...	...	499	21	12	1,360	500	1,000	..
76	Parakkadavu	...	...	...	...	...	...	[illegible]	...	1,000	..
77	Putheneruz	..	...	...	518	10	6	1,510	500	500	...
78	Aymanam	...	...	...	502	0	0	1,440	500	1,000	..
79	Erumeli	...	...	...	...	...	...	1,250	...	1,000	...
80	Vazhakkulam	...	...	...	...	...	...	1,1[illegible]	...	500	500
81	Velianad*‡	...	...	...	...	...	...	..	...	...	1,000
82	Kunnukara*	...	...	...	...	...	...	1,05[illegible]	..	...	1,000
83	Veohoor,*†	...	...	...	...	...	...	...	...	...	1,000
84	Ponkunnam*	...	...	...	...	...	...	95[illegible]	...	...	1,500
85	Varapuzha*‡	...	...	...	...	...	...	..	...	...	1,500
86	Vadayar*‡	...	...	...	...	...	...	..	...	.	1,000
87	Piravom Bit II*	...	...	...	...	...	..	700	...	.	500
88	Alengad*‡	...	...	...	...	...	..	...	...	.	500
89	Puthenvelikara*‡	...	...	...	...	...	.	...	...	..	500
90	Rayamangalam*‡†	...	...	...	...	...	..	...	...	..	...
91	Kurichi*‡	...	...	...	...	...	.	...	..	...	500
92	Vadakkekara*‡	..	...	...	...	...	..	...	..	..	500
93	Neendoor	..	...	...	...	...	...	...	..	.	500
94	Iramalloor*‡	.	...	...	...	...	...	...	..	..	500
95	Veliannoor*‡†	..	...	...	...	...	..	...	..	..	...
96	Keezhmad*‡†	.	...	...	...	...	..	...	..	..	..
97	Cheranalloor*‡†	...	...	...	...	...	..	...	..	..	..
98	Lalom (disolved)	225	14	0	160	22	15	...	618	173	..
99	Chengamanad (bifurcated)	..	...	...	...	...	..	1,105	..	1,000	..
	Total	36,463	24	8	60,190	10	11	1,21,361	26,247	67,881	39,000

* Newly-constituted Villages Unions.

‡ Budget pending sanction.

† Initial contribution pending sanction.

ANNOUNCEMENT RE: PANEL OF CHAIRMEN.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. നാലാംറൂൾ അനുസരിച്ച് ഈ സെഷന് ഒരു പാനൽ ഓഫ് ചെയർമാനെ പ്രസിഡൻറു നോമിനേററു ചെയ്യണം എന്നുണ്ട്. അതനുസരിച്ചു മെ. എം. ഗോവിന്ദനേയും, പി. കെ. കുഞ്ഞിനേയും പാനൽ ഓഫ് ചെയർമെന്നായി ഞാൻ നോമിനേററു ചെയ്തിരിക്കുന്നു.

ANNOUNCEMENT RE: ADJOURNMENT MOTIONS.

MR. PRESIDENT : ഇന്ന് പന്ത്രണ്ട് അടിയന്തിരപ്രമേയങ്ങൾ ഇവിടെ വന്നിട്ടുണ്ട്. അവയിൽ ആദ്യത്തെ പ്രമേയം മി. കണ്ണോറ ഗോപാലപ്പണിക്കരുടേതാണ്. പ്രമേയം ഇതാണ്.

"I beg leave to move that the business of the House be adjourned for the purpose of discussing a definite matter cf urgent public importance, *viz*, the alarming situation brought about of late by the highhanded repression of the Police in different parts of the State."

അടിയന്തിരപ്രമേയങ്ങളെ സംബന്ധിച്ച് ചില വ്യവസ്ഥകളെല്ലാം ഉണ്ട്. ആ വ്യവസ്ഥകൾ ൧൨-ം ൧൩-ം റൂളുകളിൽ വിവരിച്ചിട്ടുണ്ട്. ൧൨-ാമത്തെ റൂളിൽ പറഞ്ഞിരിക്കുന്നത്.

"It must relate to a definite matter of urgent public importance" എന്നാണ്. ഇതിൽ അടിയന്തിരപ്രമേയം ഒരു ഡെഫനിററു മാറററിനെ സംബന്ധിച്ചു ആയിരിക്കണമെന്നാണ് പറയുന്നത്. അതായത് ഒരു ഖണ്ഡിതമായ കാര്യത്തെപ്പററിയായിരിക്കണമെന്നാണ്.

"The alarmiug situatiou brought about"...... It is not a definite matter. The matter should be specific.

തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പോലീസിന്റെ അനധികൃതമായ അടിച്ചമർത്തലിനെപ്പററി വാദപ്രതിവാദം നടത്തുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണം എന്നാണ്.

ഇതു ക്ളിപ്തമായ ഒരു സംഭവത്തെപ്പററിയല്ല പറയുന്നത്. കുറെ കാലങ്ങളിലായി ഉടനീളം നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെപ്പററിയാണു ഇതിൽ വിവരിക്കുന്നത്.

ഈ റൂളിൽ പറഞ്ഞിരിക്കുന്നത് ഒരു സ്പെസിഫിക് കാര്യത്തെപ്പററിയായിരിക്കണം അടിയന്തിരപ്രമേയം അവതരിപ്പിക്കേണ്ടത് എന്നാണ്. അങ്ങനെ [illegible] അടിയന്തിരപ്രമേയം സാധാരണ അനുവദിക്കാറില്ല. ഇതുതന്നെയാണ് ഇംഗ്ലണ്ടിലെ പാർലമെൻറിലെ നടപടിയും.

[Mr. President]

'The matter raised by the motion must be a single specific matter and uot couched in general terms covering a great number of cases and the matter must be of receut occurreuce and raised without delay. (May's Parliameutary Practice, 1946 Editiou, pp. 344—5.)

ഈ റൂൾ വച്ചു നോക്കിയാൽ മി. കണ്ണാറ ഗോപാലപ്പണിക്കരുടെ ഈ അടിയന്തിരപ്രമേയം അനുവദിക്കാൻ നിർവാഹമില്ല. അതുകൊണ്ട് അനുവാദം ഞാൻ നിരസിച്ചിരിക്കുന്നു.

രണ്ടാമത്തെ അടിയന്തിരപ്രമേയവും മി. ഗോപാലപ്പണിക്കരുടേതാണ്. അത് ഇപ്രകാരമാണ്.

"I beg leave to move that the business of the house be adjourned for the purpose of discussing a definite matter of urgeut public importauce, *viz.*, the serious situation brought about in recent times by the numerous deaths due to bus accidents in Travaucore."

ഈ പ്രമേയവും ആദ്യത്തെ പ്രമേയം തള്ളിയ കാരണം വച്ചുകൊണ്ടുതന്നെ തള്ളുന്നതാണ്. ഖണ്ഡിതമായ ഒരു സംഗതിയെക്കുറിച്ചല്ലാ ഈ പ്രമേയം. അങ്ങിനെയുള്ള യാതൊരു വിവരങ്ങളും ഈ പ്രമേയത്തിൽ കാണുന്നില്ല. ആ കാരണം വച്ചുകൊണ്ട്, അതായതു ഒരു ക്ലിപ്തമായ കാര്യത്തെ സംബന്ധിച്ചല്ലാത്തതുകൊണ്ട്, ഇതും നിരസിക്കേണ്ടിയിരിക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayankil V—General*): എനിക്ക് ഒരു പോയിന്റ് ഓഫ് ആർഡർ ഉണ്ട്. അത് ഒരു മെമ്പർക്ക് ഒരു ദിവസം ഒന്നിലധികം അടിയന്തിരപ്രമേയം അവതരിപ്പിക്കാമോ എന്നാണ്.

MR. PRESIDENT : അവതരിപ്പിക്കാം.

മൂന്നാമത്തെ അടിയന്തിരപ്രമേയവും മി. കണ്ണാറ ഗോപാലപ്പണിക്കരുടേതാണ്.

"I beg leave to move that the business of the house be adjourned for the purpose of disscussing a definite matter of urgent public importance viz., the serious situation that has arisen out of the recent fixation by Goverument of the selling price of paddy in the state at the rate of Rs. 3 per para".

ഈ പ്രമേയം ആർഡറിൽ ആണെന്ന് ഞാൻ തീരുമാനിക്കുന്നു. എന്നാൽ റൂൾ അനുസരിച്ച് ഈ പ്രമേയം അവതരിപ്പിക്കുന്നതിനു ഈ സഭ അനുവദിക്കുന്നുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു.

MR. MANNATHU PADMANABHA PILLAI (*Pathanamthitta II—General*): പ്രമേയം എന്താണെന്ന് അറിഞ്ഞിട്ടുവേണമല്ലോ അതിനെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുവാൻ.

MR. PRESIDENT : ഈ ക്ഷാമകാലത്തു നെല്ലിന്റെ വില മൂന്നു രൂപാ ആക്കിയിരിക്കുന്നതുകൊണ്ട് തിരുവിതാംകൂറിൽ ഉണ്ടായിരിക്കുന്ന ഗൌരവതരമായ നിലയെപ്പറ്റി ചർച്ചചെയ്യുന്നതിന് സഭാനടപടികൾ മാററിവയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്.

MR. MANNATHU PADMANABHA PILLAI : സംസാരിക്കുവാൻ അനുവാദം തരണം.

MR. PRESIDENT : പ്രമേയം അവതരിപ്പിക്കുന്നതിനു എതിരുണ്ടെങ്കിൽ പറയാം. അനുവദിക്കണമെന്നു പറയണമെങ്കിൽ ഇരുപതിൽ കുറയാതെ എഴുന്നേററു നില്ക്കണം. (ഇരുപതിൽ കൂടുതൽ എഴുന്നേററു).

സഭ ഈ പ്രമേയം അവതരിപ്പിക്കുന്നതിന് സമ്മതിച്ചിരിക്കുന്നതിനാൽ ഈ പ്രമേയം ഇന്ന് ഉച്ച കഴിഞ്ഞു നാലുമണിക്കു വാദപ്രതിവാദത്തിന് എടുക്കുന്നതാണ്.

നാലാമത്തെ പ്രമേയം മി. കണ്ണാറ ഗോപാലപ്പണിക്കരുടേതാണ്.

"I beg leave to move that the business of the house be adjourned for the purpose of discussing a definite matter of urgent public importance viz., the serious situation brought about by the growing corruption and irresponsible attitude among some of the Police officers in the State and the indispensable necessity of putting down the same by adopting stringent measures without delay."

ഈ പ്രമേയം ഒരു ക്ലിപ്തമായ കാര്യത്തെ സംബന്ധിച്ചല്ല എന്നുള്ളതു പ്രമേയം വായിച്ചാൽതന്നെ അറിയാം. അതുകൊണ്ടു ആദ്യത്തെ പ്രമേയം തള്ളിയ കാരണംകൊണ്ടുതന്നെ ഈ പ്രമേയവും ഞാൻ നിരസിച്ചിരിക്കുന്നു.

MR. K. A. MUHAMMED : ഒരു സിററിംഗിൽ ഇത്ര പ്രമേയംമാത്രമേ അനുവദിക്കാൻ നിവൃത്തിയുള്ളുവെങ്കിൽ ഒന്നിൽ കൂടുതൽ adjournment motion ഇന്നു സ്വീകരിച്ചാൽ പിന്നീടുള്ള ദിവസങ്ങളിൽ വരുന്ന adjournment motion എടുക്കുന്നത് എപ്പോഴായിരിക്കും.

MR. PRESIDENT : ഈ adjournment motion ഞാൻ മുൻപറഞ്ഞ കാരണങ്ങളാൽതന്നെ [illegible] അവതരിപ്പിക്കാനുള്ള അനുവാദം നിഷേധിച്ചിരിക്കുന്നു.

[Mr. President]

അടുത്ത പ്രമേയവും മി. ഗോപാലപ്പണിക്കരുടേതാണ്.

"I beg leave to move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, viz., the serious situation brought about by the impossible and dangerous condition of many of the public roads in Quilon and Kottayam P. W. D. Divisions rendered by the heaping of metals on the sides of these narrow roads and the inordinate and culpable delay in making use of the same for improving the roads."

ഇത് ഈ അടുത്ത കാലത്ത് സംഭവിച്ചിട്ടുള്ള ഒരു സംഗതിയെ കുറിച്ചല്ലാത്തതുകൊണ്ട് ഈ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദവും ഞാൻ നിഷേധിച്ചിരിക്കുന്നു.

അടുത്ത adjournment motion ഇതാണ്.

"I beg leave to move that the business of the house be adjourned for the purpose of discussing a matter of urgent public importance, viz., the atrocities of the Police in the four southern taluks and especially in Vilavancode taluk, under Rule 18 clause 1 of the Travancore Legislative Assembly Rules.

MR. T. K. NARAYANA PILLAI: Who is the author of the motion?

MR. PRESIDENT: Mr. A. Nesamony. ഈ adjournment motion ക്ലിപ്തമായ ഒരു സംഗതിയെപ്പററി വ്യവസ്ഥ ചെയ്യാത്തതുകൊണ്ടും അനേക കാലങ്ങളിലെ സംഭവങ്ങളെ കൊണ്ടുവന്നിരിക്കുന്നതുകൊണ്ടും ഇതു അവതരിപ്പിക്കുന്നതിനുള്ള അനുവാദവും ഞാൻ നിഷേധിച്ചിരിക്കുന്നു.

MR. A. NESAMONY: Sir, on a point of order. Under the Rules the motion need contain only that the matter is of urgent public importance. Under the subsequent Rule, *i. e.* 20, the member has to furnish a statement which forms the subject matter of discussion. So I request the Chair to give us a ruling as to whether a matter is of urgent public importance should be stated in the notice of the motion or in the statement which will follow it.

MR. PRESIDENT: The Rule says that if the President is of opinion that the matter proposed to be discussed is in order, he shall read the statement to the Assembly, and ask whether the member has the leave of the Assembly to move the adjournment. I have already given a ruling and it is not open to question.

MR. A. NESAMONY: I am sorry the President has misunderstood my point. I have quoted rules 18 and 20 in support of my point. So I request the Chair to consider them and give a ruling. Rule 18 says:

"A motion for an adjournment of the business of the Assembly for the purpose of discussing a definite matter of urgent public importance may be made with the consent of the President.

Rule 20 says that a statement has to be made to the Assembly on the matter. So I request the Chair to give a ruling as to whether a statement should state that the matter is of urgent public importance or the notice of a motion must contain the whole story.

MR PRESIDENT : ഇതു് ഒരു സ്പെസിഫിക്ക് മാറററിനെ സംബന്ധിച്ചല്ലെന്നു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു. ആ റൂളിംഗിനെപ്പററി പുനഃപരിശോധന ചെയ്യണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല.

അടുത്ത പ്രമേയം മി. കെ. ആർ. ഇലങ്കത്തിന്റേതാണു്.

"I move that the business of the House be abjourned to discuss a definite matter of urgent public importance, viz., the plight of a large number of students who have failed in the last E. S. L. C. Examination and been refused readmission to schools."

കഴിഞ്ഞ ഇ. എസ്. എൽ. സി. പരീക്ഷയിൽ തോററ വിദ്യാർത്ഥികൾക്കു് സ്കൂളുകളിൽ പ്രവേശനം നിഷേധിക്കുകയും അവരുടെ പഠിത്തം തുടർന്നുകൊണ്ടുപോകാൻ സൗകര്യം ഇല്ലാതെയും വന്നിരിക്കുന്ന ഗുരുതരമായ നിലയെപ്പററി ചർച്ചചെയ്വാൻ സഭാനടപടികൾ നിറുത്തിവയ്ക്കണം എന്നാണു പറഞ്ഞിരിക്കുന്നതു്.

ഈ പ്രമേയം ഓർഡറിൽ ആണെന്നു് ഞാൻ തീരുമാനിക്കുന്നു. ഇതു് അവതരിപ്പിക്കുന്നതിനു് ഈ സഭ അനുവദിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

അവതരിപ്പിക്കുവാൻ സമ്മതിക്കുന്നവർ എഴുന്നേൽക്കണം.

(൨൦ പേരിൽ കൂടുതൽ എഴുന്നേല്ക്കുന്നു.)

MR. PRESIDENT : ൨൦ പേരിൽ കൂടുതൽ ഇതിനെ അനുകൂലിക്കുന്നതിനാൽ അടുത്ത വ്യാഴാഴ്ച ഉച്ചകഴിഞ്ഞു് ൪ മണിക്കു് ഇതു് ആലോചനക്കെടുക്കുന്നതാണു്.

അടുത്ത പ്രമേയം മിസ്സസ്സ്. ദേവകിഗോപിദാസിന്റേതാണു്.

"സ്റേററ് ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറും പ്രൈവററ് ബസ് ഉടമസ്ഥന്മാരും സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന ലൈനുകളിൽ പെട്രോളിനുണ്ടായ കുറവുമൂലം ബസ്സുകളും സർവ്വീസും കുറച്ചതുനിമിത്തം പൊതുജനങ്ങൾക്കു യാത്രചെയ്യുന്നതിനു് നേരിട്ടിരിക്കുന്ന പരിതാപകര

[Mr. President]

മായ ബുദ്ധിമുട്ടുകളേയും അസൗകര്യങ്ങളേയും കുറിച്ചു വാദപ്രതിവാദം നടത്തുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു."

ഈ സംഗതിയിൽ എനിക്കു പറയുവാനുള്ളതു് ഇതിൽ പറഞ്ഞിട്ടുള്ള മാതിരി ഏതെങ്കിലും ഒരു സംഗതിയെപ്പറ്റി പ്രസ്താവിക്കുന്നില്ലെന്നും അനേകകാലങ്ങളായി യാത്രക്കു കഷ്ടതകളും അസൗകര്യങ്ങളും ഉണ്ടെന്നുമാണു് ഇതിൽ പറഞ്ഞിരിക്കുന്നതു എന്നുമാണു്. അതുകൊണ്ടു് അത്യാവശ്യമായി അടിയന്തിരപ്രാധാന്യമുള്ള സംഗതിയെ സംബന്ധിച്ചുള്ള രൂപത്തിലുള്ളതായിട്ടല്ല ഇതിനെ വായിക്കുന്നതാണു്. അതുകൊണ്ടു് ഇതു് അവതരിപ്പിക്കുന്നതിനുള്ള അനുവാദം നിഷേധിച്ചിരിക്കുന്നു.

അടുത്ത പ്രമേയവും മിസ്റ്റർ. ദേവകിഗോപിദാസിന്റേതാണു്.

"തിരുവിതാംകൂറിൽ ഇതുവരെയല്ലാതെ ഇ. എസ്. എൽ. സി. പരീക്ഷയിൽ പാസ്സായിട്ടുള്ള ബഹുഭൂരിപക്ഷം കുട്ടികൾക്കും തിരുവിതാംകൂർ കാളേജുകളിൽ പ്രവേശനം കിട്ടുവാൻ നിവൃത്തിയില്ലാതെ കുട്ടികളും രക്ഷകർത്താക്കന്മാരും അനുഭവിക്കുന്ന സങ്കടാവസ്ഥയേയും അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനേയും കുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു".

ഇതു് ഓർഡറിൽ ആണെന്നു ഞാൻ തീരുമാനിക്കുന്നു. ഇതിനെ ആരെങ്കിലും എതിർക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. അനുകൂലിക്കുന്നവർ എഴുന്നേൽക്കണം. (ഭൂരിപക്ഷമെമ്പറന്മാർ അനുകൂലിച്ചു എഴുന്നേറ്റുനിന്നു)

MR. K. A. MOHAMMED : ഇങ്ങനെ Adjournment motion വരുമ്പോൾ അതിനെസംബന്ധിച്ചു മെമ്പറന്മാർക്കു് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അവർ അതിനെക്കുറിച്ചു പ്രസംഗം ചെയ്യുന്നില്ലെങ്കിൽ അതിനെക്കുറിച്ചു discuss ചെയ്യേണ്ട സമയം തന്നെ ലഭിക്കാതെവരും. അതുകൊണ്ടു് അങ്ങനെ ഒരു നിർദ്ദേശം പ്രസിഡന്റവർകൾ ചെയ്താൽ കൊള്ളാം.

MR. KRISHNAN AIYAPPAN : മെമ്പറ് പറയുന്നതു് എന്താണെന്നു് ഞങ്ങളെക്കൂടി അറിയിച്ചാൽ കൊള്ളാം.

MR. PRESIDENT : മെമ്പറന്മാർ പറയുന്നതു് വിളിച്ചുപറയാൻ എന്നെക്കൊണ്ടു് സാധ്യമല്ല.

MR. KRISHNAN AIYAPPAN : അതു കേൾക്കുന്നതിനുള്ള ഞങ്ങളുടെ അവകാശം നഷ്ടപ്പെടുന്നില്ലേ?

MR. PRESIDENT : ഈ ഹാളിന്റെ ന്യൂനതയെപ്പററിയും, അന്യ കാര്യത്തെക്കുറിച്ചും സംബന്ധിച്ച ഒരു പ്രമേയം പാസാക്കിയാൽ അതു ഗവണ്മെന്റിനു ലേഖകരാകും. വേറെ ഒരു പോംവഴിയും ഞാൻ നോക്കിയിട്ടു കാണുന്നില്ല.

MR. K. R. ELANKATH : അദ്ദേഹം പറയുന്നതു് ഞങ്ങൾ കേൾക്കുന്നുണ്ടു്. അതുപോലെ ഞങ്ങൾ പറയുന്നതു് അദ്ദേഹവും കേൾക്കയില്ലേ?

MR. PANDAVATHU SANKARA PILLAI (*Karthikapally III—General*) : ഞങ്ങളും കുറെ കേൾക്കട്ടെ. കേൾവിയുടെ അവകാശം ടേൺവെച്ചു മാററി ഞങ്ങളെ കുറെ സമയം മുമ്പിൽ ഇരിക്കാൻ അനുവദിക്കണം.

MR. PRESIDENT : ഇതിനെക്കുറിച്ചു് എന്താണു് ചെയ്യേണ്ടതെന്നു് അതാതു പാർട്ടി ലീഡർമാർതന്നെ തീരുമാനിക്കണം. അതു് എനിക്കും സമ്മതമായിരിക്കും.

MR. MANNATHU PADMANABHA PILLAI : ഞങ്ങൾ ആദ്യം വരുമ്പോൾ ഇങ്ങനെയല്ല ഇരുന്നതു്.

MR. PRESIDENT : കോൺഗ്രസ്സ് ഇവിടെ വന്നു് ഇപ്പോൾ ഇങ്ങിനെ മാററം വരുത്തിയതാണു്. ഈ സഭയുടെ അഭിപ്രായംപോലെ ഇതിനെ സംബന്ധിച്ചു ചെയ്യാം.

MR. K. A. MATHEW : മെംബറന്മാർ പറയുന്നതു് ഞങ്ങൾ കേൾക്കേണ്ട എന്നാണു് ഇതിന്റെ ഫലം എന്നാണു തോന്നുന്നതു്.

MR. KRISHNAN AIYAPPAN : അങ്ങിനെതന്നെയെന്നു് തോന്നിപ്പോകുന്നു.

MR. PRESIDENT : റൂൾ ൨൦-ാംവകുപ്പനുസരിച്ചു് ഈ അടിയന്തിര പ്രമേയം വാദപ്രതിവാദം ചെയ്യുന്നതിനു് അനുവദിച്ചിരിക്കുന്നു. അതുകൊണ്ടു് പ്രസ്സസ് ലേവികിംസിന്റെ ഈ അടിയന്തിരപ്രമേയം അടുത്ത വെള്ളിയാഴ്ച ഉച്ചതിരിഞ്ഞു നാലുമണിക്കു ആലോചനയ്ക്കെടുക്കുന്നതാണു്.

MR. K. A. MOHAMMED : അഡ്ജോൺമെന്റ് മോഷനുകൾ വളരെ പ്രാധാന്യമുള്ള സംഗതികൾ ആലോചിക്കുന്നതിനാണു് അവതരിപ്പിക്കുന്നതു്. ഇന്നു് അഞ്ചാം Adjournment motion വരെ. അടുത്ത മൂന്നു ദിവസത്തേക്കു് ഇതു് അനുവദിച്ചാൽ ഇന്നും നാളെയും വളരെ പ്രാധാന്യമുള്ള മററു കാര്യങ്ങൾ സംഭവിച്ചാൽ അതിനെ സംബന്ധിച്ച ഒരു Adjournment motion കൊണ്ടുവന്നാൽ അതിനെക്കുറിച്ചു ഡിസ്കസ് ചെയ്യാൻ സാധിക്കാതെ വരും. അതുകൊണ്ടും ഇതിനെ സംബന്ധിച്ചു് എന്തെങ്കിലും ഒരു നടപടി സ്വീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

MR. PRESIDENT : റൂഠം അനുസരിച്ച് ഒരു ദിവസം ഒരു അഡ്ജോൺമെൻറു മോഷൻ സംബന്ധിച്ച് മാത്രമേ ചർച്ച ചെയ്യുവാൻ നിവൃത്തിയുള്ളു. പക്ഷെ കൂടുതൽ മോഷൻസ് സ്വീകരിച്ച് ഓരോ ദിവസത്തേക്ക ഓരോ മോഷൻവീതം വയ്ക്കാം. ഈ സഭയുടെ അഭിപ്രായത്തിൽ ഒരു അടിയന്തിരപ്രമേയം മാത്രം ഒരു ദിവസം സ്വീകരിച്ചാൽ മതിയെങ്കിൽ എനിക്ക അതിനും സമ്മതമാണ്.

അടുത്ത അടയന്തിരപ്രമേയം മിസ്സസ്. ദേവകിഗോപിദാസിൻേറതാണ്.

"തുണിയുടെ വിലനിയന്ത്രണം പിൻവലിച്ചതുകൊണ്ടു കച്ചവടക്കാർ തുണിവിലയിൽ വരുത്തിയിട്ടുള്ള അസഹനീയമായ വില വർദ്ധനവിനേയും സാധാരണ ജനങ്ങളുടെ ആവശ്യങ്ങൾക്ക് തുണി കിട്ടാതെ വിഷമിക്കുന്ന സങ്കടകരമായ അവസ്ഥയെപ്പററിയും വാദപ്രതിവാദംചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കണം എന്നാണ് എൻെറ അഭിപ്രായം".

ഇതു ഒരു അടിയന്തിരപ്രമേയമായി എടുക്കത്തക്കതാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ തുണിവിലനിയന്ത്രണത്തെക്കുറിച്ച് ഗവണ്മെൻറിന് യാതൊരു കൺട്രോളും ഇല്ല. ആ സ്ഥിതിക്ക് അതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എന്തെങ്കിലും അഭിപ്രായം പറയാൻ ഉണ്ടെങ്കിൽ അതു കഴിഞ്ഞശേഷം എൻെറ അഭിപ്രായം പറയുന്നതാണ്.

MR. K. P. NILAKANTA PILLAI : ഒരു പായിൻറ് ഓഫ് ആർഡർ. ഒരു സിററിംഗിൽ ഒരു അഡ്ജോൺമെൻറുമോഷൻ അനുവദിച്ചാൽ പിന്നെ മറെറാന്നു ആ ദിവസം ആലോചനക്കെടുക്കാൻ പാടില്ലെന്നാണ് എൻെറ അഭിപ്രായം.

MR. PRESIDENT : ഒരു ദിവസം ഒരു അഡ്ജോൺമെൻറു മോഷൻ മാത്രമേ ചർച്ച ചെയ്യാവൊള്ളു എന്നും, എന്നാൽ ഒരു ദിവസം ഒന്നിൽ കൂടുതൽ മോഷൻസ് സ്വീകരിക്കാമെന്നും ഉള്ളതു് എൻെറ റൂളിംഗാണ്. മെംബറിൻെറ അഭിപ്രായം അതിൽ ആവശ്യമില്ല.

MR. K. P. NILAKANTA PILLAI : പ്രസിഡൻറിൻെറ റൂളിംഗിനെപ്പററിയല്ല ഞാൻ ചോദിക്കുന്നതു്. ഒരു ദിവസം പത്തു് അഡ്ജോൺമെൻറുമോഷൻ വന്നാൽ അവയെക്കുറിച്ച് പരിചിന്തനം ചെയ്യുന്നതിന് ദിവസം ക്ലിപ്തപ്പെടുത്തുന്ന ഒരു നടപടി ശരിയാണോ എന്നുള്ളതാണ് എൻെറ പായിൻറ് ആഫ് ആർഡർ.

MR. PRESIDENT : ശ്രീമൂലം അസംബ്ലിയിൽ ൧൧൩-ലെ ബഡ്ജററ സെഷനിൽ ൧൮-ം ൧൩-ം മോഷൻസ് ഒരു ദിവസം സ്വീകരിച്ചോ ആരോ തീരുമാനിക്കു പോസ്റ്റ് ചെയ്തതായി ഞാൻ ഓൎമ്മിക്കുന്നു.

ഈ അടിയന്തിരപ്രമേയത്തെപ്പററി, അതായത്, തുണിവിലയെ സംബന്ധിച്ച്, എന്തെങ്കിലും സ്റ്റേററുമെൻറ് മന്ത്രിമാൎക്ക് നടംകാനുണ്ടോ യെന്ന് അറിഞ്ഞാൽ കൊള്ളാം.

MR. A. NESAMONY : On a point of information. Who holds the portfolio so far as this particular matter is concerned?

MR. PRESIDENT : പ്രൈം മിനിസ്റ്റർ ആണ്. അദ്ദേഹം ഇല്ലെങ്കിലും ഗവണ്മെൻറിന് വേണ്ടി ഏതെങ്കിലും മന്ത്രിമാൎക്ക് അങ്ങിനെ സംബന്ധിച്ച് പ്രസ്താവന പുറപ്പെടുവിക്കാം.

MR. K. A. MATHEW : പ്രൈം മിനിസ്റ്റർ എന്താണ് ഇവിടെ ഹാജരായിട്ടില്ലാത്തത് എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : അത് അറിയേണ്ട ആവശ്യമില്ല.

HON'BLE MR. T. M. VARGHESE : തുണിയുടെ വിലയെ സംബന്ധിച്ച അടിയന്തിരപ്രമേയത്തിൽ പറഞ്ഞതുപോലെ ഈ നാട്ടിൽ പലൎക്കും ബുദ്ധിമുട്ടുകൾ ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിനു മുൻപു തന്നെ മനസ്സിലായിട്ടുണ്ട്. ഇപ്പോൾ കൂടുതൽ അതു മനസ്സിലാക്കുവാനും കഴിഞ്ഞു. അതിലേക്കു പരിഹാരമാൎഗ്ഗങ്ങൾ വേണ്ടതെല്ലാം കണ്ടുപിടിച്ചു എന്ന് ഗവണ്മെൻറു അഭിമാനിക്കുന്നില്ല. ഏതു തരത്തിലാണ് ഈ വിലകൂടുതലിന് പരിഹാരമുണ്ടാക്കി ആവശ്യമനുസരിച്ച നമ്മുടെ ആളുകൾക്കു തുണികിട്ടേണ്ടത് എന്ന കാൎയ്യത്തെപ്പററി ആലോചിക്കേണ്ടതുണ്ട്. തക്കതായ പരിഹാരം കണ്ടുപിടിച്ചു എന്നു പറയാൻ നിവൃത്തിയില്ല. അന്യസ്ഥലങ്ങളിൽ നടക്കുന്ന കാൎയ്യങ്ങളും ഇങ്ങനെയാണ്. ഇതുപോലെയൊ അല്ലെങ്കിൽ ഇതിൽ കൂടുതലൊ വിലക്കൂടുതൽ അന്യസ്ഥലങ്ങളിലുമുണ്ട്. എന്നാൽ വിലക്കൂടുതലിന് അതു ഒരു സമാധാനമാകയില്ലെന്നറിയാം. അതിനു ഏതെങ്കിലും തരത്തിൽ പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. എങ്ങനെയാണ് ഇതിനു പരിഹാരമുണ്ടാക്കേണ്ടതെന്നു ആലോചിക്കണം. തിരുവിതാംകൂറിൽ ടെക്സ്റ്റയിൽ വ്യവസായം നടത്തുന്ന ഒരു സ്പിന്നിങ്ങ് ആൻറു വീവിങ്ങ് മിൽമാത്രമെ ഉള്ളു. പുറത്തു അഹമ്മദബാദ് മുതലായ സ്ഥലങ്ങളിൽ നിന്നാണ് നമുക്കാവശ്യമുള്ള തുണി ഇവിടെ വരുത്തേണ്ടത്. അവിടെ നിന്നും ധാരാളം തുണികൾ വരുത്തുന്നതിന് ആലോചിക്കുന്നുമുണ്ട്. ഇപ്രാവശ്യം അടിയന്തിര

[Hon'ble Mr. T. M. Varghese]

പ്രമേയം അവതരിപ്പിച്ചാൽ അതു സംബന്ധിച്ചുള്ള വാദപ്രതിവാദം കേൾക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിമാർക്കു സന്തോഷമായിരിക്കും. വിലക്കൂടുതൽ സംബന്ധിച്ച കൂടുതൽ പരിഹാരം ഉണ്ടാക്കുന്നതിന് അതു സഹായവുമായിരിക്കും. അതുകൊണ്ടു ഈ അടിയന്തിരപ്രമേയം അനുവദിക്കുന്നതു് നന്നായിരിക്കുമെന്നു് ഗവർമ്മെന്റ് കരുതുന്നു.

MR. PRESIDENT: ഈ പ്രമേയത്തെ ആരെങ്കിലും എതിർക്കുന്നുണ്ടോ?

MR. A. ATCHUTHAN (*Karthigapally II—General*): Sir, I rise to a point of order. Rule 18, sub-rule (2) states:

"Notice of a motion under sub-rule (1) shall be given before the commencement of the sitting on the day on which the motion is proposed to be made both to the President and the Minister concerned."

ഈ റൂൾ അനുസരിച്ച് ഈ അടിയന്തിരപ്രമേയത്തെപ്പറ്റി മിനിസ്റ്റർക്കുകൂടി അറിയിപ്പു കൊടുത്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: അതു മിനിസ്റ്ററാണു് പറയേണ്ടതു. ഈ അടിയന്തിരപ്രമേയത്തെ അനുകൂലിക്കുന്നവർ എഴുന്നേൽക്കണം. ൧൮ പേർ മാത്രം അനുകൂലിക്കുന്നതിനാൽ അവതരണം നിഷേധിച്ചിരിക്കുന്നു.

അടുത്ത അടിയന്തിരപ്രമേയം മി. കണ്ണറ ഗോപാലപ്പണിക്കരുടേതാണ്. പ്രമേയം ഇതാണ്.

"തിരുവിതാംകൂറിൽ പ്രീയൂണിവേഴ്സിറ്റിക്ലാസ്സ് നിറുത്തൽ ചെയ്യണമെന്നും ജൂനിയർ ഇന്റർമീഡിയറ്റു ക്ലാസ്സ് തുടർന്നു നടത്തണമെന്നുമുള്ള പൊതുജനാഭിപ്രായത്തെ അവഗണിച്ച് യൂണിവേഴ്സിറ്റി കോളേജിൽ ഇക്കൊല്ലം ജൂനിയർ ഇന്റർമീഡിയറ്റു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ലെന്നും പകരം പ്രീയൂണിവേഴ്സിറ്റിക്ലാസ്സ് നടത്തുന്നതാണെന്നും അധികൃതർ പരസ്യപ്പെടുത്തുകയും അപേക്ഷകരെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നതായി കാണുന്നതിൽ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഉണ്ടായിട്ടുള്ള പരിഭ്രമത്തേയും നിരാശതയേയും വൈഷമ്യത്തേയും കുറിച്ച് വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ഞാൻ ഒരു പ്രമേയം അവതരിപ്പിക്കുന്നു."

MR. T. K. NARAYANA PILLAI: സർ, റൂൾ ൧൮ (ബി) അനുസരിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് ഈ അടിയന്തിരപ്രമേയം സംബന്ധിച്ച നോട്ടീസ് കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : റൂൾ അനുസരിച്ച് അടിയന്തിരപ്രമേയത്തിനുള്ള നോട്ടീസു അതാതു മന്ത്രിമാർക്കുകൂടി കൊടുക്കേണ്ടതാണ്. അടിയന്തിരപ്രമേയം അവതരിപ്പിക്കുവാൻ തുടങ്ങുമ്പോൾ ഏതെങ്കിലും മന്ത്രിക്കു നോട്ടീസ് കിട്ടിയിട്ടില്ലെങ്കിൽ ആ വിവരം ആ മന്ത്രി അപ്പോൾ പറയും.

MR. K. A. GANGADHARA MENON : May I know, Sir, whether it is a matter concerning the Minister exclusively or whether it is a matter of compliance with the rule which this House, as a Body, is concerned with?

MR. PRESIDENT . ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതുണ്ടെന്ന് തോന്നുന്നില്ല. റൂളുകൾ ബഹുമാനപ്പെട്ട മന്ത്രിമാരും മററു മെമ്പറന്മാരും വായിച്ചിരിക്കും. ഏതെങ്കിലും മന്ത്രിക്കു നോട്ടീസു കിട്ടിയില്ലെങ്കിൽ എനിക്ക് നോട്ടീസ് കിട്ടിയില്ലെന്ന അവർ പറയും. അതുകൊണ്ട് അതേപ്പററി മന്ത്രിമാർ അല്ലാത്ത അംഗങ്ങൾ അന്വേഷിക്കേണ്ട ആവശ്യമില്ല.

MR. R. V. THOMAS (*Meenachil II—General*) : May I know, Sir, whether the Minister concerned can waive the notice?

MR. PRESIDENT : അതേപ്പററി അന്വേഷിക്കേണ്ട ആവശ്യമില്ല. അതു മിനിസ്റ്റർ തന്നെ തീരുമാനിക്കേണ്ട സംഗതിയാണ്. റൂളിൽ പറഞ്ഞിരിക്കുന്നതു

"Before the commencement of the sitting on the day on which the motion is proposed to be made ...both to the president and the Minister concerned"എന്നാണ്.

നോട്ടീസ് കിട്ടിയിട്ടില്ലെങ്കിൽ അതേപ്പററി മിനിസ്റ്റർ അന്വേഷിച്ചുകൊള്ളും.

MR. A. P. UDAYABHANU : May I know whether the Minister cannot waive that right?

MR. PRESIDENT : അതിനെപ്പററി എൻക്വയറി നടത്തുന്നതിന് പ്രസിഡൻറിന് യാതൊരാവശ്യവുമില്ല.

HON'BLE MR. T. M. VARGHESE : ഈ അടിയന്തിര പ്രമേയം സംബന്ധിച്ച് ഒരു നോട്ടീസു കിട്ടിയിട്ടില്ലെന്നുള്ളതു പരമാത്ഥമാണ്. എന്നാൽ നോട്ടീസു കിട്ടിയിട്ടില്ലെങ്കിലും അടിയന്തിരമായ കാര്യങ്ങൾ വാദപ്രതിവാദം ചെയ്യണമെന്നുള്ള സംഗതിയെപ്പററി ഈ സഭതന്നെ തീർച്ചചെയ്യുകയും പ്രസിഡൻറു അനുവദിക്കുകയും ചെയ്യുന്നതിന് വിരോധമില്ല. നിയമമനുസരിച്ചാണെങ്കിൽ ഈ അടിയന്തിരപ്രമേയങ്ങളിൽ

[Hon'ble Mr. T. M. Varghese.]

ഒന്നിനെപ്പററിയും എനിക്കോ മററു മന്ത്രിമാർക്കോ നോട്ടീസ് കിട്ടിയിട്ടില്ല. എന്നാൽ നോട്ടീസ് കിട്ടിയിട്ടില്ല എന്നുള്ള കാരണംകൊണ്ടുമാത്രം അതേപ്പററി വാദപ്രതിവാദം ചെയ്യേണ്ടതില്ല എന്നു വയ്ക്കേണ്ട ആവശ്യമില്ല.

MR. K. R ELANKATH : അടിയന്തിരപ്രമേയത്തെപ്പററിയുള്ള നോട്ടീസ് സെക്രട്ടറിക്കു കൊടുത്താൽ മന്ത്രിമാർക്കു കൊടുത്തതായി വിചാരിക്കാൻ പാടില്ലേ ?

MR. PRESIDENT : പാടില്ല മിനിസ്റ്റർക്കുകൊടുക്കണമെന്നാണ് ചട്ടം.

MR. T. K NARAYANA PILLAI : Sir, on a point of order. May I know whether it is open to a Minister to waive the rights that have been conferred under this rule, whether it is not a statutory right given to this Body, and whether it is an individual right conferred on a particular Minister ? May I know also, whether, in case the Minister waives this right, it is not inherent to this Body to utilise its right unconditionally and absolutely?

MR PRESIDENT : ഇതു ഒരു മാൻഡേററി പ്രൊവിഷനായിട്ടാണ് വച്ചിരിക്കുന്നതു്. അതുകൊണ്ടു ഒരു മിനിസ്റ്റർക്കു നോട്ടീസ് കിട്ടിയിട്ടില്ലെന്നു പറഞ്ഞാൽ ആ അടിയന്തിരപ്രമേയം നിയമപ്രകാരം അല്ലെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു നോട്ടീസ് കിട്ടിയിട്ടില്ലെങ്കിലും വാദപ്രതിവാദത്തിനെടുക്കുന്നതിൽ വിരോധമില്ലെന്നു് മന്ത്രിമാർ പറഞ്ഞാൽതന്നെയും അതു ഒരു ന്യായമായി സ്വീകരിക്കേണ്ടതില്ല. അതിനാൽ മന്ത്രിക്കു നോട്ടീസ് കിട്ടിയിട്ടില്ല എന്നുള്ള ഏകകാരണത്തിന്മേൽ ഈ അടിയന്തിരപ്രമേയം ഞാൻ തള്ളിയിരിക്കുന്നു.

MR. T. K NARAYANA PILLAI : ഇവിടെ ഹാജരാക്കിയിട്ടുള്ള അടിയന്തിരപ്രമേയങ്ങളിൽ ഒന്നിനെങ്കിലും ഇതുപ്രകാരം സംസാരിച്ച ബഹു: മന്ത്രിക്കോ അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരിൽ ആർക്കെങ്കിലുമോ യാതൊരു നോട്ടീസും കിട്ടിയിട്ടില്ലെന്നു് പറയുകയുണ്ടായി. അതുപ്രകാരം ഭരണകൂടത്തിന്റെ റൂളിംഗനുസരിച്ചു എന്നും നാളെയുമായി വാദപ്രതിവാദത്തിന് വച്ചിരിക്കുന്ന അടിയന്തിരപ്രമേയങ്ങളും അനുവദനീയമല്ലെന്നും അതുകൊണ്ടു വാദപ്രതിവാദത്തിനു് വരികയില്ലെന്നുമാണോ വിചാരിക്കേണ്ടതു് ?

MR. PRESIDENT : നോട്ടീസ് കൊടുത്തിട്ടുണ്ടു് എന്ന ധാരണയോടുകൂടിയാണു് മുൻപു ചില അടിയന്തിരപ്രമേയങ്ങൾ അവതരിപ്പിക്കുവാൻ അനുവദിച്ചിട്ടുള്ളതു്. ഇതുവരെ അനുവദിച്ചിട്ടുള്ള അടിയന്തിരപ്രമേയങ്ങൾ അതാതു ദിവസങ്ങളിൽതന്നെ വാദപ്രതിവാദത്തിനായെടുക്കുന്ന

താണ്. എന്നാൽ ഇനിമേലാൽ മന്ത്രിക്ക നോട്ടീസ് കൊടുത്തിട്ടില്ലെങ്കിൽ ആ കാരണത്താൽ അടിയന്തിരപ്രമേയങ്ങൾ അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കുന്നതല്ല.

MR. KANNARA GOPALA PANICKER (PADMANABHA PANICKER) (*Thiruvalla II—General*) : അടിയന്തിരപ്രമേയം സെക്രട്ടറിക്കോ, പ്രസിഡന്റിനോ അയച്ചുകൊടുത്താൽ മിനിസ്റ്റർക്ക അയച്ചുകൊടുത്തതായി വിചാരിക്കാൻ പാടില്ലേ ?

MR. PRESIDENT : അതേപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു.

MR. KANNARA GOPALA PANICKER : അടിയന്തിരപ്രമേയം അസംബ്ളി സെക്രട്ടറിക്ക അയച്ചുകൊടുത്താൽ അദ്ദേഹം അതു മിനിസ്റ്റർക്ക് അയച്ചുകൊടുക്കയില്ലേ ?

MR. PRESIDENT : പ്രമേയത്തിനുള്ള നോട്ടീസു മന്ത്രിക്ക കൊടുക്കണം എന്നാകുന്നു ചട്ടം. അസംബ്ളി സെക്രട്ടറി ഈ അസംബ്ളിയുടെ സെക്രട്ടറിയാണ്. പ്രസിഡന്റിനു കൊടുക്കേണ്ട നോട്ടീസു അസംബ്ളി സെക്രട്ടറിക്ക ഏല്പിച്ചാൽ മതിയാകുന്നതാണ്.

MR. A. NESAMONY : Sir, I rise to a point of order. If it so happens, as it has happened today, the Prime Minister is out of station, to whom is it to be delivered ? If it happens that for the coming five days the Prime Minister is not available, to whom this notice is to be given? At least something should be provided for in the Standing Orders.

MR. PRESIDENT : പ്രധാനമന്ത്രിയില്ലെങ്കിൽ അദ്ദേഹത്തിനു പകരം ജോലിനോക്കുന്ന മന്ത്രിക്ക നോട്ടീസു കൊടുത്താൽ മതിയാകും. പ്രധാനമന്ത്രിയുടെ പ്രതിനിധിയായിട്ടു പ്രധാനമന്ത്രിക്ക പറയാനുള്ളതു് അവർക്കു പറയാം.

MR. K. M. MUHAMMED : മുൻപു ദിവാൻജിക്ക അയയ്ക്കേണ്ട ഹർജികളും അപേക്ഷകളും മററും ഗവൺമെൻറു രജിസ്ട്രാർക്ക അല്ലെങ്കിൽ സെക്രട്ടറിക്ക അയച്ചാൽ മതിയായിരുന്നു. അതുപോലെ അടിയന്തിരപ്രമേയങ്ങളും ഗവൺമെൻറിലേക്കയച്ചാൽ മതിയാകയില്ലേ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ചട്ടം ഇതുപോലെ ഇരിക്കുന്നിടത്തോളം കാലം അങ്ങനെ ചെയ്യണം. എന്തെങ്കിലും ഭേദപ്പെടുത്തണമെന്നുണ്ടെങ്കിൽ അങ്ങനെ ഭേദപ്പെടുത്തുകയും ചെയ്യാം.

ഇനി ഒരടിയന്തിരപ്രമേയമുണ്ട്. അതും മിസ്റ്റർ കണ്ണാറ ഗോപാലപ്പണിക്കരുടേതാണ്.

MR. KANNARA GOPALA PANICKER : ആ പ്രമേയം ഞാൻ പിൻവലിച്ചിരിക്കുന്നു.

MR. PRESIDENT : അടുത്തതു ലെജിസ്ലേറ്റിവ് ബിസിനസാണ്.

LEGISLATIVE BUSINESS

THE TRAVANCORE FACTORIES BILL.

MR. MANNATHU PADMANABHA PILLAI : ഇവിടെ ഹാജരാക്കിയിരിക്കുന്ന നക്കൽ ചട്ടങ്ങളുടെ മലയാളം തർജ്ജിമ ഇതുവരെ കിട്ടിയിട്ടില്ല. എന്നെപ്പോലെയുള്ളവർക്കു മലയാളം തർജ്ജിമയുണ്ടെങ്കിൽ മാത്രമേ ആ ബില്ലിന്റെ സ്വഭാവം എന്താണെന്ന് മനസ്സിലാക്കാൻ കഴിവുള്ളു.

MR. PRESIDENT : നിയമസഭയിലെ നടപടികൾ ഇംഗ്ലീഷിലോ, മലയാളത്തിലോ, തമിഴിലോ ആകാമെന്നാണ് റൂൾ. ഈ ബിൽ ഇംഗ്ലീഷിൽ കൊണ്ടുവന്നിരിക്കയാണ്. ഇംഗ്ലീഷിൽ ഇതു ൩൦ ദിവസത്തിനു മുൻപു പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. നിയമത്തെ കർശനമായി വ്യാഖ്യാനിച്ചാൽ ഇംഗ്ലീഷിൽ ഇതു പരസ്യപ്പെടുത്തിയിരിക്കുന്ന നിലയ്ക്കു പരസ്യം ചെയ്തതായി വിചാരിക്കാം. പക്ഷെ ജനങ്ങളുടെ അഭിലാഷവും ആവശ്യവുംകൂടി പരിഗണിക്കുന്നപക്ഷം ഈ ബിൽ മലയാളത്തിലും തമിഴിലുംകൂടി പരസ്യംചെയ്യേണ്ടതായിരുന്നു. ബില്ലിന്റെ മലയാളവും തമിഴും തർജ്ജിമകൾ ഇതുവരെ ഇവിടെ കിട്ടിയിട്ടില്ല. ഈ മാതിരി തർജ്ജിമകൾ നടത്തുന്നതിലേക്കു വേണമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ, അല്ലാത്തപക്ഷം മററു ഏതെങ്കിലും നടപടികൾ നടത്തുകയോ ചെയ്യേണ്ടതാണ്. ഈ ബിൽ മലയാളത്തിലും തമിഴിലും തർജ്ജിമചെയ്തു കിട്ടുന്നതുവരെ ബില്ലിനെപ്പററിയുള്ള ആലോചന മാററി വയ്ക്കണമെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ അതിനു ഞാൻ തയ്യാറാണ്.

MR. K. K. CHELLAPPAN PILLAI : വോട്ട് തരത്തിൽ ചെയ്യാത്തിടത്തോളം ഈ ബില്ലിന്റെ ആലോചന നിർത്തി വയ്ക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ സഭയിലിരിക്കുന്ന ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത മെമ്പറന്മാരുടെ അവകാശം എന്ന നിലയ്ക്കു മാത്രമല്ല ഞാൻ ഇതു പറയുന്നത്. ഈ ബിൽ എന്താണെന്ന് ഇവിടത്തെ സാമാന്യ ജനങ്ങൾകൂടി ധരിച്ചിരിക്കേണ്ടതാണ്. ബില്ലു മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയാൽ മാത്രമെ അവർക്കു മനസ്സിലാകയുള്ളു.

MR. K. A. MATHEW : തർജ്ജിമകൾ ചെയ്യുന്നതിനും മററും ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടില്ല എന്നു പ്രസിഡന്റു പറഞ്ഞു. ആരാണു അതിന് ഉത്തരവാദി എന്നു പറയാൻ ദയവുണ്ടാകുമോ?

MR. PRESIDENT : സെക്രട്ടറിമാരുടെ അസിസ്റ്റൻറിനേയും മററു ഉദ്യോഗസ്ഥന്മാരെയും ഗവണ്മെൻറാണു നിയമിക്കുന്നതു്. അവ ഗവണ്മെൻറിനോടാണു് ഉത്തരവാദപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു ഗവണ്മെൻറാണു് ഇക്കാര്യത്തിൽ പ്രവർത്തിക്കാനുള്ളതു്.

MR. K. A. MATHEW : ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ ശ്രദ്ധ എന്തുകൊണ്ടു പതിഞ്ഞിട്ടില്ലെന്നു് പ്രസിഡൻറു ചോദിച്ചിട്ടുണ്ടോ?

MR. PRESIDENT : ആ ചുമതല ഒന്നും പ്രസിഡൻറിനില്ല. കാര്യപരിപാടിയനുസരിച്ചു് ഇവിടത്തെ നടപടികൾ നടത്തിക്കൊണ്ടു പോകുക എന്ന ചുമതല മാത്രമെ പ്രസിഡൻറിനുള്ളു. ഈ മാതിരി കാര്യങ്ങളെല്ലാം നിർവഹിക്കേണ്ടതു ഗവണ്മെൻറാണു്. ഗവണ്മെൻറു അതു ചെയ്യുന്നില്ലെങ്കിൽ അതിനെപ്പററി ഈ സഭ ആലോചിക്കേണ്ടതാണു്.

MR. K. K. CHELLAPPAN PILLAI : ഈ ബില്ലിനെപ്പററിയുള്ള ആലോചന മാററിവയ്ക്കണമെന്നുള്ള കാര്യം ഒരു പ്രമേയരൂപത്തിൽ ഞാൻ അവതരിപ്പിക്കാം. വേണ്ടവണ്ണം പരസ്യപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു അതു ചെയ്തുവരുന്നതുവരെ ഇതിൻെറ ആലോചന മാററി വയ്ക്കണമെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

MR. P. NANGU : ഞാനും ആ അഭിപ്രായത്തോടു യോജിക്കുന്നു. ബില്ലിനെപ്പററി ഇവിടെ ഇരിക്കുന്ന മെമ്പറന്മാർക്കും പുറമുള്ളവർക്കും ഒരു സാമാന്യജ്ഞാനമെങ്കിലും ഉണ്ടാകണമെങ്കിൽ, ബില്ലു മലയാളത്തിൽ പരസ്യപ്പെടുത്തിയാലേ ഒക്കുകയുള്ളു. അതുകൊണ്ടു ഇപ്പോൾ ബിൽ അവതരിപ്പിക്കാൻ പാടില്ലാ എന്നാണു് എൻെറ അഭിപ്രായം.

MR. PONNARA G. SREEDHAR (*Nedumangad II—General*) : ഈബില്ല് ഇപ്പോൾ അവതരിപ്പിക്കാൻ പാടില്ലെന്നു പറഞ്ഞ മെമ്പറന്മാർ അതിലേക്കു ഉന്നയിക്കപ്പെട്ടിട്ടുള്ള വാദം അതു വേണ്ടവണ്ണം പരസ്യപ്പെടുത്തിയിട്ടില്ല എന്നുള്ളതാണു്. ആ കാരണം ശരിതന്നെ. ആ കാരണത്താൽ തന്നെ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കാൻ പാടില്ല എന്നു പറഞ്ഞതു് തെററല്ലതാനും. പക്ഷെ, ഏററവും അത്യാവശ്യമായിട്ടുള്ള ബില്ലുകളാണു് ഇപ്പോൾ ഇവിടെ അവതരിപ്പിക്കുവാൻ, ഉദ്ദേശിക്കുന്നതു്. തിരുവിതാംകൂറിലെ തൊഴിലാളികളെ സാരമായി ബാധിക്കുന്നതും അവരുടെ സാമ്പത്തികവും തൊഴിൽപരവുമായ കാര്യങ്ങളിൽ അഭിവൃദ്ധി നൽകുന്നതും അങ്ങനെ അവർക്കും തന്മൂലം നാട്ടിനും സ്വാസ്ഥ്യം നൽകുന്നതിനു ഉപകരിക്കുന്നതുമായ ബില്ലുകളാണു ഇപ്പോൾ ഇവിടെ കൊണ്ടു

[Mr. Ponnara G. Sreedhar.]

വന്നിട്ടുള്ളതു്. ഈ ബില്ലുകൾ മലയാളത്തിൽ കൂടി തർജ്ജിമ ചെയ്യേണ്ടിയിരുന്നു എന്നാൽ അതു ചെയ്തില്ല; അതൊരു കുറവുതന്നെയാണു്. പക്ഷെ, ആ കാരണംകൊണ്ടു ഇതു ഗൗരവമേറിയ ബില്ലുകൾ ഇപ്പോൾ പാസ്സാക്കേണ്ട എന്നു വയ്ക്കുന്നതു് നാം നമ്മുടെ രാജ്യത്തെ തൊഴിലാളികളോടും ഈ രാജ്യത്തോടും ചെയ്യുന്ന വലിയ അപരാധമായിരിക്കും. എല്ലാവരും മനസ്സിലാക്കത്തക്കനിലയിൽ ഈ ബില്ലു പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു എന്നതിൽ സംശയമില്ല. അതു ചെയ്യാത്തതിൽ വേണമെങ്കിൽ ഇന്നത്തെ ഗവൺമെൻറിനെ സെൻസർ ചെയ്യുന്നതിനും എനിക്കു വിരോധമില്ല. പക്ഷെ, തർജ്ജിമചെയ്തില്ല എന്നുള്ള കാരണം സ്വീകരിച്ചുകൊണ്ടു് ഇതു് തർജ്ജിമചെയ്തു കിട്ടുവാൻവേണ്ടി നാം ഇനിയും കാത്തിരിക്കുന്നപക്ഷം, ഇത്തവണത്തെ നിയമസഭയിൽ ഈ ബില്ലു അവതരിപ്പിക്കുവാൻ കഴിയാതെവരും. ഇപ്പോൾ ബില്ലിൻെറ അവതരണം മാത്രമേ ഉണ്ടാകുന്നുള്ളു. ഈ ബില്ലിൻെറ സാമാന്യതത്വത്തെപ്പററി മാത്രമേ ഇവിടെ വാദപ്രതിവാദം ചെയ്യേണ്ടതായി ഉള്ളു. ബില്ലിനെപ്പററിയുള്ള കാര്യമായ ആലോചന ഇനിയും വരുന്നതാണു്. ആ ആലോചന വരുന്നതിനിടയ്ക്കു മലയാളത്തിലും തമിഴിലും ബില്ലിനെപ്പററിയുള്ള തർജ്ജിമകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യാം. അതുകൊണ്ടു ഈ ബില്ലിൻെറ ആലോചന ഇപ്പോൾ മാററി വെയ്ക്കരുതെന്നും, ഇപ്പോൾതന്നെ ഇതിൻെറ ഒന്നാം വായനയ്ക്കു സഭ അനുവദിക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. MANNATHU PADMANABHA PILLAI : ഈ ബില്ലിൻെറ സ്വഭാവവും രൂപവും ശരിക്കു ഗ്രഹിച്ചാൽ ഒരു പക്ഷെ ഈ ബില്ലു അവതരിപ്പിക്കേണ്ട ആവശ്യംതന്നെ ഇല്ലെന്നു തോന്നാവുന്നതല്ലേ ?

MR. PONNARA G. SREEDHAR : തൊഴിലാളികളുടെ ഗുണത്തിനുവേണ്ടി അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഈ ബില്ലിൻെറ സാമാന്യതത്വത്തിൽ ഈ സഭയിലിരിക്കുന്ന ഒരു മെമ്പർക്കുപോലും വിയോജിപ്പുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ ഈ ബില്ലിൻെറ തത്വത്തെപ്പററി മാത്രമെ സംസാരിക്കേണ്ടതായുള്ളു. ഈ രാജ്യത്തെ തൊഴിലാളികൾ വളരെ കഷ്ടതകൾ അനുഭവിക്കുന്നു. അതു ഇന്നത്തെ നിയമങ്ങളുടെ കുഴപ്പങ്ങൾകൊണ്ടാണു്. ഈ കുഴപ്പങ്ങൾ തീർക്കുവാനും തൊഴിലാളികളെ ഉന്നമിപ്പിക്കാനും വേണ്ടിയാണു് ഇപ്പോൾ ഈ ബില്ലുകൊണ്ടു വന്നിരിക്കുന്നതു്.

MR. MANNATHU PADMANABHA PILLAI : തൊഴിലാളികളെ ദ്രോഹിക്കുന്ന ഒരു ബില്ലാണോ കൊണ്ടുവന്നിരിക്കുന്നതെന്നുകൂടി അറിയേണ്ടതല്ലയോ ?

MR. PONNARA G. SREEDHAR : ഇന്നത്തെ ജനകീയ ഗവണ്മെൻറു ഇങ്ങനെ തൊഴിലാളികളെ ദ്രോഹിക്കുന്ന ഒരു ബില്ലുകൊണ്ടുവരികയില്ല എന്നു നമുക്കു ന്യായമായി വിചാരിക്കാം. അതുകൊണ്ടു ഇപ്പോൾതന്നെ ബില്ല് ഒന്നാംവായനയ്ക്കു് എടുക്കേണ്ടതാണ്.

MR. N. S. KOCHUKUNJU (*Changanacherry IV—Paraya Reserved*) : പിന്നോക്കസമുദായത്തെ പ്രതിനിധീകരിക്കുന്ന മെമ്പറന്മാർ ഈ ബില്ലിനെപ്പററിയുള്ള യാതൊരു സംഗതിയും ഗ്രഹിക്കാതെ കഴിഞ്ഞുകൂടുകയാണ്. ഇങ്ങനെ ഒരു സംഗതിയും മനസ്സിലാക്കാതെ ഈ ബില്ലിനെപ്പററിയുള്ള ആലോചനയിൽ പങ്കുകൊള്ളുന്നതു് ഞങ്ങൾ തൊഴിലാളികളോടു ചെയ്യുന്ന ഒരു വലിയ അപരാധമായിരിക്കും. അതുകൊണ്ടു് ഈ ബില്ലിനെപ്പററിയുള്ള ആലോചന മാററി വയ്ക്കണമെന്നപേക്ഷിക്കുന്നു.

MR. K. A. MUHAMMED : ഈ ബില്ലുകൾ യാതൊരു കാരണവശാലും മാററിവയ്ക്കാൻ പാടില്ലെന്നാണു എന്റെ വിനീതമായ അഭിപ്രായം. ഈ ബില്ലുകൾ ഇപ്പോൾ അവതരിപ്പിക്കുക മാത്രമാണു ചെയ്യുന്നതു്. ഇവ അവതരിപ്പിക്കുമ്പോൾ മന്ത്രിമാർതന്നെ ഈ ബില്ലുകൾ ഇന്നഇന്ന ഉദ്ദേശങ്ങളോടുകൂടിയാണു് അവതരിപ്പിക്കുവാൻ പോകുന്നതെന്നും ഇതിനു മുൻപു ഇന്നഇന്ന ബില്ലുകൾ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളു എന്നും മുൻപുണ്ടായിരുന്ന ബില്ലുകളിൽ ഇന്നഇന്ന വ്യത്യാസമാണു വരുത്താൻ പോകുന്നതെന്നും വേണ്ട വിശദീകരണം നൽകുന്നതാണു്. അതു കേട്ടശേഷം ഈ ബില്ലിന്റെ സ്വഭാവവും രൂപവും എന്തായിരിക്കുമെന്നു സാമാന്യം എല്ലാവർക്കും മനസിലാക്കുവാൻ കഴിയും. മന്ത്രിമാർ ചെയ്യുന്ന വിശദീകരണം മലയാളത്തിൽ ആയിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അപ്പോൾ സാമാന്യമായി ഇംഗ്ലീഷു അറിയാൻ പാടില്ലാത്ത ആളുകൾക്കുകൂടി കാര്യങ്ങൾ മനസിലാക്കുവാൻ കഴിയും. കൂടാതെ ഈ ബില്ലുകൾ സെലക്ടുകമ്മററിക്കു പോകും. അതിനുശേഷം ഇതിന്റെ രണ്ടാംവായന നടക്കും. പിന്നെ ഒരു മൂന്നാം വായനയുണ്ടു്; അപ്പോഴാണു് ഇതിനെപ്പററിയുള്ള ശരിയായ വാദപ്രതിവാദങ്ങൾ നടക്കുവാൻ പോകുന്നതു്. അതുകൊണ്ടു തർജ്ജിമ ചെയ്തില്ല എന്നുള്ള ഏക കാരണത്താൽ മാത്രം ഈ ബില്ലിന്റെ ആലോചന മാററിവയ്ക്കണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. ഈ

[Mr. K. A. Muhammed.]

സന്ദർഭത്തിൽ നമുക്കും ഒരു കത്തവ്യമുണ്ട്. ഇത്തരത്തിൽ ഒരു നിയമസഭാസമ്മേളനം നടക്കുന്നതു വളരെ പണച്ചെലവോടുകൂടിയാണ്. ട്രാവലിംഗ് അലവൻസായിട്ടും മററും വളരെ പണം ചെലവാകുന്നുണ്ട്. ഇങ്ങനെ പൊതുജനങ്ങളുടെ പണം ചെലവു ചെയ്തു സമ്മേളിക്കുന്ന ഈ നിയമസഭയിൽവച്ചു പൊതുജനപ്രതിനിധികളായ നാം ജനക്ഷേമത്തിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്യേണ്ടവരാണെന്ന് ഓർമ്മിക്കേണ്ടതായുണ്ട്. ഈ ബില്ലുകളെല്ലാം മാററിവയ്ക്കുകയാണെങ്കിൽ ഇപ്പോൾ കൂടുന്ന ഈ നിയമസഭയിൽ വളരെ കുറച്ചു ജോലി മാത്രമേ നമുക്കു ചെയ്തുതീർക്കുവാൻ സാധിക്കുകയുള്ളു; മാത്രമല്ല, വളരെ അത്യാവശ്യമായ നിയമങ്ങളും മാററി വയ്ക്കേണ്ടതായും വരും. അതുകൊണ്ടു ചില സാങ്കേതിക തടസ്സങ്ങളെ മാത്രം ആസ്പദമാക്കി ഈ ബില്ലിന്റെ ആലോചന ഇപ്പോൾ മാററി വയ്ക്കുവാൻ പാടില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. ABDUL MAJEED: (*Chirayinkil III—Muslim Reserved*) : ഈ ബില്ലിന്റെ ആലോചന ഇപ്പോൾ മാററിവയ്ക്കുവാൻ പാടില്ലെന്നാണ് എന്റെയും അഭിപ്രായം. തർജ്ജിമ വന്നില്ലെന്നുള്ള കാരണത്താൽ ഇപ്പോൾതന്നെ വളരെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ രാജ്യത്തെ തൊഴിലാളികൾ ഇനിയും കഷ്ടപ്പെട്ടുകൊണ്ടു കുറെനാൾകൂടി കാത്തിരിക്കണമെന്നു പറയുന്നതു വളരെ കഷ്ടമാണ്. അതിനാൽ ഉടൻതന്നെ ബിൽ ആലോചനയ്ക്കു എടുക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. K. R. ELANKATH: അതിപ്രധാനമായ ഈ ബില്ലിന്റെ ചർച്ച ഒരിക്കലും മാററിവയ്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. എന്റെ മാന്യസ്നേഹിതൻ മി. നാണു ഈ ബില്ല് ഇപ്പോൾ മാററിവയ്ക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടു പറഞ്ഞതു ഈ ബില്ലിനെപ്പററി ഒരു സാമാന്യജ്ഞാനം എല്ലാവർക്കും കിട്ടിയിട്ടില്ലെന്നാണ്. ഇപ്പോൾ ബില്ലിന്റെ അവതരണം മാത്രമാണ് നടക്കാൻ പോകുന്നതു. ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ അടങ്ങിയിട്ടുള്ള തത്വം എന്താണെന്ന് അറിഞ്ഞാൽ മാത്രം മതിയാകുന്നതാണ്. മി. കേശവനായിരിക്കും ഈ ബിൽ അവതരിപ്പിക്കുന്നതു. മിക്കവാറും അതു മലയാളത്തിലും ആയിരിക്കും. മി. മുഹമ്മദു പറഞ്ഞതുപോലെ ഈ ബിൽ അവതരിപ്പിക്കുമ്പോൾ, ഈ ബില്ലിന്റെ സാമാന്യതത്വം എന്താണെന്നുള്ളതിനെപ്പററി അദ്ദേഹം സംസാരിക്കും. കാര്യങ്ങൾ അപ്പോൾ എല്ലാവർക്കും മനസ്സിലാക്കുവാൻ സാധിക്കും. ഇപ്പോൾ ആലോചിക്കേണ്ടതു ഇങ്ങനെയുള്ള ഒരു ബിൽ ഇവിടെ അവതരിപ്പി

ക്കേണ്ട ആവശ്യമുണ്ടോ എന്നാണ്. തൊഴിലാളിപ്രശ്നം ഓരോ നിമിഷവും നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. ഫാക്ടറികളിലും മററും ജോലിചെയ്യുന്ന തൊഴിലാളികൾ മാനേജുമെൻറിൻെറയും മററു സാഹചര്യങ്ങളുടെയും കീഴിൽ അമർത്തപ്പെട്ട് ഏററവും ഗുരുതരമായ അന്തരീക്ഷത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ഈ കിരാതാനുഭവങ്ങളെ എത്രവേഗം നീക്കുവാൻ കഴിയുമോ അത്രമാത്രം തൊഴിലാളികൾക്ക് അനുഗ്രഹപ്രദമായിരിക്കുമെന്നുള്ളതിന് സംശയമില്ല. ഇത്ര അടിയന്തിരമായ ഒരു കാര്യം ഇത്ര നിസ്സാരമായ കാരണത്താൽ മാററിവയ്ക്കുന്നത് വളരെ തെററാണെന്നാണ് എൻെറ അഭിപ്രായം. നല്ല മലയാളത്തിൽ എല്ലാവർക്കും മനസ്സിലാകത്തക്ക ലളിതമായ ഭാഷയിൽ വേണ്ട വിശദീകരണങ്ങളോടുകൂടി ഈ ബിൽ അവതരിപ്പിക്കുവാൻ കഴിവുള്ള ആളാണ് മി. കേശവൻ. തർജിമയുടെ പോരായ്മ അദ്ദേഹത്തിൻെറ വിശദീകരണംകൊണ്ടു പരിഹരിക്കപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു ബിൽ ഇപ്പോൾ തന്നെ അവതരിപ്പിക്കണമെന്നാണ് എൻെറ അഭിപ്രായം.

HON'BLE MR. T. M. VARGHESE: ഒരു സംഗതി ബഹുമാനപ്പെട്ട മെമ്പറന്മാരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് വളരെ പ്രാധാന്യമേറിയ ഒരു ബില്ലാണ്. മററു രാജ്യങ്ങളിലും ഇൻഡ്യയിലെ മററു പ്രാവിൻസുകളിലും ഈ നിയമം ഏതുവിധത്തിൽ ഇരിക്കുന്നുവെന്നറിഞ്ഞ്, ആവശ്യമുള്ള ഭേദഗതികൾ വരുത്തി, ഏററവും തൃപ്തികരമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനായി നിയമ വിദഗ്ധന്മാർ ആലോചിച്ചു നകൽ തയാറാക്കി ഗസററിൽ പരസ്യപ്പെടുത്തുന്നതിന് കഴിഞ്ഞ ആഴ്ചയിൽ മാത്രമെ സാധിച്ചുള്ളു. അങ്ങനെ തയാറാക്കിയ ബില്ലാണ് ഇത്. ഇതു തയാറാക്കിയത് ഈ മാസം ൧൨-ാം തീയതിയാണ്. അതിനുശേഷം കഴിയുന്നതും വേഗത്തിൽ ഇത് മലയാളത്തിലും തമിഴിലും പരിഭാഷപ്പെടുത്തുന്നതിനും അതു ഗസററിൽ പരസ്യപ്പെടുത്തുന്നതിനും ഏർപ്പാടു ചെയ്തിട്ടുണ്ട്. ഈ തർജിമകളുടെ ആദ്യപ്രതി ഇന്ന്, ഇപ്പോൾതന്നെ കിട്ടിയിട്ടുണ്ട്. ഈ സമയത്തിനുള്ളിൽ അത് മെമ്പറന്മാർക്കു വിതരണം ചെയ്യുന്നതിനു സാധിച്ചില്ലെന്നേയുള്ളു. ഇതിൻെറ മലയാളവും തമിഴും പ്രതികൾ എല്ലാ മെംബറന്മാർക്കും വിതരണം ചെയ്യാനും ഗവണ്മെൻറു തയാറാണ്. എന്നാൽ, ഈ ഒററക്കാരണംകൊണ്ടു ഇപ്പോൾ ഈ ബിൽ ഈ സഭമുൻപാകെ ഹാജരാക്കാൻ കഴിയാത്തപക്ഷം വളരെ മാസങ്ങൾക്കുശേഷം മാത്രമെ ഇതിൻെറ അവതരണം നടക്കുകയുള്ളു. അവതരണം കഴിഞ്ഞ ശേഷം

[Hon'ble Mr. T. M. Varghese]

പല കാര്യങ്ങളും നടക്കാനുണ്ട്. ഇങ്ങനെയുള്ള പല ഘട്ടങ്ങളിൽകൂടി കടന്നുപോകേണ്ട ഇത്രയും പ്രാധാന്യമേറിയ ഈ ബില്ല് [illegible] കാരണ [illegible]ൽ സമയം നഷ്ടപ്പെടുത്തുവാൻ അനുവദിക്കുന്നതു ശരിയായിരിക്കുമോ എന്ന് വളരെ ഗാഢമായി ചിന്തിച്ച് ഈ [illegible] ഒരു തീരുമാനം ചെയ്യേണ്ടതാണ്. വെറും [illegible] ങ്ങളെന്നുള്ള കാരണം പറഞ്ഞു ഇതിന്റെ ആലോചന [illegible] ബിൽ ഇപ്പോൾ തന്നെ അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കണമെന്ന് ഞാൻ എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. P. THANULINGOM NADAR (*Agastheeswaram—Hindu Nadar Reserved*): தலைவர் அவர்களே! இந்த bill-ஐ நல்லதும் மிகவும் முக்கியமான சட்டங்கள் என்றும், [illegible] பரிசீலனை செய்ய வேண்டுமென்றும் [illegible] கனம் [illegible] மற்றவர்களும் சொன்னார்கள். இந்த bill ஐப்பற்றி எந்த மக்கள் அறிய வேண்டுமோ அந்த மக்கள் அறிந்து கொள்வதற்குச் சந்தர்ப்பமுண்டா என்று கேட்டால், இல்லை என்று நான் சொல்ல வேண்டும். அப்படி அந்த மக்களும் அறிய வேண்டுமென்ற நோக்கமிருந்திருக்குமானால் இந்த bill ஐ தமிழிலும் இதற்கு முன்னமே மொழிபெயர்க்கப்பட்டிருக்கும். இந்த bill ஐப்பற்றி தெரிந்து கொள்ள வேண்டிய மக்கள் அறிந்து கொள்ள வேண்டியிருக்குமானால், இந்த bill ஐப்பற்றி பேசினால் [illegible], பேசாமலிருந்தால் [illegible]? இன்னும், கனம் மந்திரியவர்கள் மிகவும் அழகாகச் சொல்வார்கள் என்று சிலர் சொன்னார்கள். யாவரும் புரிந்துகொள்ளும்படி சொல்வார்களென்றும் சொன்னார்கள். ஆனால் சற்று முன் பேச்சில் "கோதோஹனம்" அயோதோஹனம் என்று சமஸ்கிருத பாஷையில் சொன்னார்கள். சமஸ்கிருத சம்பந்தமான விஷயத்தைப் பற்றியா என்று பக்கத்திலிருந்த ஒரு மெம்பரைக் கேட்டேன். அவர் பதில் கூறவில்லை. இன்னொரு சமயத்தில் தலைவர் அவர்கள் அனுச்சிதமாக [illegible] என்று சொன்னார்கள். 'சாங்கேதக் கடலாதங்கள்' என்றும் [illegible] என்று பக்கத்தில் கேட்டு அந்த வாக்கின் அர்த்தத்தை அறிந்து கொண்டேன். மலையாளம் தெளிவாகப் பேசினாலும், [illegible] தான் கருத்தாவது எங்களுக்குத் தெரிய வேண்டும். [illegible] ஆங்கிலத்தில் சொல்கிறேன் என்று சொன்னார்கள். [illegible] தெரிந்த அளவில் நான் தெரிந்துகொண்டேன். ஆகவே தமிழ் மொழிபெயர்ப்பும் இந்த bill-ன் அத்தியாவசியம் என்று நான் கருதுகிறேன்.

MR. MANNATH PADMANABHA PILLAI: ബഹുമാനപ്പെട്ട മന്ത്രിയുടെ സമാധാനം തൃപ്തികരമായിരിക്കുന്നതിനാൽ ഭാഷാന്തരം ബില്ലിന്റെ തർജ്ജമ മലയാളത്തിൽ കിട്ടുന്നതിനു മുൻപ് അതിനെപ്പറ്റി വാദപ്രതിവാദം നടത്തുന്നതു ശരിയല്ലെന്നുള്ള എന്റെ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

MR. K. K. CHELLAPPAN PILLAI: സർ, ഞാനാണ് ഇതിനെപ്പറ്റി പ്രമേയം അവതരിപ്പിച്ചത്. അങ്ങനെയിരിക്കെ മറ്റൊരു മെമ്പറിന് അതു പിൻവലിക്കാനുള്ള അവകാശം എങ്ങിനെയുണ്ടാകുമെന്ന് അറിയുന്നില്ല.

MR. P. K. KUNJU : സർ, ഈ പ്രമേയത്തിനെ ആരും സപ്പോർട്ട് ചെയ്തിട്ടില്ല.

MR. K. K. CHELLAPPAN PILLAI : സർ, ഈ ബിൽ തൊഴിലാളികളെ സംബന്ധിക്കുന്ന ഒരു ബില്ലാണ്. ഇതിന്റെ തർജ്ജിമ മലയാളത്തിൽ വേണമെന്നുള്ളത് നിരാകരിക്കപ്പെടാത്ത ഒരു കാര്യമാണ്. കാരണം, തൊഴിലാളികൾക്ക് ഇംഗ്ലീഷ് അറിഞ്ഞുകൂടാ. കൂടാതെ ഇതറിയേണ്ട പൊതുജനങ്ങൾക്കും ഇംഗ്ലീഷ് അറിയാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചത്. എന്നാലും താമസം വിനാ തർജ്ജിമ ലഭിക്കുമെന്നുള്ള വിശ്വാസത്തോടും ഇപ്പോൾ തന്നെ ഈ ബില്ലിന്റെ ഒന്നാം വായന തുടങ്ങണമെന്ന് സഭയുടെ ഭൂരിപക്ഷ അഭിപ്രായം ആദരിച്ചും എന്റെ പ്രമേയം പിൻവലിക്കുന്നു.

MR. PRESIDENT : ഉച്ചയ്ക്കു ലഞ്ചിനായി പിരിയേണ്ടത് ഒരു മണിക്കോ, അതോ ഒന്നരമണിക്കു മതിയോ എന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർമാരുടെ അഭിപ്രായമറിഞ്ഞാൽ കൊള്ളാം.

MR. K. A. MUHAMMED : ഉച്ചയ്ക്കു ലഞ്ചിനു പിരിയേണ്ടത് ഒരു മണിക്കു തന്നെ വേണമെന്നാണ് എന്റെ അഭിപ്രായം.

MR. PRESIDENT : ഈ അഭിപ്രായത്തോട് എല്ലാവരും യോജിക്കുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ട് ഇപ്പോൾ സഭ പിരിച്ചുവിട്ടിരിക്കുന്നതും വീണ്ടും ൨-൩൦-ന് കൂടേണ്ടതുമാണ്.

The House rose for lunch at 1-5 p. m. and reassembled at [illegible]-5 p. m. with the Presideut (Honourable Mr. A. J John) in the chair.

HON'BLE MR. G. KESAVAN : ഈ ഫാക്ടറി ബിൽ അവതരിപ്പിക്കുന്നതിനു മുൻപ്, ഒരു നോട്ട് ഇംഗ്ലീഷിൽ വായിച്ചശേഷം സാരാംശം മലയാളത്തിൽ പറഞ്ഞാൽ മതിയോ എന്ന് അദ്ധ്യക്ഷസ്ഥാനത്തുനിന്നു അറിയുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

MR. G. RAMACHANDRAN : ഈ ബില്ലിനെപ്പറ്റി സംസാരിക്കുകയോ, വായിക്കുകയോ ചെയ്യുമ്പോൾ, ഒന്നുകിൽ എല്ലാവർക്കും കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ സംസാരിക്കുകയോ, അതു സാദ്ധ്യമല്ലെങ്കിൽ ഒരു മൈക്കിന്റെ സഹായത്തോടുകൂടി സംസാരിക്കുകയോ ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു.

MR. PRESIDENT : മെമ്പർമാർ സംസാരിക്കുമ്പോൾ അവരവരുടെ സീറ്റുകളിൽ നിന്നും വിട്ടുപോകാൻ പാടില്ലെന്നാണ് നിയമം. എന്നാൽ ടി. സി. കേശവൻ മെമ്പറിന്റെ അടുത്തു ചെന്ന് സംസാരിക്കാൻ ഞാൻ അനുവദിച്ചിരിക്കുന്നു.

HON'BLE MR. C. KESAVAN : I beg to introduce the Travancore Factories Bill and move that the Bill be referred to a Select Committee whose names I shall mention later.

തിരുവിതാംകൂർ ഫാക്ടറി ബിൽ, അതിന്റെ ഒന്നാം വായനക്കായി ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നു. അതോടുകൂടി ഈ ബില്ലിനെ അടിയിൽ പേരുപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സിലക്റ്റു കമ്മിററിക്കു വിട്ടുകൊടുക്കണമെന്നും ഈ സഭയോടു അപേക്ഷിക്കുന്നു.

ഫാക്ടറിസ് ആക്റ്റ് ൧൧൧൨-ൽത്തന്നെ ഇവിടെ നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. എന്നാൽ പല കാരണങ്ങൾകൊണ്ടും തൊഴിലാളികൾക്കും മുതലാളിമാർക്കും സ്വീകാര്യമല്ലാത്ത വിധത്തിലുള്ളതായിരുന്നു. അതിലെ ചില വ്യവസ്ഥകൾ വ്യാഖ്യാനിച്ചു തീരുമാനിക്കുന്നതിനു ഒരു കോടതിക്കുപോലും വിഷമമായിരിക്കുന്നു എന്നു മുതലാളി തൊഴിലാളികളുടെ ഇടയിൽ പരക്കെ ഒരഭിപ്രായവുമുണ്ട്. അല്പ കാലത്തിനു മുൻപ് ൧൧൧൨-ലെ തിരുവിതാംകൂർ ഫാക്ടറീസ് ആക്ടിന്റെ അടിസ്ഥാനമായ ഇൻഡ്യൻ ഫാക്ടറീസ് ആക്ടു കൽക്കത്താ ഹൈക്കോടതിയിൽ നിരൂപണവിഷയമായി. അതിന്റെ ഫലമായി, ൧൧൧൨-ലെ തിരുവിതാംകൂർ ഫാക്ടറീസ് ആക്ടിൽ പരസ്പരസംബന്ധമില്ലാത്ത പല ഖണ്ഡികകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവകളെ വ്യാഖ്യാനിച്ച് ഒരു തീർപ്പെഴുതുന്നതു സുസാദ്ധ്യമല്ലെന്നും ഉള്ള ഒരഭിപ്രായത്തിലാണ് എത്തിച്ചേർന്നതു്. അതുകൊണ്ടാണ് ഈ ബിൽ ഗവണ്മെന്റിൽനിന്നും ഈ സഭ മുമ്പാകെ അവതരിപ്പിക്കാമെന്ന് തീരുമാനിച്ചതു്. ഇതു കൂടാതെ, കഴിഞ്ഞ മാസത്തിൽ ഡൽഹിയിൽവച്ചു നടന്ന തൊഴിലാളി മന്ത്രിമാരുടെ കാൺഫറൻസിൽ അംഗീകരിച്ചിട്ടുള്ള തൊഴിലാളികളെ സംബന്ധിക്കുന്ന നിയമങ്ങളെല്ലാം തന്നെ ഇൻഡ്യൻ യൂണിയനിലെ എല്ലാ പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും ഒരുപോലെ നടപ്പിൽ വരുത്തേണ്ടതാകണമെന്നു അവിടെ ആവശ്യപ്പെടുകയുണ്ടായി. അതുകൊണ്ടു് തിരുവിതാംകൂർ ഫാക്ടറിസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതു് അത്യന്താപേക്ഷിതമായിത്തീർന്നെന്നു് പറയാതെ നിവൃത്തിയില്ല. അതനുസരിച്ചു് ഇൻഡ്യൻ യൂണിയനിലെ ൧൯൩൪-ലെ ആക്റ്റും യൂണിയനിലുൾപ്പെട്ട മററു പ്രവിശ്യകളിലെ ആക്റ്റും കൂടി വായിച്ചു നോക്കിയതിന്റെ ഫലമായി ഏററവും പുരോഗമനപരവും സ്വീകാര്യവുമായ പല വ്യവസ്ഥകളും ഉൾപ്പെടുത്തി ഈ ബിൽ നിർമ്മിച്ചിരിക്കുന്നു. വളരെ ചുരുങ്ങിയ സമയംകൊണ്ടു് പല ആക്റ്റുകളും പരിശോധിച്ചു്, നമുക്കു് യോജിച്ച ഒരു നിയമം നിർമ്മിക്കേണ്ടി വന്നതുകൊണ്ടും,

അതു കഴിയുന്നത്ര വേഗത്തിൽ ഇവിടെ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടായതുകൊണ്ടും അതു് നേരത്തെ പരസ്യം ചെയ്യുന്നതിനോ, അതോടുകൂടി അതിന്റെ തമിഴ്-മലയാള തർജ്ജിമകൾ പ്രസിദ്ധപ്പെടുത്തുന്നതിനോ കഴിഞ്ഞിട്ടില്ലായെന്നുള്ള സംഗതി ക്ഷമാപണസഹിതം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രണ്ടു മൂന്നു ദിവസത്തിനകം തർജ്ജിമ നിങ്ങളുടെ മുൻപാകെ വയ്ക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു് എനിക്കു് പറയാൻകഴിയും. ബിൽ സെലക്റ്റു കമ്മറ്റിക്ക വിട്ടുകൊടുക്കുന്നതിനുള്ള അനുവാദത്തിനായി ഞാൻ ഈ സഭയോടു് ഒന്നു കൂടി അപേക്ഷിക്കുന്നു. ആദ്യമായി ഈ ബിൽ സംബന്ധിച്ച ഇംഗ്ലീഷിലോട്ടു് വായിക്കയും രണ്ടാമതു് അതിന്റെ സാരാംശം മലയാളത്തിൽ വിശദീകരിക്കയും ചെയ്യാം.

The existing law relating to the regulation of labour employed in factories is embodied in the Travaucore Factories Act, 1114. Experience of the working of the Act has revealed a number of defects and weaknesses which hamper effective administration. The provisions for the safety, health and welfare of workers are generally found to be inadequate and unsatisfactory and even such protection as is provided does not extend to the large mass of workers employed in work places not covered by the Act. In view of the large and growing industrial activities in the State, a radical overhauling of the Factories Law is considered necessary.

The present bill differs materially from the existing law in several respects. Some of the important features are the following:—

1. The age limit in the case of adults and adolescents has been raised from 17 to 18.

2. The interpretation of the term 'machinery' has been widened by bringing in prime movers and transmission machinery.

3. The interpretation of the term 'factory' has been modified so as to cover those establishments which employ ten or more persons every day.

4. The designs of most of the factory buildings and lay-out of machinery have been found to be unsatisfactory and the building materials used not suited to climatic conditions of the place which made working conditions unusually trying. The present Act does not contain any provision for the approval licensing and registration of factories. A new clause is therefore proposed for the purpose. See clanse 7.

5. Provisions relating to health and safety of the workers are contained in Chapter III of the existing Act. Those provisions are split up into three chapters in the present Bill. The various clauses in these chapters have been re-drafted and amplified prescribing the minimum standards required.

6. Chapter VI of the Bill relates to *working hours of adults*. The distinction between seasonal and non-seasonal factories is considered to be unnecessary and has therefore been removed. See clause 51.

[Hon'ble Mr. C. Kesavan]

7. The hours of daily work have been reduced from 10 to 9 and the period of work before rests has been reduced to 6.

8. Government are empowered to prescribe higher limit of *rest* up to 1 hour in cases where they consider a longer rest interval is necessary. See clause 55.

9. Provision is also made for the granting of *compensatory holidays* within a fixed time limit. See clause 53. Government are also empowered to make rules to supplement the provisions of this chapter. See clause 67.

10. Chapter VII of the Bill deals with the *employment of young persons. The minimum age of employment for children* has been raised from 12 to 13. See clause 68.

11. The provisions regarding the examination and re-examination of young persons and the grant of certificates of fitness to them are tightened in order to avoid unnecessary work on the part of the certifying surgeon. It has also been provided that he will examine only those young persons who produce a certificate from the manager that he will be employed in his factory if found fit. See clause 70.

12. The hours of work of *child-workers* have been reduced from 5 to 4½. Provision is made to prevent overlapping shifts in the case of children. See clause 72. It has also been made obligatory on the part of the managers to make available the register of child workers to the Inspector at all times during working hours. Clause 74.

13. Chapter VIII relates to holidays with pay. This chapter is new. Provision is made for the *grant of annual holidays* with pay. The holidays are to be granted in two spells to cover the needs of workers. Proportionate holidays are also to be granted to workers whose services have been terminated but who have completed six months' continuous service. One-half of the total pay due for the period of holidays has to be paid to a worker before his holidays begin. The Inspector is authorised to institute proceedings one half of any worker to recover any sum which has not been paid by the employer. Government are empowered to make rules to carry into effect the above provisions.

14. Chapter IX deals with certain special provisions. The basic provisions regarding *health, safety and welfare* have been made applicable to all work places irrespective of the number of workers employed. See clause 85.

15. Appropriate provisions for the control of industrial diseases and for making investigations in cases of serious accidents and contravention of the safety provisions are proposed in clauses 88 to 90.

16. Chapter X deals with *penalties and procedure*. The existing Section 60 has been re-drafted with a view to make the breach of any section or of any rule or order made under the Act an offence which can be punished with imprisonment or fine or with both.

17. A liability is east on the owner of premises of buildings in certain circumstances. He is liable as if he were the occupier of the factory. Provisions in regard to occupiers or managers have been newly drafted. See clauses 91, 96, 97 and 102.

18. Chapter XI relates to *supplementary matters*. Additional provisions have been proposed defining the obligations of workers, enabling Government to prescribe the manner of service of orders on occupiers or managers of factories and also giving general powers to Government to frame rules. See clauses 111, 109 and 112.

19. A Schedule containing the names of notifiable diseases is also appended in pursuance of clauses 83 and 89.

It is expected that the Bill with the above salient features when enacted into law will considerably advance the condition of workers in factories.

ഇന്നു നിലവിലിരിക്കുന്ന ഫാക്ടറീസ് ആക്ട്, അതായതു് ൧൧൪-ലെ ഫാക്ടറീസ് ആക്ട് അനുസരിച്ച് കൂലിയെ സംബന്ധിച്ചുള്ള നിയമം ഇതിന്റെ ആവശ്യം നിർവഹിക്കുന്നതിന് അപര്യാപ്തമായിരിക്കെ ആണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. വേലക്കാരുടെ ആരോഗ്യം, അവരുടെ സുഖസൌകര്യങ്ങൾ, അതിപ്രാധാന്യമേറിയിട്ടുള്ള മറ്റു കാര്യങ്ങൾ ഇവയൊന്നും ൧൧൪-ലെ ആക്ടിൽ ഇല്ലാത്തതുകൊണ്ട് അവരുടെ രക്ഷയ്ക്ക് ഫാക്ടറി നിയമത്തിൽ വേണ്ട വ്യവസ്ഥ ചെയ്യുന്നതിനുദ്ദേശിച്ചാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ രാജ്യത്തിലെ ഇന്നത്തെ വർദ്ധമാനമായി വരുന്ന വ്യാവസായിക പ്രവർത്തനങ്ങൾകൊണ്ട് ഈ വിധത്തിൽ ഒരു സമൂല പരിവർത്തനം ഫാക്ടറി നിയമത്തെ സംബന്ധിച്ചിടത്തോളം അത്യാവശ്യമായിരുന്നു കാണുന്നു. അതിനോടുദാഹരണമായി ഇതിനെസംബന്ധിച്ചുള്ള ഒരു നിരൂപണത്തെക്കുറിച്ച് ഞാൻ സഭയുടെ ശ്രദ്ധയ്ക്കു പ്രസ്താവിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങളിൽ നിന്നും കൂടുതൽ പ്രാധാന്യം അർഹിക്കുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ട്. അവനിൽ വളരെ പ്രധാനപ്പെട്ട ചില ഭാഗങ്ങളെ സംബന്ധിച്ച് ചുരുക്കി പ്രസ്താവിച്ചുകൊള്ളാം. Adults, Adolescents and children എന്നു മൂന്നു തരത്തിലാണ് മനുഷ്യരെ പ്രായംസംബന്ധിച്ച് വിഭജിച്ചിരിക്കുന്നതു്. പതിമൂന്ന് വയസ്സുവരെ പ്രായമുള്ള ആളുകൾക്ക് 'കുട്ടികൾ' എന്ന പേരില് — അതുമുതൽ പ്രായപൂർത്തി ആകുന്ന പതിനെട്ട് വയസ്സുവരെയുള്ള ആളുകൾക്ക് അഡോളസെന്റ്സ് എന്ന പദം ഇതും (ഇതിനെ സംബന്ധിച്ചുള്ള മലയാളപദം എനിക്കറിവില്ല. പ്രായപൂർത്തിയായവർക്കും ബാലന്മാർക്കും ഇടയിലുള്ള — അന്തരാള വയസ്സ് ഉള്ളവർ) —

MR. K. N. SANKUNNNI PILLAI: കൌമാരം.

HON'BLE MR. C. KESAVAN: കൗമാരമായിരിക്കാം. ഇംഗ്ലീഷിൽ അതിനർത്ഥമുണ്ട്. മലയാളത്തിൽ, ഈ പദത്തിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് നിശ്ചയമില്ല. ഏതായാലും കാര്യം മനസ്സിലായല്ലോ. അതുമതിയാകും. ഈ വിധത്തിലാണ് ഇംഗ്ലണ്ടിലെ നിർവചനം. മുമ്പുണ്ടായിരുന്നതു പന്ത്രണ്ടു വയസ്സുള്ളവരെ കുട്ടികളായിട്ടും പതിനാറു വയസ്സുള്ളവരെ അഡോളസന്റ്സ് എന്നും പറയുന്ന കൗമാരക്കാരായിട്ടും അതിനു മേലുള്ളവരെ പ്രായപൂർത്തിയായിട്ടും നിർവചിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. പിന്നീട്, യന്ത്രങ്ങൾ എന്ന വ്യവസ്ഥ ചെയ്തിരിക്കുന്ന വകുപ്പിൽ മോട്ടാർ മുതലായ യന്ത്രങ്ങൾ മാത്രമല്ല, യന്ത്രങ്ങളോട് സംബന്ധിച്ച ട്രാൻസ്മിഷനായി ഉപയോഗിക്കുന്ന പട്ടകൾ, ചക്രങ്ങൾ ഇവയെല്ലാംകൂടി ഉൾപ്പെടത്തക്കവണ്ണം അതിന് അർത്ഥവ്യാപ്തി വരുത്തിയിട്ടുണ്ട്. ഫാക്ടറി എന്ന പദംതന്നെ—മുമ്പുണ്ടായിരുന്ന വ്യവസ്ഥയനുസരിച്ച് ഇരുപതോ അതിലധികമോ ആളുകൾ ജോലിചെയ്യുന്ന സ്ഥലം എന്നായിരുന്നതിനെ, പത്തോ അതിലധികമോ ആളുകൾ ജോലിചെയ്യുന്ന സ്ഥലം എന്നാക്കി ഫാക്ടറിയുടെ വ്യാപ്തിയിൽ കൊള്ളിച്ചിട്ടുണ്ട്. ഫാക്ടറി എന്ന വ്യവസ്ഥയിൽ വരാതെ വ്യവസായങ്ങൾ നടത്തുന്ന (യന്ത്രങ്ങൾകൊണ്ടല്ലാതെ)—ജോലിസ്ഥലങ്ങൾ ധാരാളമുണ്ട്. ഫാക്ടറിയുടെ ഉടമസ്ഥന്മാർ വേലക്കാരോട് ചെയ്യുന്ന അനാശാസ്യമായ നടപടികൾ മൂലം വേലക്കാരനുഭവിക്കുന്ന വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ ഉദ്ദേശിച്ച് പല തൊഴിലാളി സംഘടനകളും, പത്തോ അതിലധികമോ ആളുകൾ വേലചെയ്യുന്ന സ്ഥലങ്ങൾ എല്ലാം തന്നെ ഫാക്ടറിയുടെ വ്യാപ്തിയിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടും ഇരുന്നു. അതനുസരിച്ച് പത്തോ അധികമോ പേർ ജോലിചെയ്യുന്ന സ്ഥലങ്ങൾ എല്ലാം തന്നെ ഫാക്ടറിയുടെ വ്യാപ്തിയിൽ വരുത്തിയിട്ടുണ്ട്.

ഫാക്ടറി വ്യവസ്ഥയിൽ വരാതെയും വ്യവസായങ്ങൾ നില്ക്കുന്നുണ്ട്. യന്ത്രംകൊണ്ടും അല്ലാതെയും വ്യവസായശാലകളിലും മററു സ്ഥലങ്ങളിലും വ്യവസായങ്ങൾ ധാരാളം നടക്കുന്നുണ്ട്. ആ ഫാക്ടറികളിലെ ഉദ്യോഗസ്ഥന്മാർ വേലക്കാരോടു ചെയ്യുന്ന ഉപദ്രവങ്ങൾക്കു പരിഹാരമാർഗ്ഗം ഇല്ലാത്തതുകൊണ്ട് തൊഴിലാളി സംഘടനകൾ ഈ വ്യവസ്ഥ മാററി പത്തോ അതിലധികമോ ആളുകൾ വേലചെയ്യുന്ന സ്ഥലങ്ങൾ എല്ലാംതന്നെ ഫാക്ടറിയുടെ വ്യാപ്തിയിൽ വരുത്തണമെന്നാവശ്യപ്പെട്ടു. അതനുസരിച്ച് പത്തോ അതിലധികമോ തൊഴിലാളികളെ ജോലിചെയ്യിച്ച് ആദായം എടുത്ത് പ്രവർത്തനം നടത്തുന്ന ഒരുസ്ഥാപനത്തെ ഫാക്ടറി എന്ന പദത്തിന്റെ വ്യാപ്തിയിൽ വരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ ഫാക്ടറികെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം അവ്യവസ്ഥിതമായ ഒരു സ്ഥിതിയാണ് ഇന്നുള്ളതു്. ഓരോ ഫാക്ടറി ഉടമസ്ഥനും അവനവന്റെ മനോഭാവംപോലെ ആവശ്യമായ രീതിയിൽ കെട്ടിടങ്ങൾ ഉണ്ടാക്കുകയും അതിൽ തൊഴിലാളികൾക്കു വേണ്ട വിധത്തിലുള്ള സൗകര്യം ഉണ്ടാക്കാതിരിക്കയും ചെയ്യുന്നുണ്ടു്. ഈ ബില്‍ അനുസരിച്ചു് ഒരു ഫാക്ടറിയുടെ ഡിസൈൻ അഥവാ പ്ലാൻ ഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തണം. ഗവണ്മെന്റിന്റെ അംഗീകാരത്തോടുകൂടി മാത്രമെ ഫാക്ടറികൾ ഉണ്ടാക്കുവാൻ പാടുള്ളു എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടു്. തൊഴിലുകളിൽ ആപൽക്കരങ്ങളായ തൊഴിലുകൾ ഉണ്ടു്. അതിൽവച്ചുണ്ടാകുന്ന വൈഷമ്യങ്ങളിൽനിന്നും തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗം കെട്ടിടത്തിനുള്ള സംവിധാനം ഒരു നിശ്ചിത പ്ലാൻ അനുസരിച്ചു ചെയ്യുകയാകുന്നു. ഇല്ലെങ്കിൽ അതുകൊണ്ടു മാത്രം അനവധി ആളുകൾ മരിക്കേണ്ടിവരും. കെട്ടിടങ്ങൾക്കു തീപിടിത്തം ഉണ്ടാകുമ്പോൾ അകത്തുനിന്നു് പുറത്തേക്കു തുറക്കുന്ന വാതിലുകൾക്കു പകരം അകത്തുനിന്നു പുറത്തേക്കു അടയ്ക്കുന്ന വാതിലുകളാണുള്ളതെങ്കിൽ വാതിൽ തുറന്നു് പുറത്തു പോകാൻ ആളുകൾക്കു വിഷമം ഉണ്ടാകുന്നതാണ്.

അതുപോലെ കെട്ടിടത്തിന്റെ പ്ലാനിലും പല വ്യവസ്ഥകളും തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടി പ്രത്യേകം ചെയ്യേണ്ടിയിരിക്കുന്നതിനാൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനു ഗവണ്മെന്റിന്റെ അനുമതി ആവശ്യമാക്കിയിട്ടുണ്ടു്. ഇതുകൂടാതെ അനേകം ആളുകൾ വേലചെയ്യുന്ന ഫാക്ടറിയിൽ വേലക്കാർക്കു് ഭയംകൂടാതെ ജോലിചെയ്യുവാൻ പാടില്ലാത്ത വിധത്തിൽ വളരെ മോശമായ തരത്തിലുള്ള കെട്ടിടങ്ങൾ പല സ്ഥലത്തും കാണുന്നുണ്ടു്. ആ കെട്ടിടത്തിന്റെ നിർമ്മിതിയ്ക്കു ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഇന്ന തരത്തിൽ ഇരിക്കണം എന്നു ഗവണ്മെന്റിനു നിർദ്ദേശിക്കുവാൻ അവകാശം ഉണ്ടായിരിക്കണം. അതിനു് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ വ്യവസ്ഥ ൧൧൧൪-ലെ ആക്ടിൽ ഇല്ലാത്തതുമാണു്. മൂന്നാമത്തെ അദ്ധ്യായത്തിൽ ജോലിക്കാരുടെ ആരോഗ്യപരമായ നിർദ്ദേശങ്ങളാണു് അടങ്ങിയിരിക്കുന്നതു്. അതിനുള്ള ഓരോ വകുപ്പുകളും ശരിയായി നടപ്പിൽ വരത്തക്കവണ്ണം വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. പ്രായമായവരെക്കൊണ്ടു ജോലി

ചെയ്യിക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ൪-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. പ്രത്യേക കാലങ്ങളിലല്ലാതെ കുറെ മാസക്കാലത്തേക്ക മാത്രമോ നടത്തുന്ന വ്യവസായശാലകൾ ഉണ്ട്. ഇവയെ—ഈ തരം സീസനൽ വ്യവസായശാലകളെ—സംബന്ധിച്ച് പ്രത്യേക പരിഗണന അനുവദിക്കുന്നതല്ലെന്ന് ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത് ൧൬-ാമത്തെ വകുപ്പിൽ കാണാവുന്നതാണ്. അതുപോലെ തന്നെ ജോലിസമയം പ്രതിദിനം ൮ മണിക്കൂർ മാത്രമാക്കണമെന്നും ആഴ്ചയിൽ ൪൮ മണിക്കൂർ എന്നു തൊഴിലാളികൾ ശക്തിയായ പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്നു. ജോലിസമയത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ അവർ ആവശ്യപ്പെടുന്ന പരമാവധി ൮ മണിക്കൂർ-ദിവസം എന്നുള്ള ഏർപ്പാടും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാധാരണമായി ദിവസം ൮ മണിക്കൂറും അസാധാരണമായി കൂടിയാൽ ൧൦ മണിക്കൂർവരെയും മാത്രമേ വേല ചെയ്യിക്കാവു എന്ന് ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. പത്തുമണിക്കൂർവരെ തൊഴിലാളികൾ വേലചെയ്യുവരുന്നു. കൂടാതെ അഞ്ചുമണിക്കൂർ തുടരെ വേലചെയ്യുന്ന ഒരു തൊഴിലാളിക്ക് അതു കഴിഞ്ഞ് ശരിയായ വിശ്രമം നൽകാതെ പിന്നീട് ജോലി ചെയ്യിച്ചുകൂടായെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിശ്രമസമയം ഒരു മണിക്കൂർവരെ നീട്ടിയിട്ടുമുണ്ട്. അതുപോലെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന കാലങ്ങളിൽ യാദൃച്ഛിക അസൗകര്യങ്ങളാൽ ജോലിക്കു ഹാജരാകാൻ തരമാകാതെ പോയാൽ അതിനു ശമ്പളത്തോടുകൂടിയ അവധി അനുവദിക്കുന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ൭-ാമത്തെ അദ്ധ്യായത്തിൽ കുട്ടികളേയും ചെറുപ്പക്കാരേയും ജോലിയിൽ നിയമിക്കുന്നതിനെ സംബന്ധിച്ച് വ്യവസ്ഥചെയ്തിട്ടുണ്ട്. കുറഞ്ഞ വയസ്സ് നേരത്തെ പ്രസ്താവിച്ചതുപോലെ ൧൨-ൽ നിന്നു ൧൩ ആക്കിയിട്ടുണ്ട്. കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രായത്തിന്റെ കാര്യം കാണിച്ചു ഒരു സർട്ടിഫിക്കറ്റു കൂടി വാങ്ങിച്ചതിനു ശേഷം മാത്രമെ ഫാക്ടറിയിൽ ജോലിക്ക് അംഗീകരിക്കാവു എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യതിയാനത്തെ തടയുന്നതിനുള്ള വ്യവസ്ഥകൾ വളരെ കർശനങ്ങളാണ്: ജോലി ചെയ്യത്തക്ക വണ്ണമുള്ള ആരോഗ്യവും കഴിവും ഉണ്ടായിരുന്നാൽതന്നെയും പ്രായം കുറവാണെങ്കിൽ തീർച്ചയായും ജോലിയിൽ പ്രവേശിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ. അതുപോലെ തന്നെ കുട്ടികൾക്കുള്ള വേലസമയം ൫ മണിക്കൂറിൽ നിന്നും ൪ൽ (നാലര) യാക്കി കുറച്ചിട്ടുണ്ട്.

അതിൽ കൂടുതലായി കുട്ടികളെ വേല ചെയ്യിക്കാൻ അനുവദിക്കുന്നതല്ല. കുട്ടികളെ തുടർന്ന ഷിഫ്ററിൽ ജോലി ചെയ്യുന്നതിനും അനുവദിക്കുന്നതല്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം ഒരു രജിസ്റ്റർ വച്ചു് അതു് ഏതവസരത്തിലും ഫാക്ടറി ഇൻസ്പെക്ടറന്മാരെ കാണിക്കുന്നതിനു തയ്യാറാക്കി വയ്ക്കണമെന്നും ഫാക്ടറി ഉടമസ്ഥന്മാർക്കു് അനുജ്ഞ നൽകുന്നുണ്ടു്.

ഇനി എട്ടാമത്തെ അദ്ധ്യായമാണു്. അതു് ഒരു പുതിയ അദ്ധ്യായമാണു്. അതു പഴയ ഫാക്ടറി ആക്ടിൽ ഇല്ല. അതാണു് ആണ്ടിൽ പത്തു് ദിവസത്തെ ശമ്പളത്തോടുകൂടിയുള്ള ഒഴിവു് ദിവസങ്ങൾ. ഈ വ്യവസ്ഥ അനുസരിച്ചു് ഫാക്ടറിയിൽ ജോലിചെയ്തിരുന്ന തൊഴിലാളി തൊഴിൽവിട്ടു പോയാലും അവനു് അവകാശമുള്ള ശമ്പളത്തോടുകൂടിയ ഒഴിവുദിവസങ്ങൾക്കുള്ള കൂലികൂടി ശമ്പളത്തോടൊപ്പം പിരിച്ചുവിടുന്ന സമയം കൊടുക്കണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു. അതുപോലെ തന്നെ ഒഴിവുദിവസത്തിനു് ഉള്ള ശമ്പളത്തിന്റെ പകുതിയെങ്കിലും ആ ഒഴിവുദിവസം തുടങ്ങുന്നതിനുമുമ്പു ജോലിക്കാർക്കു കൊടുക്കണമെന്നും വ്യവസ്ഥയുണ്ടു്. ഈ തുകകൾ കോടതിമുഖേന ഈടാക്കാവുന്നതാണു്.

ഒൻപതാമത്തെ അദ്ധ്യായം തൊഴിലാളികളുടെ ആരോഗ്യം തുടങ്ങിയുള്ളവയെ അടിസ്ഥാനമാക്കിയാണു്. എല്ലാതരം ജോലിസ്ഥലങ്ങളെ സംബന്ധിച്ചും ആ വ്യവസ്ഥകൾ ബാധിക്കുന്നതാണു്. വ്യവസായങ്ങൾ പലതും ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ രോഗങ്ങൾ ഉല്പാദിക്കുന്നതിനു പര്യാപ്തമാണെന്നു് ഗവേഷകന്മാർ പറയുന്നു. ചില തൊഴിൽ ചെയ്യുന്ന ജോലിക്കാർക്കു സ്ഥായിയായ ചില രോഗങ്ങൾ പിടിപെട്ടുവരുന്നതായി കാണുന്നതുകൊണ്ടു് അതിനെപ്പററി അന്വേഷണം നടത്തുവാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും നിയമാനുമതി ലഭിക്കുന്നതാണു്. ജോലിസ്ഥലത്തു തൊഴിലാളികൾക്കു പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങളെ തടയുന്നതിനും രക്ഷാമാർഗ്ഗം നിർദ്ദേശിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

പത്താമത്തെ അദ്ധ്യായം ശിക്ഷാനടപടികൾ സംബന്ധിച്ചുള്ളതാണു്. നടപ്പിലിരിക്കുന്ന നിയമത്തിൽ ൩൦-ാം വകുപ്പിൽ ചില വ്യവസ്ഥകൾ ഉണ്ടെങ്കിലും ഈ ബില്ലിലെ വ്യവസ്ഥകൾക്കു് വിപരീതമായി പ്രവർത്തിക്കുന്ന ഫാക്ടറി ഉടമസ്ഥന്മാരെയും തൊഴിലാളികളേയും യുക്ത

മായ പ്രായശ്ചിത്തം നിശ്ചയിച്ചു ശിക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ സ്വന്തം കെട്ടിടം വ്യവസായത്തിനു് കൈവശം കൊടുക്കുന്ന ആളുകൾ ആ വ്യവസായശാലകളെ സംബന്ധിച്ചു് യാതൊരു ചുമതലയും ഇല്ലാത്തവരായി കാണുന്നുണ്ടു്. അതു വ്യവസായശാല കെട്ടിടങ്ങളുടെ ഉടമസ്ഥന്മാരെയും ചില പ്രത്യേക സാഹചര്യങ്ങളിൽ ഫാക്ടറി ഉടമസ്ഥന്മാരോടൊപ്പം ഫാക്ടറി കാര്യങ്ങളിൽ ശിക്ഷാർഹരാക്കുന്നുണ്ടു്. അതായതു് ചില കെട്ടിടം ഉടമസ്ഥന്മാർ കെട്ടിടത്തിന്റെ രണ്ടുഭാഗം രണ്ടു തൊഴിലുകൾക്കായി വാടകയ്ക്കു കൊടുത്തിരിക്കും. അങ്ങനെയുള്ള ഒരു കെട്ടിടത്തിന്റെ ഉടമസ്ഥനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ചില ചുമതലകൾ തൊഴിൽശാലകളെ സംബന്ധിച്ചിടത്തോളം ഉണ്ടായിരിക്കും. അതിന്റെ ലംഘനം ഫാക്ടറി ഉടമസ്ഥനെ മാത്രമല്ല ഫാക്ടറി കെട്ടിടത്തിന്റെ ഉടമസ്ഥനെയും ശിക്ഷാർഹനാക്കിത്തീർക്കുന്നുണ്ടു്.

അവസാനമായി സാധാരണ ഫാക്ടറികളിൽ കാണാറുള്ള സുഖക്കേടുകളുടെ ലിസ്റ്റു് ഇതോടുകൂടി ചേർത്തിട്ടുണ്ടു്. ഈ ബില്ലിലെ വ്യവസ്ഥകൾ ഇൻഡ്യയിലെ മറേറതൊരു ഗവൺമെന്റിന്റെയും ഫാക്ടറി നിയമങ്ങൾക്കു പിന്നിലല്ലെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്. വ്യവസായ തൊഴിലാളികൾക്കു സംഘടിതരായി വ്യവസായികളിൽ നിന്നു് അവരുടെ അവകാശങ്ങൾ വാങ്ങിക്കുന്നതിനുള്ള സകല വ്യവസ്ഥകളും നിയമനിർമ്മാണംമൂലം സാധിക്കാൻ ഇടയുള്ള ഈ ബിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു നിയമമാണെന്നും അതിനെ കഴിയുന്നത്രവേഗത്തിൽ നിയമമാക്കി നടപ്പിലാക്കുന്നതിനു് ബഹുമാനപ്പെട്ട മെംബറന്മാർ ശ്രമിക്കണമെന്നും ബില്ലിനെ എന്റെ നിർദ്ദേശം അനുസരിച്ചു് സെലക്റ്റു് കമ്മിററിയിലേക്കു് അയയ്ക്കാൻ അനുമതി നൽകണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

MR. PRESIDENT: ഈ ബില്ലിന്റെ പൊതു തത്വങ്ങളെപ്പററി മെമ്പറന്മാർക്കു് അഭിപ്രായം പറയാം. ഓരോ വകുപ്പുകളെയും പററിയുള്ള അഭിപ്രായങ്ങൾ ഇപ്പോൾ പറയാൻ പാടുള്ളതല്ല.

MR. R. K. RAM (*Agasteeswaram—General*) : A point of order. *இந்த பில்லின் தத்துவத்தைப் பற்றி மெம்பர்கள் அபிப்பிராயம் கூறுவதற்குமுன், இதைத் தமிழில் மொழி பெயர்த்துச் சொல்லக் கேட்டுக்கொள்கிறேன்.*

MR. PRESIDENT : ഇവിടെയുള്ള തമിഴ്നാട് പാർട്ടിയിൽപ്പെട്ട മെമ്പറന്മാർക്ക് എല്ലാവർക്കും തന്നെ ഇംഗ്ലീഷ് അറിയാമെന്നാണ് എന്റെ അറിവ്. ചുരുക്കം ഇംഗ്ലീഷിൽ ഇവിടെ മന്ത്രി പ്രസ്താവിച്ചിട്ടുള്ളതാണ്. അതുകൊണ്ട് തൃപ്തിപ്പെടണമെന്നാണ് എനിക്കു പറയാനുള്ളത്. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത തമിഴ് സഹോദരന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ തമിഴിൽ പറയാൻ ആവശ്യപ്പെടാവുന്നതാണ്.

MR. P. S. MUHAMMED : ഈ ബില്ലിന്റെ തത്വങ്ങളെ ഞാൻ അനുകൂലിക്കുന്നു. തിരുവിതാംകൂറിൽ വളരെ മുമ്പുതന്നെ ഒരു ഫാക്ടറി ആക്ടുണ്ട്. ൧൧൦൪-ൽ അതൊന്നു പരിഷ്കരിച്ചു. ഇതിനു മുമ്പുണ്ടായിരുന്നതുപോലെ തന്നെ ൧൧൦൪-നു ശേഷം ഉണ്ടായ ബില്ലും ഏട്ടിലെ പശുവിനെപ്പോലെയായിരുന്നു. അതിന്റെ കുറ്റം മറ്റൊന്നും അല്ല. നമ്മുടെ രാജ്യത്തിനു പേരാത്തതരത്തിലുള്ള ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് അതു പ്രയോഗത്തിൽ വരുത്തുന്നതിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് അതു നടപ്പിൽ വരുത്താൻ സാധ്യമല്ലാതെ വന്നു കണ്ടതുകൊണ്ട് ഫാക്ടറികൾ അവയുടെ നടത്തിപ്പുകാരുടെ ഇഷ്ടാനുസരണം നടത്തത്തക്ക നിലയിൽ ഉദ്യോഗസ്ഥന്മാർ കണ്ണടച്ചുപോകുകയാണ് ചെയ്യുന്നത്. ആ നില മിക്കവാറും ഇന്നും തുടർന്നുപോരുകയാണ് ചെയ്തിട്ടുള്ളത്. അല്പസ്വല്പമെല്ലാം ആ നിലയ്ക്കു ഭേദം വന്നിട്ടുണ്ടെങ്കിലും വലിയ ഭേദം വന്നിട്ടില്ല. ഫാക്ടറി ഇൻസ്പെക്ടർമാരും ബോയിലർ ഇൻസ്പെക്ടറന്മാരും ഉണ്ട്; എങ്കിലും ശരിയായ വിധത്തിൽ അവരുടെ ചുമതലകൾ നിർവഹിക്കാൻ അവർക്ക് സാധ്യമല്ല. അതിന്റെ പ്രധാനകാരണം നമ്മുടെ ആക്ടിൽ ഉള്ള ന്യൂനതയാണ്. ഇന്ന് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ അങ്ങനെയുള്ള പല ന്യൂനതകൾക്കും പരിഹാരം കണ്ടിട്ടുണ്ടെന്നാണു തോന്നുന്നത്. എങ്കിലും കാലസ്ഥിതിക്കനുസരിച്ചുള്ള നിലയിൽ ഇവിടത്തെ വ്യവസായങ്ങൾ മുമ്പോട്ടു പോകണം. ഇവിടത്തെ കൂലിക്കാർക്ക് എത്രത്തോളം സൌകര്യം കിട്ടാൻ കഴിയുമോ അത്രത്തോളം സൌകര്യം കിട്ടണം, എന്നുള്ള വിധത്തിൽ അതിനെ സംബന്ധിച്ചു സെലക്റ്റ കമ്മറ്റിയിൽ ആലോചിച്ച് വ്യവസ്ഥചെയ്യണമെന്നു മാത്രമേ ഇതിൽ ഇനി ശേഷിച്ചിട്ടുള്ളൂ.

ബഹുമാനപ്പെട്ട മന്ത്രി ഇതു അവതരിപ്പിച്ച സമയത്തു പ്രസ്താവിച്ചതുപോലെ ഒന്നുരണ്ടു പ്രധാനസംഗതികൾ ഇതിൽ ഉണ്ട്. ഒന്ന്

[Mr. P. S. Muhammed.]

ലൈസൻസ് എടുക്കത്തക്ക നിലയിൽ ഫാക്റ്ററി ഉടമസ്ഥന്മാരോട് വ്യവസ്ഥ ചെയ്യുക. അല്ലെങ്കിൽ അതിനെ സംബന്ധിച്ച് ഫാക്റ്ററി ഉണ്ടാകുമ്പോഴും ഇന്ന നിലയിൽ വേണമെന്ന് ഈ ബില്ലിൽ വ്യവസ്ഥയുണ്ട്. ഇന്നത്തെ നിലയിൽ ആണെങ്കിൽ ആർക്കും എപ്പോഴും ആരും അറിയാതെ ഫാക്റ്ററി ഉണ്ടാക്കാൻ സാധിക്കും. അനേകം തൊഴിലാളികൾക്ക് ഒന്നിച്ചുനിന്നു പ്രവൃത്തി എടുക്കേണ്ടതായ ഈ കെട്ടിടങ്ങൾ എല്ലാം ഉടമസ്ഥന്മാരുടെ ഇഷ്ടാനുസരണമാണ് പണി ചെയ്യുന്നത്. ആ നിലയിൽ നിന്നും മാറി ഇന്നിന്ന രീതിയിൽ കെട്ടിടങ്ങൾ ഉണ്ടായിരിക്കണം, അവക്കു പൊതുവേയുള്ള സൌകര്യങ്ങൾ ഇന്നതായിരിക്കണം, എന്നുള്ളതെല്ലാം കാണിക്കുന്നതിനു ഉള്ള വ്യവസ്ഥകളും ആവശ്യമാണ്. ഈ രാജ്യത്തുള്ള വ്യവസായങ്ങൾ നടത്തുന്നതിനു ലൈസൻസ് ഏർപ്പെടുത്തുന്നതിനുള്ള ചില നിബന്ധനകളുണ്ടാക്കുന്നതിനുള്ള വ്യവസ്ഥകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഒരു ചെറിയ സംശയമായി കാണുന്നത് "അഡോളസെൻറ്" ൧൫-ൽ നിന്നും ൧൮ വയസ്സ് ആക്കിയിട്ടുണ്ട്. അവർക്കു വേല എടുക്കുന്നതിനുള്ള സമയത്തിനു കുറെ ലാഭം കിട്ടുമെങ്കിലും ൧൫ വയസ്സുകാരന് പ്രായമുള്ളവരുടെ കൂലി കിട്ടുമോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. ഒരു ചെറിയ ലാഭം സമയത്തിൽ വരുന്നുവെങ്കിലും ഇരുപതോ ഇരുപത്തൊന്നോ കാരന്റെ കൂലി കിട്ടുമോയെന്നു സംശയിക്കുന്നു. അതൊരു പ്രധാന സംഗതിയാണ്. വയറാണ് ഇന്നു കാണിക്കുന്ന ബഹളമെല്ലാം ഉണ്ടാക്കുന്നത്. ആ വയർ നിറയ്ക്കുന്നതിനു സൌകര്യമായ, നിലയിൽ കൂലി കിട്ടുന്നതിനു ഉള്ള സൌകര്യത്തിന് ഒററ വയസ്സിന്റെ കാരണം കൊണ്ട് ഒരു വലിയ വ്യത്യാസം വന്നാൽ അതു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു വലിയ സംഗതിയാണ്. അതും സെലക്ട കമ്മിററിയിൽ ആലോചിക്കേണ്ടതാണ്.

പിന്നീട്, ഇതിനുമുമ്പ് ഫാക്ററി ആക്റ്റിന്റെ ആരംഭത്തിൽ പവ്വർ ഉപയോഗിക്കുന്ന ഫാക്ററികളെ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളു. അതു കഴിഞ്ഞിട്ട് ക്രമേണ പവ്വർ ഇല്ലെങ്കിലും ഇത്ര ആളും ഉണ്ടായിരിക്കണം എന്ന ഒരു നിലവന്നു. അതു മാറി ഇപ്പോൾ മിക്കവാറും എല്ലാ ഫാക്ററികളും ഏതാണ്ടു കോട്ടേജ് ഇൻഡസ്ട്രീസ് വരെ ഇതിന്റെ പരിധിയിൽ വരുമെന്നാണ് എനിക്കു തോന്നുന്നത്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതു കുറെ അനുകൂലമായി

വരുമെങ്കിലും അതു നമ്മുടെ കാട്ടേജ് ഇൻഡസ്ട്രിയെ എത്രത്തോളം ബാധിക്കുമെന്ന് സംഗതികൂടി ആലോചിക്കേണ്ടതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഇതിൻെറ തത്വത്തോടു ഞാൻ അനുകൂലിക്കുന്നു.

MR. K. A MUHAMMED : സർ, തിരുവിതാംകൂറിലെ സംഘടിതരായ തൊഴിലാളികളുടെ എല്ലാ അവകാശങ്ങളും അടിയന്തിര ആവശ്യങ്ങളും ഉൾക്കൊള്ളത്തക്കവിധം ഇന്നു തിരുവിതാംകൂറിൽ നിലവിലിരിക്കുന്ന ഫാക്ടറിനിയമം ഭേദപ്പെടുത്തിക്കൊണ്ടുള്ള ഒരു ബിൽ നമ്മുടെ ജനകീയ മന്ത്രിമാർ ആദ്യമായി അവതരിപ്പിച്ചതിൽ ഞാൻ അവരെ അനുമോദിക്കുന്നു. തിരുവിതാംകൂർ ജനങ്ങളുടെ പ്രതിനിധികൾ എന്ന നിലയിൽ അവർ ഭരണഭാരം കൈയ്യേററതിൽ പിന്നീട് നിയമനിർമ്മാണരൂപത്തിൽ ആദ്യമായി ഈ സഭയിൽ അവതരിപ്പിക്കുന്ന ഈ ബിൽ തിരുവിതാംകൂറിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ വേണ്ടവണ്ണം സംരക്ഷിക്കുന്നു എന്നുള്ളതുതന്നെ ഈ മന്ത്രിസഭ തൊഴിലാളികളുടെ കാര്യത്തിൽ എത്ര മാത്രം അനുകാംക്ഷയുള്ളവരാണെന്ന് തെളിയിക്കുന്നു. തിരുവിതാംകൂറിൽ ഇന്നു നിലവിലിരിക്കുന്ന ഫാക്ടററി ആക്ററ് ഏതാണ്ടു വ. വർഷത്തെ കാലപ്പഴക്കമുണ്ടു. എ. എ ർ-ലെ വ-ാം ആക്ററായ ഫാക്ടററി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിയമമാണല്ലോ ബഹുമാനപ്പെട്ട തൊഴിലാളിമന്ത്രി ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. എന്നാൽ ഈ ബില്ലിൻെറ വ്യാപ്തി നോക്കിയാൽ ഇൻഡ്യയിലെ പല പ്രാവിൻസുകളേയും നാട്ടുരാജ്യങ്ങളേയും അപേക്ഷിച്ചു് ഈ നിയമം വളരെ മുമ്പോട്ടു പോയിട്ടുണ്ടെന്ന് പറയുന്നതു് വെറും പരമാർത്ഥം മാത്രമാണ്. തിരുവിതാംകൂറിൽ ആണെങ്കിൽ ഇന്നു നിലവിലിരിക്കുന്ന തൊഴിലാളി നിയമങ്ങൾ എല്ലാം വളരെ കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇവിടെ ട്രേഡ്യൂണിയൻ ആക്ററ്, ട്രേഡ് ഡിസ്പ്യൂട്ട് ആക്ററ്, പെയ്മെൻറ് ആഫ് വേജസ്സ് ആക്ററ്, മെറേറർണിററി ബനിഫിററ് ആക്ററ്, (Materni'y B nefit Act.) ഫാക്ടറീസ്സ് ആക്ററ് മുതലായ ഈ നിയമങ്ങൾ ദൈനംദിന ജീവിതത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു ലേബർ ഡിപ്പാർട്ടുമെൻറ് ഗവൺമെൻറിനുണ്ട്. ഇൻഡ്യയിലെ പ്രവിശ്യകളേയും മററു നാട്ടുരാജ്യങ്ങളേയും പരിശോധിക്കുന്നപക്ഷം ബാംബേ ഒഴിച്ചാൽ ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെൻറുപോലെ കാര്യക്ഷമമായി പ്രവൃത്തിക്കുന്ന ഒരു ലേബർഡിപ്പാർട്ടുമെൻറ മററു സ്ഥലങ്ങളിൽ ഇല്ലെന്നു സമ്മതിക്കാതെ തരമില്ല. ഇങ്ങനെ പുരോഗമനപരമായ തൊഴിലാളിനിയമനിർമ്മാണത്തിൽ എപ്പോഴും ശ്രദ്ധ പതിപ്പിച്ചിട്ടുള്ള തിരുവിതാംകൂർ ഫാക്ടററി നിയമത്തിലും വേണ്ട ഭേദഗതികൾ വരുത്തി ഒരു ഫാക്ടററി നിയമം

[Mr. K. A. Muhammed]

ഇത്ര പുരോഗമനപരമായ നിലയിൽ ഒരു നിയമനിർമ്മാണമായി കൊണ്ടു വന്നിട്ടുള്ളതു് ഏററവും ശ്ലാഘോദർക്കമാണു്. ഇതിനുവേണ്ടി തിരുവിതാംകൂറിലെ സംഘടിതരായ തൊഴിലാളികൾ വളരെ മുൻപുതന്നെ പ്രക്ഷോഭണം നടത്തിയിട്ടുള്ളതാണു്. ഫാക്ടറികളുടെ നിർവചനം ഇന്ന രീതിയിൽ ആയിരിക്കണമെന്നു് ൧൯൩൪-ലെ ഫാക്ടറി ആക്ടറു കാലത്തുതന്നെ അവർ നിർദ്ദേശിച്ചിട്ടുണ്ടു്. അതായതു് പവ്വർ ഉപയോഗിക്കുന്ന വ്യവസായശാല ആണെങ്കിൽ അവിടെ ൨൦ ആളുകൾ തൊഴിൽ എടുത്താൽ അതു് ഒരു ഫാക്ടറി നിയമത്തിന്റെ പരിധിയിൽപ്പെടുത്തിയാണു് ൧൯൩൪-ലെ നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ൨൦ പേരുണ്ടായാൽ മതി, പവ്വർ ഉപയോഗിക്കണം എന്നുള്ളതു് എടുത്തുകളയണമെന്നു തൊഴിലാളികൾ വാദിച്ചു. പക്ഷെ അന്നു ആ വാദത്തിനു് വേണ്ട ആനുകൂല്യം കിട്ടിയില്ല. അതുകൊണ്ടു് ൨൦ ആളും ശക്തിയും ഉപയോഗിക്കുന്നതായ സ്ഥലങ്ങളെല്ലാം ഫാക്ടറിയിൽ ഉൾപ്പെടുത്തി. അതിൽപിന്നീടാണു വെറും ൨൦ പേർ മാത്രം ജോലി ചെയ്യുന്ന ഒരു സ്ഥലം ഫാക്ടറി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതു്. കൂടാതെ ഗവൺമെൻറിനു് യുക്തമെന്നു തോന്നുന്ന ഏതു വ്യവസായശാലയേയും ഒരു ഫാക്ടറിയായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരവും ഫാക്ടറി നിയമംമൂലം ഗവൺമെൻറിനു് ലഭിച്ചു. ഈ അധികാരം ഉപയോഗപ്പെടുത്തി ഈ രാജ്യത്തെ അനവധി വ്യവസായശാലകളെ ഫാക്ടറികളായി ഗവൺമെൻറു പ്രഖ്യാപനം ചെയ്യുകയും ചെയ്തു.

ഇപ്പോൾ നടപ്പിലാകുവാൻ പോകുന്ന നിയമം അനുസരിച്ചു ൧൦ ആളുകൾ ജോലി ചെയ്യുന്ന ഒരു സ്ഥലം ഫാക്ടറി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടും.

അങ്ങനെ നോക്കുന്നപക്ഷം തിരുവിതാംകൂറിലെ എല്ലാ തൊഴിലാളികൾക്കും ഈ ഗുണം അനുഭവിക്കത്തക്കവിധം ഫാക്ടറിയുടെ നിർവചനത്തിന്റെ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഈ ബില്ലിൽ ഫാക്ടറിയുടെ വിവരണത്തിൽ യാതൊരുതരത്തിലും ആക്ഷേപത്തിനു് കാരണമില്ല.

MR. P. T. CHACKO: പത്തു തൊഴിലാളികളും പവ്വറും ഉണ്ടായിരിക്കണമെന്നാണു് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അല്ലെങ്കിൽ ൨൦ ആളുകൾ വേണമെന്നു് പറഞ്ഞിട്ടുണ്ടു്. അല്ലാതെ ൧൦ ആളുകൾ മാത്രം മതിയെന്നു് വ്യവസ്ഥ ചെയ്തിട്ടില്ല.

MR. K. A. MUHAMMED: പത്താളുകളും പവ്വറും എന്നു പറഞ്ഞിട്ടുള്ളതു ശരിതന്നെ. എന്നാൽ പവ്വർ വേണമെന്നു് നിബന്ധിച്ചിട്ടുള്ള

സംഗതി എന്റെ ഓർമ്മയിൽ വന്നില്ല. പത്താളുകളും പവ്വറും വേണമെന്നുള്ള വ്യവസ്ഥ ഇരുന്നാൽ തന്നെയും അതു മുന്നോട്ടുള്ള പോക്കാണെന്ന് ആരും സമ്മതിക്കും. മുൻപാണെങ്കിൽ ഇരുപതാളുകളും പവ്വറും എന്നായിരുന്നു വ്യവസ്ഥ. ഇപ്പോൾ പത്താളുകൾ ഉണ്ടായാൽ മതി എന്നു വച്ചിരിക്കുന്നതു് കുറേക്കൂടി ആശ്വാസകരമാണ്. ൧൦ ആളുകളും പവ്വറും ഉള്ള ധാരാളം ഓയിൽമില്ലുകളും അങ്ങനെയുള്ള മററനവധി സ്ഥാപനങ്ങളും ഈ നിയമപ്രകാരം ഫാക്ടറിയുടെ പരിധിയിൽ ഉൾപ്പെടും.

ഈ ബില്ലിൽ ജോലിയുടെ സമയം ഇത്രയായിരിക്കണമെന്നു കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു് ഇൻഡ്യയിലെ മററു പ്രവിശ്യകളിലും, നാട്ടുരാജ്യങ്ങളിലും നിലവിലിരിക്കുന്ന നിയമങ്ങളെയെല്ലാം കിടപിടിക്കത്തക്കവണ്ണമുള്ള ഒരു വകുപ്പാണ്. ഇതിനെല്ലാം പുറമെ ജോലിചെയ്യുന്ന ആളുകൾക്ക് ശമ്പളത്തോടുകൂടി അവധിദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയും തൊഴിലാളികൾക്ക് ആശ്വാസകരമായ ഒരു വ്യവസ്ഥയാണ്.

അങ്ങനെ, തിരുവിതാംകൂറിലെ മന്ത്രിസഭ ആദ്യമായി തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന നിയമങ്ങൾ കൊണ്ടുവന്നതുതന്നെ ഒരു നല്ല കാര്യമാണ്. ഈ അവസരത്തിൽ ഒരു കാര്യം മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ നാലു മിനറൽ കമ്പനികളുണ്ട്. അതിൽ എല്ലാംകൂടി നാലായിരത്തിൽ ചില്വാനം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഈ ബിൽ മിനറൽ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ബാധിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം.

MR. PONNARA G. SREEDHAR: സർ, ഒരു പായിന്റു ഓഫ് ആർഡർ. ഇതു ബില്ലിന്റെ ഒന്നാംവായനയാണ്. ബില്ലിന്റെ ജനറൽ പ്രിൻസിപ്പിളിനെപ്പററി മാത്രമെ ഇപ്പോൾ സംസാരിക്കുവാൻ അനുവാദമുള്ളു. ബഹുമാനപ്പെട്ട മെംബർ ഓരോ ഫാക്ടറിയിലുമുള്ള തൊഴിലാളികളെപ്പററി ഇങ്ങനെ പറയാൻ തുടങ്ങിയാൽ പത്തിരുപതു ദിവസത്തെ വാദപ്രതിവാദംകൊണ്ടും ഇതിന്റെ ഒന്നാംവായന അവസാനിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ മാതിരി ഫാക്ടറികളെപ്പററി ഇപ്പോൾ മെംബർക്കു സംസാരിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: ഒരു മെംബർ പറഞ്ഞുകൊണ്ടിരിക്കുന്ന വാചകം അവസാനിപ്പിക്കാതെ അതു് അനവസരനീയമാണോ അല്ലയോ എന്നു എങ്ങനെ പറയാൻ കഴിയും? മെംബർ ബില്ലിന്റെ തത്വത്തെപ്പററിയാണോ അതോ, ബില്ലിലെ വകുപ്പുകളെപ്പററിയാണോ സംസാരിക്കുന്നതു് എന്നു നിശ്ചയിക്കുന്നതു് മെംബർ എന്താണു പറയുന്നതെന്നു് അറിഞ്ഞതിനു ശേഷമാണല്ലോ.

MR. K. A. MUHAMMED: ഞാൻ പറഞ്ഞതു് ഓരോ ഫാക്ടറിയിലെയും കാര്യമല്ല. ഏകദേശം നാലായിരം തൊഴിലാളികൾ ജോലി ചെയ്യുന്ന നാലു മിനറൽ കമ്പനികൾ ഈ രാജ്യത്തുണ്ടു്. മിനറൽ കമ്പനികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ ഫാക്ടറി ആക്ററിൽ പെടുന്നവരല്ല. മൈൻസ് ആൻറ് മിനറൽസ് ആക്ററ് എന്ന നിയമത്തിൻകീഴിലാണു്, ഈ തൊഴിലാളികൾ പ്രവർത്തിക്കുന്നതു്. ആ തൊഴിലാളികളെക്കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതു വളരെ ആവശ്യമാണു. എങ്കിൽ മാത്രമേ കുട്ടികളെ സംബന്ധിച്ചുള്ളതും, പതിനാറുവയസ്സായ തൊഴിലാളികളെ സംബന്ധിച്ചുള്ളതും, സ്ത്രീകളെ സംബന്ധിച്ചുള്ളതും അതുപോലെയുള്ള മററു കാര്യങ്ങളെ സംബന്ധിച്ചുള്ളതുമായ, ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന എല്ലാ വ്യവസ്ഥകളുടെയും ഗുണം അവർക്കുകൂടി ലഭിക്കുകയുള്ളു.

HON'BLE MR. C. KESAVAN: മിനറൽ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഈ ബില്ലിൽ വരികയില്ല എന്നു വ്യവസ്ഥയുണ്ടോ?

MR. K. A. MUHAMMED: അവർ വേറെ ആക്ടിന്റെ അധികാരപരിധിയിൽ പെടുന്നവരാണു്.

HON'BLE MR. C. KESAVAN: എന്നാലും അവർ ഈ ആക്ടിൽ വരികയില്ല എന്നു പറഞ്ഞിട്ടില്ലല്ലൊ.

MR. K. A. MUHAMMED: അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും അവർ ഈ ആക്ററിന്റെ പരിധിയിൽ പെടുന്നവരല്ല. ഞാൻ മുൻപു പറഞ്ഞതുപോലെ മൈൻസ് ആൻറ് മിനറൽസ് ആക്ററ് എന്ന പ്രത്യേകം ഒരു ആക്ററിന്റെ അധികാരപരിധിയിൽ മാത്രം പെടുന്ന ഒരു പ്രത്യേക വിഭാഗം തൊഴിലാളികളാണവർ. അതുകൊണ്ടു് ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്ന എല്ലാ ഗുണങ്ങളും അവർക്കുകൂടി ലഭിക്കണമെങ്കിൽ ഒന്നുകിൽ അവരെക്കൂടി ഈ ബില്ലിൽ ഉൾപ്പെ

ടുത്തുകയോ, അല്ലാത്തപക്ഷം ആ ആക്റ്റിൽ ഈ വ്യവസ്ഥകൾകൂടി ചേർക്കുകയോ ചെയ്യേണ്ടതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഈ ബില്ലിന്റെ തത്വത്തോടു ഞാൻ യോജിച്ചുകൊള്ളുന്നു.

MR. KRISHNAN AIYAPPAN : സർ, ഈ ബില്ലിന്റെ തത്വത്തോട് ഞാൻ യോജിക്കുന്നു. തൊഴിലാളിമുതലാളിബന്ധം വ്യക്തമായ വ്യവസ്ഥകളാൽ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ചേർത്തല താലൂക്കിലെ ഒരു മുതലാളി തൊഴിലിൽ തനിക്കു നഷ്ടം നേരിടുന്നു എന്നു കണ്ട് കുറെ നാളത്തേക്കു ഫാക്ടറി അടച്ചിടുകയുണ്ടായി. അവിടത്തെ തൊഴിലാളികൾ അപ്പോൾ അതിൽ യാതൊരു വിരോധവും കാണിച്ചില്ല. എന്നാൽ കുറച്ചുകഴിഞ്ഞു ഫാക്ടറി അടച്ചിട്ടാലും ഇല്ലെങ്കിലും തങ്ങൾക്കു മുൻ കിട്ടിവന്ന കൂലി കിട്ടണമെന്ന് ശാഠ്യം പിടിക്കുകയുണ്ടായി. നിലവിലിരിക്കുന്ന ഫാക്ടറി നിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഇല്ലാത്തതുകൊണ്ടാണ് ഈ വക വാദങ്ങൾക്കിടയാകുന്നത്. ഫാക്ടറികളെ സംബന്ധിച്ചാണെങ്കിൽ ചിലപ്പോൾ നാലും എട്ടും കല്ലുകൾ നാട്ടി ഷെഡ്ഡുകൾകെട്ടി ഫാക്ടറി എന്നു പേരുപറഞ്ഞു ജോലി നടത്തുന്ന ധാരാളം സ്ഥാപനങ്ങളും ഇവിടെയുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം ഫാക്ടറി ആക്റ്റിൽ പെടാനും പെടാതെ ഒഴിക്കാനും ഫാക്ടറി ഉടമസ്ഥന്മാർ തരംപോലെ ശ്രമങ്ങൾ നടത്തും. മൂന്നും നാലും കൊല്ലങ്ങൾ കഴിഞ്ഞശേഷം ബോണസ്സ് ആവശ്യപ്പെടുന്നതായും കണ്ടിട്ടുണ്ട്. ഇതെല്ലാം നിലവിലിരിക്കുന്ന നിയമത്തിന്റെ അപൂർണ്ണത കൊണ്ടുണ്ടാകുന്നതാണെന്നുള്ളതിനു സംശയമില്ല.

MR. P. S. MUHAMMED : ബോണസ്സ്, കൂലി മുതലായവ ഫാക്ടറി ആക്റ്റിൽ എങ്ങനെ പെടും?

MR. KRISHNAN AIYAPPAN : തർക്കവിഷയങ്ങളുടെ സ്വഭാവം കാണിക്കാൻ ഞാൻ ബോണസ്സിനെപ്പററി സന്ദർഭവശാൽ പറഞ്ഞുവെന്നേയുള്ളു. ഇന്നു നിലവിലിരിക്കുന്ന ആക്ട് പല കാര്യങ്ങളിലും അവ്യക്തവും അപര്യാപ്തവുമാണ്. കൽക്കട്ടാ ഹൈക്കോടതിയെപ്പോലെയുള്ള ഒരു കോടതി തിരുവിതാംകൂറിലെ ഫാക്ടറി ആക്ടിനെപ്പററി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം നമുക്കു ഭൂഷണമല്ല. ഈ നില മാററി തൊഴിലാളികൾക്കും, ഫാക്ടറി ഉടമസ്ഥന്മാർക്കും ഗുണപ്രദമായ തരത്തിൽ വ്യക്തമായ വ്യവസ്ഥകൾ അടങ്ങിയതാണ് ഈ ബില്ല്. ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

MR. P. C. ADICHAN *(Kunnathur II—Kurava Reserved)*: സർ, തൊഴിലാളികൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി കഷ്ടപ്പാടുകളിൽനിന്നും അവരെ രക്ഷപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട്

[Mr. P. C. Adichan]

ഇപ്പോൾ ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ബില്ലിൻെറ തത്വത്തോട് ഞാൻ യോജിക്കുന്നു. തിരുവിതാംകൂറിൽ ജോലിചെയ്യുന്ന അനവധി തൊഴിലാളികൾക്കു പല കാര്യങ്ങളിലും അവശതകളും ദുരിതങ്ങളും ഉണ്ടായിരുന്നുവെന്നും, ഇവിടെ നിലവിലിരിക്കുന്ന ഫാക്ടറി ആക്ടുകൊണ്ട് അവയ്ക്കു പറയത്തക്ക പരിഹാരമൊന്നും ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ഉള്ള സംഗതി വെറും ഒരു പരമാർത്ഥം മാത്രമാണ്. 14 വയസ്സിനു താഴെയുള്ള കുട്ടികളെ ഫാക്ടറികളിൽ ജോലി ചെയ്യിക്കുവാൻ പാടില്ലാ എന്നു ഇപ്പോഴത്തെ ഫാക്ടറി ആക്ടിൽ വ്യവസ്ഥയുണ്ടായിരുന്നിട്ടും, അനവധി കുട്ടികളെ ഓരോ ഫാക്ടറികളുടെ മുറികളിൽ അടച്ചിരുത്തിക്കൊണ്ട് ഇപ്പോഴും ജോലി ചെയ്യിച്ചുവരുന്നു എന്നുള്ള കഥ ഒരുപക്ഷെ ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാരിൽ പലക്കും അറിഞ്ഞുകൂടായിരിക്കും. എന്നാൽ ഞാൻ അങ്ങനെ അനവധി കുട്ടികളെ ജോലിചെയ്യിക്കുന്നതായി കണ്ടിട്ടുണ്ട്. അവരുടെ വിദ്യാഭ്യാസമോ, മററു കാര്യങ്ങളോ നോക്കുന്നില്ലെന്നുള്ളതോ പോകട്ടെ, കേവലം ദിനചര്യകൾപോലും നടത്താൻ സമ്മതിക്കാത്തവിധത്തിൽ അവരെ ജോലി ചെയ്യിക്കുവാൻ നിർബന്ധിക്കുകയും തന്നിമിത്തം അവർക്ക് ആരോഗ്യഹാനി സംഭവിക്കത്തക്ക വിധത്തിൽ അവരോട് പെരുമാറുകയും ചെയ്യുന്ന മുതലാളിമാർ ഇന്നും ഈ രാജ്യത്തു് അനവധിയുണ്ട്. അവർക്കു കിട്ടുന്ന ചക്രം ആഗ്രഹിച്ച് അവർ മുതലാളിമാരുടെ ഈ പ്രേരണയ്ക്കു വശംവദരാകുന്നതാണ്. ഇവരെക്കൊണ്ടു ജോലിചെയ്യിച്ച് തന്നിമിത്തം കിട്ടുന്ന കൂടുതൽ ചക്രത്തിൻെറ ഒരംശം അവർക്ക് മുതലാളിമാർ കൊടുത്തു എന്നും വരാം. ഇങ്ങനെയെല്ലാമാണെങ്കിലും പലപ്പോഴും ഇവർ ജോലി ചെയ്യുന്നതു് മുതലാളിമാരുടെ പ്രേരണകൊണ്ടു കൂടിയാണ്. ചില ദിവസങ്ങളിൽ രാത്രിയിൽകൂടിയും ജോലിചെയ്യുന്നതിനു മുതലാളിമാർ ഇവരെ പ്രേരിപ്പിക്കുന്നുണ്ട്. ഈ വക പരിതഃസ്ഥിതികളെ സൃഷ്ടിക്കാതിരിക്കുന്നതിനും തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ഉപകരിക്കത്തക്കവിധത്തിൽ ഒരു ബിൽ ഇവിടെ ഹാജരാക്കുവാൻ സാധിച്ച ബഹു: മന്ത്രിയെ ഞാൻ അനുമോദിക്കുകയും ഈ ബില്ലിൻെറ തത്വത്തോട് യോജിക്കുകയും ചെയ്യുന്നു.

MR. P. K. RAMAN: ബില്ലിൻെറ തത്വത്തോടു ഞാൻ യോജിക്കുന്നു. തിരുവിതാംകൂറിനെപ്പോലെ തൊഴിലാളികൾ ധാരാളമുള്ള ഒരു സ്ഥലം ഇൻഡ്യയിൽ അധികം കാണുകയില്ല. അങ്ങനെയുള്ള ഈ രാജ്യത്തു തൊഴിലാളികളും മുതലാളികളും തമ്മിലുള്ള ബന്ധം

ദ്ധമായി പുലർത്തുന്നതിനു് ഉതകത്തക്കവിധത്തിൽ ഇന്നത്തെ ഗവ ണ്മെൻറ് ഒരു നിയമനിർമ്മാണം നടത്താമെന്നുദ്ദേശിച്ചതു് സന്തോഷകര മാണു്. തൊഴിലാളിനിയമം ഇല്ലാതിരിക്കുന്നതുകൊണ്ടു് ഈ രാജ്യത്തെ വ്യാവസായികസമാധാനത്തിന് നിരന്തരമായി വിപത്തുകൾ ഉണ്ടായി ക്കൊണ്ടിരിക്കുന്നുവെന്നും തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സൗഹാർദ്ദപരമായ ബന്ധത്തിനുതന്നെ ഉലച്ചിൽ തട്ടിക്കൊണ്ടിരിക്കുന്നു എന്നും ഇവിടത്തെ വ്യവസായത്തെപ്പററി അല്പമെങ്കിലും ജ്ഞാനമുള്ള ആളുകൾക്കെല്ലാവക്കും അറിവുള്ളതാണു്. അതുപോലെതന്നെ ഇൻഡ സ്ട്രിയൽ റിലേഷൻസ് കമ്മിററി എന്ന പേരിലുള്ള കമ്മിററികൾ തിരുവിതാംകൂറിലെ മിക്ക വ്യവസായകേന്ദ്രങ്ങളിലും സ്ഥാപിച്ചിട്ടുണ്ടു്. എന്നാൽ ആ കമ്മിററികൾ ശരിയായവിധത്തിൽ പ്രവത്തനം നടത്തു വാനും അതുകൊണ്ടു തൊഴിലാളികൾക്കു പ്രയോജനപ്പെടുവാനും സാധി ക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകൾ നിയമത്തിലില്ലാത്തതുകൊണ്ടു് ചില പ്പോൾ തൊഴിലാളികളും ചിലപ്പോൾ മുതലാളികളും നിരാശപ്പെടേണ്ട തായി വന്നിട്ടുണ്ടു്. ഇവയെല്ലാം പരിഹാരമായി തൊഴിലാളികൾക്കും മുതലാളികൾക്കും തൃപ്തികരമായ ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുവാൻ കഴിവുവരുത്തുന്ന ഒരു ബില്ലാണു് ഇപ്പോൾ അവതരിപ്പിക്കുവാൻ ഉദ്ദേ ശിക്കുന്നതു്. തിരുവിതാംകൂർപോലുള്ള ഒരു രാജ്യത്തു്, വിശേഷിച്ചും ഏകദേശം ൬൦ ലക്ഷത്തോളം വരുന്ന ഒരു ജനസഞ്ചയം തിങ്ങിപ്പാ ക്കുന്ന ഒരു രാജ്യത്തു്, വ്യാവസായികപുരോഗതികൊണ്ടല്ലാതെ ഒരി ക്കലും സാമ്പത്തികമായ ഒരു ശാന്തി ലഭിക്കുന്നതല്ല. ഈ നിയമം കൊണ്ടുവന്ന ആളുകൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു കാര്യംകൂടി യുണ്ടു്. വ്യാവസായികമായി രാജ്യത്തിന്റെ ഇന്നത്തെ നില വളരെ ശോചനമായ കന്നായിരിക്കുന്നില്ല. അതുകൊണ്ടു തൊഴിലാളികളും മുത ലാളികളും തമ്മിലുണ്ടായിരിക്കേണ്ട നില ഭംഗിയായവണ്ണം പുലത്തുവാൻ ശ്രദ്ധിക്കയാണു് ആദ്യമായി വേണ്ടതു്. അല്ലാതെ രാജ്യത്തെ ഒന്നാകെ വ്യവസായീകരിക്കുവാനും ഇന്നത്തെ വിപുലമായ വ്യവസായപരിപാടി കൾ തുടൻകൊണ്ടുപോകാനമല്ല ശ്രമിക്കേണ്ടതു്. ഇവിടത്തെ വ്യവ സായത്തെ വികസിപ്പിക്കേണ്ട രീതിയും തന്മൂലം രാജ്യത്തിനും വ്യവസാ യത്തിനും തൊഴിലാളിമുതലാളിമാക്കും ഒരുപോലെ അഭിവൃദ്ധിയും പുരോ ഗതിയും ലഭിക്കത്തക്കവിധത്തിലും നൂതനമായ സംവിധാനം ചെയ്യുന്ന തിലാണു് ഈ രാജ്യത്തിന്റെ ഭാവിശ്രേയസ്സ് സ്ഥിതിചെയ്യുന്നതു്. അതിലേക്ക് അത്യാവശ്യമായി വേണ്ടതു തൊഴിലാളികൾക്ക സുരക്ഷിത ത്വവും അവരുടെ എല്ലാവിധത്തിലുള്ള അവകാശങ്ങളേയും സമ്പാദിക്ക ന്നതിനു മാറ്റങ്ങളും സ്ഥാപിച്ചുകൊടുക്കുക എന്നുള്ളതാണു. അവ

[Mr. P. K. Raman]

ളുടെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് കഴിവുള്ളതെല്ലാം ചെയ്യേണ്ടതുമാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുന്നു.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic Reserved*): സർ, ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്ന നമ്മുടെ ജനകീയ ഗവണ്മെന്റ് അഭിനന്ദനം അർഹിക്കുന്നുണ്ട്. എന്നാൽ ഈ ബില്ലിനെ സംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ എനിക്കു പൊതുവിൽ പറയേണ്ടതായുണ്ട്. ഒന്നാമതു, വ്യവസായങ്ങൾ നടത്തുന്നതിനും, ഫാക്ടറികൾ സ്ഥാപിച്ചു നടത്തുന്നതിനും ഈ നാട്ടിൽ എല്ലാവർക്കും സൗകര്യമില്ല. സൗകര്യങ്ങളും കഴിവുകളുമുള്ള വ്യക്തികൾ വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള ശ്രമങ്ങൾ തുടങ്ങുമ്പോൾ കഴിവുള്ള പ്രോത്സാഹനങ്ങൾ നൽകേണ്ടതും സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതും നമ്മുടെ എല്ലാവരുടേയും ചുമതലയാണ്. ഈ ബില്ലുകൊണ്ടു, വ്യവസായങ്ങൾ നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ചില മുതലാളിമാർക്ക് ചില നിയന്ത്രണങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വലിപ്പവും സ്ഥിതിയും മററും ഇന്നയിന്നതരത്തിലായിരിക്കണമെന്ന് പ്രത്യേകം പ്രത്യേകം വ്യവസ്ഥകൾ ചെയ്തിട്ടുള്ളതായും മററും ഈ ബില്ലിൽനിന്നു കാണാവുന്നതാണ്. അതുപോലെയുള്ള നിയന്ത്രണങ്ങൾ ഈ ബില്ലിൽ ഉണ്ടെങ്കിലും തൊഴിലാളികളുടെ ആരോഗ്യപരമായ നിലയേയും സാമ്പത്തികസ്ഥിതിയേയും അഭിവൃദ്ധിപ്പെടുത്തുന്നതിനും തൊഴിലാളികൾ ജോലി ചെയ്യുന്ന സമയത്തെ ക്ലിപ്തപ്പെടുത്തുന്നതിനും പര്യാപ്തമായ വിധത്തിലും അവരുടെ രക്ഷയെ ഉദ്ദേശിച്ചും അത്യന്താപേക്ഷിതമായ പല വകുപ്പുകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കാണുന്നതു സന്തോഷകരമാണ്. ഈ ബിൽ ഇവിടെ പര്യാലോചനയ്ക്കുവരുമ്പോൾ ഈ പറഞ്ഞ വ്യവസ്ഥകൾക്ക് അസാമാന്യമായ പ്രാധാന്യം നൽകി ഇരുകൂട്ടരേയും പ്രോത്സാഹിപ്പിക്കത്തക്ക നിലയിൽ പ്രവർത്തിക്കേണ്ടതാണെന്നാണ് എനിക്കു ബഹുമാനപ്പെട്ട ഈ സഭമുൻപാകെ വളരെ വിനീതമായി ഉൽബോധിപ്പിക്കുവാനുള്ളതു്. മുൻപ് ഈ മാതിരി വ്യവസ്ഥകളൊന്നും, ഇല്ലായിരുന്നു. ഇപ്പോൾ ചെയ്തിട്ടുള്ള വ്യവസ്ഥകളുടെ കാർക്കശ്യം നിമിത്തം പല വ്യവസായതൽപരന്മാരും വ്യവസായത്തിനിറങ്ങുവാൻ മടികാണിക്കുകയില്ല എന്നുള്ള ശങ്ക ഒന്നുകൊണ്ടുമാത്രമാണു ഞാൻ ഈ സംഗതി ഇവിടെ പ്രസ്താവിച്ചതു്. തൊഴിലാളികളെ സംരക്ഷിക്കുകയും അവരെ ക്ലിപ്തപ്പെടുത്തുകയും ചെയ്യേണ്ടതു് ആവശ്യ

മാണെന്നു് ഞാനും സമ്മതിക്കുന്നു. എന്നാൽ അതേ അവസരത്തിൽ തന്നെ വ്യവസായത്തിൽതൽപരന്മാരായവരുകളെ പ്രോത്സാഹിപ്പിക്കുകകൂടി വേണം. ഈ സംഗതിയെപ്പററി ഈ ബിൽ സെലക്ട് കമ്മിററിയുടെ പര്യാലോചനയ്ക്കു വരുമ്പോൾ കൂടുതൽ ശ്രദ്ധിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

വേറൊരു സംഗതി ഇതിൽ പല ഭാഗങ്ങളും വ്യക്തമാക്കേണ്ടതുണ്ടെന്നുള്ളതാണു്. ഈ ബില്ലിൽ വ്യ-ാം അദ്ധ്യായത്തിൽ തൊഴിലാളികളുടെ ഗുണത്തിനായി പലതും ചേർത്തിട്ടുണ്ടു്. ശമ്പളത്തോടുകൂടിയ അവധി എന്ന തലക്കെട്ടിൽ ഏതാനും കാര്യങ്ങൾ പറഞ്ഞിട്ടുണ്ടു. എന്നാൽ തൊഴിലാളികൾക്കു ശമ്പളം എന്നു പറയാവുന്ന ഏതെങ്കിലും വേതനം കിട്ടുന്നുണ്ടോ എന്നു സംശയിക്കുന്നു. ആലപ്പുഴ ഫാക്ടറിയിൽ ഞാൻ അറിയുന്നിടത്തോളം ഒരു ദിവസം ഇന്നതുക എന്നു കണക്കാക്കിയ ശമ്പളം കിട്ടുന്ന ഒററ തൊഴിലാളിയെങ്കിലും ഉണ്ടോ എന്നു സംശയിക്കുന്നു. ഇത്ര അടി പായ് നെയ്താൽ ഇത്രരൂപ ശമ്പളം എന്ന രീതിയിലാണു് അവിടെ തൊഴിലാളികൾക്കു കൂലി കൊടുക്കുന്നതു്. ഇങ്ങനെ ശമ്പളത്തിന്റെ തോതു നിശ്ചയിക്കാതിരിക്കുന്നിടത്തോളംകാലം ൧൨ ദിവസത്തെ അവധിക്കു ൧൨ ദിവസത്തെ ശമ്പളം കൊടുത്തുകൊള്ളാമെന്നുള്ള വ്യവസ്ഥയ്ക്കു് അവ്യക്തത എന്ന ദോഷമില്ലേ എന്നു് ഞാൻ സംശയിക്കുന്നു. മറെറാന്നു് ഒരു ഫാക്ടറിയിൽ ജോലിചെയ്യുന്നയാൾ ൧൨ മാസം അവിടെ ജോലിചെയ്യുകയും വീണ്ടും തുടർന്നു ജോലിചെയ്തുകൊണ്ടിരിക്കുകയും ചെയ്താൽമാത്രമേ ഈ ബില്ലിൽ പറയുന്ന സൗജന്യങ്ങൾക്കു അർഹരാകയുള്ളു എന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ആലപ്പുഴയുള്ള ഫാക്ടറികളിൽ വേലചെയ്യുന്ന തൊഴിലാളികൾ ഒരു ഫാക്ടറിയിൽ പോയി കുറെക്കാലം ജോലിചെയ്തിട്ടു പിന്നെ അടുത്ത ഏതെങ്കിലും ഫാക്ടറിയിൽപോയി ജോലിചെയ്യുകയാണു് പതിവു്. അങ്ങനെയുള്ളവർക്കു ഈ സൗജന്യങ്ങൾക്കു അവകാശമില്ല. അവർക്കുകൂടി ഗുണപ്രദമായ വ്യവസ്ഥകളും ഈ ബില്ലിൽ ചേർക്കേണ്ടതാണു്. ഈ ബില്ലിലെ വ്യ-ാം അദ്ധ്യായം തൊഴിലാളികളുടെ രക്ഷയെ കരുതി ചേർത്തിരിക്കുന്ന ഒരു നൂതനാദ്ധ്യായമാണു്. അതു തൊഴിലാളികൾക്കു പ്രയോജനപ്പെടണമെങ്കിൽ ഞാൻ മുൻപറഞ്ഞവിധത്തിലുള്ള സംശയങ്ങളെല്ലാം തീരണം. ബില്ലു് സെലക്ട്കമ്മിററിയുടെ ആലോചനയ്ക്കു് വരുമ്പോൾ ഈ കാര്യങ്ങളിൽകൂടി ശ്രദ്ധിക്കുമെന്നു് വിശ്വസിക്കുന്നു.

MR. K. S. JOSEPH (*Thiruvella VI—General*): I move for a closure.

MR. PRESIDENT: ഈ ബില്ലിന്റെ തത്വത്തോടു എല്ലാ മെമ്പറന്മാരും അനുകൂലിച്ചിരിക്കുന്നതായിട്ടാണു് കാണുന്നതു. അതുകൊണ്ടു ഇതുസംബന്ധിച്ചു കൂടുതൽ പ്രസംഗത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ഇതിലേക്കുള്ള സെലക്റ്റ് കമ്മിററിയിലേക്കു ആരെയെല്ലാം വയ്ക്കണമെന്നുള്ള പേരുവിവരം പറയുവാൻ ഞാൻ മി സി. കേശവനെ ക്ഷണിച്ചുകൊള്ളുന്നു.

HON'BLE MR. C. KESAVAN: Under the Rules, the Minister for Labour and the Minister for Law are ex-officio members of the Committee.

. കൂടാതെ താഴെ പേർ പറയുന്നവരെ സെലക്റ്റ് കമ്മിററിയിലെ അംഗങ്ങളായി ഈ സഭ അംഗീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

1. Mr. P. C. Adichan
2. „ V. O. Markos
3. „ K. A. Gangadhara Menon
4. „ Mannar Gopalan Nair
5. „ D. Krishnan Potti
6. „ A. Nesamony
7. „ K. Sivarama Pillai
8. „ T. A. Abdulla
9. „ U. K. Vasudevan Asari
10. „ Kannara Gopala Panicker
11. „ Ponnara G. Sreedhar
12. „ N. Kunjuraman

MR. A. ATCHUTHAN: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

MR. PRESIDENT: ഇതിൽ ആക്കെങ്കിലും എതിരുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

MR. MANNATHU PADMANABHA PILLAI: സർ, ഇവിടെ എന്തിനു വേണ്ടിയുള്ള പേരുവിവരമാണു് പറഞ്ഞതെന്നു മനസ്സിലായില്ല. അതുകൊണ്ടു മലയാളത്തിൽകൂടി പറഞ്ഞാൽ കൊള്ളാം.

HON'BLE MR. C. KESAVAN: ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെപ്പററി പര്യാലോചിക്കുവാനായി ഒരു സെലക്റ്റ് കമ്മിററിയെ നിയമിക്കുകയാണു ചെയ്തിരിക്കുന്നതു്. ആ കമ്മിററിയിലേക്കുള്ള പേരുവിവരമാണു് ഇപ്പോൾ ഇവിടെ വായിച്ചതു്. ശ്രീ പട്ടം എ. താണുപിള്ളയെ നിയമമന്ത്രിയെന്ന നിലയിലും ശ്രീ സി. കേശവനെ തൊഴിൽമന്ത്രി എന്ന നിലയിലും കമ്മിററിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഞാൻ മുൻപറഞ്ഞ 12 മെമ്പറന്മാരേയും കമ്മിററിയിലെ അംഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു.

MR. P. K. KUNJU: മി: ഉദമീസ് തരകനെക്കൂടി അതിൽ ചേക്കണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു.

HON'BLE MR. C. KESAVAN : I have no objection in putting Mr. Urmese Tharakan's name also.

MR. PRESIDENT : ഇപ്പോൾ വായിച്ച പേരുകാർ സെലക്ട് കമ്മിററിയിലെ അംഗങ്ങളായിരിക്കുന്നതാണ്. അതിന്റെ കോറം എന്തായിരിക്കണമെന്നു ഈ സഭതന്നെ തീരുമാനിക്കണമെന്നാണ് വ്യവസ്ഥ.

HON'BLE MR. C. KESAVAN : കോറം ൬ ആയിരിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നു.

MR. A. ATCHUTHAN : ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : കമ്മിററിയുടെ കോറം ൬ ആയിരിക്കുന്നതാണ്.

അടുത്തതു് ട്രാവൻകൂർ ട്രേഡ് യൂണിയൻ ആക്ട് ഭേദഗതി-ബില്ലാണ്. അതു അവതരിപ്പിക്കുവാൻ ഞാൻ മി: കേശവനെ ക്ഷണിച്ചുകൊള്ളുന്നു.

HON'BLE MR. C. KESAVAN : തിരുവിതാംകൂർ ട്രേഡ് യൂണിയൻ ആക്റ്റ് അമെൻറ്മെൻറ് ബിൽ ഈ സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുകയും അതു പിന്നീടു പേരു പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സെലക്റ്റ് കമ്മിററിക്കു വിട്ടുകൊടുക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

ഈ ബിൽ ഫാക്ടറി ആക്റ്റിനെപ്പോലെ ഒരു പുതിയ ബില്ലല്ല. നിലവിലിരിക്കുന്ന നിയമത്തിൽ അത്യാവശ്യമായ ചില ഭേദഗതികൾ വരുത്തുകമാത്രമാണ് ഈ ബില്ലിന്റെ ഉദ്ദേശമെന്നു് ചുരുക്കമായി പറഞ്ഞുകൊള്ളട്ടെ. ബില്ലിന്റെ തത്വത്തെ സംബന്ധിച്ചു വളരെ വിശദമായ ഒരു പ്രസ്താവന ഇവിടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

It is considered necessary that there should be some obligation on the part of employers to recognise trade unions provided they are truly representative. The Travancore Trade Union Act of 1112 provides for registration of the unions but there is no obligation on the employer to recognise any registered trade unions. The Royal Commission on labour deprecated obligatory recognition fearing that it would not secure genuine and full recognition which the Commission desired to seek. The position has not however improved in regard to voluntary recognition by employers. The Bill,

[Hon'ble Mr. C. Kesavan]

therefore, provides for obligatory recognition of representative trade unions. The question as to whether a trade union is representative or not will, in the event of dispute, be considered by an Industrial Court to be set up for the purpose. The Bill specifies certain acts as unfair practices on the part of recognised trade unions and certain other acts as unfair practices on the part of employers. Provision has been made enabling withdrawal of recognition where an unfair practice is committed by the Executive or members of a recognised trade union or when the trade union has ceased to be a representative trade union or on the failure of the trade union to submit any return prescribed in the Bill. An unfair practice on the part of an employer has been made an offence punishable with fine. The Bill has its basis on the British Indian Trade Unions (Amendment) Act of 1947.

ഈ ബിൽ ഒരു ഭേദഗതി ബില്ലാണ്. നിലവിലിരിക്കുന്ന ട്രേഡ് യൂണിയൻ നിയമം സംബന്ധിച്ച് ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലാളികളുടേയും മുതലാളികളുടേയും പരാതികൾ ലേബർ ഡിപ്പാർട്ടുമെൻറിനേയും ഗവൺമെൻറിനേയും സദാ അലട്ടിക്കൊണ്ടിരിക്കുന്നു എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ട്രേഡ് യൂണിയനുകൾ യഥാർത്ഥത്തിൽ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നതായാൽത്തന്നെയും ഒരു മാനേജ്മെൻറു അവയെ അംഗീകരിക്കണമെന്ന് നിർബന്ധമില്ല. എങ്കിലും മുതലാളിയേയും തൊഴിലാളിയേയും യോജിപ്പിച്ചുകൊണ്ടു പോകേണ്ടതും ഒരു നിയമം മൂലം അവരെ നിയന്ത്രിക്കേണ്ടതും അത്യാവശ്യമാണ്. ഇന്നത്തെ പരിഷ്കൃത രാജ്യങ്ങളിൽ ഏററവും പ്രധാനപ്പെട്ടവയിൽ നിലവിലിരിക്കുന്ന നിയമങ്ങൾക്ക് അനുരൂപമായ ഒരു നിയമനിർമ്മാണത്തിനാണ് ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കുന്നത്.

വ്യാവസായികമായി മുന്നിട്ടു നിൽക്കുന്ന അമേരിക്ക ഇംഗ്ലണ്ട് മുതലായ രാജ്യങ്ങളിൽ തൊഴിലാളികൾക്കും, മുതലാളികൾക്കും പ്രത്യേകം പ്രത്യേകം സംഘടനകളും അതിലേക്ക് ആവശ്യമായ ധനശേഖരക്കമ്മിററികളും മററുമുണ്ട്. എന്നാൽ തിരുവിതാംകൂറിൽ മുതലാളിസംഘടനയോ തൊഴിലാളിസംഘടനയോ ധനശേഖരക്കമ്മിററിയോ പറയത്തക്കവണ്ണം ഇല്ല. മാത്രമല്ല തൊഴിലാളികളെ പിഴിഞ്ഞെടുക്കാൻ ഫാക്ടറിആക്ററിൽ വല്ല പഴുതുമുണ്ടോ, എന്നു ഇവിടത്തെ ഫാക്ടറി ഉടമസ്ഥന്മാർ ചുഴിഞ്ഞു നോക്കാറുമുണ്ട്. ഈ ഭേദഗതി ബില്ലിൽ തൊഴിലാളികളുടേയും മുതലാളിയുടേയും ചുമതലയും കടമയും വേണ്ടവണ്ണം നിർവഹിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതാതു ഇരുകൂട്ടരുടേയും അനിയന്ത്രിത സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്ന

ഒരു ബില്ലാണ് ഇതു്. ഈ ബിൽ പാസ്സാക്കി നടപ്പിൽ വരുത്തിയാൽ, തൊഴിലാളി മുതലാളിമാരുടെ ഇന്നത്തെ മനോഭാവത്തിനു സാരമായ വ്യത്യാസമുണ്ടാകുമെന്നും, തൻമൂലം രാജ്യത്തു വ്യവസായത്തിനു കൂടുതൽ പുരോഗമനം ഉണ്ടാകുമെന്നും ആശിക്കാവുന്നതാണു. അതിനാൽ ഈ ബിൽ അംഗീകരിച്ചു്, സെലക്ററു കമ്മററിക്കു അയക്കേണ്ടതാണെന്നു് ഞാൻ ഒന്നുകൂടി അഭ്യർത്ഥിക്കുന്നു.

MR. PONNARA G. SREEDHAR : സർ, ട്രേഡ യൂണിയൻ അമെൻറുമെൻറു ബില്ലിൻെറ അവതരണവും, അതിൻെറ ഉദ്ദേശവും വളരെ ന്യായം തന്നെയാണെങ്കിലും, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, ഈ ഭേദഗതി പാസു ചെയ്യുന്നതുകൊണ്ടു എത്രത്തോളം സഹായകമായിരിക്കുമെന്നുള്ളതിനെപ്പററി എനിക്കു് ഇപ്പോഴും ഒരു തീരുമാനത്തിൽ എത്തിച്ചേരാനു കഴിഞ്ഞിട്ടില്ല. ലോകത്തു് എവിടെ നോക്കിയാലും, പരിഷ്കൃത രാജ്യമായാലും, അപരിഷ്കൃതരാജ്യമായാലും അവിടങ്ങളിലൊക്കെ കമ്മേഴ്സ്യൽ റക്കഗ്നിഷൻ ഉണ്ടു്. എന്നാൽ ഇവിടെ ആ വക സംഗതിയെപ്പററി ശരിയായിട്ടുള്ള യാതൊരു വ്യവസ്ഥകളും ചെയ്തിട്ടില്ല. അതിനെ Recognise ചെയ്തുകൊണ്ടു് ട്രെയിഡ് യൂണിയൻസ കമ്മിററിക്കു ശരിയായിട്ടുള്ള പ്രാതിനിധ്യമില്ലെന്നു ഇന്ത്യാ ഗവൺമെൻറു തീരുമാനം ചെയ്തിരിക്കുന്നു. എന്നാൽ ഏതു ട്രെയിഡ് യൂണിയനാണ് യഥാർത്ഥത്തിൽ തൊഴിലാളികളുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നതെന്നുള്ളതു് വാദവിഷയമാണ്. അതു് ഈ നിയമം ഉണ്ടാക്കുമ്പോൾ ആലോചിക്കേണ്ടതുമാണു. അധികാരം ഉള്ളിക്കുന്നവരെ തൊഴിലാളികൾ ദൂഷണം ചെയ്യാത്ത രീതിയിലുള്ള യൂണിയൻസിനെ അംഗീകരിക്കുകയും അല്ലാത്തതിനെ അംഗീകരിക്കാതിരിക്കുകയുമാണ് ചെയ്യേണ്ടതു്. അല്ലെങ്കിൽ അതു് ദോഷമാണു്. ഇതേ എനിക്കിതിനേപ്പററി പ്രസ്താവിക്കാനുള്ളു.

MR. PRESIDENT : മിസ്റ്റർ. കേശവൻ അവതരിപ്പിച്ച സിലക്റ്റ് കമ്മററിക്കയയ്ക്കണമെന്നുള്ള ഉപക്ഷേപത്തോടു സഭ യോജിക്കുമെന്നു വിചാരിക്കുന്നു. മി. കേശവൻ സിലക്റ്റ് കമ്മററിയിലെ നാമനിർദ്ദേശം വായിച്ചാൽ കൊള്ളാം.

HON'BLE MR. C. KESAVAN : മുമ്പു പ്രസ്താവിച്ചതുപോലെ പ്രധാനമന്ത്രി, തൊഴിലാളിമന്ത്രി. മി. അബ്ദുൽ അസീസു, മിസ്: അക്കാമ്മ ചെറിയാൻ, മി: ഉമയമ്മാനു, മി: ആർ. വി. തോമസ്, മി: ടി. കെ. നാരായണപിള്ള, മി: ജി. നീലകണ്ഠൻ, മി; കെ. ആർ. ഇലങ്കത്തു്, മി; ശിവരാമപിള്ള; ഇവർ സിലക്റ്റ് കമ്മററിയിലെ അംഗങ്ങളായിരിക്കും.

MR. PRESIDENT : സെലക്റ്റ കമ്മററിയിലെ ലിസ്റ്റ് സഭ അംഗീകരിക്കുന്നു എന്നു് വിശ്വസിക്കുന്നു. (എല്ലാവരും അംഗീകരിച്ചു.)

MR. PRESIDENT : ഇനിയും സെലക്ട കമ്മററിയിലെ കോറം എത്രയായിരിക്കണമെന്നുള്ളതു് നിശ്ചയിക്കണം.

HON'BLE MR. C. KESAVAN : കോറം നാലായിരിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നു.

MR. A. ATCHUTHAN : ഞാൻ അതിനെ പിൻതാങ്ങുന്നു. (സഭ അനുകൂലിച്ചു.)

MR. PRESIDENT : അടുത്തതു് 'ട്രാവൻകൂർ മിനിമം വേജസ് ബിൽ' ആണു്.

THE TRAVANCORE MINIMUM WAGES BILL

HON'BLE MR. C. KESAVAN : തിരുവിതാംകൂർ മിനിമം വേജസ് ബിൽ എന്ന ഈ ബിൽ ഈ നിയമസഭയുടെ മുമ്പാകെ ഞാൻ ഹാജരാക്കുന്നു. ഇതു് പിന്നാലെ പറയുന്ന അംഗങ്ങളും ഉൾപ്പെട്ട ഒരു സെലക്ട് കമ്മിററിക്കു് അയക്കണമെന്നു് അപേക്ഷിക്കുന്നു.

I beg leave to introduce the Travancore Minimum Wages Bill and move that the bill be referred to a Select Committee consisting of members to be given later.

Travancore is a country where worker's organisations are not well developed and the worker's bargaining power is consequently poor. Statutory fixation of minimum wages is therefore necessary.

The Bill provides for the fixation of minimum wages for employments covered by the schedule. Government have power to add to the schedule more categories of employments after a time when some experience is gained. The rates of minimum wages fixed are subject to revision by the Government at intervals not exceeding five years. The minimum rate of wages fixed is to consist of (1 a basic rate and a cost of living allowance or (ii) a basic rate with or without cost of living allowance and the cost value of concessions in respect of supplies of essential commodities or (iii), an all inclusive rate allowing for the basic rate the cost of living allowance and the cash value of concessions.

Provisions have been made for the appointment of Advisory Committee and Advisory Boards. The former will hold enquiries and advise Government in regard to the fixing of minimum wages while the latter is intended to co-ordinate the work of the Advisory Committee.

Minimum wages payable under the proposed Legislation are to be paid in cash. Provision is made for the payment of such wages in kind also where according to custom or wages the wages are payable in kind. Every employer is bound to pay wages at the rates fixed by the Government without deductions except such deductions as may be allowed. Provisions regarding hours for a normal working day payment of wages for overtime work etc. have also been proposed in clauses 13 to 15.

It is made obligatory on the part of the employer to keep the prescribed registers with certain particulars. The Inspectors appointed for specified local areas are empowered to enter and inspect premises where workers are employed and also to inspect the registers and to take copies or extracts therefrom.

In cases where an employer pays less than the minimum wages fixed by the Government a summary procedure has been provided for recovery of the balance with penalty and for subsequent prosecution of offending party (see clauses 19 to 21)

Any contract or agreement whereby an employee either relinquishes or reduces his right to a minimum rate of wages is rendered ineffective.

Government are invested with powers to make certain exemptions in appropriate cases and also to make rules to carry into effect the above provisions.

The provisions contained in the Trade Boards Bill which was introduced in the Legislative Assembly some time back are not adequate to suit local conditions. The provisions contained in the present Bill will improve the conditions of workers brought under the schedule and when passed into law will be of great advantage to them.

ഈ ബിൽ ഫാക്ടറി ജോലിക്കാരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉതകുന്ന വ്യവസ്ഥകൾ അടങ്ങിയതാണ്. അതിൻ തൊഴിലാളികൾക്ക ഏററവും കറഞ്ഞ കൂലി എന്താണെന്ന് നിശ്ചയിച്ച് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏററവും കറഞ്ഞ കൂലി എന്താണെന്ന നിർണ്ണയിക്കുന്നതിന് രണ്ടു മൂന്ന കാര്യങ്ങൾ പ്രത്യേക പരിഗണനയെ അർഹിക്കുന്നു. ഏററവും കറഞ്ഞ വേതനം അതായത് അതാതു കാലങ്ങളിലെ ജീവിതത്തോതിൻെറ ഉയർച്ച താഴ്ച അനുസരിച്ച് ജീവിച്ചുപോരുവാൻ പര്യാപ്തമായ കറഞ്ഞ കൂലി എന്തായിരിക്കണമെന്ന നിർണ്ണയിക്കുന്നതിന് പലവൈഷമ്യങ്ങളുണ്ട്. വ്യവസായങ്ങൾ വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള രാജ്യങ്ങളിൽ Living wage എന്ന പറയുന്ന ജീവിതത്തോതിനാവശ്യമായ ശമ്പളം കൊടുക്കുന്നതിന വിഷമമില്ല. പല പുതിയ വ്യവസായങ്ങളും ആരംഭിക്കുന്നതിന നാം ഉദ്ദേശിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ മിനിമം വേജ് നിശ്ചയിക്കുന്നതു നന്നായിരിക്കുമെന്ന വിചാരിക്കുന്നു. ഇതിനെപ്പററി തീരുമാനം ഗവൺമെൻറ നേരിട്ടു ചെയ്യാനല്ല, എന്നാൽ അഡൈ്വസറി ബോർഡുകളുണ്ടാക്കി അവയോടാലോചിച്ച് തീരുമാനിക്കാനാണ് നിശ്ചയിച്ചിരിക്കുന്നതു്. ആദ്യമായി മിനിമം വേജസ് എന്തായിരിക്കണമെന്ന് ഒരു ഉണ്ടാക്കാൻ അല്ല പോകുന്നതു. എന്നാൽ മിനിമം വേജസ്

[Hon'bl Mr. C Kesavan]

എങ്ങനെ കൊടുക്കാമെന്ന്, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അഡ്വൈസറി ബോർഡുകളുടെ തീരുമാനത്തിനു ശേഷം, നിശ്ചയിക്കുന്നതിനാണ്, ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇതു ഭാവിയിൽ നാട്ടിന് ഉണ്ടാകാൻ പോകുന്ന ശമ്പളത്തോതു നിർണ്ണയിക്കുന്നതിനുള്ള ഉപകരണം മാത്രമേ ആകുന്നുള്ളൂ. അതാതു കാലത്തു് ആഹാരസാധനങ്ങളുടെ ക്ഷാമം, നിത്യാവശ്യങ്ങൾക്കുള്ള മററു സാധനങ്ങളുടെ ക്ഷാമം ഇവ വർദ്ധിച്ചുവരുമ്പോൾ ഉള്ള വർദ്ധമാനമായ ജീവിതച്ചെലവനുസരിച്ചു നാട്ടിൽ ജീവിക്കുന്നതിന് ആവശ്യമുള്ള ശമ്പളം കിട്ടിയില്ലെങ്കിൽ തൊഴിലാളികൾക്കു ജീവിക്കാൻ പ്രയാസമാണ്. മിനിമം വേജസു നിശ്ചയിക്കുമ്പോൾ ഈ സംഗതികളെല്ലാം പരിഗണിക്കേണ്ടതുണ്ട്. ഇതിനായി അഡ്വൈസറിക്കമ്മററിയുടെ ജോലി നിശ്ചയിച്ച് അതിന്റെ പ്രവർത്തനം ശരിപ്പെടുത്തുന്നതിനാണ് ബോർഡുകൾ ഉണ്ടാക്കിയിട്ടുള്ളത്. ഇതു് ഇന്ത്യൻ യൂണിയനിൽ വ്യവസ്ഥ ചെയ്തുകഴിഞ്ഞിരിക്കുന്നതാണ്. മിനിമം വേജസ് ആക്ട് അവിടെ വന്നുകഴിഞ്ഞിരിക്കുന്നു. ചില പ്രത്യേക സ്ഥലങ്ങളിൽ പ്രത്യേക പാരമ്പര്യം അനുസരിച്ച് ചില ജോലികൾക്ക് സാധനങ്ങളായിട്ട് കൂലി കൊടുക്കാറുണ്ട്. അതിനും അഡ്വൈസറി കമ്മററികളും അഡ്വൈസറി ബോർഡുകളും ഏർപ്പെടുത്തുന്നതാണ്. അഡ്വൈസറിക്കമ്മററി ഗവണ്മെന്റിനെ ഉപദേശിച്ചു വില നിർണ്ണയിക്കേണ്ടതു് അത്യാവശ്യമാണ്. അതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയനുസരിച്ച്, അഡ്വൈസറിക്കമ്മററി, ഗവണ്മെന്റിനെ ഉപദേശിച്ച് മിനിമം വേജസ് നിശ്ചയിച്ചാൽ, ഫാക്ടറി ഉടമസ്ഥന്മാർ തൊഴിലാളികൾക്ക് ആ മിനിമം വേജസ് കൊടുക്കാൻ നിർബന്ധിതരാകുന്നതാണ്. അതുപോലെ തന്നെ ഫാക്ടറിയിൽ ആവശ്യമുള്ള രജിസ്റ്ററുകൾ, ജോലിക്കാരെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ ഇവയെല്ലാം സൂക്ഷിക്കുന്നതിന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫാക്ടറിയുടെ പ്രവർത്തനം ഗവണ്മെന്റു നിയന്ത്രിക്കുന്നതു് ഫാക്ടറി ഇൻസ്പെക്ടറന്മാർ മുഖേനയാണ്. ഏൻ-ാം നൂററാണ്ടിൽ ഇംഗ്ലണ്ടിലും മററും ഫാക്ടറി ഇൻസ്പെക്ടറന്മാർക്ക് വളരെ പ്രധാനമായ ഒരു പങ്ക് ഇക്കാര്യത്തിലുണ്ടായിരുന്നു.

MR. PRESIDENT: മണി ഇപ്പോൾ നാലായിരിക്കുന്നു. ഇനി അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള സമയമാണ്. അതിലേക്ക് മി: കണ്ണാറ ഗോപാലപ്പണിക്കരെ ക്ഷണിച്ചുകൊള്ളുന്നു.

ADJOURNMENT MOTION

MR. KANNARA GOPALA PANICKER : പ്രമേയം ഞാൻ പിൻവലിക്കുന്നു

MR. A. NESAMONY : Sir, the honourable member who obtained the leave of this House to move the adjournment of the business of the House has now no right to withdraw that resolution without the consent of the House. Rules relating to this motion are contained in rules 18 to 20 of the Legislative Assembly Rules and the Standing Orders 17 to 19. Well, under Rule 47 there is provision for withdrawal of a resolution that is proposed to be moved by any member. But there is no provision either in the Rules or in the Standing Orders which empowers a member who has already obtained the leave of the House to move an adjournment of the business to withdraw that resolution, because it is a valuable right that has been conferred upon the House to discuss a matter of urgent public importance. It may so happen that any member to avoid criticism of the Government in power or avoid criticism on any section of the House may so play a trick that such a resolution may be moved, the leave of the House obtained and then withdraw it. Therefore I submit that the mover has no right to withdraw from the position that he has taken and say that he withdraws this resolution. I request the Chair to give a ruling on this matter.

MR. PRESIDENT: ഇതിനെ സംബന്ധിച്ച് മിനിസ്റ്റർ ഫാർ ലാ-യുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

HON'BLE MR. A. THANU PILLAI: ഇവിടെ ഒരു മോഷൻ അവതരിപ്പിച്ചിട്ടില്ല. അവതരിപ്പിക്കാതെ ഇരിക്കുന്ന സ്ഥിതിക്ക് പിൻവലിക്കുന്നതിനു ഹൗസിന്റെ അനുവാദം വേണ്ട. അതിനു വേണ്ടി നിർബന്ധിക്കാൻ ഹൗസിനു അധികാരവും ഇല്ല. അതുകൊണ്ട്, അവതരിപ്പിച്ചേ തീരുവെന്ന് നിർബന്ധിക്കാൻ അധികാരം ഇല്ലാത്തതുകൊണ്ട്, അവതരിപ്പിക്കുന്നില്ല എന്നു പറഞ്ഞാൽ അതിൽ കവിഞ്ഞു് ഒന്നും ഇവിടെ ഹൗസിനു ചെയ്യാനില്ല.

MR. PRESIDENT : ഇതേപ്പററി യാതൊരു വ്യവസ്ഥയും ഇല്ല. ഈ അഡ്ജോണ്മെൻറ് മോഷൻ അവതരിപ്പിച്ചതിന്റെ ശേഷം പിന്നീട് പിൻവലിക്കാമോ എന്ന പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നില്ല. അദ്ദേഹം ഈ ഉപക്ഷേപം ഇപ്പോൾ അവതരിപ്പിക്കുന്നില്ലായെന്നാണ് പറഞ്ഞിരിക്കുന്നതു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടതെന്നു യാതൊരു വ്യവസ്ഥയും ഇല്ല. അതുകൊണ്ട് അദ്ദേഹത്തിനു പിൻവലിക്കുന്നതിനുള്ള അവകാശം ഉണ്ടെന്നാണെന്റെ റൂളിംഗ്. വീണ്ടും ബില്ലിനെപ്പററിയുള്ള ചർച്ച ഇനിയും തുടരണമോ അതോ സഭ പിരിയണമോയെന്നുള്ളതു് ഈ സഭ തന്നെ തീരുമാനിക്കേണ്ടതാണ്.

MR. T. K. NARAYANA PILLAI: തുടരേണ്ടതാണ്.

MR. P. S. MUHAMMED: റൂൾ അനുസരിച്ച് നാലരമണിവരെയാണ് സമയം. അഡ്ജേണ്മെൻറു മോഷൻ അവതരിപ്പിക്കുന്നില്ലെങ്കിൽ നാലരമണിവരെ സഭ തുടരുന്നതിന് സഭയുടെ അനുവാദം ആവശ്യമുണ്ടോ?

MR. PRESIDENT: അതായത് സഭാനടപടികൾ എല്ലാം നിറുത്തിവച്ചിട്ടാണ് അടിയന്തിരപ്രമേയത്തെപ്പററിയുള്ള ചർച്ച ആരംഭിക്കുന്നത്. അതനുസരിച്ച് നാലു മണിക്കു സഭാനടപടികൾ നിറുത്തിവച്ചു. അതുകൊണ്ടാണ് സഭയുടെ അനുവാദം വേണമെന്ന് ഞാൻ പറഞ്ഞതു. അതിലേക്കു ആർക്കും തന്നെ എതിരഭിപ്രായം ഇല്ലെന്നു കാണുന്നതുകൊണ്ടു ഈ ബില്ലിനെപ്പററിയുള്ള ചർച്ചയും നാലരമണിവരെ നടത്താമെന്നാണ് എൻെറ റൂളിംഗ്.

HON'BLE MR. C. KESAVAN ഞാൻ അതിനെക്കുറിച്ച് പറയാനുള്ളതെല്ലാംതന്നെ പറഞ്ഞുകഴിഞ്ഞുവെന്നാണു തോന്നുന്നതു. ബില്ലിൻെറ വ്യവസ്ഥകളിൽ നിശ്ചയിച്ചിരിക്കുന്നതായ ശമ്പളം കൊടുക്കാതിരിക്കുന്നതായാൽ സമ്മറിയായിട്ടു നടപടിനടത്തി വാങ്ങിച്ചുകൊടുക്കണം. ഇതു സംബന്ധിച്ച് തെററു ചെയ്യുന്ന മുതലാളിമാരെ പ്രോസിക്യൂട്ടു ചെയ്യുന്നതിനും വേണ്ട വ്യവസ്ഥ ഈ ബില്ലിലുണ്ട്. ഒന്നു രണ്ടു കൊല്ലം മുമ്പ് ട്രേഡ് ഡിസ്പ്യൂട്ട്സ് ബിൽ എന്നൊരു ബില്ല് ആലോചനയിലുണ്ടായിരുന്നു. പക്ഷേ അതു നിയമമായില്ല. അതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതിന് ഇടയായിട്ടുള്ളതു. ഇതിനെ എല്ലാവരും അനുകൂലിച്ച് സിലക്ററു കമ്മിററിക്കു അയയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്നു അപേക്ഷിക്കുന്നു.

MR. PRESIDENT: ഈ ബില്ലിൻെറ പൊതുതത്വത്തെപ്പററി ആർക്കെങ്കിലും അഭിപ്രായം പറയാൻ ഉണ്ടെങ്കിൽ പറയാം.

MR. K. K. CHELLAPPAN PILLAI: ഇതിൻെറ പൊതുതത്വങ്ങളോടു ഞാൻ യോജിക്കുന്നു. ഇപ്പോൾ ഇവിടെ കാണുന്ന വ്യവസായികാസ്വസ്ഥതകൾക്കു എല്ലാംതന്നെ കാരണം ഈ തൊഴിലാളികളുടെയും വ്യവസായശാലകളുടെയും ബന്ധം [illegible] തൊഴിലുകൾക്കുള്ള നിശ്ചിതമായ വേതനം ലഭിക്കുന്നില്ലെന്നുള്ളതുകൊണ്ടാണെന്നാണു പ്രധാനമായി കാണുന്നതു. അതിൻെറ പരിഹാരാർത്ഥത്തിൽ ഇതു ആവശ്യമായിരിക്കുന്നതു. തൊഴിലാളികൾക്കു അവരുടെ കൂലിനിശ്ചയി

ക്കുന്നതിനുള്ള ഒരു പ്രത്യേക ഏർപ്പാടാണ്. ഇതുവരെ അങ്ങനെയില്ലാതിരുന്ന ഒരു സംഗതി ഇന്ന് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഈ നിയമം സ്വാഗതാർഹം തന്നെയെന്നാണ് എനിക്കു പറയാനുള്ളത്. ഇതു നിയമമായി വന്നാൽ ഇപ്പോൾ കാണുന്ന തൊഴിൽകുഴപ്പങ്ങളെല്ലാം തീരുമെന്നു നമുക്കു സമാധാനിക്കാം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഇതിന്റെ പൊതുതത്വങ്ങളോടു യോജിച്ചുകൊള്ളുന്നു.

MR. A. NESAMONY: Sir, இந்த bill-ன் பொது நோக்கத்துடன் எனக்கு ஆதரவுதான். ஆனால் இந்த bill-ல் காணப்படும் நோக்கங்கள் எவ்வளவாக நிறைவேறும் என்று எனக்குச் சந்தேகம். ஒவ்வொரு தொழிலாளிக்கும் எவ்வளவு நியாயமான குறைந்த சம்பளம் கொடுக்கவேண்டுமென்று நாம் ஆலோசனை செய்யவேண்டும். தற்போது உணவுபொருள்களின் விலை நூறு சதமானம் அதிகமாயிருக்கிறது. அதே சமயத்தில் தொழிலாளர்களுக்கும் அவ்வளவு சம்பளம் கொடுக்கவேண்டியிருக்கும். நமது உணவுபொருள்களின் பயங்கரமான விலையேற்றத்தின் காரணமாக நமது Peons, Clerks-இவர்களுக்கு என்ன சம்பளம் கொடுத்தோம்? நமது தொழிலாளர்கள் கண்ணீர்விட்டு கதறும்போது நாம் சட்டம் செய்கிறோம். நாம் இதற்குமுன்னால் அனுவாதம் கொடுத்த சட்டங்கள் நடைமுறையில் கொண்டுவரப் பட்டனவா? Partition Act-வஸ்துக்கள் பாகிக்கும்படி ஒரு சட்டம் பாசாக்கப்பட்டது. அதை நடப்புக்குக் கொண்டுவர அவசியமான ரூல்கள் பாசாக்கப்படாததினால் சிவில் கோர்ட்டுக்களில் பாகவிவகார கேசுகள் எல்லாம் அங்கங்கே நிறுத்தப்பட்டிருக்கின்றன. இப்படிப்பட்ட ஒரு சட்டம் இருக்கிறதா என்ற ஞாபகங்கூட கவர்மென்றுக்கில்லை. நாம் பெருவாரியான சட்டங்களை ஏற்படுத்தும்போது அவைகளை நடைமுறையில்கொண்டுவர முடியுமா என்றும் நாம் சிந்தித்துப் பார்க்கவேண்டும். இச் சட்டங்களை நடைமுறையில் கொண்டுவரவேண்டியது கவர்மென்றின் கடமை. இன்று அனுமதியளித்த பில்களில் ஏராளமான ரூல்கள் கவர்மென்று ஏற்படுத்த அதிகாரம் பெற்றிருக்கிறது. அவ்வித ரூல்கள் தயாரிக்க முடியுமா என்று கவர்மென்று கவனிக்க வேண்டும். இப்போதிருக்கும் பொருளாதார நிலைமையில் தொழிலாளர்கள் மாத்திரமல்ல எல்லாவிதத் தொழிலையும் கையாளும் எல்லோருக்கும் இந்த பில்லின் தத்துவங்கள் கையாளப்படுமோ என்று சந்தேகிக்கிறேன்.

MR. P. C. ADICHAN: ഈ ബില്ലിന്റെ തത്വങ്ങളോട് ഞാനും അനുകൂലിക്കുന്നു. ഗവണ്മെന്റുദ്യോഗസ്ഥന്മാർക്ക് ശമ്പളമോ, കൂലിയോ എന്തായാലും മാസശമ്പളമോ ദിവസശമ്പളമോ എന്ന ക്ലിപ്തമുണ്ട്. എന്നാൽ പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് നിശ്ചിതമായ കൂലി ഇത്രയെന്ന് വ്യവസ്ഥയില്ലെന്നുള്ളതാണ് ഇന്നത്തെ കുഴപ്പങ്ങൾക്ക് കാരണം. അങ്ങനെയിരിക്കുന്നതുകൊണ്ടു തൊഴിലാളികളല്ലാത്ത ചില നേതാക്കന്മാർപോലും ചില അവസരങ്ങളിൽ അവരുടെയിടയിൽ കടന്നുകൂടി കുഴപ്പം ഇളക്കിവിടുന്നതിനും സ്ട്രൈക്ക് ഉണ്ടാക്കുന്ന

[MR. P. C. Adichan]

തിനും ഇടയാകുന്നു. അവയിൽനിന്ന് അവരെ രക്ഷപ്പെടുത്തുന്നതിന് ഈ ബിൽ ഇടയാകുമെന്നുള്ളത് ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാണ്.

അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ഹാർദ്ദമായി പിൻതാങ്ങുകയാണ് ചെയ്യുന്നത്.

MR. PRESIDENT: ഈ ബില്ലിന്റെ പൊതുതത്വങ്ങളോടും ഇതു് സെലക്റ്റ കമ്മിററിക്ക് അയയ്ക്കണമെന്നുള്ളതിനോടും ആക്കും എതിരഭിപ്രായം ഇല്ലെന്നു വിശ്വസിക്കുന്നു. സെലക്റ്റ കമ്മിററിയിലേക്കുള്ള അംഗങ്ങളുടെ പേരുകൾ പ്രസ്താവിക്കുന്നതിന് മി. കേശവനോട് ഞാൻ അപേക്ഷിക്കുന്നു.

HON'BLE MR. C. KESAVAN: കമ്മിററിയിലേക്ക് മിനിസ്റ്റർ ഫാർ-ലാ, മിനിസ്റ്റർ ഫാർ ലേബർ, മെസ്സേഴ്സ കെ. എ. മഹമ്മദ്, എ. അച്ചുതൻ, എൻ. വി. ചാക്കോ, വിൽസൺ പീറ്റർ, എ. കെ. പാച്ചുപിള്ള, മന്നത്തുപത്മനാഭപിള്ള, കെ. രാമകൃഷ്ണനാശാരി, പി. താണുലിംഗനാടാർ എന്നിവരെ ഞാൻ നിർദ്ദേശിക്കുന്നു. കമ്മിററിയുടെ കോറം നാലു് ആയിരിക്കുന്നതാണ്.

MR. K. R. ELANKATH: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

MR. PRESIDENT: ഈ സെലക്റ്റ കമ്മിററിയിലേക്കുള്ള അംഗങ്ങളുടെ ലിസ്റ്റ് സഭ അംഗീകരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അടുത്തതായി "ട്രാവൻകൂർ ഇൻഡസ്ട്രിയൽ എംപ്ലായ്മെൻറ് (സ്റ്റാൻഡിംഗ് ആർഡർ) ബിൽ" ആണ്.

The Travancore Industrial Employment (Standing Order) Bill

HON'BLE MR. C. KESAVAN: "ട്രാവൻകൂർ ഇൻഡസ്ട്രിയൽ എംപ്ലായിമെൻറ് (സ്റ്റാൻഡിംഗ് ആർഡർ) ബിൽ" എന്ന ഈ ബിൽ, നിയമസഭ മുമ്പാകെ വയ്ക്കുന്നതിന ഞാൻ ആഗ്രഹിക്കുന്നു. പുറകേ പേർ പറയുന്ന ബഹു. മെമ്പറന്മാരെ ചേർത്തു് ഒരു സെലക്റ്റ കമ്മിററിയെ നിയമിക്കണമെന്നും അപേക്ഷിക്കുന്നു. "ഇൻഡസ്ട്രിയൽ എംപ്ലായ്മെൻറ് (സ്റ്റാൻഡിംഗ് ആർഡർ) ബിൽ" ഇപ്പോഴത്തെ ഫാക്ടറി ജോലിക്കാരെ സംബന്ധിക്കുന്ന ഒരു പുതിയ നിയമമാണ്. ഫാക്ടറി ജോലിക്കാരെ ഇന്നയിന്ന വ്യവസ്ഥയിലാണ് എടുത്തിരിക്കുന്നത് എന്നും ഈ നിയമം ക്ലിപ്തപ്പെടുത്തുന്നു. തൊഴിലാളിയേയും മുതലാളിയേയും ബന്ധിക്കുന്ന ഒരു ഉടമ്പടി ഫാക്ടറിയുടമസ്ഥൻ ജോലി

കാരമായി ഉണ്ടാക്കി ഗവണ്മെൻറിൽ രജിസ്ററർ ചെയ്തിട്ടു വേണം ഏതു വ്യവസായവും ആരംഭിക്കാൻ. അവ്യവസ്ഥിതമായി ജോലി ചെയ്യിക്കാതിരിക്കുക. ഇത്ര മണിക്കൂർ ജോലിചെയ്യണം, കൂടുതൽ സമയം ജോലി ചെയ്യിക്കാൻ പാടില്ല എന്നു തുടങ്ങി വ്യവസായത്തെ സംബന്ധിച്ച് തൊഴിലാളികളും മുതലാളികളും അനുവർത്തിക്കേണ്ട വ്യവസ്ഥകൾ വ്യക്തമാക്കുക എന്നതാണ് ഈ ബിൽ കൊണ്ടു ഉദ്ദേശിക്കുന്നതു.

It has been found by experience that "Standing Orders" defining the conditions of recruitment, discharge, disciplinary action, holidays, leave etc., go a long way towards minimising friction between the management and workers in industrial undertakings. The Bill seeks to provide for the framing of "Standing Orders" in all industrial establishments employing one hundred or more workers.

The Act in the first instance will apply to the categories of industrial establishments specified in Clause 2 (d), which include, besides factories and railways, quarries and oil fields, motor vehicle services, docks, wharves and jetties, inland steam-vessels plantations and workshops. Government will be competent to extend the Act to other classes of industrial establishments or to grant exemptions, where necessary, by notification.

Within six months from the date on which the Act becomes applicable to an industrial establishment, the employer is required to frame draft "Standing Orders" and submit them to the "Certifying Officer" for certification. The draft should cover all the matters specified in the schedule to the Act and any other matters that Government may prescribe by rules. The "Certifying Officer" will be empowered to modify or add to the draft "Standing Orders" so as to render them certifiable under the Act. It will not be his function (nor of the appellate authority) to adjudicate upon their fairness or reasonableness. There will be a right of appeal against the decisions of the "Certifying Officer."

The Bill closely follows the Indian Industrial Employment (Standing Orders) Act 1946 (XX of 1946).

എല്ലാവ്യാവസായിക സ്ഥാപനങ്ങളേയും ബാധിക്കത്തക്കവണ്ണമാണ് ഈ ബിൽ നിർമ്മിച്ചിരിക്കുന്നത്. ഇതു് തോട്ടങ്ങൾ, വർക്ക്ഷാപ്പുകൾ തുടങ്ങിയുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങളേയും ബാധിക്കുന്നതാണ്. ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ളവ കൂടാതെ ഗവണ്മെൻറിന് അപ്പപ്പോൾ തോന്നുന്ന മററു വ്യവസായ സ്ഥാപനങ്ങളിലേക്കും ഇതു വ്യാപിപ്പിക്കാവുന്നതുമാണ്. ഈ ബിൽ സെലക്റ്റ് കമ്മററിയിലേക്കു അയക്കുന്നതിനുള്ള അനുമതിക്ക് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു.

MR. PRESIDENT : ഈ ബില്ലിൻെറ പൊതുതത്വങ്ങളെപ്പററി സംസാരിക്കണമെന്നുള്ളവർക്കു സംസാരിക്കാം.

MR. V. GANGADHARAN NAIR (*Quilon III—General*) : ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇങ്ങനെ ഒരു പരസ്പര ധാരണ ഇന്ന് വ്യവസായശാലകളിൽ ഇല്ലാത്തതുകൊണ്ടു അനാവശ്യമായ പണിമുടക്കുകൾ ധാരാളം ഉണ്ടാകുന്നതായി നമുക്ക് കാണാൻ കഴിയും. തൊഴിലാളികളും മുതലാളികളും ഒപ്പിട്ട സ്റ്റാൻറിംഗ് ആർഡർ വ്യവസായ സമാധാനത്തെ സഹായിക്കുമെന്നുള്ളതുകൊണ്ട് ഇത് വളരെ പ്രയോജനകരമായ ഒരു ബില്ലായിത്തീരുമെന്നു ഞാൻ കരുതുകയും അതിനെ ഒന്നുകൂടി സ്വാഗതം ചെയ്യുകയും ചെയ്തുകൊള്ളുന്നു.

MR. SREE V. DAS : Sir, இது வரையில் தொழிலாளிகளின் முன்னேற்றத்திற்காக மூன்று பில்கள் சமர்ப்பிக்கப்பட்டிருக்கின்றன. இவைகளில் ஒன்றிலாவது உப்பளத்தொழிலாளர்களின் முன்னேற்றத்திற்காக ஏதாவது பரிகாரம் செய்யப்பட்டிருக்கிறதா என்பது சந்தேகம். தென் திருவாங்கூர் உப்பளங்களில் உத்தேசம் 5000 முதல் 7000 வரை உப்பு கிருஷி தொழிலாளர்களுக்கும் இந்த பில்களில் பரிகாரம் இல்லையென்றே எனக்குத் தோன்றுகிறது. ஆதலால் இந்த bill ஐ பிரேரிப்பித்த கனம் மந்திரியவர்கள் உப்பளம் தொழிலாளர்களுக்கு இந்த bill களில் என்ன அவகாசங்கள் இருக்கின்றன என்பதை விளக்கம் செய்ய வேண்டுமென்று கேட்டுக் கொள்கிறேன். அதாவது, *South Travancore Salt labourers*.

HON'BLE MR. C. KESAVAN: ഉപ്പളം ഒരു ഫാക്ററിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെയും ബാധിക്കും. ഉപ്പളം ഫാക്ററിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല. ഉപ്പളത്തെയും ഒരു ഫാക്ററിയായിത്തന്നെ ഗണിക്കേണ്ടതാണെന്നാണു തോന്നുന്നത്. നിലവിലുള്ള ആക്ററ് ഉപ്പളത്തെ ബാധിക്കുമെങ്കിൽ അതു കൂടുതലായി ബാധിക്കുമല്ലോ.

MR. PRESIDENT: ഈ ബിൽ സെലക്ററ് കമ്മിററിയിലേക്കു അയക്കണമെന്നുള്ള ഉപക്ഷേപം സ്വീകരിച്ചിരിക്കുന്നതുകൊണ്ട് കമ്മിററിയിലേക്കുള്ള അംഗങ്ങളുടെ പേരുകൾ പ്രസ്താവിക്കുന്നതിലേക്കു ഞാൻ മി. കേശവനെ ക്ഷണിച്ചുകൊള്ളുന്നു.

HON'BLE MR. C. KESAVAN: മുൻ സെലക്ററു കമ്മിററിയിൽഉള്ളതുപോലെ മിനിസ്റ്റർ ആഫ ലായും, മിനിസ്റ്റർ ആഫ ലേബറും, മെസ്സേഴ്സ് കെ. എൻ. ശംകണ്ണപ്പിള്ള, കെ. രാമചന്ദ്രൻ, സി. നാരായണപിള്ള, പി. എസ്. മഹമ്മദ്, കെ. ഏ. മാത്യു, മിസ്സസ്സ ദേവകി, ജി. ദാസ, മെസ്സേഴ്സ് തയ്യിലുക്കുഞ്ഞിത്തൊമ്മൻ, ചെല്ലസ്വാമിനാടാർ,

മിസ്സ്. ആനിമസ് ക്രീൻ എന്നിവരും ഉൾപ്പെടും. ഇതിൽ ൧൧ അംഗങ്ങൾ ഉണ്ടെന്നവരികിലും കോറം നാലു മതി എന്നാണ് ഞാൻ വിചാരിക്കുന്നത്.

MR. A. ATCHUTHAN; ഞാൻ പിൻതാങ്ങുന്നു.

MR. PRESIDENT: സഭ ഇത് സ്വീകരിച്ചതായി വിശ്വസിക്കുന്നു. അടുത്ത ബിൽ "ദി ട്രാവൻകൂർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ബിൽ" ആണ്. അതു് അവതരിപ്പിക്കുന്നതിനു ഞാൻ മി. കേശവനെ ക്ഷണിക്കുന്നു.

The Travancore Industrial Disputes Bill

HON'BLE MR. C. KESAVAN: "ദി ട്രാവൻകൂർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ബിൽ" എന്ന ബിൽ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നു. മുമ്പു പ്രസ്താവിച്ച ആളുകൾതന്നെ ഉൾപ്പെട്ട ഒരു സെലക്ട കമ്മിററിയിലേക്ക ഇതു അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. PRESIDENT: ഈ സഭ ഇപ്പോൾ പിരിഞ്ഞു നാളെ (൩-൬-൪൮) രാവിലെ ൧൧ മണിക്ക് വീണ്ടും കൂടുന്നതാണ്.

The House adjourned at 4-30 P. M.

V. KRISHNA MOORTHI AIYAR,
Secretary to the Legislative Assembly.

Proceedings

of

THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY.

FIRST SESSION 1948/1123.

Thursday the 3rd June 1948/21st Idavam 1123

The Travancore Legislative Assembly met again in the Legislative Chamber, Public Offices, at eleven of the clock on Thursday, the 3rd June 1948/21st Idavom 1123, the President (The Honourable Mr. A. J. John) in the Chair.

ഉപചോദ്യോത്തരങ്ങൾ.

MR. PRESIDENT : ചോദ്യങ്ങൾ ചോദിക്കുന്നതിന് മുൻപായി എനിക്കൊരു പ്രസ്താവന ചെയ്യാനുണ്ട്.

ഉപചോദ്യങ്ങൾ ചോദിക്കുന്നതുസംബന്ധിച്ച് ഇന്നലെ ഞാൻ പറഞ്ഞതു റൂൾ ൪൭ അനുസരിച്ച് ഏതെങ്കിലും അംഗത്തിനു ഉപചോദ്യം ചോദിക്കാം എന്നായിരുന്നു. അതു് റൂളിലെ വ്യവസ്ഥയനുസരിച്ചാണ്. എന്നാൽ ഇൻഡ്യൻ സെൻട്രൽ അസംബ്ലിയിലും ഈ റൂൾതന്നെയാണെങ്കിലും, ഉപചോദ്യം ആദ്യം ചോദിക്കുന്നതിന് ചോദ്യകർത്താവിനെത്തന്നെ അനുവദിക്കുകയാണ് അവിടത്തെ പതിവ്. ആ പതിവു കുറച്ചുകൂടി സ്വീകാര്യമായി എനിക്കു തോന്നുന്നു. അതിനാൽ ഉപചോദ്യം ചോദിക്കുന്നതിനുള്ള ആദ്യത്തെ അവസരം ചോദ്യകർത്താവിനുതന്നെയാണുള്ളതു്. (ഇൻഡ്യൻ റൂളിംഗ് പേജ ൨൪൨)

"During question time on the 27th Feb. 1939 a member rose to put a supplementary question along with the questioner when the President pointed out—"Honorable members must bear in mind that it is only proper to give' the questioner the first opportunity to put his supplementary question".

൪൭-ാംറൂൾ അനുസരിച്ച് ഒരു ഉപചോദ്യംമാത്രമേ ചോദിക്കാവു എന്നാണെങ്കിലും മുൻപതിവനുസരിച്ചു ഉപചോദ്യങ്ങൾ ചോദിക്കാമെന്ന് ഞാൻ ഇന്നലെ റൂൾചെയ്തു. എന്നാൽ ഉപചോദ്യങ്ങൾ ചോദിക്കുന്ന

[Mr. President]

തിന് ഒരു നിയന്ത്രണം വരുത്തേണ്ടതു ആവശ്യമെന്ന് ഇന്നലത്തെ നടപടികളിൽനിന്നും മനസ്സിലാക്കുന്നു. ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും കൂടി ആദ്യത്തെ ഒരു മണിക്കൂർ മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ. ഇന്നലെ ഉത്തരം പറയുന്നതിനായി ൧൨ ചോദ്യങ്ങൾമാത്രം ഉണ്ടായിരുന്നിട്ടും ഉപചോദ്യങ്ങളുടെ ബാഹുല്യംകൊണ്ട് ൫ ചോദ്യങ്ങൾക്കുമാത്രമേ വാങ്മൂലമായ ഉത്തരം പറയാൻ സാധിച്ചുള്ളൂ. സാധാരണ ഗതിയിൽ ഒരു മണിക്കൂറിൽ ൩൦, ൪൦ ചോദ്യങ്ങളും അവയുടെ ഉപചോദ്യങ്ങളും നടക്കുന്നതാണ്. അതിനാൽ ഉപചോദ്യങ്ങൾ ചോദിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ ഒരു നിയന്ത്രണം അനുഷ്ഠിക്കേണ്ടതാണെന്നും, ഏറ്റവും അത്യാവശ്യമാണെന്നു കാണുന്ന സംഗതികളെപ്പറ്റിമാത്രമേ ഉപചോദ്യങ്ങൾ ചോദിക്കാൻ പാടുള്ളൂ എന്നുമാണ് എനിക്കു പ്രസ്താവിക്കുവാനുള്ളത്.

QUESTIONS AND ANSWERS.

റേഷൻ കടകൾ.

13 MR E. P. PAULUSE (*Muvattupuzha II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി വാചാ മറുപടി പറയുമോ?

(എ) റേഷൻ കടകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർ കച്ചവടക്കാരന്റെ കണക്കുകളും റേഷൻ വാങ്ങുന്ന ആളുകളുടെ റേഷൻ കാർഡുകളുമായി ഒത്തുനോക്കുന്ന പതിവുണ്ടോയെന്നും എല്ലാവരും അവരവരുടെ കാർഡനുസരിച്ചുള്ള റേഷൻ വാങ്ങുന്നുണ്ടോയെന്നും ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ?

(ബി) പലരും കാർഡനുസരിച്ചുള്ള റേഷൻ വാങ്ങാറില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

(സി) പല റേഷൻ കടക്കാരും റേഷൻ വാങ്ങാത്തവരുടെ കാർഡനുസരിച്ച ചിലവെഴുതി ബ്ലാക്ക് മാർക്കറ്റ് നടത്തിവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON' BLE MR. A. THANU PILLAI (*Prime Minister*) : (a) Yes.

(b) It has come to the notice of Government that certain card holders do not purchase their rations.

(c) A few cases have come to the notice of Government and exemplary punishment has been awarded.

MR. E. P. PAULOSE : കൂടുതൽ സെക്യൂറിട്ടി കെട്ടിവയ്ക്കണമെന്നാവശ്യപ്പെട്ടതുകൊണ്ട് അടുത്തകാലത്തു പല സ്ഥലങ്ങളിലും റേഷൻകടകൾ നിറുത്തിയിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ പുതിയകടകൾ തുറക്കുന്നതിനുള്ള നടപടികൾ നടത്തുമോ?

HON'BLE MR. A. THANU PILLAI : നടത്താം.

MR. K. A. MATHEW (*Thiruvellah IV—General*) : എക്സംപ്ലറി പണിഷ്മെൻറ എന്നു മറുപടി പറഞ്ഞു എന്തെല്ലാമാണ് ഈ ശിക്ഷകളെന്നു പറയാമോ?

HON'BLE MR. A. THANU PILLAI : അതു കേസ്സുകളുടെ സ്ഥിതി പോലെയിരിക്കും. ചിലപ്പോൾ കെട്ടിവച്ച സെക്യൂരിട്ടിയിൽ കുറെ തുക പിഴയായി ഈടാക്കും. ചിലപ്പോൾ മുഴുവൻ തുകയും ഈടാക്കും. ചിലപ്പോൾ പ്രാസിക്യൂട്ടു ചെയ്യും.

MR. K. A. MATHEW : അങ്ങനെ എത്ര കേസ്സുകൾ പ്രാസിക്യൂട്ടു ചെയ്തിട്ടുണ്ടെന്നു പറയാമോ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസ്സുവേണം.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar Reserved*) : கனம் மந்திரியவர்களுக்கு ரேஷன் கார்டுகளுண்டா?

HON'BLE MR. A. THANU PILLAI : ഈ ചോദ്യം ഇപ്പറഞ്ഞതിൽ നിന്നുളവാകുന്നതാണോ എന്നു സംശയിക്കുന്നു. എന്തായാലും മന്ത്രിമാർക്കു റേഷൻകാർഡുകൾ ഉണ്ട്.

MR. M. VARKEY (*Kunnatnad II—Generhal*) : കൂടുതൽ സെക്യൂറിട്ടി കെട്ടിവെയ്ക്കാത്തതുകൊണ്ടു വല്ല കടകളും നിറുത്തൽചെയ്യേണ്ടതായി വന്നിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസുവേണം.

MR. P. M. VARGHESE (*Thodupuzha II—General*) : ഒരു പോയിൻറാഫ് ആർഡർ. സർ, ഒരു മെംബർ ചോദിക്കുന്ന ചോദ്യങ്ങൾക്കു എല്ലാം നോട്ടീസ്സുവേണം നോട്ടീസ്സുവേണം എന്നു പറഞ്ഞാൽ ഉപചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യംതന്നെ ഇല്ലെന്നുവരും. ഒരു ചോദ്യത്തിനുത്തരം പറയേണ്ടതായിവരുന്ന കാര്യങ്ങളെല്ലാംതന്നെ ബഹുമാനപ്പെട്ട മന്ത്രിമാർ മുൻകൂട്ടി അറിഞ്ഞു ഈ സഭയിൽ വരേണ്ടതല്ലേ?

MR. PRESIDENT : മിക്കവാറും വരാവുന്ന ഉപചോദ്യങ്ങൾക്കുള്ള ഉത്തരംകൂടി പറയാൻ ഗവണ്മെൻറുമെംബറന്മാർ തയാറാകേണ്ടതാണ്. എന്നാൽ ചിലപ്പോൾ ചില ഉപചോദ്യങ്ങൾക്ക് പെട്ടെന്ന് മറുപടി പറയാൻ കഴിഞ്ഞില്ലെന്ന് വന്നേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നോട്ടിസ് വേണമെന്ന് അവർക്ക് അവകാശപ്പെടാവുന്നതാണ്.

നെൽകൃഷി.

14 MR. E. P. PAULOSE: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ കൊല്ലം വനം കൃഷിയിൽനിന്നും ലിഫ്ററ ഇറിഗേഷൻ പദ്ധതികൾ വികസിപ്പിച്ചിട്ടുള്ളതു നിമിത്തം കൂടുതലായി എത്രമാത്രം നെല്ല കിട്ടുമെന്നാണ് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നത്?

(ബി) ഇങ്ങനെ നെല്ല് കൂടുതൽ ലഭിക്കുന്നതു നിമിത്തം ഭക്ഷ്യധാന്യ നിയന്ത്രണം നീക്കുന്നതിനു സാധ്യമാക്കമോയെന്നുള്ളതിനെപ്പററി ഗവണ്മെൻറ് ആലോചിക്കുമോ?

HON' BLE MR. A. THANU PILLAI : (a) Ten Lakhs of paras of paddy.

(b) The matter is engaging the attention of Government.

Superintendent, State Transport.

15. MR. T. K. NARAYANA PILLAI (*Parur II—General*): Will the Honourable Minister for Transport be pleased to state:

(*a*) whether an enquiry was conducted against Mr. Ramamurthy the present Director of the State Transport; and

(*b*) if so, the result of such enquiry and the action, if any taken or contemplated to be taken on the basis of such enquiry?

HON' BLE MR. T. M. VARGHESE : (എ) മി. രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്തി റിപ്പോർട്ട വരുത്തിയിട്ടുണ്ട്. (ബി) ആ റിപ്പോർട്ട ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുകയും അതിനെപ്പററി ചെയ്യേണ്ട തീരുമാനങ്ങൾ സംബന്ധിച്ച് ഗവണ്മെൻറ ആലോചിച്ചുവരുകയുമാണ്. അവസാനതീരുമാനം ആയിട്ടില്ല.

MR. T. K. NARAYANA PILLAI : എന്നാണ് റിപ്പോർട്ട ഗവണ്മെൻറിലേക്ക് സമർപ്പിച്ചതെന്നു പറയാമോ?

HON' BLE MR. T. M. VARGHESE : റിപ്പോർട്ട് ഏതു തീയതിക്കാണ് സമർപ്പിച്ചതെന്ന് ഓർക്കുന്നില്ല. ഏകദേശം ഒരു മാസത്തിനുമുമ്പായിരിക്കുമെന്നു തോന്നുന്നു.

MR. T. K. NARAYANA PILLAI : ആ റിപ്പോർട്ടിൻെറ ഫൈൻഡിംഗ്സ സംക്ഷിപ്തമായിട്ടെങ്കിലും പറയാമോ?

HON' BLE MR. T. M. VARGHESE : ആ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഒരു തീരുമാനത്തിൽ എത്തുന്നതിനുമുമ്പ് പരസ്യപ്പെടുത്തുന്നതു വിഹിതമായിരിക്കുകയില്ല.

MR. T. K. NARAYANA PILLAI : ആ റിപ്പോർട്ടിൽ മി. രാമമൂർത്തിയെപ്പററി പുറപ്പെടുവിച്ച ആരോപണങ്ങൾ സത്യമാണെന്നോ അതോ അടിസ്ഥാനരഹിതമാണെന്നോ എന്താണു് മി. ശങ്കരൻ പറഞ്ഞിരിക്കുന്നതു്?

HON' BLE MR. T. M. VARGHESE : മി. രാമമൂർത്തിയെപ്പററി കാര്യമായ ആരോപണം ഒന്നും ഉണ്ടായിട്ടില്ല മി. ശങ്കരനെ ഈ ജോലി ഏല്പിച്ചതു്. ട്രാൻസ്പോർട്ടുഡിപ്പാർട്ടുമെൻറിൽ നഷ്ടം ഉണ്ടായിട്ടുള്ളതായി കണ്ടു് എല്ലാ സംഗതികളും തിരക്കി അവിടെ ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്നും അതെങ്ങനെ ഉണ്ടായെന്നും ആ നഷ്ടം പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെന്തെല്ലാമാണെന്നും ഇതിനുത്തരവാദികളാരെല്ലാമെന്നും മററും കണ്ടുപിടിച്ചു് റിപ്പോർട്ടുചെയ്യുവാനാണ് മി. ശങ്കരനോടാവശ്യപ്പെട്ടിരുന്നതു്. അതിനു അദ്ദേഹം ഗവണ്മെൻറിലേക്കു് ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. അതിൽ മി. രാമമൂർത്തി കുററക്കാരനാണോ അല്ലയോ നഷ്ടപ്പെട്ട തുകയ്ക്കു് അദ്ദേഹം കുററക്കാരനാണോ അല്ലയോ എന്നാണ് വിഷയം. ഇതുസംബന്ധിച്ചു് ഈ ഘട്ടത്തിൽ കൂടുതലായൊന്നും പ്രസ്താവിക്കുവാൻ നിവൃത്തിയില്ല.

MR. A. P. UDAYABHANU (*Karunagappally II—General*): എത്ര കാലത്തിനകം ഒരവസാനതീരുമാനം ഉണ്ടാകുമെന്നു പറയുവാൻ കഴിയുമോ?

HON' BLE MR. T. M. VARGHESE : കഴിയുന്നതും വേഗത്തിൽ ഒരവസാനതീരുമാനം ചെയ്യുന്നതാണെന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

MR. A. P. UDAYABHANU: ഒരു മാസമായി റിപ്പോർട്ടുവന്നിട്ട്, എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ സ്ഥിതിക്കു് ഇതിനകം ഒരു തീരുമാനവും ചെയ്യുവാൻ ഗവണ്മെൻറിനു കഴിഞ്ഞിട്ടില്ലെങ്കിൽ ഒട്ടും

[Mr. A. P. Udayabhanu]

കാലതാമസം വരുത്താതെ കഴിയുന്നതും വേഗത്തിൽ അതിനെപ്പറ്റി തീർച്ചചെയ്യേണ്ടതായിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

HON' BLE MR. T. M. VARGHESE : കഴിയുന്നതും വേഗത്തിൽ തീരുമാനം ചെയ്യുന്നതാണ്.

MR. P. KUNJUKRISHNAN (*Quilon II—General*) : നഷ്ടമാണോ ലാഭമാണോ എങ്ങനെയാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്?

HON' BLE MR. T. M. VARGHESE : *അങ്ങനെയൊന്നും പറയേണ്ട ആവശ്യമില്ല. നഷ്ടമുണ്ടെന്നറിയാം, അതെത്രയാണെന്നും എങ്ങനെ വന്നുവെന്നും കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുന്നതിനാണ് മി: ശങ്കരനെ ചുമതലപ്പെടുത്തിയിരുന്നത്.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) . What was the point on which the Commissioner was asked to report? I mean the terms of reference.

HON' BLE MR. T. M. VARGHESE ആവശ്യപ്പെടാതെതന്നെ ചില വിശദീകരണങ്ങൾ ഇവിടെ നൽകിയതിന്റെ അബദ്ധം ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞു. നഷ്ടമുണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാം. അതെങ്ങനെയുണ്ടായി, ആരിൽനിന്നുണ്ടായി, അതു പരിഹരിക്കാനുള്ള മാർഗ്ഗങ്ങളേതെല്ലാമാണ് എന്നു കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുവാനാണ് മി: ശങ്കരനോടാവശ്യപ്പെട്ടിരുന്നത്.

MR. K. A. GANGADHARA MENON (*Nedumangad—I General*): മി. രാമമൂർത്തിയെ സംബന്ധിച്ചിടത്തോളം ഗൗരവതരമായ കുറ്റാരോപണങ്ങൾ ഉണ്ടെന്ന് ആ റിപ്പോർട്ടിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിക്കു മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

HON' BLE MR. T. M. VARGHESE : റിപ്പോർട്ടിന്റെ ഉള്ളടക്കം പരസ്യപ്പെടുത്താൻ നിവൃത്തിയില്ല. അതിനാൽ ആ റിപ്പോർട്ടിനെപ്പറ്റി—അതിലെ വിശദാംശങ്ങളെപ്പറ്റി—പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു പ്രസ്താവനയും ചെയ്യാൻ നിവൃത്തിയില്ല.

MR. K. P. NILAKANTA PILLAI : നഷ്ടം ഉണ്ടായിട്ടുണ്ടെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

HON' BLE MR. T. M. VARGHESE : അതിന്റെ ആവശ്യം ഇല്ല. നഷ്ടം എത്ര ഉണ്ടായി എന്നും എങ്ങനെയുണ്ടായി എന്നും അന്വേഷിക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ട് നഷ്ടമുണ്ടായിട്ടുണ്ടോ ഇല്ലയോ എന്ന ഫൈൻഡിംഗ്സിന്റെ ആവശ്യംതന്നെ ഇല്ല.

MR. K. P. NILAKANTA PILLAI : എത്ര തുക നഷ്ടം വന്നു എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

MR. PRESIDENT : അത് അനാവശ്യമല്ല.

MR. A. P. UDAYABHANU : ഇങ്ങനെ ഒരു റിപ്പോർട്ട് ആവശ്യപ്പെടാനുള്ള കാരണമെന്താണ്?

HON' BLE MR. T. M. VARGHESE : നഷ്ടം ഉണ്ടായതുകൊണ്ട്.

MR. P. K. KUNJU (*Karunagappally II—Muslim*) : നഷ്ടമുണ്ടായതുകൊണ്ട് മി: രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്താനുണ്ടായ കാരണമെന്താണ്?

HON' BLE MR. T. M. VARGHESE : മി: രാമമൂർത്തി ആ ഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായതുകൊണ്ട്.

Quilon-Alleppey Line.

16. MR. T. K. NARAYANA PILLAI: Will the Honourable Minister for Transport be pleased to state:

(*a*) whether the State Transport Department has applied for permission to run buses on the Quilon-Alleppey line;

(*b*) whether such permission has been given; and

(*c*) if such permission has not been granted, the reasons for such refusal?

HON' BLE MR. T. M. VARGHESE : (എ) അപേക്ഷിച്ചിട്ടുണ്ട്.

(ബി) ചോദിച്ചിട്ടുള്ള അനുവാദം ഇതുവരെ കൊടുത്തിട്ടില്ല.

(സി) അനുവാദം കൊടുക്കാതിരിക്കാനുള്ള കാരണം പെട്രോളിന്റെ ദൗർലഭ്യമാണ്.

MR. T. K. NARAYANA PILLAI : കൊല്ലം—ആലപ്പുഴ ലൈനിൽ എക്സ്പ്രസ് ബസ്സുകൾ ഓടിക്കുവാൻ അനുവദിച്ചസമയം പെട്രോളിന്റെ ദൗർലഭ്യം ഉണ്ടായിരുന്നില്ലേ?

HON'BLE MR. T. M. VARGHESE : അപ്പോഴും പെട്രോൾക്ഷാമം ഉണ്ടായിരുന്നു എങ്കിലും ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ച് എക്സ്പ്രസ്സ് ബസ്സുകളെ ഓടിച്ചു. അതിനുശേഷം പെട്രോളിന്റെ നില വളരെ മുക്ക

[Hon' ble Mr. T. M. Varghese]

തരമായിത്തീരുന്നു. പെട്രോൾ ദൗർലഭ്യം തീർന്നു കഴിഞ്ഞാൽ ആ ലൈനിൽക്കൂടി ട്രാൻസ്പോർട്ടുസർവീസ് നടത്താൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ട്.

MR. P. S. MUHAMMED (*Muvattupuzha II—Muslim Reserved)*: ഏതുമാ ങ്ങിലാണ് കൊല്ലം—ആലപ്പുഴ ലൈനിൽ എക്സ്പ്രസ്സ് സർവീസ് നടപ്പിലാക്കിയതു.

HON'BLE MR. T. M. VARGHESE : മന്ത്രിസഭ രൂപീകരിക്കുന്നതിനു മുമ്പാണെന്നാണ് അറിവ്. അതിനുശേഷം ഉണ്ടായ പെട്രോൾക്ഷാമം നിമിത്തം മററു ലൈനുകളിൽക്കൂടി ട്രാൻസ്പോർട്ടു സർവ്വീസ് ഏർപ്പെടുത്തണമെന്നുള്ള ഗവണ്മെൻറിൻെറ ആഗ്രഹം ഫലപ്രാപ്തിയിൽ വരുത്താൻ കഴിഞ്ഞില്ല.

MR. K. A. GANGADHARA MENON : ആ ലൈനിൽ ഓടുന്ന പ്രൈവററു ബസ്സുകൾക്ക് പെട്രോൾ അനുവദിക്കുന്നുണ്ടോ ?

HON'BLE MR. T. M. VARGHESE : ഉണ്ട്. വളരെ കുറച്ചു പെട്രോൾ മാത്രമേ അനുവദിച്ചിട്ടുള്ളു. അത്രയും പെട്രോൾകൊണ്ട് ഗവർമെൻറു ട്രാൻസ്പോർട്ടുസർവീസ് നടത്തുന്നപക്ഷം അത്യാവശ്യത്തിനു ഒട്ടും മതിയാകുകയില്ല. അപ്രകാരം തീരെ അപര്യാപ്തമായ സർവീസ് ഏർപ്പെടുത്താൻ ഗവണ്മെൻറു തുനിയുന്നതു ആക്ഷേപകരമായിരിക്കും. അതിനാൽ ഗവണ്മെൻറ് അതിലേയ്ക്കു തുനിഞ്ഞില്ല.

MR. K. A. MUHAMMED(*Quilon IV—Muslim Reserved*) : ഗ്യാസ്പ്ലാൻറുവച്ച ബസ്സുകൾ ആ ലൈനിൽ ഓടിക്കുവാൻ അനുവദിക്കരുതോ ?

HON'BLE MR. T. M. VARGHESE : ഗ്യാസ് പ്ളാൻറുകൾവച്ച ബസ്സുകൾകൊണ്ട് സർവീസു നടത്തുവാൻ കഴിയുന്ന ഒരു ലൈൻ ആണ് കൊല്ലം ആലപ്പുഴ ലൈൻ. ഈയാണ്ടു ജൂലൈമാസം അവസാനത്തോടുകൂടി മുപ്പതിൽപരം ബസ്സുകൾ ഗ്യാസ്പ്ളാൻറുകൾ ഫിററ് ചെയ്യും. അപ്പോൾ ആ ലൈനിൽ ബസ്സുസർവ്വീസുകൾ നടത്താനുള്ള സാദ്ധ്യതയുണ്ടോ എന്നു നോക്കുന്നതാണ്.

Bus owners' conference.

17. MR. T. K. NARAYANA PILLAI : Will the Honourable Minister for Transport be pleased to state :

(*a*) whether a conference of private bus owners and Government representatives was held, and

(*b*) if so, whether any conclusions or decisions were arrived at in the conference ?

HON'BLE MR. T. M. VARGHESE : ഇങ്ങനെ പ്രൈവററു ബസ്സുടമസ്ഥന്മാർ ട്രാൻസ്പോർട്ട് അധികൃതന്മാർ ഗവണ്മെൻറുദ്യോഗസ്ഥന്മാർ ഇവർ ചേർന്നു ഒരു കാൺഫറൻസ് നടത്തിയിട്ടുണ്ട്. ആ കാൺഫറൻസിനെ സംബന്ധിച്ചുള്ള മുഴുവൻ വിവരങ്ങളും മേശപ്പുറത്തുവച്ചിട്ടുണ്ട്.

MR. P. K. KUNJU : എത്ര ബസ്സുടമസ്ഥന്മാരെ ആ കാൺഫറൻസിൽ ക്ഷണിക്കപ്പെട്ടിരുന്നു എന്നു പറയാമോ?

HON'BLE MR. T. M. VARGHESE : അറിയപ്പെട്ട എല്ലാ ബസ്സുടമസ്ഥന്മാരെയും ക്ഷണിച്ചിരുന്നു. ചിലരെ വിളിച്ചിട്ടില്ലായിരിക്കാം. അതു വിളിക്കേണ്ട ആവശ്യമില്ലെന്നു കരുതിയല്ല. ഗവണ്മെൻറിൻെറ അറിവിൽപ്പെട്ട എല്ലാവരെയും വിളിച്ചിട്ടുണ്ട്. ഒന്നോരണ്ടോപേർ ക്ഷണിക്കപ്പെട്ടവരുടെ ലിസ്റ്റിൽ വിട്ടുപോയിട്ടുണ്ടോ എന്നു നിശ്ചയമില്ല.

MR. P. K. KUNJU : അവരുടെ എത്ര പേരെ മാത്രമാണ് ക്ഷണിച്ചിരുന്നതെന്ന് അറിയാമോ?

HON'BLE MR. T. M. VARGHESE : എത്ര പേരെയാണു വിളിച്ചിരുന്നതെന്നുതന്നെ ഇപ്പോഴും നിശ്ചയമില്ല. കഴിവുള്ള എല്ലാ പേരെയും ക്ഷണിച്ചിട്ടുണ്ടെന്നാണ് ഗവണ്മെൻറിൻെറ വിശ്വാസം, അതാണു ബോദ്ധ്യവും. ഏതെങ്കിലും ആളുകളെ ക്ഷണിക്കാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ അതുകൊണ്ട് ഉണ്ടായിട്ടുള്ള കുറവു നികത്താൻ അപ്പോൾകൂടി അടുത്തു കൂടുന്ന ഇതുപോലെയുള്ള കാൺഫറൻസുകളിൽ ക്ഷണിക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുന്നതാണ്.

MR. P. K. KUNJU : കമ്പനി ഉടമസ്ഥന്മാരെയും വിളിച്ചിട്ടില്ലെന്നു അറിയാമോ?

HON'BLE MR. T. M. VARGHESE : അറിഞ്ഞുകൂടാ.

MR. P. T. CHACKO (*Kottayam II General*) : ഗവണ്മെൻറിൻെറ അറിവിൽപെടാത്ത ബസ്സുടമസ്ഥന്മാർ ഉണ്ടോ?

HON'BLE MR. T. M. VARGHESE : ഉണ്ട്. ക്ഷണിക്കപ്പെടേണ്ടവരായി അറിയപ്പെട്ടവർ എന്നാണ് പറഞ്ഞത്. ഒററ ഒററ ബസ്സുടമസ്ഥന്മാർ വേറെ ഉണ്ടായിരിക്കും.

Scindia Steam Navigation Co.

8. MR. T. K. NARAYANA PILLAI (*Parur II—General*) : Will the Honourable Minister for Export and Import be pleased to state :

(*a*) whether any agreement or contract has been entered into with the Scindia Steam Navigation Co., regarding transport by water ; and

(*b*) if so, the terms of such agreement or contract?

HON'BLE MR. A. THANU PILLAI : (a) No. (b) Does not airse in view of reply to (a).

MR. K. A. MUHAMMED : ഗവൺമെൻറിന് ഒന്നോ രണ്ടോ സ്റ്റൂണർ ഉണ്ടായിരുന്നില്ലേ ?

HON'BLE MR. A. THANU PILLAI : ആ ചോദ്യം ഇതിൽനിന്നു വരുന്നില്ല

MR. K. R. ELANKATH (*Trivandrum IV—General*) : സിൻഡ്യാസ്റ്റീം നാവിഗേഷൻ കമ്പനി എന്ന പേരിൽ ഒരു കമ്പനി ഇവിടെ ഉണ്ടോ ?

HON'BLE MR. A. THANU PILLAI : ആ കമ്പനി ലോകമൊട്ടുക്കു പ്രവർത്തിക്കുന്ന ഒരു കമ്പനിയാണ്. ഇവിടെ മാത്രമുള്ളതല്ല.

Price of food Grains.

19. MR. ABDUL AZIZ : (*Trivandrum I—Muslim*) : Will the Honourable Minister for Food be pleased to state ;

(*a*) on what basis did the Government recently raise the control price of foodgrains ;

(*b*) whether this was intended to relieve the Government of its loss or to benefit the people ;

(*c*) whether the Government are aware that the blackmarket price is shooting up every day since the raising of the control price;

(*d*) what further steps do Government propose to take to stop black-marketing.

HON'BLE MR. A. THANU PILLAI : (*a*) The price was raised to compensate to some extent the loss of Government in the purchase and sale of rice.

(*b*) The price is fair to the consumer and to the Government.

(*c*) No.

(*d*) To exercise greater control over the retail and wholesale distributors of rationed foodgrains they have been asked to furnish enhanced security. The Inspecting Officers have also been directed to take stringent action against black-marketing.

MR. ABDUL AZIZ : ഈ നഷ്ടം പരിഹരിക്കുന്നതിന് വേണ്ടി ജനകീയ ഗവൺമെൻറു വരുന്നതിന് മുമ്പുള്ള ഗവൺമെൻറു എന്തെങ്കിലും നടപടികൾ നടത്തിയിരുന്നുവോ ?

HON'BLE MR. A. THANU PILLAI : മുൻപിലത്തെ ഗവൺമെൻറു ഈ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും നടത്തിയതായി കാണുന്നില്ല.

MR. ABDUL AZIZ : അതിനുള്ള ഉത്തരവാദിത്വം ആരിലാണ് സ്ഥിതി ചെയ്യുന്നതു്?

HON'BLE MR. A. THANU PILLAI : അന്നത്തെ ഗവണ്മെൻറു ചെയ്യാതിരുന്നതിനുള്ള ഉത്തരവാദിത്വം ആ ഗവണ്മെൻറിന് തന്നെയാണ്.

MR. ABDUL AZIZ : ആ നഷ്ടപരിഹാരത്തിനു ആരുടെ പേരിലെങ്കിലും നടപടിനടത്തണമെന്ന് ഗവണ്മെൻറ് ആഗ്രഹിക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : ആ നഷ്ടത്തിനു അന്നത്തെ ഗവണ്മെൻറ് ഉത്തരവാദിയാകുന്നതല്ല. നഷ്ടം പരിഹരിക്കുവാൻവേണ്ടി അന്നത്തെ ഗവണ്മെൻറിന്ന് അരിയുടെ വില കൂട്ടാമായിരുന്നു. അന്നു ഗവണ്മെൻറു അതു ചെയ്തില്ലെന്നേയുള്ളു. അതിനു പകരം ഗവണ്മെൻറു നഷ്ടപ്പെട്ടും വിലകുറച്ചു അരി ജനങ്ങൾക്കു കൊടുക്കുകയാണ് ചെയ്തതു്. അതു കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്കാണുണ്ടായതു്.

MR. ABDUL AZIZ : ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന അരി മാററി വില കുറഞ്ഞ അരി നമുക്കു കിട്ടുവാൻ മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ ഉണ്ടോ എന്നു ഗവണ്മെൻറു ആലോചിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : നമുക്കു അരി കിട്ടുന്നതു ഇൻഡ്യാ ഗവണ്മെൻറിൽനിന്നുമാണ്. അല്ലാതെ അരി കിട്ടുവാൻ വേറെ മാർഗ്ഗമൊന്നുമില്ല. ഇൻഡ്യാഗവണ്മെൻറു ചെയ്തിരിക്കുന്ന ഏർപ്പാടു ഇൻഡ്യയ്ക്കു് പുറമെനിന്നും ഇറക്കുമതി ചെയ്യുന്ന അരി തിരുവിതാംകൂറിന് നൽകുക എന്നതാണ്. അതിനു വച്ചിരിക്കുന്ന വില നോക്കിയാൽ നാം ഇവിടെ വില കൂട്ടുന്നതിനു മുൻപുള്ള വിലയ്ക്കു ആ അരി വിൽക്കുന്ന പക്ഷം ഒരു ദിവസം ഒരു ലക്ഷത്തിൽപരം രൂപാ ഗവണ്മെൻറു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നു കാണാം. അങ്ങനെ എത്രനാളും കാലം ഗവണ്മെൻറു നഷ്ടം സഹിച്ചു. ഇങ്ങനെ ഭീമമായ നഷ്ടം തുടർന്നു കൊണ്ടുപോവാൻ നിവൃത്തിയില്ലെന്നു കണ്ടതുകൊണ്ടാണ് ഗവണ്മെൻറു അരിയുടെവില കൂട്ടിയതു്. അങ്ങനെ ചെയ്തില്ലെങ്കിൽ ഈ തുക ഗവണ്മെൻറുതന്നെ സഹിക്കുക എന്നല്ലാതെ മററു പോംവഴി ഒന്നും ഉണ്ടായിരുന്നില്ല. അരിയുടെ വില കുറച്ചു കിട്ടുവാൻ മാർഗ്ഗമൊന്നുമില്ല.

MR. A. P. UDAYABHANU : തിരുവിതാംകൂർ ഗവണ്മെൻറിനു പുറരാജ്യങ്ങളിൽനിന്നും പ്രത്യേകം ഏർപ്പാടുചെയ്തു അരി വരുത്തുന്നതോ?

HON'BLE MR. A. THANU PILLAI : ഇന്നത്തെ നിലയ്ക്കു ഗവണ്മെൻറിനു പുറരാജ്യങ്ങളിൽനിന്നും അരി വരുത്തുവാൻ സാധിക്കുകയില്ല.

MR. A. P. UDAYABHANU : ഇൻഡ്യാഗവൺമെൻറിൽ നിന്നല്ലാതെ അരി വിതരണം ചെയ്യുന്ന മററു സംഘടനകളൊ ഏജൻസികളൊ ഇല്ലേ ?

HON'BLE MR. A. THANU PILLAI : ഇന്നത്തെ നിലയിൽ ഇല്ല. പിന്നെ world pool ഉണ്ടു. അവർ ഈ കാര്യത്തിൽ ഇൻഡ്യാഗവൺമെൻറിനെ സഹായിക്കുകയാണ് ചെയ്യുന്നതു്.

MR. K. SIVARAMA PILLAI (*Thovala—General*) : *இந்தியாவுக்கு வெளியிலிருந்தும், இந்தியாவுக்கு உள்ளிருந்தும் வரும் அரிசிக்கு எவ்வளவு விலை என்று தெரியுமா ?*

HON'BLE MR. A. THANU PILLAI : ഇൻഡ്യയിൽ പല സ്ഥലത്തും അരിക്കു പല വിലയാണ്. ഇൻഡ്യയിൽനിന്നും ആവശ്യത്തിൽ കവിഞ്ഞു മിച്ചം വരുന്ന ഭക്ഷ്യധാന്യങ്ങളുള്ള പ്രാവിൻസുകളിൽ ഉള്ള ഭക്ഷ്യധാന്യങ്ങളും പോരാതെ വരുന്ന മററു പ്രാവിൻസുകളിലേയ്ക്കു അയയ്ക്കുന്നുണ്ടു്. ഈ ഏർപ്പാടു ചെയ്യുന്നതും ഇൻഡ്യാഗവൺമെൻറുതന്നെയാണ്. അങ്ങനെ ഇൻഡ്യയ്ക്കു അകത്തുള്ള പ്രാവിൻസുകളിൽനിന്നും ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങളും തിരുവിതാംകൂറിനാകട്ടെ, കൊച്ചിക്കാകട്ടെ കിട്ടുന്നില്ല. ബർമ്മയിൽനിന്നു വരുന്ന അരി മാത്രമെ തിരുവിതാംകൂറിനും കൊച്ചിക്കും കിട്ടുന്നുള്ളൂ. എന്നാൽ, അടുത്ത കാലത്തു കഴിവുള്ളിടത്തോളം ഇൻഡ്യയിലെ മററു പ്രാവിൻസുകളിൽനിന്നും ലഭിക്കുന്ന അരി നമുക്കും തരണമെന്ന് ഈ ഗവൺമെൻറ് ഇൻഡ്യാഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടു്. തീരുമാനം ഒന്നും ആയിട്ടില്ല.

MR. V. GANGADHARAN NAIR (*Quilon III—Gaenerl*) : ഇൻഡ്യാഗവൺമെൻറിനു തിരുവിതാംകൂർ ഗവൺമെൻറിനോടും കൊച്ചി ഗവൺമെൻറിനോടും വല്ല വിരോധവും ഉണ്ടായിട്ടുണ്ടോ ? പ്രാവിൻസുകളിൽനിന്നും ശേഖരിക്കുന്ന അരി ഈ രണ്ടു രാജ്യങ്ങൾക്കും കൊടുക്കുകയില്ലെന്നു ഇൻഡ്യാഗവൺമെൻറു വിചാരിക്കുന്നതെന്തുകൊണ്ടാണ് ?

HON'BLE MR. A. THANU PILLAI : ഞാൻ അറിഞ്ഞിടത്തോളം ഇൻഡ്യാഗവൺമെൻറിന് ഒരു ഗവൺമെൻറുകളോടും വിരോധമില്ല. ഇൻഡ്യാഗവൺമെൻറു പ്രാവിൻസുകളോടു കൂടുതൽ കടപ്പെട്ടിരിക്കുന്നതുകൊണ്ടു് പ്രാവിൻസുകളിൽനിന്നു ശേഖരിക്കുന്ന അരി ആദ്യമേ അവക്കു നൽകുന്നവെന്നേയുള്ളു. ഇൻഡ്യാഗവൺമെൻറു മനഃപൂർവ്വമായി അങ്ങനെ ചെയ്യുന്നുവെന്ന് ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിനും കൊച്ചിക്കുംകൂടി പ്രാവിൻസിൽനിന്നും ശേഖരിക്കുന്ന അരി തരണമെന്ന് ഇപ്പോൾ ഈ ഗവൺമെൻറു ഇൻഡ്യാഗവൺമെൻറിനോടു ആവശ്യപ്പെട്ടിരിക്കുകയാണ്.

MR. A. CHIDAMBARANATHA NADAR : *நஷ்டபரிகாரம் செய்யவேண்டுமென்று நெல்லினுடையவும் அரிசியினுடையவும் விலையைக் கூட்டின காரணத்தால் கருஞ்சந்தை நின்றுவிடும் என்று நினைக்கிறீர்களா?*

HON'BLE MR. A. THANU PILLAI : അരിക്കു വിലകൂട്ടിയതുകൊണ്ടു കരിഞ്ചന്ത വർദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

MR. K. R. ELANKATH : ഗവൺമെൻറിനുണ്ടായിക്കൊണ്ടിരിക്കുന്ന ഈ നഷ്ടം നികത്തുവാൻ ഈ ഗവൺമെൻറു എപ്പോഴെങ്കിലും ഇൻഡ്യാഗവൺമെൻറിനോട് സഹായം അപേക്ഷിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഉണ്ട്. പ്രാവിൻസുകളിൽനിന്നും ഇൻഡ്യാഗവൺമെൻറു ശേഖരിക്കുന്ന അരി മററു പ്രാവിൻസുകളിലേക്കു വില കുറച്ചു കൊടുക്കുന്നുണ്ടെങ്കിലും അതുകൊണ്ടു തികയാതെ വരുന്ന പ്രാവിൻസുകളിൽ പുറത്തുനിന്നും വരുത്തുന്ന അരികൂടി കൊടുക്കുന്നുണ്ട്. ആ അരിക്കു വില കൂടുതലുണ്ട്. വിലകുറച്ചു വിൽക്കുന്നതു നിമിത്തം ആ അരിവാങ്ങിക്കുന്നതുകൊണ്ടു പ്രാവിൻസുകൾക്കും നഷ്ടമുണ്ടായിട്ടുണ്ട്. തിരുവിതാംകൂറിനുള്ളിടത്തോളം ഇല്ലെന്നേയുള്ളു. പ്രാവിൻസുകളിലുള്ള ഈ നഷ്ടം നികത്താൻ ആ നഷ്ടത്തിൻെറ മൂന്നിൽ രണ്ടു തുക ഇൻഡ്യാഗവൺമെൻറു പ്രാവിൻസുകളിലേക്കു സബ്സിഡിയായിട്ടു കൊടുക്കുന്നുണ്ട്. അങ്ങനെയുള്ള സബ്സിഡി നമുക്കു കിട്ടുന്നില്ല. നമുക്കുംകൂടി സബ്സിഡി കിട്ടണമെന്ന് ഈ ഗവൺമെൻറ് ഇൻഡ്യാഗവൺമെൻറിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തീരുമാനമൊന്നും ഉണ്ടായിട്ടില്ല.

MR. A. NESAMONY (*Vilavancode S. I. U. C. Reserved*) : Surplus Province *லிருந்து நமக்கு அரிசி கிடைத்துக் கொண்டிருந்ததா?*

HON'BLE MR. A. THANU PILLAI : മുൻപു സർപ്ലസ് പ്രാവിൻസുകളിൽനിന്ന് നമുക്കു അരി ലഭിച്ചു കൊണ്ടിരുന്നു. എന്നാൽ ഇൻഡ്യയിൽ ഒട്ടാകെ അരിക്കു ക്ഷാമം വർദ്ധിച്ചു വന്നതോടുകൂടി നമുക്കു പുറമെ നിന്നുള്ള അരിയാണു തന്നുകൊണ്ടിരിക്കുന്നതു്. ഈയാണ്ടിൽ ൫,൦൦൦ ടൺ അരി ഒറിസായിൽനിന്നും കിട്ടിയിട്ടുണ്ട്. അതൊഴിച്ചാൽ ബാക്കിയുള്ള അരി മുഴുവൻ പുറത്തുനിന്നും കിട്ടിയിട്ടുള്ളതാണ്.

MR. A. NESAMONY : *மைசூர் கவர்ன்மென்டுக்கு என்ன கணக்கில் அரிசி கொடுக்கிறார்கள் என்று தெரியுமா?*

HON'BLE MR. A. THANU PILLAI : മൈസൂർ ഗവൺമെൻറിനു അരി വളരെ ആവശ്യമില്ല. ആവശ്യമുണ്ടെങ്കിൽതന്നെയും മൈസൂർ ഗവൺമെൻറിനു് പുറത്തുനിന്നാണോ പ്രാവിൻസിൽനിന്നാണോ അരി കിട്ടുന്നതെന്നു് തീർച്ചയില്ല. ഈയിടെ ഡൽഹിയിൽവച്ചു നടന്ന ഫുഡ്

[Hon'ble Mr. A. Thanu Pillai]

കാൺഫറൻസിൽ മൈസൂറിന് വളരെ വളരെ കുറച്ചു അരിയെ ആവശ്യമുള്ളു എന്നു പറഞ്ഞു. അരിയെ സംബന്ധിച്ചിടത്തോളം മൈസൂർ, തിരുവിതാംകൂറിനെപ്പോലെ ഒരു ഡെഫിസിററു പ്രാവിൻസല്ല.

MR. A. NESAMONY : Surplus province களிலிருந்தும் மற்ற அன்னிய நாடுகளிலிருந்தும் அரிசியை நமக்குத் தந்த காலத்தில் இந்த சர்க்கார் ஏதாவது எதிர்த்து நடபடி நடத்தினதுண்டா?

HON'BLE MR. A. THANU PILLAI : അതിനെ എല്ലാകാലത്തും ഗവണ്മെൻറു കഴിയുന്നതും എതിർത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ നമുക്കു മററുചില കാരണങ്ങളും കൂടിയുണ്ട്. ബർമ്മയിൽനിന്നും വരുന്ന അരി നമ്മുടെ തുറമുഖത്തു അടുപ്പിച്ചു ഇവിടെ വരുത്തണം. മിക്കവാറും കൊച്ചി തുറമുഖത്തായിരിക്കും കപ്പൽ അടുക്കുന്നതു്. അവിടെനിന്നും രാജ്യത്തിൻെറ നാനാഭാഗത്തും അരി എത്തിക്കണം. അതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും, കൂടുതലായി നാം വഹിക്കണം. ട്രാൻസ്പോർട്ടിൻെറ അസൌകര്യങ്ങളും ഉണ്ട്. പിന്നെ, പ്രാവിൻസുകളിലെ സ്ഥിതിയും സ്റ്റേറ്റിലെ സ്ഥിതിയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഇൻകംടാക്സു, കസ്റ്റംസ് ഇതൊക്കെ പ്രാവിൻസുകളെ സംബന്ധിച്ചിടത്തോളം സെൻട്രൽ റവന്യൂ അല്ല. ഇങ്ങനെയുള്ള കാരണങ്ങളാൽ സ്റ്റേറ്റുകൾക്കുംകൂടി സബ്സിഡി കിട്ടുവാൻ അവകാശമുണ്ടെന്നും, കിട്ടേണ്ടതാണെന്നും ഈ ഗവണ്മെൻറു ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്.

MR. A. NESAMONY ; Instrument of Accession ல் இந்தமாதிரியானதிற்குக் குறைத்துத் தரவேண்டுமென்ற விவஸ்தைகள் உண்டா?

HON'BLE MR. A. THANU PILLAI : ഇല്ല.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*) : ഇതിന് മുമ്പ് നമുക്കു സബ്സിഡി തന്നിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഇല്ല.

MR. MAJID MARIKKAR (*Kunnathnad I—Muslim*) : അരിയുടെ വില കൂട്ടിയതിനു അനുസരണമായി തിരുവിതാംകൂർ ഗവണ്മെൻറു ഇവിടെ നിന്നും എടുക്കുന്ന നെല്ലിനു വില കൂട്ടിയിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഇല്ല.

MR. E. JOHN PHILIPOSE (*Thiruvalla III—General*) : സർ സി. പി. രാമസ്വാമി അയ്യരവർകളുടെ സ്വതന്ത്രതിരുവിതാംകൂർ പ്രഖ്യാപനം അരിയുടെ വിലകൂട്ടുന്നതിനെ സംബന്ധിച്ചുള്ള ഇൻഡ്യാഗവണ്മെൻറിൻെറ നയത്തെ ബാധിച്ചിട്ടുള്ളതായി വിചാരിക്കാമോ?

HON'BLE MR. A. THANU PILLAI : അങ്ങനെ വിചാരിക്കുവാൻ തരമില്ല. എന്തെന്നാൽ, കൊച്ചിക്കും വില കൂടിയ അരിയാണല്ലോ കിട്ടുന്നതു്.

MR. R. V. THOMAS (*Meenachil II—General*) : ഇൻഡ്യാഗവണ്മെൻറു പുതിയ നയം പ്രയോഗിച്ചിട്ടുള്ളതു് ആദ്യമായി തിരുവിതാംകൂർ ഗവണ്മെൻറിനോടാണോ?

HON'BLE MR. A. THANU PILLAI : തിരുവിതാംകൂറിനോടും കൊച്ചിയോടും ഒരുമിച്ചാണു്.

MR. K. SIVARAMA PILLAI : 1948—க்கு முன் வாங்கின விலைக்குக் குறைவாக எப்போதாவது விற்றதுண்டா?

HON'BLE MR. A. THANU PILLAI : ഇതിനു മുൻപു കിട്ടുന്ന വിലയേക്കാളും കുറച്ചാണു് അരി കൊടുത്തുകൊണ്ടിരുന്നതു്. അങ്ങനെ ഏതാനും മാസങ്ങളും കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു.

MR K. SIVARAMA PILLAI (*Thovala—General*) : 1947க்கு முன் வாங்கினது எவ்வளவு? விற்றது எவ்வளவு என்று சொல்லமுடியுமா?

HON'BLE MR. A. THANU PILLAI : I claim notice.

MR. P. THANULINGOM NADAR : (*Agasteeswaram Hindu Nadar—Reserved*) நாஞ்சிநாட்டிலிருந்து வாங்கப்படும் நெல்லை வாங்கின விலைக்குக்கூடுதலாகக் கொடுக்கப்படுகிறதா?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസുവേണം.

MR. P. THANULINGOM NADAR : இந்தக் கண்ட்ரோலை யெடுக்க சர்க்காருக்கு ஏதாவது அபிப்பிராயமுண்டா?

HON'BLE MR. A. THANU PILLAI : അതു ഇൻറൻഷൻ സംബന്ധിച്ചുള്ള ചോദ്യമാണു്.

MR. EAPEN ARAKKAL (*Ambalapuzha I—Latin catholic*) : അരിയുടെ വില കൂട്ടിയതു് അനുസരിച്ചു് നെല്ലിൻെറ വില കൂട്ടിക്കൊടുക്കുന്നില്ലെന്നു ബഹു: മന്ത്രി ഇവിടെ പ്രസ്താവിച്ചതായി കേട്ടു. അതിനുള്ള കാരണം എന്താണെന്നു പറയുമോ?

HON'BLE MR. A. THANU PILLAI : അങ്ങനെയൊന്നും ഞാൻ പ്രസ്താവിച്ചിട്ടില്ല.

MR. EAPEN ARAKKAL : അരിക്കു വില കൂട്ടിയതനുസരിച്ചു് ഈ നാട്ടിലെ കർഷകരിൽനിന്നും നെല്ലെടുക്കുമ്പോഴും കൂടുതൽ വില കൊടുക്കുന്നുണ്ടോ?

HON'BLE MR. A. THANU PILLAI : ഇപ്പോഴുംതന്നെ നെല്ലുവില വളരെ കൂടുതലായിട്ടാണു കൊടുക്കുന്നതു്.

Price of rice.

20. MR. V. K. VARGHESE (*Pathanamthitta III—General*): Will the Honourable Minister for food be pleased to state :

(*a*) the price of rice per ton in Cochin;

(*b*) the price of rice per ton in Travancore; and

(*c*) what the reason is for the excess price in Travancore?

HON'BLE MR. A. THANU PILLAI : (*a*) Bh. Rs. 416,

(*b*) do. 584-8-0.

(*c*) The main reasons for the excess price of rice in Travancore are that we are not subsidised to the same extent as Cochin and that we have to incur transport and incidental charges from Cochin to Trivandrum.

MR. V. K. VARGHESE : ഓരോ സ്ഥലത്തേക്കും അരി കൊണ്ടുവരുന്നതിനു ചിലവായിട്ടുള്ള തുകയെപ്പറ്റി പറയാൻ സാധിക്കുമോ?

HON'BLE MR. A. THANU PILLAI : ഓരോ സ്ഥലത്തേയ്ക്കും അരി കൊണ്ടുവരുന്നതിന് കൂലിച്ചെലവു എന്തായെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കാരണം ഓരോ സ്ഥലത്തിന്റെയും ദൂരം അനുസരിച്ചു കൂലി കൂടിയും കുറഞ്ഞും ഇരിക്കും.

Food Control.

21. MR. V. K. VARGHESE : Will the Honourable Minister for Food be pleased to state what the total expense was for the year 1122 for the food control?

HON'BLE MR. A. THANU PILLAI : Rs. 9,99,071.

Statues of Sir C. P. Ramaswamy Aiyar.

22. MR V. K VARGHESE : Will the Honourable Minister for political and General be pleased to state :

(*a*) whether the Government have got any representation that the statues of Sir C. P. Ramaswamy Aiyar erected in the State should be removed: and

(*b*) what steps, if any, the Government intends to take on it?

HON'BLE MR. A THANU PILLAI : (*a*) No.

(*b*) In view of the answer to part (a) this question does not arise.

MR. V. K. VARGHESE : തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ പണത്തിൽനിന്നും ഒരംശം ഈ വകയ്ക്കായിട്ടു ചെലവായിട്ടുണ്ടെന്നറിയാമോ?

HON'BLE MR. A. THANU PILLAI : അങ്ങനെ ചെലവാകുന്നില്ല.

MR. K. R. ELANKATH : എ. റി. സി. സി_യിൽ പ്രതിമയെപ്പറ്റി പാസ്സാക്കിയിട്ടുള്ള പ്രമേയം ഗവണ്മെന്റിലേക്കു വന്നിട്ടുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ?

HONOURABLE MR. A. THANU PILLAI : ഗവണ്മെൻറിലേക്കു വന്നിട്ടില്ല.

MR. V. K. VARGHESE : പ്രതിമ സൂക്ഷിക്കുന്നതിനുവേണ്ടി പോലീസുകാർക്കു ശമ്പളം കൊടുക്കുന്നുണ്ടെന്നറിയാമോ?

HONOURABLE MR. A. THANU PILLAI : അറിയാം.

MR. P. T. CHACKO : ഈ പ്രതിമ സൂക്ഷിക്കുന്നതിന് എത്ര പോലീസുകാരെ നിയമിച്ചിട്ടുണ്ടെന്നറിയാമോ?

HONOURABLE MR. A. THANU PILLAI : അതു നിശ്ചയമില്ല.

MR. T. K. NARAYANA PILLAI : തിരുവനന്തപുരം കാർപ്പറേഷനിൽ നിന്നും ഈ പ്രതിമ മാററണമെന്ന് കാണിച്ച ഒരു പ്രമേയം പാസ്സാക്കിയതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HONOURABLE MR. A. THANU PILLAI : I claim notice.

MR. P. K. KUNJU : ലോകത്തെവിടെയെങ്കിലും പ്രതിമകൾ സൂക്ഷിക്കുന്നതിനു പോലീസുകാവൽ ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

HONOURABLE MR. A. THANU PILLAI : അറിഞ്ഞുകൂടാ.

MR. G. RAMACHANDRAN (*Neyyattinkara III—General*) : ചില പ്രതിമകളെ എങ്കിലും അതിരിക്കുന്ന സ്ഥലത്തുനിന്നും മാററുന്നതിനു ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ?

HONOURABLE MR. A. THANU PILLAI : ഗവണ്മെൻറു ആലോചിക്കാം.

MR. ABDUL AZIZ : സർ സി. പി. യുടെ പ്രതിമ സൂക്ഷിക്കാൻ പോലിസുകാരെയൊ, പട്ടാളക്കാരെയോ നിയമിക്കാൻ വല്ല കാരണവുമുണ്ടെന്നറിയാമോ?

HONOURABLE MR. A. THANU PILLAI : യാതൊരു കാരണവുമില്ല.

MR. ABDUL AZIZ : അങ്ങനെയാണെങ്കിൽ സർ ടി. മാധവരായരുടെ പ്രതിമ സൂക്ഷിക്കാൻ രണ്ടു പോലീസുകാരെ ആക്കാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് ദയവായി പറയുമോ?

HONOURABLE MR. A. THANU PILLAI : അതു ഉത്തരം അർഹിക്കുന്ന ചോദ്യമല്ല.

MR. K. A. GANGADHARA MENON : പ്രതിമ സൂക്ഷിക്കാൻ പോലീസുകാരെ നിയമിക്കാൻതക്കവണ്ണം കാരണമൊന്നുമില്ലെന്നു് പറഞ്ഞു. അങ്ങനെയാണെങ്കിൽ അവരെ അവിടെനിന്നും മാററുന്നതിന് വല്ല നടപടിയും നടത്തുമോ?

HONOURABLE MR. A. THANU PILLAI : അതു സംബന്ധിച്ച വേണ്ടതു ചെയ്തുകൊള്ളാം.

MR. R. K. RAM (*Agasteerwaram—General*) : எல்லா பிரதிநிதிகளுக்கும் போலீஸ் காவலுண்டா?

HONOURABLE MR. A. THANU PILLAI : ഇല്ല.

Using Mr. or M. R. Ry. before the names.

[23] MR. N. V. CHACKO (*Kunnathnad III—General*): (*a*) Will the Honourable Minister be pleased to state why in Government records they use "Mr." before the names of Christians while "M. R. Ry. Avl." is used when names of Hindus are mentioned.

(*b*) whether they have any objection to use "M. R. Ry. Avl." with the names of Christians.

(*c*) would it not be better to use "Shri" before the names of all people except in the case of those who might object to it, instead of "Mr. or M. R. Ry, Avl."

HONOURABLE MR. A. THANU PILLAI : (എ) സ്റ്റാൻഡിംഗ് ആർഡർ അനുസരിച്ചാണ് ബഹുമാന പദങ്ങൾ ഉപയോഗിച്ചുവരുന്നതു്. അതിനെ പെട്ടെന്നു മാററാൻ നിവൃത്തിയില്ല.

(ബി) വിരോധമില്ല.

(സി) അഭിപ്രായം മാത്രമാണ്.

Corruption.

[24] MR. V. A. ABDUL AZIZ: Will the Honourable Minister for Political and General be pleased to state:

(*a*) what steps Government propose to take to remove corruption from Government Departments; and

(*b*) do Government propose to legislate in this behalf.

HONOURABLE MR. A. THANU PILLAI : The matter is engaging the attention of Government.

MR. V. A. ABDUL AZIZ: Will Government exercise effective control on the conduct of Government Servants?

HONOURABLE MR. A. THANU PILLAI : ആ വിഷയത്തെപ്പററി ഗവൺമെൻറു ആലോചിച്ചുവരികയാണ്.

Free movement of controlled foodgrains.

[25] MR. V. A. ABDUL AZIZ: Will the Honourable Minister for Food be pleased to state:

(*a*) whether the Government propose to lift bans on the free movement of controlled foodgrains within the State;

(*b*) is the control over movements really effective, or have the Government discovered that there are leakages in and breaches of the control of movement orders; and

(*c*) what is the policy of Government regarding the free movement of those goods which are controlled.

HONOURABLE MR. A. THANU PILLAI : ഇവിടത്തെ കൺട്രോൾ എടുക്കുന്നതിനു ഇപ്പോൾ നിവൃത്തിയില്ല. അതിനു വേണ്ടിടത്തോളം മുൻകൂട്ടി സ്റ്റോക്കുണ്ടായിരുന്നാൽ മാത്രമേ സാധിക്കുകയുള്ളു. എന്നാൽ സർപ്ലസ് ഏറിയായിൽ അരിയുടെ കൺട്രോൾ മാറ്റുന്നതിനു ഗവണ്മെന്റു ആലോചിച്ചുവരികയാണ്.

MR. K. SIVARAMA PILLAI : *கோவாவிலேயில் ரேஷன். இல்லையென்று தெரியுமா?*

HONOURABLE MR. A. THANU PILLAI : അറിഞ്ഞുകൂടാ.

Sub-Assistant Surgeon.

[26] DR. M. O. CHERIYAN (*Devicolam—General*) : Will the Honourable Minister for Medical Department be pleased to state, whether the Government have received petitions from several Sub-Assistant Surgeons in the Medical Department requesting enhancement of their emoluments and improvements in their status, and if such petitions have been received will the Honourable Minister be pleased to state whether any action has been taken to redress the grievances of the petitioners?

HONOURABLE MR. C. KESAVAN (*Minister*) : Yes. The matter is under consideration.

State Transport Department.

[27] MR. JOSEPH MALIECKAL (*Thodupuzha I—General*) : Will the Honourable Minister for Transport be pleased to state the yearly capital investment for the State Transport Department, the yearly income and the yearly expenditure from the beginning till end of 1122 or of 1947 as the case may be.

HONOURABLE MR. T. M. VARGHESE : ആവശ്യപ്പെട്ടിട്ടുള്ള പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. K. R. ELANKATHU : ഈ ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു മേശപ്പുറത്തു വയ്ക്കണമെന്നല്ല.

HONOURABLE MR. T. M VARGHESE : നിങ്ങൾ ആവശ്യപ്പെടുന്ന പട്ടികയുടെ ഒരു പ്രതി എന്റെ കൈവശമുണ്ട്. ആവശ്യമുണ്ടെങ്കി അതു ഈ സമയത്തു വായിക്കാം.

പട്ടിക.

ആണ്ട്	ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ			വരവ്			ചെലവ്		
	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.
൧൧൧൩	൬൨൨൭൦൩	൨൨	൬	൩൫൬൨൩൩	൨൨	൧൦	൩൨൪൪൩൩	൧൩	൨
൧൧൧൪	൨൨൩൧൪൮	൮	൨	൮൮൨൫൩൧	൨൪	൯	൮൭൦൫൧൬	൪	൧൨
൧൧൧൫	൨൧൭൮൯൪	൭	൬	൧൩൯൫൦൯	൨൧	൪	൧൩൭൨൩൨൦	൧൯	൧൧
൧൧൧൬	ഇല്ല			൧൬൩൮൮൦൫	൭	൩	൧൬൧൯൯൭	൮	൭
൧൧൧൭	൧൪൮	൨൬	൮	൨൦൯൯൭൩൯	൧൩	൯	൧൮൩൫൩൯൯	൯	൬
൧൧൧൮	൮൪൦൭൧൯	൧൮	൮	൩൦൧൫൪൩൭	൭	൮	൨൧൪൪൪൨൮	൭	൨
൧൧൧൯	൩൨൦൫൨൪	൨൪	൬	൩൭൭൮൮൯൧	൫	൧൪	൨൪൯൩൩൩൦	൧൦	൫
൧൧൨൦	ഇല്ല			൪൫൭൭൧൭൨	൨൬	൧൪	൩൦൬൮൧൫൨	൨൧	൦
൧൧൨൧	൨൫൮൮൧	൧൮	൧൫	൬൦൫൬൪൭൨	൨	൧൪	൪൦൮൭൬൧൧	൪൯	൧൪
൧൧൨൨	൨൦൬൨൩൩൩	൧൮	൬	൭൬൩൮൧൮൦	൨൨	൩	൪൭൯൪൪൧൦	൨൫	൬

ഇതനുസരിച്ചുള്ള സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.

Report of Mr. Sankaran.

[28] MR. JOSEPH MALIECKAL: Will the Honourable Minister for Transport be pleased (*a*) to place on the table the report prepared and submitted by Mr. Sankaran

(*b*) and to state the circumstances and necessity which induced the appointment of Mr. Sankaran for the work.

HON'BLE MR. T. M. VARGHESE: റിപ്പോർട്ടിനെപ്പറ്റി പ്രസ്താവിക്കുന്നതിനു അതു ശരിയായി പരിശോധിച്ചതിനു ശേഷമല്ലാതെ നിവൃത്തിയില്ല.

MR. G. RAMACHANDRAN: അതു പരിശോധിച്ചു തീരുമാനം ചെയ്തതിനുശേഷം പ്രസിദ്ധപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE: പരസ്യപ്പെടുത്തണോ വേണ്ടയോ എന്നു ഇതുവരെ തീരുമാനിച്ചിട്ടില്ല.

Balance Sheet of the State Transport department.

[29] MR. JOSEPH MALIECKAL: Will the Honourable Minister for transport be pleased to place on the table a balance sheet of the State Transport Department as on the last day of 112[illegible] or 1947

HON'BLE MR. T. M. VARGHESE: പ്രൊവിഷനൽ ബാലൻസ് ഷീറ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. JOSEPH MALIECKAL: അതു പ്രൊവിഷനലായിരിക്കുന്നതു എന്തുകൊണ്ടാണെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE: അതിനു ആഡിറ്ററുടെ സർട്ടിഫിക്കറ്റു വന്നിട്ടില്ല. അതുകൊണ്ടാണു പ്രൊവിഷനൽ എന്നു പറഞ്ഞതു്.

MR. JOSEPH MALIECKAL: അതിൽ ഡിപ്രിസിയേഷന്റെ ശതമാനം എത്രയാണെന്നു പറയാമോ?

HON'BLE MR. T. M. VARGHESE: അതു പട്ടിക നോക്കുകയാണെങ്കിൽ അറിയാം

MR. P. M. VARGHESE: മേശമേൽ എന്നു പറഞ്ഞാൽ മെമ്പറന്മാരുടെ മേശമേൽ എന്നാണു മുമ്പുണ്ടായിരുന്ന റൂൾ. ഇപ്പോഴത്തെ ...

MR. PRESIDENT: മുമ്പുണ്ടായിരുന്ന റൂൾ അല്ല ഇപ്പോൾ. മുമ്പുണ്ടായിരുന്ന റൂൾ അനുസരിച്ചു ഉത്തരവും മേശപ്പുറത്തു വയ്ക്കണം. എന്നാൽ ഇപ്പോഴത്തെ റൂൾ അനുസരിച്ചു ഉത്തരം പറഞ്ഞാൽ മതി.

[Mr. President]

ഇങ്ങനെ പല വ്യത്യാസങ്ങളും വന്നിട്ടുണ്ടു. ഇപ്പോഴത്തെ ൧൦ം ഇതാണ്. ഇതു് ഭേദഗതിചെയ്യുന്നതെങ്കിൽ സർക്കാരിനു് അങ്ങനെ തീരുമാനിക്കാവുന്നതാണ്. എന്തായാലും ഇതുവരെ സർക്കാർ നടപടി നിർത്തി വയ്ക്കുവാൻ നിർവാഹമില്ല.

MR. PAUL THALIATH (*Parur III—generel*): കൊല്ലം അവസാനിച്ചുകഴിഞ്ഞാൽ ഇത്രമാസത്തിനകം ആഡിററു ചെയ്യണമെന്നു ൧൦ം ഉണ്ടോ?

HON'BLE MR T M. VARGHESE: അങ്ങനെ ഒരു ൧൦ം ഉള്ളതായിട്ടറിവില്ല.

MR. P. T. CHACKO: ൧൧൨൨-ലേതു് ആഡിററു ചെയ്തതായിട്ടറിയാമോ?

HON'BLE MR. T. M. VARGHAESE: അതു് തീർച്ചയായും ആഡിററു് ചെയ്തിരിക്കുമെന്നുള്ളതിനു് സംശയമില്ല.

Officers in the State Transport Department.

[30] MR. JOSEPH MALIECKAL: Will the Honourable Minister for Transport be pleased to place on the table a statement showing the number of officers in the various section of the State Transport Department, such as conductors, drivers, mechanics, Inspectors, Engineers, etc., etc., together with their pay and allowances, except those notified in the Civil List?

HON'BLE MR. T M. VARGHESE: ആവശ്യപ്പെട്ട സ്റ്റേറ്റുമെൻറു് മേശമേൽ വച്ചിട്ടുണ്ടു്.

Dispensary at Parakkadavu, Parur.

[31] MR. PAUL A. THALIATH: Will the Honourable Minister for Medical Department be pleased to state:

(*a*) whether the Government have received any representation from the public of Parakkadavu pakuthi, Parur taluk about the necessity of opening a dispensary in that pakuthi;

(*b*) whether the Surgeon General had made any report about the necessity of such a dispensary; and

(*c*) whether any action has been taken so far?

HONOURABLE MR. C. KESAVAN: (*a*) Yes.

(*b*) Yes. The Surgeon General has reported that the question of opening a dispensary at Parakkadavu may be taken up after the dispensary already sanctioned for Puthenchira in Parur taluk is opened.

Then I would bring to the notice of this House that every democracy must see that those who serve that democracy are kept above want. In these days of inflation, my friend Mr. Nesamony would not contend that any man can live luxuriously on Rs. 750 a month. If I had my own way—I do not want to tell any party secrets here, I would have advocated a much higher sum as salary for a minister. In the history of salaries in Great Britain, honourable members will see that they have been progressively increasing the salaries of the ministers of the Crown. When ministries were the monopoly of dukes, and marquisses and fox hunting squires, they were content to take only a nominal sum as salary. But when quality came to be recognised as an important requisite, when the talented sons and daughters began to render their services to their country, those democracies recognised that those people should be remunerated amply. Unfortunately not only here but in some of the other legislatures also, there has been a tendency to evaluate on what I should call an ascetic basis. Whatever the claims of our ministers may be, I do not take them to be friars who have taken the vow of poverty. I think they have had enough of poverty in their lives and certainly they will not wish to full the same privations now as before. Therefore my view is that whoever be the ministers, they must be kept above want. Really I go to the extent of saying that, if possible, the House should see that no honourable member who has served the state as a minister should be poor for the rest of his life. In the House of Commons, there is a fund made available to those who have been honourable members of the House if they fall into abject poverty and want, on the principle that no man who served the country as a Member of Parliament, even after ceasing to be such, should have to go to the Poor House.

For the matter of that, we have seen even Mattathipathies and bishops of extremely ascetic habits keeping up the dignity of their office by some external show or even pomp. When swamijies and bishops want to keep up the pomp and prestige of their offices, why should the ministers who, after all, belong to the laity, forfeit the privilege of keeping up the position of the first citizens of the country?

Let me turn to the question why ministers should be paid more than members. Modern politics do something consist of teas and treats. To remove the acerbities of political life often a cup of tea is supposed to be a necessary equipment of a minister. I am only referring in a round about manner to the necessary expenses of the social side of their office. I am afraid I am talking much too seriously on a topic which is not disputed even by Mr. Nesamony.

I am not called upon to reply to the very learned things Mr Nesamony spoke about labour and the conditions of labour, the conditions of the hungry and the homeless; perfectly acceptable propositions all of them, though they have no reference to the subject of the ministers' salaries. The motion does not even remotely refer to the down-trodden the wasted hands extended to catch the crumbs from the ministers' tables. I am afraid I am not quoting Mr. Nesamony correctly. All glory to Mr. Nesamony for upholding the cause of these people. No wonder he has sufficient following in this country, because sentimental people would often be converted to his way of thinking if only Mr. Nesamony continues in this strain. I feel that I myself had half a mind to cross the floor of the House when I heard the lurid picture of the suffering and poverty of the poor people he drew. But what I say is that it has absolutely no reference to the ministers' salaries. Of course, we have to make some allowances for such theatrical outbursts about the poverty and penury of the masses. And I hope our fellow members will not object to our indulging in such luxuries occasionally. After all, life is not very logical, it is sufficiently illogical as it is. Therefore I have absolutely no quarrel with Mr. Nesamony for tackling some agrarian question on to the tail of the ministers' salaries.

I would ask Mr. Nesamony to withdraw his amendment. There are certain fundamental matters where there should not be any party difference. And this is one such. In the matter of ministers' salaries when all sections of the House are aware that they have been asking only for a small salary, I appeal to him not to press his proposition. The country is rich enough to pay them this and I would appeal to everybody to be large-hearted enough not to grudge even this. I do not mean Mr. Nesamony alone. I do not want to use offensible language, but let us not be too narrow-minded in this matter. Therefore I would appeal to Mr. Nesamony to withdraw his amendment so that the motion may be accepted as an uncontested matter.

MR. K. SIVARAMA PILLAI : திரு. நேசமணி அவர்களின் திருத்தப் பிரேரணையை நான் ஆமோதிக்கிறேன். இந்தத் திருத்தப் பிரேரணை வந்தவுடன் எதிரேயில்லாமல் பாஸாக்கப் படுமென்று நான் நினைத்தேன். ஆனால் என் நண்பர், ஸ்ரீ பாலகிருஷ்ணன் தம்பி அவர்கள் இதற்கு எதிர்ப்பு சொன்னது மிகவும் வருத்தத்தை கொடுக்கிறது. அதிலும் அவர் சொன்ன காரணங்கள் எந்த விதத்திலும் ஒப்புக் கொள்ளப்பட மாட்டாது. அதாவது நமது மந்திரிகள் இந்தியாவிலுள்ள இதர மாஹாணங்களிலுள்ள மந்திரிகளை விட எந்த விதத்திலும் அந்தஸ்து

[Mr. K. Sivarama Pillai]

குறைந்தவர்களல்ல. அவர்களை விட இவர்களுக்கு நாம் சம்பளம் குறைத்துக் கொடுக்கக் கூடாது என்று சொன்னார்கள். எங்கள் நோக்கமும், இந்தியாவிலுள்ள இதர மாஹாண மந்திரிகளை விட நம் மந்திரிகள் மேலாக இருக்கவேண்டுமென்பதுதான். மந்திரிகள் வழி காட்டியாக இருக்க வேண்டும். அதற்குச் சம்பளத்தை மாத்திரம் பார்த்தால் போதாது. இந்தியாவில் இந்தக் காரியத்தால் பெருமை திருவிதாங்கூருக்கு உண்டாகுமானால் திருவிதாங்கூர் ஒரு வழிகாட்டியாகவே இருக்கிறது என்று ஒரே பெருமை திருவிதாங்கூருக்குண்டு. இந்தியாவில் All India National Congress' தோன்றின நாள் முதல் எந்த ஜோலிக்கும் 500 ரூபாய்க்கு மேல் சம்பளம் கொடுக்கக் கூடாதென்று 'Indian National Congress' தலைவர்களே சொல்லியிருக்கிறார்கள். அதைப் பின்பற்றியே நமது ராஜ்யத்திலுள்ள தலைவர்களும் அதே மாதிரிச் சொன்னார்கள். ஆனால் இந்தியாவிலுள்ள மற்ற மாஹாணங்களில் அவர்கள் இதைச் சொன்னார்களே ஒழிய இதை கையாளுவதாய் இல்லை. உத்தியோகத்திற்கு வந்த அவர்கள் ஆயிரம், இரண்டாயிரம் என்று சம்பளம் வாங்கிக் கொண்டிருக்கிறார்கள். இதிலாவது நமது மந்திரிகள் குறைந்த சம்பளம் பெற்று திருவிதாங்கூரைப் பெருமை அடையச் செய்யக் கூடாதா? நாங்கள் 500 ரூபாய் போதுமென்று சொன்னோம் நாங்கள் இதைப் பிறருக்கு எடுத்துக் காட்டவும், திருவிதாங்கூர் காங்கிரஸ் மந்திரிகள், தாங்கள் சொன்ன வார்த்தையை நிலைநாட்டுவார்கள் என்ற ஒரே பெருமைக்கும் இந்த 500 ரூபாய் சம்பளம் போதுமென்று சொன்னோம். இரண்டாவதாக, அவர்களுடைய அந்தஸ்திற்கு இந்தச் சம்பளம் போதுமா? போதாது என்றவர்கள் சொன்னார்கள். ஒன்று, அதாவது எங்கள் தோற்றத்தில், ஐந்தாறு வருடங்கள் ஜெயிலில் கிடந்து, கஷ்டப்பட்ட ஸி. கேசவன் அவர்கள், மந்திரியான, கணம் ஸி. கேசவன் அவர்கள்—எந்த விதத்திலும் அவரது அந்தஸ்து உயர்ந்ததாக எங்கள் கண்ணுக்குத் தோன்றவில்லை. அப்பொழுது சம்பளம் கிடையாது. எங்கள் பார்வைக்கு அவர்கள் மிகவும் அந்தஸ்துடையவராய் இருந்தார்கள். ஏனெனில், அவர்கள் தங்கள் உடல், பொருள், ஆவி, எல்லாவற்றையும் தியாகம் செய்ய தயாராய் இருந்தார்கள். இப்பொழுது அவர்கள் மந்திரியாய் வந்தபோது எங்கள் மந்திரி இன்னும் தியாகம் செய்யத் தயார் என்று காட்ட முன் வருகிறார்களா? இன்னொன்று திருவிதாங்கூர் அல்ல இந்தியா முழுவதிலுமுள்ள அரசாங்க உத்தியோகஸ்தர்கள் மிகவும் கூடுதலாகச் சம்பளம் வாங்குகிறார்கள். அதைக் குறைக்கவேண்டும். இதற்கு வழி காட்டுபவர்கள் யார்? நமது மந்திரிகள் 500 ரூபாய் சம்பளத்தில் இருப்பார்களேயானால் இங்கே 10 வருஷத்திற்குள் 500 ரூபாய் சம்பளத்திற்குமேல் உத்தியோகஸ்தரையும் காணமுடியாது. நமது நோக்கம், திருவிதாங்கூர் முன்னேற்றமடைய வேண்டுமானால், கூடுதல் சம்பளம் 500 ரூபாயும், குறைந்த சம்பளம் ஐம்பதோ, அறுபதோவாக இருக்கவேண்டும். அந்த நாளை நாம் எதிர்பார்க்கவேண்டும். அதற்கு வழிகாட்டியாக நமது மந்திரிகள் முன் வருவார்களென்று எதிர் பார்க்கிறோம். இரண்டாவதாக திரு. பாலகிருஷ்ணன் தம்பி அவர்கள் சொன்னார்கள் நம் மந்திரிகளின் பதவியானது ஏனைய மந்திரிகளை விட உத்தியோகஸ்தர்களை விட மேலானது. அவர்களுக்கு 2000 ரூபாய் கொடுத்தாலும் போதாது. அவர்கள் ரூபாயிக்காக வந்தவர்கள் என்று நினைப்பது

பிசகு. அவர்கள் கழிந்த பத்து வருஷகாலமாக அவ்வளவையும் தியாகம் செய்து, இங்கே வந்தவர்கள் அவர்கள் இன்னும் தியாகம் செய்யத் தயாராய் இருப்பவர்கள். தியாகமும் செய்வார்கள். இந்த திருத்தத்தில் ஒரு காரியம் உங்களுக்குப் பார்க்கலாம். அவர்கள் சுகமாகத் தாமதிப்பதற்கு வீடு கொடுப்பது பற்றி ஒரு ஆக்ஷேபமும் இல்லை. நாங்கள், எங்கள் மந்திரிகள் குடிலில் இருக்க வேண்டுமென்று நினைப்பதில்லை. அவர்களுக்குப் போக்குவரத்து வசதிகளும், தாமதிப்பதற்கு இடமும் கொடுப்பது நம் கடமை. இனியொன்று இந்தத் தீர்மானப்படி நாம் 750 ரூபாய் கொடுப்போமானால் இதை எப்படி பொது மக்கள் ஆதரிக்கிறார்கள் என்று பார்க்க வேண்டுமானால் தெருவில் போகும் பாமர மக்களோடு, இதைப் பற்றிக் கேட்டால், அவர்கள் என்ன சொல்வார்களென்றால், இதற்கு முந்தியுள்ள மந்திரிகள் இருந்தால் என்ன, இப்போது உள்ளவர்கள் இருந்தால் என்ன? முந்தியுள்ளவர்கள் மூவாயிரம் ரூபாய் வாங்கிக் கொண்டு இருந்தார்கள். இப்பொழுது மூன்று மந்திரிமார்கள் ஆளுக்கு ஆயிரம் வீதம் மூவாயிரம் ரூபாய் வாங்கிக் கொண்டிருக்கிறார்கள். அதைப் பற்றி எங்களுக் கொன்றுமில்லை என்று சொல்வார்கள். அதற்கு நம் மந்திரிகள் இடம் கொடுக்கக் கூடாது. அவர்களுக்கு 500 ரூபாய் காணாமல் இருந்தால் இதை எதிர்பாராத முறையில் அவர்கள் முன் செய்தது போல இந்தச் சம்பளத்தை ஒரு சம்பளமாகக் எதிர் பார்க்காமல் இருக்க வேண்டும். இங்கே ஒரு அடிப்படைத் தத்துவம் இருக்கிறது. அதாவது ஒரு பொது அரசியல் விஷயத்திற்காக, பொது நலத்திற்காக பாடுபட்டவர்கள், அவர்கள் காலத்திற்கு மாத்திரம் அல்ல. உத்தியோகம் போனாலும் அவர்கள் குடும்பத்திற்குப் பணம் சம்பாதிக்க வேண்டுமென்று ஸ்ரீமான் பாலகிருஷ்ணன் தம்பி அவர்கள் சொன்னார்கள். அது ஒரு தத்துவத்திற்கும் அடிப்படையானது அல்ல. அவர்கள், அவர்களுடைய பதவி இருக்குமட்டும், அதிலிருந்து ஒருவிதமான காரியங்களையும் ஆலோசனை செய்யாமல், அதிலிருந்து ஒரு விதமான வரும்படியையும் எதிர் பார்க்காமல், ஒரு மிச்சமும் வைக்காமல், அந்தச் சம்பளத்தை கொண்டு அவர் செலவிற்கு மாத்திரம் உபயோகிக்க வேண்டும். இதுதான் அவர்கள் கடமை. இந்த 500 ரூபாயை மாத்திரம் கொண்டு ஒரு குடும்பம் செலவு கழிக்க முடியாதென்று, ஒருவருக்கும் சொல்ல முடியாது. ஆனதினால், ஏகமனதோடு இந்தத் தீர்மானத்தைக் கொண்டு வந்த நம் பிரதமர் கூட இந்தத் திருத்தத்தை ஆதரிப்பார் என்றுள்ள நம்பிக்கையோடு திரு. நேசமணி அவர்களின் திருத்தத்தை நான் ஆமோதிக்கிறேன்.

MR. P. THANULINGOM NADAR: தலைவர் அவர்களே! நான் இந்தத் திருத்தப்பிரேரணையை பின் தாங்குகிறேன். ஆனால் அதுபாசாகும் என்ற நம்பிக்கையோடு அல்ல. இதற்கு ஒரு முக்கியமான காரணம் உண்டு. அது என்னவென்றால், ஒரு நாள்நான் ரெயில்வே ஸ்டேஷனுக்குப் பக்கத்திலே ஒரு பார்பர் ஷாப்புக்கு ஷவரம் செய்து கொள்ளச் சென்றிருந்தேன். அப்பொழுது அந்த பார்பர்ஷாப்பிலுள்ளவன் என்னை ஒருமெம்பர் என்று தெரிந்து கொண்டு கேட்டான். "ஐயா! உங்கள் மந்திரிமார்களுக்கு சம்பளம் போட்டாய்விட்டதா?" என்று. "இல்லை, இனிமேல் தான் ஆகும்." என்று நான் சொன்னேன். திரும்பவும், "அந்த 500. ரூபாய் தானா" என்று கேட்டான். "அப்படியில்லை, ஒரு இரண்டாயிரம் ரூபாய் வரையில் சம்பளம்

[Mr. P. Thanulingom Nadar]

போடுவார்கள்'' என்று சொன்னேன். சொல்வதற்குக் காரணமுண்டு. இங்கு அனேக நாட்டு மந்திரிகளைப் பற்றிச் சொன்னார்கள். ஆனால் பாம்பேயிலானாலும் சரி மதராஸிலானாலும் சரி, கொல்லத்திலானாலும் சரி, கோட்டயத்திலானாலும் சரி நமது திருவிதாங்கூர் மந்திரிகளுக்கு சிலவிசேஷ மதிப்புகள் உண்டு. அது என்ன முறையில் என்றால் ஜனநாயகசபை இங்கு அமைந்ததுபோல் வேறு ஒரு இடத்திலும் அமைந்தது கிடையாது. ஐந்தோ அல்லது ஆறோ மந்திரிகள் இருப்பதைக்காட்டிலும் ஒரு மூன்று மந்திரிகளோடு திருப்தி அடைந்தார்கள். பாருங்கள்! ஒவ்வொரு மந்திரிக்கும் 15 அல்லது 20 Port folios இலாகாக்கள் இந்த மாதிரி எங்கே இருக்கிறது? எந்த நாட்டிலும் இவ்வளவு, (Port folios) இலாகாக்களை வைத்து ஆனாலும், ஒரே சமயத்தில் 15 கேள்விகளுக்குக் கூடுதல் பதில் அளிக்காமல் போனாலும் அவர்கள் இவைகளை ஏற்றுக்கொள்ள வந்தது ஒரு பெருமையாகும். இங்கே பாருங்கள்! இந்த ஜனநாயக சபை இங்கு வந்தபிறகு சில விஷயங்களை இங்கே-இந்த சபையில்-பார்த்தோம். எந்த சபையிலும் "மேஜையில் வைப்பது என்றால் அங்கத்தினர்கள் மேஜை மேல் வைப்பது என்று அர்த்தம்." ஆனால் இங்கு அதற்கு அர்த்தமே தலைகீழாயிருக்கிறது.

அனாக ஆதரிப்பது என்ற முறையில் நான் ஆகாரம் சொல்கிறேன். எங்கள் பாஷை உங்களுக்கு விளங்கவில்லை. ஆனால் எங்களை வெளியில் விடவும் மாட்டேன் என்கிறீர்களே?

விருப்பம் இருந்தால் போயே தீருவோம். Table என்று சொல்வது தற்போது அங்கத்தினர்கள் மேஜையிலிருந்து காரியதரிசியின் மேஜையாக மாறுகிறது. பல 'Stunt' களைப்பார்த்துவிட்டு எனக்கு இப்பொழுது Stunt-ல் பிரியம் குறைந்துவிட்டது. இந்த சபையிலுள்ள Stunt களைப் பார்த்த பிறகு ஒரு ஜனநாயகசபையில், காலையில் எழுந்து ஒரு பிரமேயம் சாயங்காலம் திடீரென்று விபரீதமாக மாறுகிறதை நாம் பார்க்கிறோம். இந்த முறையில் நமது மந்திரிகள் செய்கிற தியாகங்களை நாங்கள் எங்கும் பார்த்தது இல்லை. நாங்கள் அதிகாரத்திற்கு வந்தோமானால் உயர்ந்த சம்பளம் ரூ 500 ஆகவும், குறைந்த சம்பளம் ரூ. 50 ஆகவும் செய்துவிடுவோம் என்று சொன்னார்கள். அதை நிறைவேற்றுவார்களா? அவர்களை நான் கேட்டுக்கொள்வது இதுதான் ரூ 750 போதாது. Rs. 2000-ம் கொடுக்கலாம். ஆனால் கனம் சிவராமபிள்ளை அவர்கள் சொன்னதைப்போல் அந்தப்பாமர மக்கள், உங்களிடம் எதிர்பார்த்தது போல், நீங்கள் உங்கள் வார்த்தையைக் காப்பாற்றவேண்டும். அப்படியானால் திருவிதாங்கூருக்கும் ஒரு மதிப்பு ஏற்படும். இங்குள்ள மக்களுக்கும் ஒரு மதிப்பேற்படும். இங்கு எங்கோ ஒரு மூலையில் வாழ்கின்ற எனக்கும் ஒரு மதிப்பு ஏற்படும். ஆதலால் மந்திரிகளின் சம்பளம் ரூ. 500 ஆக்கவேண்டும், என்று கருதுகிறேன். அவர்களின் ரெயில் சிலவிலோ, ஆகாயவிமான சிலவிலோ, ஒருவிதமான ஆக்ஷேபமுமில்லை. டில்லிக்கு அல்லது வேறெங்காவது போகவேண்டுமானால் அவர்களின் சிலவுகள் பிரத்தியேகமாகக் கொடுக்கப்படவேண்டும். ஆனால் நம் மக்களுக்கு எடுத்துக் காட்டாக அவர்கள் இருக்கவேண்டும். மந்திரிகள் தங்கள் வாக்கைக் காப்பாற்றிக் கொண்டார்கள் என்ற பெருமையும் அவர்களுக்கு ஏற்படும். ஆதலால், இந்தத் திருத்தப்பிரேரணையைப் பின்தாங்கிக்கொண்டு, நான் என் பேச்சை நிறுத்திக் கொள்கிறேன்.

MR. K. N. SANKUNNI PILLAI (*Kottayam IV General*) : ബഹുമാനപ്പെട്ട മെമ്പർ മി. നേശമണി മന്ത്രിമാരുടെ ശമ്പളം ൫൦൦ രൂപയായി കുറവു ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട രാജ്യത്തെ സാമ്പത്തിക വൈഷമ്യങ്ങളെക്കുറിച്ചും പാവപ്പെട്ടവൻെറ ദുരിതങ്ങളെപ്പററിയും ഒക്കെ സങ്കടപ്പെട്ട് ഒരുപാട് പ്രസംഗിക്കുന്നതു കേട്ടു. എന്നാൽ, സ്റ്റാൻഡിംഗ് കമ്മിററിയിൽ മെമ്പറന്മാരുടെ ഡെയിലി അലവൻസ് അഞ്ചു രൂപാ മതി എന്നു ഞങ്ങൾ പറഞ്ഞപ്പോൾ ദിവസം ൨൫ രൂപായിൽ കുറഞ്ഞാൽ മതിയാകുകയില്ലെന്ന് ശഠിച്ച് മി. നേശമണി പ്രസംഗിച്ചു പാസ്സാക്കി.

MR. PRESIDENT: കമ്മിററിയിലെ രഹസ്യനടപടികളെപററി ഇവിടെ ചർച്ച ചെയ്യുവാൻ പാടില്ലാ.

MR. K. N. SANKUNNI PILLAI : രഹസ്യമായി ഒരു തരത്തിലും പരസ്യമായി വേറൊരുവിധത്തിലും പറയുന്നതും തടുക്കേണ്ടതാണ്. കുറഞ്ഞതു ൨൫ രൂപായെങ്കിലും തനിക്ക് ദിവസം വേണമെന്ന് വാദിച്ചു മെമ്പർ, ഹർ മണിക്കൂറും രാജ്യത്തിന് വേണ്ടി അദ്ധ്വാനം ചെയ്യുന്ന മന്ത്രിമാർക്ക പ്രതിമാസം ൭൫൦ രൂപാ കൊടുപ്പാൻ പാടില്ലെന്ന് പറയുന്നതു എത്ര നിരർത്ഥകമാണ്. ഈ വിധത്തിലുള്ള അനാവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതു് അദ്ദേഹത്തിനോ അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ട മററംഗങ്ങൾക്കോ യോജിച്ചതല്ലാ എന്നാണ് എനിക്ക് പറയുവാനുള്ളതു്.

MR. P. M. VARGHESE : അനാവശ്യമായ എന്ന പദം പാർല്യമെൻററിയാണോ എന്ന് സംശയമുണ്ട്.

MR. K. N. SANKUNNI PILLAI : മലയാളഭാഷയിൽ നല്ല പരിജ്ഞാനമില്ലാത്തതുകൊണ്ടാണ് ആ സംശയം. അനാവശ്യം എന്നു വച്ചാൽ ആവശ്യമില്ലാത്തതെന്നാണർത്ഥം.

MR. A. NESAMONY: ஸர், நான் இவிடம்.........

MR. P. BALAKRISHNAN THAMPI : I would request the honourable member Mr. Nesamony to speak in a language I can understand at least to meet the complementary references that may be made by him in reference to my remarks already made.

MR. A. NESAMONY : Sir, my friend Mr. Balakrishnan Thampi seems tobe very appreciative of the sentiments that I have expressed but at the same time he was having his own arguments to persuade me to withdraw this amendment. Sir, this amendment was not

[Mr A. Nesamony]

tabled with the intention of withdrawing. It was incidentally observed by an honourable member of this House that in the Standing Committee I made a proposition which the honourable member himself never objected to and with the unanimous consent of that committee it was passed. Whether it is appropriate to speak in this House of what took place in a Standing Committee or the trend of discussions or the opinions expressed in several other committees is a matter for the honourable member to ponder again.

Now, Sir, it is not in a quarrelsome mood nor is it in a mood to say anything that affects the dignity of the Honourable Ministers that this amendment has been tabled. As I said at the very outset it has been done to remind the party in power the promises they made to the electorate and the desirability of adhering to them.

When the Congress assumed office in 1937 in the Madras Province what they accepted was Rs. 500 for every Minister. It may be said that it was a token accepted and that had its value. Therefore I appeal to the honourable members to accept the amendment.

MR. A. P. UDAYABHANU: What is the present salary of the Madras Ministers?

MR. A. NESAMONY: Shall I say comparisons are not always very agreeable.

MR. PRESIDENT: Honourable Mr. Thanu Pillai.

HON'BLE MR. A. THANU PILLAI: ഞാൻ ആദ്യം പറഞ്ഞതിൽ കൂടുതലായി ഒന്നും പറയണമെന്ന് ഉദ്ദേശിക്കുന്നില്ല.

MR. PRESIDENT: പ്രമേയം ഇതാണ:—മന്ത്രിമാർക്ക് പ്രതിമാസം ൫൦൦ രൂപാ ശമ്പളം കൊടുക്കേണ്ടതാണ്. ഓരോ മന്ത്രിമാർക്കും വാടക കൂടാതെ ഗൃഹോപകരണങ്ങളോടുകൂടിയ വാസസ്ഥലം അല്ലെങ്കിൽ അതിനു പകരമായി പ്രതിമാസം ൧൫൦ രൂപാ വീട്ടുവാടക അലവൻസും ഗവണ്മെന്റു ചിലവിൽ ഓരോ കാറും നൽകേണ്ടതാണ്.

ഓരോ മന്ത്രിക്കും തന്റെ ഔദ്യോഗികജോലികൾ നിർവ്വഹിക്കുന്നതിനായിട്ടുള്ള യാത്രകൾക്ക താഴെപ്പറയുന്ന നിരക്കിൽ സഞ്ചാരപ്പടി നൽകേണ്ടതാണ്.

തീവണ്ടിയാത്ര:—ഒന്നാംക്ലാസിന്റെ ഇരട്ടിപ്പ്.
റോഡുമാർഗ്ഗമായുള്ള യാത്ര:—മൈലിനു ൨ ൧ ചക്രം.
വിമാനമാർഗ്ഗമുള്ള യാത്ര:—ഒറ്റവിമാനക്കൂലിയും ദിനപ്പടിയും,
ദിനപ്പടി:—൧൫ രൂപാ.

എന്നാൽ ഗവണ്മെന്റു വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ സംസ്ഥാനത്തിനകത്തെ യാത്രയ്ക്കു ഓരോ ദിവസത്തേക്കും മുൻപറഞ്ഞ നിര

ക്കനുസരിച്ച് ദിനപ്പടിക്കമാത്രം അദ്ദേഹത്തിന് അർഹതയുണ്ടായിരിക്ക ന്നതും സംസ്ഥാനത്തിനു വെളിയിലുള്ള യാത്രക്ക് ദിനപ്പടിക്ക പകരം യഥാൎത്ഥത്തിൽ അദ്ദേഹത്തിനു ചെലവായ തുക നൽകേണ്ടതും ആണ്. മി. ഏ. നേശമണിയുടെ അമൻറുമെൻറ് ശമ്പളം ൧൫൦ രൂപായുള്ള പകരം ൫൦൦ രൂപായാക്കണമെന്നാണ്.

അമൻറ്മെൻറിനെ അനുകൂലിക്കുന്നവർ കൈ പൊക്കണം.

ബഹുഭൂരിപക്ഷത്തോടുകൂടി അമൻറുമെൻറു തള്ളി.

MR. PRESIDENT: മി: പട്ടം താണുപിള്ളയുടെ ഉപക്ഷേപത്തെ അനു കൂലിക്കുന്നവർ കൈപൊക്കണം (ഭൂരിപക്ഷം പേർ കൈപൊക്കി) അതിനെ എതിർക്കുന്നവർ കൈപൊക്കണം (കുറച്ചുപേർ കൈപൊക്കി) ഉപക്ഷേപം പാസ്സായിരിക്കുന്നു.

PAY AND ALLOWANCE TO THE PRESIDENT AND DEPUTY PEESIDENT

HON'BLE MR. A. THANU PILLAI: അടുത്ത ഉപക്ഷേപം നിയമസഭ യുടെ പ്രസിഡൻറിനും ഡെപ്യൂട്ടി പ്രസിഡൻറിനും പ്രതിമാസം ൧൫൦ രൂപയും ൩൫൦ രൂപയും യഥാക്രമം ശമ്പളം നൽകേണ്ടതാണ്. നിയമ സഭാ പ്രസിഡൻറിന് വാടക കൂടാതെ ഗൃഹോപകരണങ്ങളോടുകൂടിയ സ്ഥലവും അല്ലെങ്കിൽ അതിനു പകരം ൭൫൦ രൂപാ വീട്ടുവാടക അല വൻസും ഗവണ്മെൻറു ചിലവിൽ ഒരു മോട്ടോർ കാറും നൽകേണ്ടതാണ്. നിയമസഭാപ്രസിഡൻറിന് തൻെറ ജോലികൾ നിർവ്വഹിക്കുന്നതി നായിട്ടുള്ള യാത്രകൾക്ക് മന്ത്രിമാർക്ക നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടി നൽകേണ്ടതും ഡെപ്യൂട്ടിപ്രസിഡൻറിന് ഒന്നാംക്ലാസ് ഗവണ്മെൻറുദ്യോഗസ്ഥന്മാർക്ക നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാര പ്പടിയും ൭൫ രൂപാ ദിനപ്പടിയും നൽകേണ്ടതുമാണ്.

ഈ ഉപക്ഷേപത്തിൻെറ ഉദ്ദേശം വ്യക്തമാണ്. പ്രസിഡ ൻറിനും ഡെപ്യൂട്ടി പ്രസിഡൻറിനും സഞ്ചാരപ്പടി നിശ്ചയിച്ചിരിക്കുന്ന തിൻെറ ഉദ്ദേശം അവർക്ക വളരെ സഞ്ചരിക്കേണ്ടിവരുമെന്നുള്ളതു കൊണ്ടല്ല. വേണ്ടിവന്നാൽ അതിനു വ്യവസ്ഥ ഇരിക്കട്ടെ എന്നു കരുതി മാത്രമാണ്. ഞാൻ ആദ്യം മന്ത്രിമാരെക്കുറിച്ച് പറഞ്ഞതുതന്നെ പ്രസിഡൻറിനെയും ബാധിക്കുന്നതാണ്. ഡെപ്യൂട്ടിപ്രസിഡൻറിന് ൩൫൦ രൂപാ ശമ്പളവും ഒന്നാംക്ലാസ് ഗവണ്മെൻറുദ്യോഗസ്ഥന്മാർക്ക

[Hon'ble Mr- A. Thanu pillai]

നൽകുന്ന നിരക്കനുസരിച്ചുള്ള മാസപ്പടിയും മാത്രമേ ഇതിൽ ഉദ്ദേശിച്ചിട്ടുള്ളു. ഇതു സഭ സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. A. ATCHUTHAN (*Karthigappally II—General*): ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. A. NESAMONY: In view of the voting of the previous amendment I do not press this amendment,

MR. PRESIDENT: ഈ ഉപക്ഷേപത്തെക്കുറിച്ച് ആരെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം. ഇല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അതായതു്:

നിയമസഭയുടെ പ്രസിഡൻറിനും ഡെപ്യൂട്ടി പ്രസിഡൻറിനും പ്രതിമാസം ൩൫൦ രൂപായും ൱൫൦ രൂപായും യഥാക്രമം ശമ്പളം നൽകേണ്ടതാണ്.

നിയമസഭാപ്രസിഡൻറിന് വാടക കൂടാതെ ഗൃഹോപകരണങ്ങളോടുകൂടിയ വാസസ്ഥലവും അല്ലെങ്കിൽ അതിനു പകരമായി പ്രതിമാസം ൧൫൦ രൂപാ വീട്ടുവാടകഅലവൻസും ഗവണ്മെൻറു ചിലവിൽ ഒരു മോട്ടോർകാറും നൽകേണ്ടതാണ്.

നിയമസഭാ പ്രസിഡൻറിന് തൻെറ ജോലികൾ നിർവ്വഹിക്കുന്നതിനായിട്ടുള്ള യാത്രകൾക്ക് മന്ത്രിമാർക്കു നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടി നൽകേണ്ടതും ഡെപ്യൂട്ടി പ്രസിഡൻറിന് ഒന്നാംക്ലാസ് ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു നൽകുന്ന നിരക്കനുസരിച്ചുള്ള സഞ്ചാരപ്പടിയും ൧൫ രൂപാ ദിനപ്പടിയും നൽകേണ്ടതുമാണ്.

ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നവർ കൈപൊക്കണം.

ഭൂരിപക്ഷം വോട്ടുചെയ്തു.

ഉപക്ഷേപം പാസായിരിക്കുന്നു.

ALLOWANCE TO MEMBERS

HON'BLE MR. A. THANU PILLAI: ഞാൻ ഈ സഭയുടെ അംഗീകാരത്തിനായി താഴെപറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

"നിയമസഭാംഗങ്ങൾക്ക് താഴെപ്പറയുന്ന നിരക്കനുസരിച്ച് അലവൻസു നൽകേണ്ടതാണ്."

തീവണ്ടിയാത്ര: ഒന്നാംക്ലാസിന്റെ ഇരട്ടിപ്പ് (റയിൽവേ ഫെയർ)
റോഡുമാർഗ്ഗമുള്ള യാത്ര: മൈലൊന്നിന് ൧ ൪ ചക്രം.
ദിനപ്പടി:--൧ ൫ രൂപ.

അല്ലെങ്കിൽ

അവർ ഇഷ്ടപ്പെടുന്നപക്ഷം പ്രതിമാസം മൊത്തം അലവൻസ് ൧൨൦ രൂപാ.

ഒന്നുകിൽ ൧൨൦ രൂപാ മാസം അലവൻസ് അല്ലെങ്കിൽ ദിനപ്പടി ൧൫ രൂപാ. അത് മെംബറന്മാരുടെ ഇഷ്ടംപോലെ സ്വീകരിക്കാം. അതാണ് ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം. ഇത് റിപ്രസന്റേറ്റീവ് ബാഡി നിയമിച്ച സബ്ബ് കമ്മററിയുടെ തീരുമാനമാണ്.

MR. A. ATCHUTHAN: ഞാൻ അതിനെ പിൻതാങ്ങുന്നു.

MR: PRRSIDENT: ഉപക്ഷേപത്തെക്കുറിച്ച് ആർക്കെങ്കിലും സംസാരിക്കണമെങ്കിൽ സംസാരിക്കാം.

MR. K. RAMACHANDRAN: ൧൨൦ രൂപാ ആവശ്യപ്പെടുന്ന ഒരു മെംബർക്കു കുറെ ദിവസം കഴിഞ്ഞിട്ടു ആ വ്യവസ്ഥ മാററി ദിനപ്പടി സ്വീകരിക്കാമോ?

HON'BLE MR. A. THANU PILLAI: അങ്ങനെ മാററുന്നതു ശരിയല്ല. അതു നേരത്തെ തീരുമാനിക്കണം.

MR. PRESIDENT: ഇതിനെ അനുകൂലിക്കുന്നവർ കൈപൊക്കണം

(ഭൂരിപക്ഷം പേർ കൈപൊക്കി)

എതിർക്കുന്നവർ: (ആരുമില്ല)

MR. PRESIDE T. ഉപക്ഷേപം പാസ്സായിരിക്കുന്നു.

LEGISLATIVE BUSINESS (CONTD)

THE TRAVANCORE INDUSTRIAL DISPUTES BILL

HONOURABLE MR. C. KESAVAN: I beg to introduce the Travancore Industrial Disputes Bill, and move that the Bill be referred to Select Committee consisting of members whose names will be given later.

Experience of the working of Trade Disputes Act 1114 (V) has revealed certain defects. The main defect is that while restraints have been imposed on the strikes and lock outs in public utility services no provision is made to render the proceedings institutable under the Act for the settlement of an industrial dispute either by reference to a Board of conciliation or to a Court of inquiry conclusive and binding on the parties to the dispute. This defect was

[Honourable Mr. C. Kesavan]

overcome during the war by the provisions contained in Rule 81 A of the Defence of Travancore Rules and Section 7 of the Travancore Emergency Powers Act of 1122. The principles of the above rules are embodied in this Bill and most of the provisions of the Trade Disputes Act are also retained. Provision is made in this Bill for the creation of two institutions for the prevention and settlement of communal disputes. The two institutions are the Work Committees consisting of representatives of employers and workmen and Industrial Tribunals consisting of one or more members possessing qualifications ordinarily required for appointment as Judges of the High Court. Works Committees are to be constituted in every industrial establishment employing 100 workmen or more and their duties are to remove causes of Friction between the employer and workmen in the day to day working of the establishment and to promote measures for securing amity and good relations between them. The parties of an industrial dispute may apply to the Industrial Tribunal. The Government may also make such references. An award of a Tribunal may be enforced either wholly or in part by them for a period not exceeding one year. The award made by a tribunal may be declared binding on the parties by the Government.

The administration of the Conciliation machinery drafted in the existing Act is very much improved by the provisions proposed in this Bill. Conciliation is compulsory in all disputes in public utility services and optional in the case of other establishments. With a view to expedite conciliation proceedings time limits have been prescribed for conclusion thereof, 14 days in the case of conciliation officer and two months in the case of Board of conciliation from the date of notice of strike. A settlement arrived at in the course of conciliation proceedings will be binding for such period as may be agreed upon by the parties and where no period has been agreed upon for a period of one year, and will continue to be binding until revoked by a three months' notice by either party to the dispute.

The Bill prohibits strikes and lock-outs during the pendency of conciliation and adjudication proceedings. This is another conciliation feature of the Bill where dispute has been referred to conciliation or adjudication a strike or lock-out is both unnecessary and inexpedient. Where on the date of reference to conciliation or adjudication, a strike or lock out is already in existence, power is given to the Government to prohibit its continuance less the chances of settlement of speedy determination of the dispute should be jeopardized.

The Bill also empowers the Government to declare, if public interest or emergency so requires by notification in the Gazette, any industry to be a public utility service, for such period, if any, as may be specified in the notification. Government have power to prohibit strikes and lock outs.

തിരുവിതാംകൂർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റ് എന്ന പേരിലുള്ള ഈ ബിൽ ഈ സഭ സ്വീകരിച്ച് ഒരു സെലക്റ്റ് കമ്മററിയിലേക്ക അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

൧൧൧൪-ലെ ട്രേഡ്സ് ഡിസ്പ്യൂട്ട്സ് ആക്ട് ഇന്നു നിലവിലിരിക്കുന്നുണ്ട്. അതിന്റെ പ്രവത്തനങ്ങളിൽ പല ന്യൂനതകളും കണ്ടതുകൊണ്ടാണ് അതു പരിഷ്കരിച്ച് "തിരുവിതാംകൂർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്" എന്ന പേരിൽ ഒരു ബിൽ ഹാജരാക്കാൻ ഇടയായിട്ടുള്ളതു്. ഇപ്പോഴും നിലവിലിരിക്കുന്ന ആക്ടിൽ സ്ട്രൈക്ക്, ലോക്കൌട്ട് മുതലായവയെ നിയന്ത്രിക്കുന്നതിനും, അവയ്ക്കു തീരുമാനമുണ്ടാക്കുന്നതിനും, ആ തീരുമാനങ്ങൾ അംഗീകരിപ്പിക്കുന്നതിനും, ഫലപ്രദമായ വ്യവസ്ഥകൾ ഇല്ലാതെയാണിരിക്കുന്നതു്. അതുകൊണ്ടാണ് ഈ ബിൽ ഹാജരാക്കുന്നതു്. യുദ്ധകാലത്തു് ഈ ന്യൂനത "ഡിഫൻസ് ഓഫ് ട്രാവൻകൂർ റൂൾസ്, ൮൧ എ" വകുപ്പനുസരിച്ചും, അതിനുശേഷം 'എമർജൻസി പവേഴ്സ് ആക്ട്' അനുസരിച്ചും പരിഹരിച്ചിരുന്നു. ഈ ന്യൂനത ഈ ബില്ലുകൊണ്ടു പരിഹരിക്കുന്നതോടുകൂടി നിലവിലിരിക്കുന്ന ആക്ടുകൾ റദ്ദുചെയ്യാവുന്നതാണ്. ട്രേഡ്യൂണിയൻ ആക്ടിൽ തൊഴിൽത്തക്കങ്ങൾ തീക്കുന്നതിനു പ്രധാനമായി രണ്ടു വിധത്തിലുള്ള വ്യവസ്ഥകളാണ് ചെയ്തിട്ടുള്ളതു്. ഒന്നു വർക്ക്സ് കമ്മററി. ഇതു്, നിയമം മൂലം അല്ലെങ്കിലും, തിരുവിതാംകൂറിൽ പല വ്യവസായശാലകളിലും, വിജയപ്രദമായി പ്രവത്തിച്ചുവരുന്ന ഒരേർപ്പാടാണിതു്. അതിനു നിയമസാധുത ഇല്ലെന്ന വ്യത്യാസമേയുള്ളു. ഇതു് തൊഴിലാളി പ്രതിനിധികളും വ്യവസായ ഉടമസ്ഥന്മാരും കൂടി നിയമിക്കുന്ന ഒരു കമ്മററിയാണ്. ഒരു ഫാക്ടറി വളപ്പിനകത്തു ദൈനംദിന പ്രവത്തനങ്ങളിൽ ഉണ്ടാകുന്ന വിവാദങ്ങൾ തീർത്തു്, ജോലി സുഗമമാക്കുക എന്നുള്ളതാണ് വർക്ക്സ് കമ്മററികൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്. ഇതു് വളരെ ഫലപ്രദമായി കണ്ടിട്ടുണ്ടു്.

പിന്നെ ഒന്നു് രഞ്ജകസമിതി അഥവാ കൺസിലിയേഷൻ ബോഡ്: അതു് ഒരു രാജ്യത്തുള്ള ഒരേതരം വ്യവസായങ്ങളിലെ എല്ലാ മുതലാളിമാരുടേയും തൊഴിലാളികളുടെയും പ്രതിനിധികൾ അടങ്ങിയതും വർക്ക്സ് കമ്മററിയെക്കാൾ ഉപരിതലത്തിലുള്ളതുമായ ഒരു കമ്മററിയാണ്. തൊഴിലിനെ ബാധിക്കുന്ന പൊതുകാര്യങ്ങളെ സംബന്ധിച്ച് തീരുമാനം ചെയ്യാനും തൊഴിലാളികളും മുതലാളികളും തമ്മിൽ സൗ

[Honourable Mr. C. Kesavan]

ഐക്യം പുലർത്താനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്. ഈ കൺസിലിയേഷൻ ബോർഡു് ഫലപ്രദമായി പ്രവർത്തിക്കുന്നതായി കാണുന്നുണ്ടു്.

ഇനിയുള്ളതു് കോർട്ടു മുഖേനയുള്ളതാണു്. വ്യവസായശാലയിൽ എന്തെങ്കിലും കുഴപ്പം ഉണ്ടായാൽ അതു് ഒരു കോർട്ടിന്റെ അന്വേഷണത്തിനായി വിട്ടുകൊടുക്കേണ്ടതാണു്. ആ കോടതിക്കു കോർട്ടു് ഓഫു് എൻക്വയറി എന്നു പേർ പറയും. അതിൽ ജഡ്ജിയായി ഇരിക്കാനുള്ള യോഗ്യത ഇന്നതായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇതിനു ഉപരിയായി വ്യവസായങ്ങളെ സംബന്ധിച്ചുള്ള സകല സംഗതികളും ഒതുക്കുന്നതിനു ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ അഡ്ജുഡിക്കേഷൻ കോർട്ടു കൂടി ഉണ്ടാക്കിയിട്ടുണ്ടു്. കോർട്ടു് ഓഫു് എൻക്വയറിയിലും ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ അഡ്ജുഡിക്കേഷൻ കോർട്ടിലും ഹൈക്കോടതി ജഡ്ജിയുടെ സ്ഥാനവലിപ്പമുള്ളവരെയായിരിക്കണം ജഡ്ജിമാരായി നിയമിക്കേണ്ടതു്. പത്തോ അതിലധികമോ ആളുകൾ ജോലി ചെയ്യുന്ന വ്യവസായ ശാലകളിൽ മാത്രമേ വർക്ക്സ്, കമ്മറ്റികളെ നിയമിക്കാൻ പാടുള്ളു. അഭിപ്രായവ്യത്യാസങ്ങൾ ഒതുക്കുകയായിരിക്കും ഈ കമ്മറ്റിയുടെ ചുമതല. അനധികൃതമായ സ്ട്രൈക്ക്, ലാക്കൌട്ട് മുതലായവ ഉണ്ടായാൽ വ്യവസായശാലകളിൽ ജോലി തുടരാൻ ആജ്ഞ നൽകുന്നതിനു ഗവണ്മെന്റിനു അധികാരമുണ്ടായിരിക്കും. തർക്കങ്ങൾ ഒതുക്കുന്നതിനു ഈ വ്യവസ്ഥകൾ ഉപകരിക്കും. ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ട്രൈക്കുകളും ലാക്കൌട്ടുകളും നിയമവിരുദ്ധമാക്കാനും ഗവണ്മെന്റിനു അധികാരമുണ്ടായിരിക്കും. നിയമവിരുദ്ധമാക്കിയ സ്ട്രൈക്കുകൾക്കും മററും ധനസഹായം ചെയ്യുന്നതുതന്നെയും നിയമവിരുദ്ധമാക്കിയിട്ടുണ്ടു്. ഈ ബിൽ, അംഗീകരിച്ചു് സെലക്റ്റു് കമ്മററിയിലേക്കു് അയയ്ക്കണമെന്ന അപേക്ഷയോടുകൂടി സഭയുടെ മുമ്പാകെ വച്ചുകൊള്ളുന്നു.

MR. P. S. NATARAJA PILLAI: While welcoming this Bill which I consider to be very essential for the Industrial development of the country, I cannot but say that this Bill introduces some vital changes in the ordinary law of the country. There are provisions in this Bill which provide for compulsory adjudication of trade disputes and power to declare strikes as illegal. Sir, the relationship between the worker and the employer is a civil relationship and now under the provisions of this Bill any breach of it is made a penal offence. That may be construed as affecting the fundamental rights of citizens themselves; but an industrial dispute in the present setting denotes an economic maladjustment of the Society and has to be viewed as an economic struggle between

capital and labour. When an industrial or economic struggle of that nature comes into existence, it is the duty of the citizens to see that the supply and services of essential commodities are not paralysed by industrial disputes or of labourer and the employer. So the society or the public has a necessary part in that struggle and a Government which represents the people has to take up the responsibility for adjusting this industrial dispute.

Why I call attention to this aspect is that though we are now undertaking labour legislation on almost all fields of labour activity, the success of the whole thing will depend upon the public support, the legislation and the labour department which enforces it will be able to secure. We have in our statute a number of labour Acts protecting the rights of labour and safeguarding the interests of the factory owners; yet, strikes have become a common feature in Travancore. As in the case of India, labour has become more assertive and aggressive, unfortunately, under questionable leadership, a leadership which believes not in ordered progress but in revolutionary changes, and therefore unless labour legislations are made in the interests of society and with the full support of the people, we will not attain our end. For that purpose the labour department which will be called upon to enforce this legislation must secure public support and must see that the industrial disputes are settled and compulsory adjudications are effected or the Works Committee provided under section 3 is made to work so as to give the maximum benefit to the society. It is not by enforcing the penal sections or declaring the strikes to be illegal or lockouts to be illegal or by sending the offenders to the Jail that we can secure the end we have in view. We can hope to secure the end, that is ordered progress and industrial development, only when we have harnessed public opinion to the measures which we are legislating today.

Therefore I thought it desirable to point out even at the very early stage that though the provisions in this Bill trench upon the private right of the citizen, their civil rights to a certain extent, yet, it is necessary in the present circumstances for the Government to secure legal right to settle industrial disputes in the interests of the society as a whole. It is a matter for congratulation, Sir, that the popular ministry has brought before this House a set of Bills for labour legislation which I am sure will be conducive for industrial development and prosperity of the country.

MR. K. RAMAKRISHNA PILLAI : സർ, ജനകീയഭരണം സമാരംഭിച്ചിട്ടുള്ള ഈ അവസരത്തിൽ ബഹുജനക്ഷേമത്തെ സ്പർശിക്കത്തക്ക നിലയിൽ ഇത്രയും ബില്ലുകൾ ഒന്നിച്ച് ഈ സഭയുടെ ആദ്യത്തെ സമ്മേളനത്തിൽ തന്നെ അവതരിപ്പിച്ച് പാസ്സാക്കാം എന്നു തീരുമാനിച്ചതും അതിനു സൗകര്യം ലഭിച്ചതും തീർച്ചയായും നമുക്ക് പിൽക്കാലത്തേക്ക് അഭിമാനിക്കത്തക്ക ഒന്നു തന്നെയാണ്. ഏകാധിപത്യഭരണം നിലനിന്നിരുന്ന കാലത്ത് വളരെ പ്രയാസപ്പെട്ട ചില നിയമങ്ങൾ എല്ലാം ഇവിടെയുണ്ടാക്കി

[Mr. K. Ramakrishna Pillai]

തൊഴിലാളികളുടെ സംരക്ഷണത്തിനെന്ന വ്യാജേനയാണ് ഈ ബില്ലുകളെല്ലാം ഉണ്ടാക്കിയത്. എന്നാൽ ആ ബില്ലുകളുടെ അവതരണത്തിലും അവയുടെ പ്രവർത്തനത്തിലും അവർക്ക് ശരിയായ ആത്മാർത്ഥത ഇല്ലാതിരുന്നതുകൊണ്ട് അതിന്റെ ദോഷഫലങ്ങൾ ഈ രാജ്യവാസികൾക്ക് അനുഭവിക്കേണ്ടതായിവന്നു. എന്നാൽ ഇന്നു നിലവിലിരിക്കുന്ന ഗവണ്മെന്റു സാധാരണക്കാരന്റെ ഗവണ്മെന്റാണ്. സാധാരണക്കാരനുവേണ്ടി നിലകൊള്ളുന്ന ഇന്നത്തെ ഗവണ്മെന്റ് ഏററവും അവ്യവസ്ഥിതമായ നിലയിൽ കഴിഞ്ഞു കൂടുന്ന സംഘടിതരായ തൊഴിലാളിവിഭാഗത്തെ കരുതി ചില വ്യവസ്ഥകൾ കൂടി ഉണ്ടാക്കിയാണ് ഈ ബില്ല് ഈ രൂപത്തിൽ ഇവിടെ കൊണ്ടുവന്നത്. ഫാക്ടറിബിൽ ഇവിടെ അവതരിപ്പിച്ചതു ഇന്നു നിലവിലിരിക്കുന്ന ഫാക്ടറിയിൽ വേല ചെയ്യുന്ന ആളുകളുടെ ജീവിതവൈഷമ്യങ്ങളെ ഒട്ടെങ്കിലും പരിഹരിക്കണമെന്നു ഉദ്ദേശിച്ചു കൊണ്ടാണ്. ഇതിനു മുമ്പ് ഒരു ട്രേഡ് യൂണിയൻ ആക്ട് ഇവിടെയുണ്ടായി. ആ നിയമമനുസരിച്ച് പല തൊഴിലാളിസംഘടനകളും ഇവിടെ രജിസ്ററർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ അംഗീകരിക്കപ്പെടുന്ന ഒരു നില ഇവിടെ നിലനിൽക്കുന്നില്ലായിരുന്നു. ആലപ്പുഴയിൽ തന്നെ ൧൧൨൦-ൽ രജിസ്ററർ ചെയ്തു ഏററവും വ്യവസ്ഥാപിതമായ നിലയിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന കയർ ഫാക്ടറി സ്ററാഫ് അസോസേഷ്യൻ രജിസ്ററർ ചെയ്തു മൂന്നാമത്തെ വർഷത്തിലാണ് മനസ്സില്ലാമനസ്സോടുകൂടി അവിടത്തെ മുതലാളിമാർ ഇതു് അംഗീകരിച്ചതു്. ഇങ്ങനെയുള്ള അനേകം സ്ഥാപനങ്ങൾ ഈ രാജ്യത്തുണ്ടു്. ഈ മാതിരിയുള്ള സംഘടനകളെ എല്ലാം ഉൾക്കൊള്ളത്തക്കതും അംഗീകരിക്കത്തക്കതും ആക്കിത്തീർക്കുന്ന ഒരു ബില്ലാണ് ഇവിടെ ആദ്യമായി അവതരിപ്പിച്ചതു്. അതിനെ തുടർന്നു കൊണ്ടുവന്ന ബിൽ സാധാരണക്കാരന്റെ കൂലി നിശ്ചയിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള ബില്ലാണ്. ഇങ്ങനെ നോക്കുമ്പോൾ ആദ്യത്തെ മൂന്നു ബില്ലുകളും തൊഴിലാളികളുടെ രക്ഷയെമാത്രം കരുതിയും അവരെ മാത്രം സ്പർശിക്കുന്നതും ആണെന്നു കാണാം. എന്നാൽ ഈ രാജ്യത്തു സമാധാനവും സംതൃപ്തിയും ഉണ്ടാകണമെങ്കിൽ തൊഴിലാളികളുടെ കാര്യം മാത്രം നോക്കിയാൽ പോരാ എന്നു ഇന്നത്തെ ഗവണ്മെന്റു മനസ്സിലാക്കിയതുകൊണ്ടാണ് ഈ ബില്ലുകൂടി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഈ രാജ്യത്തെ ഇന്നത്തെ സമാധാനവും

നാളത്തെ സമാധാനവും തൊഴിലാളികളും മുതലാളികളും തമ്മിൽ പരസ്പരരഞ്ജിപ്പോടുകൂടിയ പെരുമാററവും പ്രവർത്തനവും കൊണ്ടു മാത്രമേ കൈവരികയുള്ളു. സകല ജനങ്ങൾക്കും തുല്യാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉൾക്കൊള്ളുന്നതും സമാധാനവും സംതൃപ്തിയും നിറഞ്ഞതുമായ വർഗ്ഗവൈരരഹിതമായ ഒരു ഡിമോക്രസിയെ സൃഷ്ടിക്കുന്നതിനുള്ള ആദ്യത്തെ പടിയാണ് ഇതു്. ഈ അവസരത്തിൽ ഇന്നത്തെ ഗവണ്മെൻറിൻെറ മുമ്പിൽ ഒരു സംഗതി സമർപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ജനകീയഭരണം സമാരംഭിച്ചിരിക്കുന്നു. ഇന്നത്തെ ഗവണ്മെൻറു മുതലാളിമാരുടെ ഗവണ്മെൻറാണെന്നു തൽപരകക്ഷികൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞാൽ തന്നെയും ഇന്നത്തെ ഗവണ്മെൻറു യഥാർത്ഥത്തിൽ സംഘടിത തൊഴിലാളികളുടെ രക്ഷയ്ക്കായുള്ള നിയമങ്ങളാണ് ആദ്യമേ കൊണ്ടുവന്നിരിക്കുന്നതു്. അതോടുകൂടി ഈ ഗവണ്മെൻറു ഈ രാജ്യത്തെ മുതലാളിമാരുടെ എല്ലാ താൽപര്യങ്ങളെയും സംരക്ഷിക്കുന്ന ഒരു ഗവണ്മെൻറല്ല എന്നുകൂടി ഇവിടത്തെ മുതലാളിമാർ മനസ്സിലാക്കിയിട്ടുണ്ടു്. ഈ ബില്ലുകൾ അവതരിപ്പിച്ചതോടുകൂടി തന്നെ വ്യവസായ ഉടമസ്ഥന്മാർ അവരുടെ ഫാക്ടറികളിൽ നിന്നും ജോലിക്കാരെ പിരിച്ചുവിടാൻ അവർക്കു കിട്ടുന്ന ഈ അവസരം വേണ്ടപോലെ ഉപയോഗിച്ചുവരുന്നു എന്നാണ് എൻെറ വിശ്വാസം. അടുത്തകാലത്തു് കൂടുതൽ നിവേദനങ്ങൾ ഇന്നത്തെ ഗവണ്മെൻറിൻെറ അടുക്കൽ നടത്തിയിട്ടുണ്ടെങ്കിൽ അതു തൊഴിലാളികളാണ്; തൊഴിലാളിമന്ത്രിയുടെ അടുത്തുമാണ്. തൊഴിലാളികളെ ഈ സന്ദർഭം ഉപയോഗിച്ചു പിരിച്ചുവിടുന്നതാണ് അതിനുള്ള കാരണം. അതുകൊണ്ടു് തൊഴിലാളികൾ കൂടുതൽ പ്രക്ഷോഭണം നടത്താതിരിക്കുന്നതിനു വേണ്ടിയുള്ള നടപടികൂടി ഇന്നത്തെ ഗവണ്മെൻറു് എടുക്കേണ്ടതായിവരും. ഈ ബില്ലു നിയമമായിവരുന്നതുവരെ ഗവണ്മെൻറു ആക്കാര്യത്തിൽ കൂടി ശ്രദ്ധിക്കേണ്ടതാണ്. ഈ ബില്ലുകൾ അവതരിപ്പിക്കുന്നതിന് വേണ്ട പ്രചോദനം നൽകിയതിൽ മന്ത്രിസഭയോടും അതിൻെറ സൂത്രധാരത്വം വഹിച്ച ലേബർ മന്ത്രിയോടും ഞാൻ നന്ദിപ്രകടിപ്പിച്ചുകൊണ്ടു വിരമിക്കുന്നു.

MR. P. C. ADICHAN (*Kunnathoor II—Kurava Reserved*) : ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ഈബിൽ ഏററവും അത്യാവശ്യമാണെന്നുള്ളതാണ്. ഒരു തൊഴിലാളിയുടെ സന്താനമെന്നുള്ള നിലയിൽ എനിക്കിവിടെ പറയാനുള്ളതു് സാധാരണതൊഴിലാളി മുതലാളിമാർ തമ്മിൽ ഉള്ള തർക്കങ്ങൾ സമാധാനപരമായി പറഞ്ഞുതീർക്കുന്നതിന് പുലത്തും

[Mr. P. C. Adichan]

സൂക്ഷിക്കേണ്ടതായുണ്ട്. അങ്ങനെയുള്ള കുഴപ്പങ്ങൾക്ക് നിവാരണമുണ്ടാക്കുന്നതിനും ഇപ്രകാരമുള്ള ഒരു ബിൽ ഏററവും ആവശ്യമാണ്. എല്ലാ കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കത്തക്ക നിലയിൽ ഈ ബില്ല് പര്യവസാനിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

MR. A. P. UDAYABHANU: ഈ ബില്ലിന്റെ അവതാരകനായ തൊഴിൽമന്ത്രിയുടെ ശുഭാപ്തിവിശ്വാസത്തിൽ പങ്കുകൊള്ളുന്നതിനു എനിക്കു ആഗ്രഹമുണ്ട്. ഇവിടെ സാധാരണയായി പണിമുടക്കുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു അതുപോലെ പണിശാലകൾ പൂട്ടി ഇട്ടുകൊണ്ടിരിക്കുന്നു അപ്രകാരം പണിമുടക്കുകളും ലാക്കൌട്ടുകളും ഉണ്ടാകുന്നതുകൊണ്ട് നാട്ടിൽ സാമ്പത്തികമായി വലിയ ക്ഷീണം ഉണ്ടാകുന്നു. ഇതിനൊരു പോംവഴി ഉണ്ടാക്കുവാൻ ഈ ബില്ല് പര്യാപ്തമാകുമെന്നു വിശ്വസിക്കാം. കേവലം സാമ്പത്തിക കാര്യത്തിൽമാത്രമല്ല തൊഴിലാളികൾ പണിമുടക്കുന്നതു്. ഈയിടെ ഇൻഡ്യയിൽത്തന്നെ കേന്ദ്ര ഗവണ്മെൻറു ഒരു ഇൻഡസ്ട്രിയൽ ട്രിബൂണൽ ഉണ്ടാക്കി പണിമുടക്കുകൾ ഇല്ലാതാക്കുന്നതിനു ശ്രമിച്ചു. എന്നാൽ ഗവണ്മെൻറിനെ തകിടം മറിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ചില രാഷ്ട്രീയകക്ഷികളുടെ പ്രേരണ നിമിത്തം തൊഴിലാളികൾ അതിൽ പങ്കുകൊള്ളാതെ ഒഴിഞ്ഞുമാറി നില്ക്കുകയാണ് ചെയ്തതു്. അതുപോലെതന്നെ തങ്ങൾക്ക് ദൈവീകമായി കിട്ടിയ പദവിയാണ് ഇതെന്നു വിചാരിച്ചു തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന ചില വ്യവസായശാലയുടമസ്ഥന്മാരും മുതലാളിമാരും ഉണ്ട്. ഈ രണ്ടുകൂട്ടരുടെയും മദ്ധ്യത്തിൽ ഇതുപോലെയുള്ള ബില്ലുകൾ പ്രായോഗികമാക്കുക വളരെവളരെ വിഷമമുള്ള സംഗതിയാണ്. ഈ ബില്ലിൽ വിഭാവനചെയ്യുന്നതരത്തിൽ ഈ രാജ്യത്തെ തൊഴിലാളികളേയോ മുതലാളികളേയോ നിറുത്താൻ സാധിക്കുമോ എന്നുള്ള കാര്യം കണ്ടുതന്നെ അറിയണം. പൊതുജനങ്ങളുടെ സഹകരണംകൊണ്ടു മാത്രമേ ഇതു സാധിക്കുകയുള്ളു. ഈ ബില്ലിൽ വിഭാവനചെയ്യുന്ന കമ്പൾസറി അഡ്ജൂഡിക്കേഷൻ കൊണ്ടുമാത്രമേ പണിമുടക്കു മുതലായ കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിനു സാധിക്കുകയുള്ളു. അതിനും പൊതുജനപിൻതുണ ആവശ്യമാണ്. ഇന്നലെയും ഇന്നുമായി നാലഞ്ചു ബില്ലുകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. നിയമസഭാമാതാവ് ഇത്ര മഹനീയങ്ങളായ നാലഞ്ചു ബില്ലുകളെ പ്രസവിക്കുന്ന അവസരത്തിൽ ഒരു കുരവപോലും ഇടുവാനുള്ള ഉൽസാഹം ആരും കാണിക്കുന്നില്ല. ഈ ബില്ലുകൾ നിയമസഭയിൽ വരുന്നതിനു മുമ്പ്

വേണ്ടിടത്തോളം പ്രചരണം നടത്താതിരുന്നതാണ് അതിനുള്ള കാരണം. ഈ ബില്ലിൻെറ വ്യാപ്തി എന്താണ്? അതിൻെറ പ്രയോജനം എന്താണ്? നമ്മുടെ വ്യാവസായികജീവിതത്തെയും സാമ്പത്തികനിലയേയും ഇതെങ്ങനെ ബാധിക്കും? ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം പൊതുജനങ്ങളെ മനസ്സിലാക്കേണ്ടതായിരുന്നു. എന്നാൽ അങ്ങനെയുള്ള യാതൊരു പ്രചരണവും നടത്തിയിട്ടില്ല. ഇത്തരം ബില്ലുകൾ പ്രായോഗികമാക്കുന്നതിനു പൊതുജനാഭിപ്രായത്തിൻെറ പിൻതുണയും പൊതുജനസഹകരണവും ആവശ്യമാണ്. വേണ്ട പ്രചരണം നടത്താതെ ഇത്തരം നിയമങ്ങൾ പാസ്സാക്കുന്നപക്ഷം ദീപം കൊളുത്തി കുടത്തിൽ അടച്ചു സൂക്ഷിക്കുന്നതുപോലെ പ്രയോജനരഹിതമായിത്തന്നെ ഇരിക്കും. ജനങ്ങൾ അതിൻെറ ഗുണം മനസിലാക്കുകയില്ല. ഇതു വളരെ നിയമങ്ങൾ ഒന്നാകെ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനുമുമ്പ് പൊതുജനാഭിപ്രായം ആർജ്ജിക്കത്തക്കവണ്ണം വേണ്ട പ്രചരണനടപടി ഗവണ്മെൻറു നടത്തേണ്ടതായിരുന്നു. എന്തായാലും ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്തുകൊള്ളുന്നു.

MR. K. A. MUHAMMED: സർ, തിരുവിതാംകൂറിൽ ഇന്നു നിലവിലിരിക്കുന്നതും അടുത്ത ഭാവിയിൽ നാം നിർമ്മിക്കുവാൻ വിചാരിക്കുന്നതും ഇന്നു ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതുമായ എല്ലാ തൊഴിലാളിനിയമനിർമ്മാണത്തിൻേറയും വിജയം ഇന്നിപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ട്രെയിഡ് ഡിസ്പ്യൂട്ട്സ് ബില്ലിനെ അടിസ്ഥാനമാക്കിയാണു നിലകൊള്ളുന്നത്. ട്രെയിഡ് യൂണിയനിസം, അല്ലെങ്കിൽ തൊഴിലാളികളുടെ സംഘടനാപരമായ പുരോഗതി ഇന്നു ലോകത്തിൻെറ എല്ലാ ഭാഗത്തും അംഗീകരിച്ചിട്ടുണ്ട്. അതിന് വേണ്ടത്ര പ്രചാരവും സിദ്ധിച്ചിട്ടുമുണ്ട്. ഈ ട്രെയിഡ് യൂണിയനിസത്തെ പുരോഗമിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണം പുരോഗമനപരമായ ആദർശങ്ങളുള്ള എല്ലാ ഗവണ്മെൻറുകളും ഏറ്റെടുത്തിട്ടുമുണ്ട്. ഈ പ്രശ്നം ഇത്ര ഗൗരവമായി എടുക്കുന്നതിനുള്ള പരമവും പ്രധാനവുമായ ഉദ്ദേശം തൊഴിലാളിസംഘടനകളെ പുരോഗമിപ്പിക്കുന്നതിനോടൊപ്പം തൊഴിലാളികളുടെ അനധികൃതവും അനാവശ്യവുമായ പണിമുടക്കുകളെ തടയണമെന്നുള്ളതാണ്. അതിനുള്ള പ്രത്യേക കാരണം ഈ പണിമുടക്കുമൂലം ലോകത്തിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സമ്പത്തു ഒരിക്കലും വീണ്ടെടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതുതന്നെ. മനുഷ്യപ്രയത്നംകൊണ്ടാണു ലോകത്തു സമ്പത്തു ഉണ്ടാകുന്നത്. ഒരു ഫാക്ടറിയിൽ പണിമുടക്കിയാൽ അ

[Mr. K. A. Muhammed]

ഫാക്ടറിയുടെ ഉല്പാദനം കുറയുന്നു. ഒരിക്കൽ നഷ്ടപ്പെടുന്ന ആ ഉല്പാദനം പിന്നീടു വീണ്ടെടുക്കുവാൻ നിവൃത്തിയില്ല. ആ ഫാക്ടറി ഉടമസ്ഥനും തൊഴിലാളികൾക്കും രാജ്യത്തിനും ആർജിക്കുവാൻ കഴിയുന്ന ധനത്തെ ഇല്ലായ്മചെയ്യുക എന്നുള്ളതു ഈ പണിമുടക്കുമൂലം സംഭവിക്കുന്ന ഒരു വലിയ വിപത്തുതന്നെയാണ്. അങ്ങനെയുള്ള പണിമുടക്കുകളെ തടയണമെന്നാണു സാമ്പത്തിക വിദഗ്ദ്ധന്മാർ പറയുന്നതു്. ഈ കാര്യം മുതലാളിമാർകൂടി അറിയേണ്ടതാണ്. നിവൃത്തിയുള്ളിടത്തോളം ഒരു സ്ട്രൈക്കു തുടങ്ങുവാനുള്ള പരിതസ്ഥിതി സൃഷ്ടിക്കാതിരിക്കാൻകൂടി മുതലാളിമാർ പ്രത്യേകം ശ്രമിക്കേണ്ടതാണ്. പക്ഷെ ഈ കാര്യം ഇന്നത്തെ മുതലാളിമാർ വേണ്ടത്ര വകവച്ചുകൊടുക്കുകയൊ മനസിലാക്കുകയൊ ചെയ്യുന്നില്ല. തൊഴിലാളിയുടെ കയ്യിലുള്ള ഏറ്റവും ശക്തിയേറിയ ആയുധം സ്ട്രൈക്കു മാത്രമാണ്. തിരുവിതാംകൂറിലെ കാര്യംതന്നെ എടുക്കാം. തിരുവിതാംകൂറിൽ തൊഴിലാളിനിയമങ്ങൾ വരുന്നതിനു മുൻപുതന്നെ തൊഴിലാളിസംഘടനകൾ ഉണ്ടായിട്ടുണ്ടു്. ട്രെയിഡ് യൂണിയൻ ആക്ട് അനുസരിച്ചു സംഘടിച്ചില്ലെങ്കിലും വളരെ ശക്തിയായ തൊഴിലാളിസംഘടനകൾ തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. ആ സംഘടനകൾ സുശക്തമായി പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായിട്ടാണു ഗവണ്മെന്റുതന്നെയും ഇവിടെ ചില തൊഴിലാളിനിയമങ്ങൾ ആവശ്യമാണെന്നു സമ്മതിച്ചുകൊടുത്തതു്. ഇങ്ങനെ ട്രെയിഡു യൂണിയൻ ആക്ട്, ഫാക്ടറി ആക്ട്, പേമെന്റു ആഫ് വേജസ് ആക്ട്, മെറ്റേർനിറ്റി ആക്ട്, എന്നു തുടങ്ങിയ പല തൊഴിലാളിനിയമങ്ങളും ഇവിടെയുണ്ടായി. ഇതെല്ലാം ഉണ്ടായിട്ടും പണിമുടക്കുകൾ വർദ്ധിക്കുന്നതല്ലാതെ കുറയുന്ന ലക്ഷണം കാണുന്നില്ല. ഇങ്ങനെ പണിമുടക്കുകൾ വർദ്ധിക്കുന്നു എന്നു കണ്ടപ്പോൾ അതിനെ തടയുന്നതിനായി നിയമനിർമ്മാണപരമായ വല്ല സാദ്ധ്യതകളുമുണ്ടോ എന്നു നോക്കിയതിന്റെ ഫലമായിട്ടാണു ഒരു ട്രെയിഡ് ഡിസ്പ്യൂട്ട്സ് ആക്ട് ഇവിടെ ഉണ്ടായതു്. അതനുസരിച്ചു തൊഴിലാളികളും മുതലാളികളും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ തർക്കമുണ്ടാകുന്നപക്ഷം തൊഴിലാളിസംഘടനയും തൊഴിലാളികളുമായി സമ്പർക്കത്തിലിരിക്കുന്ന മുതലാളിമാരും പരസ്പരം സമ്മതിക്കുന്നപക്ഷം ഒരു കോടതിയെ ഏർപ്പെടുത്തി തർക്കം തീർക്കാമെന്നു ഒരു മിതമായ വ്യവസ്ഥ മാത്രമേ ആ നിയമത്തിലുള്ളൂ. കഴിഞ്ഞ യുദ്ധകാലത്തു ഇവിടത്തെ ഉല്പാദനങ്ങളെ ഈ പണിമുടക്ക വല്ലാതെ ബാധിച്ചതായി അനുഭവപ്പെട്ടപ്പോൾ,

അതുപോലെതന്നെ ഇൻഡ്യയിൽ പൊതുവെ സ്ട്രൈക്കുകൾമൂലം ഉല്പാദനങ്ങളെ അഭിവൃദ്ധിപ്പെടുത്തുവാൻ സാധ്യമായില്ലെന്നു കണ്ടപ്പോൾ സ്ട്രൈക്കുകളെയും ലോക്കൌട്ടുകളെയും തടയേണ്ട ആവശ്യമുണ്ടെന്നു ഗവൺമെൻറിനു ബോദ്ധ്യമായി. എന്നാൽ അതിനു തക്കതായ നിയമം ഗവൺമെൻറിൻെറ കയ്യിലില്ലെന്നു കണ്ടപ്പോഴാണു തിരുവിതാംകൂറിലെയും ഇൻഡ്യയിലെയും ഗവൺമെൻറുകൾ പ്രത്യേകാധികാരചട്ടമനുസരിച്ചു ഏതെങ്കിലും ഫാക്ടറി പൂട്ടിയിടുകയാണെങ്കിൽ അതു തുറക്കണമെന്നു ആജ്ഞാപിക്കുന്നതും അതുപോലെ അനാവശ്യമായ സ്ട്രൈക്കുകളെ തടയുന്നതും ആയ നിയമങ്ങൾ സൃഷ്ടിച്ചതു്. ൧൧൨൨-ലെ എമർജൻസി ആക്ററുപ്രകാരം അതിനുള്ള അധികാരം നമ്മുടെ ഗവൺമെൻറിനുമുണ്ടു്. ഇതെല്ലാം ഉണ്ടെങ്കിലും തൊഴിലുടമസ്ഥന്മാരോ, അതല്ലെങ്കിൽ തൊഴിലാളികളോ സ്ട്രൈക്കുചെയ്യാൻ പാടില്ല, അതു തെററാണ് എന്നു് ... മദ്ധ്യസ്ഥം ശാസിക്കുന്നതിനുള്ള അധികാരം ഗവൺമെൻറിനില്ല. അതുപോലെ ലോക്കൌട്ടിനെയും തടയുവാൻ പ്രത്യേകമായ അധികാരം ഗവൺമെൻറിനുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു ഇതിനെല്ലാം പൊതുവെ ഒരു നിയമനിർമ്മാണം നടത്തേണ്ട ആവശ്യം ഏതൊരു ഗവൺമെൻറിനെയും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായി തീർന്നിരിക്കുന്നു. ഇൻഡ്യയിലെ കേന്ദ്രഗവൺമെൻറുപോലും മുറവിളികൂട്ടിക്കൊണ്ടിരിക്കുന്ന ഒരു സംഗതിയാണിതു്. ഇവിടത്തെ ഉൽപാദനം കുറയുവാൻ പാടില്ല. അതേ സമയംതന്നെ തൊഴിലാളികളുടെ അവകാശം വിഗണിക്കുവാനും പാടില്ല. അങ്ങനെ തൊഴിലാളികൾക്കു അഭിവൃദ്ധിയും, വ്യാവസായികസമാധാനവും ഉണ്ടാകുന്നതിനും അതേസമയം ഇവിടത്തെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ബിൽ പ്രയോജകീഭവിക്കുന്നതാണ്. ഈ കാരണങ്ങളാൽ ഞാൻ ഈ ബില്ലിൻെറ തത്വങ്ങളോടു പരിപൂർണ്ണമായി യോജിക്കുകയും ഈ ബില്ലിനെ ആത്മാർത്ഥമായി സ്വാഗതംചെയ്യുകയും ചെയ്യുന്നു.

MR. V. GANGADHARAN NAIR : ഒരു ജനകീയ ഗവൺമെൻറു ഉണ്ടായിട്ടെങ്കിലും ഇന്നു തിരുവിതാംകൂറിൽ തൊഴിലാളികളുടെ ഇടയിൽ വലിയ സംതൃപ്തി ഒന്നും ഇതുവരെ ഉണ്ടായിക്കണ്ടില്ലെന്നു നമുക്കെല്ലാവർക്കുമറിയാം. അതിനു അവരെ കുററം പറയാൻ നിവൃത്തിയില്ലെന്നാണു എൻെറ അഭിപ്രായം. കാരണം ഇന്നും മുതലാളിമാർ പഴയ ക്രമങ്ങളും പഴയ വ്യവസ്ഥകളും പഴയ രീതികളുംതന്നെ വച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ പുരോഗമനപരമായ പല നിയമനിർമ്മാണ

[Mr. V. Gangadharan Nair]

ങ്ങളും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുണ്ട്. അതിനെക്കാൾ പുരോഗമനപരമായ ചില നിയമങ്ങളാണ് ഇപ്പോൾ തൊഴിലാളിമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. എന്തെല്ലാം പുരോഗമനപരങ്ങളായ നിയമങ്ങൾ ഉണ്ടാക്കിയാലും അതിൽനിന്നെല്ലാം കഴിഞ്ഞുനിന്നു തൊഴിലാളികളെ മർദ്ദിക്കുന്നതിനും ചൂഷണം ചെയ്യുന്നതിനും മുതലാളിമാർ ശ്രമിക്കുമെന്നുള്ളതു വ്യക്തമാണ്. എല്ലാ നിയമങ്ങളിൽ നിന്നും കഴിഞ്ഞുമാറി, തൊഴിലാളികളെ ചവിട്ടിമെതിക്കുവാനുള്ള മുതലാളിയുടെ മനോഭാവത്തിനു യാതൊരു മാററവും ഇവിടെ വന്നിട്ടില്ല. അതുകൊണ്ടു ഗവണ്മെൻറു ആദ്യമായി ചെയ്യേണ്ടതു മുതലാളിമാരുടെ ഇത്തരശ്രമങ്ങളെ തടയുകയാണ്. ഗവണ്മെൻറു എന്തെല്ലാം നിയമങ്ങൾ ഉണ്ടാക്കിയാലും അവ പ്രയോഗത്തിൽ വരുത്താൻ ഗവണ്മെൻറു തൊഴിലാളികളോട് പക്ഷപാതബുദ്ധിയോടുകൂടി പെരുമാറണം. നിയമങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് തടസ്സമുണ്ടാക്കുന്ന മുതലാളിമാരോടു നിർദ്ദാക്ഷിണ്യമായി പ്രവർത്തിക്കേണ്ടതാണ്. ടെക്നിക് ഓഫ് കൺട്രോൾ, ടെക്നിക് ഓഫ് ടാക്സേഷൻ, ടെക്നിക് ഓഫ് ലജിസ്ലേഷൻ മുതലായവയിൽകൂടി രാജ്യത്തെ സ്ഥിതിസമത്വത്തിലേക്കു നയിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടു ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്തുകൊള്ളുന്നു.

MR. P. K. RAMAN (*Shertalai II—General*): ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നതോടുകൂടി ഇതിൻെറ ദൂരവ്യാപകമായ പ്രയോജനം തൊഴിലാളികൾക്കു സിദ്ധിക്കത്തക്കവിധത്തിൽ ചില കരുതൽ വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉണ്ടായിരിക്കേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഇപ്പോൾ ഒരു രാജ്യത്തു വ്യാവസായികമായ ഒരു ഉത്ഥാനമല്ല, ഒരു പരാജയമാണ് നടക്കുന്നതെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. യുദ്ധോപരിതസ്ഥിതിനിമിത്തം ഉണ്ടായ നാണ്യപ്പെരുപ്പംമൂലം ഒരു നല്ല കാലം വരികയും അതിൻെറ അവസാനകാലത്തു ആ നാണ്യപ്പെരുപ്പത്തിൻെറ ദുഷ്ഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. ഈ കാലം അധഃപതനത്തിലേക്കു പോയ്ക്കൊണ്ടിരിക്കുകയാണെന്നുള്ളതു ഒരു പരമാർത്ഥമാണ്. അങ്ങനെയുള്ള ഒരു കാലഘട്ടത്തെ തരണം ചെയ്തു ഒരു പുതിയ ജീവിതത്തെ നയിക്കത്തക്കനിലയിൽ വ്യാവസായികന്തരീക്ഷത്തെ ചലനത്തിൽകൊണ്ടുപോകുവാനുള്ള അടിസ്ഥാനങ്ങൾ സൃഷ്ടിക്കുവാനാണ് നാം ഇപ്പോൾ നോക്കേണ്ടത്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു നോക്കുമ്പോൾ തൊഴിലാളികളോടും വ്യവസായത്തോടും

രാജ്യത്തോടും ദ്രോഹമുള്ള വ്യക്തികളെ ഉന്മൂലനാശം ചെയ്യേണ്ടതിന്റെ ആവശ്യമുണ്ടെന്നു നിഷ്പക്ഷമായി പറയുവാൻ കഴിയും. എന്നാൽ നമ്മുടെ ഇവിടത്തെ ജനങ്ങളുടെ സ്വാഭാവികമായ മനോഗതം നോക്കുമ്പോൾ പഴയ ആദർശങ്ങളോടും ചര്യകളോടും ഒട്ടിനിന്നു പൊരുത്തപ്പെട്ടുപോകുന്ന ആ രീതിയെ പെട്ടെന്നു മാററുവാനുള്ള തയാർ നമ്മുടെ ജനങ്ങൾക്കുണ്ടോ എന്നു സംശയമാണ്. മുൻപു അഡ്ജൂഡിക്കേഷൻ വളരെ അപൂർവ്വമായിട്ടേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോൾ അത്തരം കേസുകൾ കുറച്ചു ഉണ്ടായിവരുന്നുണ്ട്. കൊല്ലത്തു ഈയിടെയുണ്ടായ ഒരു അഡ്ജൂഡിക്കേഷൻ കേസിൽ ഉണ്ടായ സംഭവങ്ങൾ തൊഴിലാളികളുടെ ഇടയിൽ ഒരു വലിയ കോളിളക്കമുണ്ടാക്കി എന്നു നമുക്കറിയാം. ഈവക സംഗതികൾ ഗവണ്മെന്റു ഈ സഭയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നാണു് എന്റെ അപേക്ഷ. പാശ്ചാത്യ രാജ്യങ്ങളിലെ ചില സമ്പ്രദായങ്ങളോടുള്ള ഏകീകരണം മാത്രമായ ഈ ബിൽ പരിണമിക്കരുതെന്നു എനിക്കു പ്രത്യേകം അപേക്ഷയുണ്ട്.

കൂടാതെ ഇവിടത്തെ വ്യവസായങ്ങളിൽ വൻകിടവ്യവസായങ്ങൾ പ്രായേണ അപ്രധാനങ്ങളാണ്. ഫാക്റററി ആക്റ്റിൻപ്രകാരം ൨൦ ആളുകൾ ചേർന്നു പ്രവർത്തിച്ചുവരുന്ന ഒരു വ്യവസായശാല ഫാക്ടറിയായി തീരും. ഇങ്ങനെ ൨൦ ആളുകൾ ചേർന്നു പല കുടിൽവ്യവസായങ്ങളും ചെയ്യാറുണ്ട്. ഇത്തരം വ്യവസായശാലകളിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികൾക്കു ഈ ബില്ലിലെ വ്യവസ്ഥപ്രകാരം പല തൊഴിൽതർക്കങ്ങളും വന്നുചേരാവുന്നതാണ്. അങ്ങനെയുള്ള തൊഴിൽതർക്കങ്ങൾ കൂടി പരിഹരിക്കുന്നതിനു വ്യക്തമായ വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടോ എന്നു ഞാൻ സംശയിക്കുന്നു. തൊഴിലാളികൾക്കുണ്ടാകാവുന്ന അവശതകൾ പരിഹരിക്കുവാൻ അമേരിക്കയിലും മററും ഉള്ളതുപോലെ നഷ്ടപരിഹാരം ഈടാക്കുവാൻ പ്രാപ്തിയുള്ള എന്തെങ്കിലും പരിതസ്ഥിതി ഇവിടത്തെ തൊഴിലാളിസംഘടനകൾക്കില്ല. ആ പരിതസ്ഥിതി കഴിവുള്ളിടത്തോളം സൃഷ്ടിക്കത്തക്ക വ്യവസ്ഥകളും ബില്ലിൽ വരുത്തേണ്ടതാണ്. എന്തായാലും തൊഴിലാളികൾക്കും രാജ്യത്തിനും ഈ ബില്ലിൽ ഒരു പുതിയ സംവിധാനക്രമത്തെ സൃഷ്ടിക്കുമെന്നുതന്നെ ഞാൻ വിചാരിക്കുന്നു. അതിനാൽ ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയും ഇതു എത്രയും വേഗത്തിൽ നിയമമായിത്തീരട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

MR. P. BALAKRISHNAN TAMPI: Sir, I welcome this bill because it will save the labourers from the purchase of the very well intention Political Leaders. The very intelligent classes of labourers in

[Mr. P. Balakrishnan Tampi]

Travancore do not show the same inclination to walk into the parlours of the very highly intelligent men and women who always talk of bourgeoism. As an integral part of the Indian Union, it is our prime duty that in the matter of labour policy we must fall into line with the wise policy adopted by the Indian Union. We remember that the words of the Prime Minister of the Dominion of India who said that it must be our endeavour to end the clash of capital and labour. It is our duty to add to the production by minimising the disputes between capital and labour and to minimise the chances of future conflict between capital and labour. In our land as in every other land where the dangerous atomic energy is given to every individual in the name of a vote, it is not surprising that real talk of approaches will be made to labour, some in a patronising attitude others in an inimical attitude and others in a more exciting attitude than the labour itself. I am glad that our Government have understood the necessity of having a tribunal which could enforce the equitable decisions that may come to between labour and capital. In our land also, although industry is in its incipient stage capital is scared away and production is impeded by the very well-intentioned advice of labour.

MR. PRESIDENT : മി. കേശവൻ നാമനിർദ്ദേശം ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട മെമ്പറന്മാരെ സെലക്ട് കമ്മിററി അംഗങ്ങളായി നിയമിക്കുന്നതിൽ ഈ സഭക്കു യാതൊരു അഭിപ്രായവ്യത്യാസവും ഇല്ലെന്നു കാണപ്പെടുന്നതിനാൽ അതു അനുവദിച്ചിരിക്കുന്നു. അതിന്റെ കോറം അഞ്ചായിരിക്കുമെന്നുള്ളതും കൂടി ഈ സഭ സ്വീകരിക്കുന്നു എന്നു് വിശ്വസിക്കുന്നു.

THE TRAVANCORE CRIMINAL PROCEDURE CODE (AMENDMENT) BILL

അടുത്തതായി ക്രിമിനൽ പ്രൊസിഡിയർ കോഡ് ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനായി ഞാൻ മി. താണുപിള്ളയെ ക്ഷണിച്ചു കൊള്ളുന്നു.

HON'BLE. MR. A THANU PILLAI : ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ഈ ബില്ലിന്റെ ഉദ്ദേശം ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ചില ഭേദഗതികൾ വരുത്തുന്നതിലേക്കാണ്. അതായതു, യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളെ കേസുകളിൽ വിസ്തരിക്കുന്നതു ചില പ്രത്യേക വ്യവസ്ഥയനുസരിച്ചായിരുന്നു. അവരെ വിസ്തരിക്കുന്നതും, അവരുടെ അപ്പീൽ കേൾക്കുന്നതും മററും ഒരു സ്പെഷ്യൽ യൂറോപ്യൻ മജിസ്ട്രേട്ടാണ്. കഴിഞ്ഞ ആഗസ്റ്റ് ൧൫-ാംനു- മുതൽ രാഷ്ട്രീയമായ സ്ഥിതിഗതികൾ മാറിയിരിക്കുന്നതുകൊണ്ടു ഈ രീതി തുടർന്നുകൊണ്ടു പോകേണ്ട ആവശ്യമില്ലാത്തതിനാൽ, ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ചില ഭേദഗതികൾ വരുത്തേണ്ടിയിരിക്കുന്നു. ഈ ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സഭ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. K. R. ELANKATH : പ്രൈം മിനിസ്റ്റർ ഇവിടെ അവതരിപ്പിച്ച ബില്ലിനെ ശക്തിയായി പിൻതാങ്ങിക്കൊണ്ടു ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. ആഗസ്റ്റ് ൧൫-ാംനു-ക്കു മുമ്പുതന്നെ ഈ നിയമം നടപ്പിൽ വരുത്താമായിരുന്നു. അതു, ഇതു ഒരു പ്രത്യേകാവകാശമെന്നുള്ള നിലയിൽ മാത്രമല്ല. അങ്ങനെയുള്ള നടപടികൊണ്ടു വളരെ കേസുകൾക്കു കാലതാമസം നേരിടുന്നുമുണ്ട്. അതിനാൽ അങ്ങനെയുള്ള വൈഷമ്യ

ങ്ങളെ നീക്കുന്നതിനു മാത്രമാണ് ഈ ബിൽ കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. സാധാരണ മററു കാര്യങ്ങൾക്കുള്ള നടപടികളും മററും അതായതു് സെലക്ട് കമ്മററിക്കയയ്ക്കുക മുതലായവ ഇതിനെ സംബന്ധിച്ചിടത്തോളം ആവശ്യമില്ല. കഴിയുന്നതും വേഗത്തിൽ ഇതു നിയമമാക്കാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. PRESIDENT : ബിൽ അംഗീകരിക്കണമെന്നും അതു ഒരു സെലക്ട കമ്മററിക്കയയ്ക്കണമെന്നും ഉള്ളതു ……………

HON'BLE MR. A. THANU PILLAI : സെലക്ട കമ്മററിയിലേക്കയയ്ക്കണമെന്നു ഞാൻ മൂവ് ചെയ്യുന്നില്ല.

MR. P. S. NATARAJA PILLAI: This is only the introduction stage and it may be moved for consideration by the Select Committee later on.

HON'BLE. MR. A. THANU PILLAI : അതേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ. വേണമെന്നുണ്ടെങ്കിൽ സെക്കൻഡ് റീഡിങ്ങിലോ തേഡ് റീഡിങ്ങിലോ സെലക്ട കമ്മററിക്കു അയയ്ക്കാമല്ലോ.

MR. D. GNANASIGAMONI : I think this bill ought to be referred to a Select Committee for the following reasons. From the statement made by the Honourable Premier it would seem that these provisions, namely sections 365 to 376 are the only provisions relating to European British subjects. Sir, you will find that under Chapter 8, the proceedings relating to them are contemplated in Section 107 also. I will read that Section ; "The provisions of Sections 105 and 106 do not apply to European British subjects who may be reported as vagrants by Our Government or by any Special Magistrate who may be empowered by Us in this behalf. So that if, as the Honourable Premier pointed out, it is intended to take away all such distinctions, this section must also go. This amendment bill makes no provision for it. Section 4 (i) (e) relates to the definition of a British subject, and when that section goes, it is expedient, all the sections relating to these people must go.

There are also other references relating to them, Section 392 for example. In order, therefore to make the amendment bill comprehensive, I submit that the matter must go to a Select Committee.

HONOURABLE MR. A. THANU PILLAI: The definition itself goes. Anyway I have no objection in referring to a Select Committee.

MR. PRESIDENT : ഇതു് സെലക്റ്റ് കമ്മററിയിലേക്കു് അയയ്ക്കുന്നതിൽ സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

HON'BLE MR. A. THANU PILLAI : താഴെ പറയുന്ന അംഗങ്ങൾ സെലക്റ്റ് കമ്മററിയിൽ ഉൾപ്പെടുന്നതാണ്.

1. Hon'ble Mr. A. Thanu Pillai.
2. Mr. D. Gnanasigamoni.
3. Mr. V. O. Markos.
4. Mr. T. K. Narayana Pillai.
5. Mr. T. A. Abdulla.
6. Mr. A. P. Udayabhanu

ഇതിൻെറ കോറം മൂന്നായിരിക്കുന്നതാണ്.

MR. PRESIDENT : സെലക്റ്റ കമ്മററിയിലേക്കുള്ള അംഗങ്ങളുടെ പേരുവിവരംലിസ്റ്റും കോറം മൂന്നു എന്നുള്ളതും സഭ അംഗീകരിച്ചതായി വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

THE TRAVANCORE FATAL ACCIDENTS AMENDMENT BILL.

MR. PRESIDENT : Travancore Fatal Accident (Amendments) Bill അവതരിപ്പിക്കുന്നതിന് പ്രൈം മിനിസ്റ്റർ മി. താണുപിള്ളയെ ക്ഷണിച്ചു കൊള്ളുന്നു.

HON' BLE MR. A. THANU PILLAI : സർ, നമ്മുടെ നിയമപ്രകാരം ഒരാൾ മറെറാരാളിൻെറ കാരണം മൂലം മൃതി അടയുന്നതായിട്ട് ക്രിമിനലായിട്ടുള്ള കേസുകളിൽ അയാളെ ശിക്ഷിക്കുന്നതിന് നിയമമുണ്ടെങ്കിലും സിവിലായിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ചിടത്തോളം നിയമം അപൂർണ്ണമായിട്ടാണിരിക്കുന്നതു്. ഇതു സംബന്ധമായി ശരിയായ നിയമം ഗ്രേററു ബ്രിട്ടണിലും ഇൻഡ്യയിലും മാത്രമേ ഉണ്ടായിട്ടുള്ളു. അങ്ങനെയുള്ള കേസുകളിൽ അങ്ങനെ മൃതിയടഞ്ഞ ആളുകൾക്കു നഷ്ടപരിഹാരം ലഭിക്കുന്നതിനു തക്കവണ്ണം ഉള്ള വ്യവസ്ഥ ഉണ്ടാക്കുകയാണ് ഈ ബില്ലിൻെറ ഉദ്ദേശം.

ഈ ബിൽ സഭ അംഗീകരിക്കുകയും ഇതു് ഒരു സെലക്റ്റ് കമ്മററിയിലേക്ക് അയയ്ക്കുന്നതിനോട്ട് സഭ യോജിക്കുകയും ചെയ്യണമെന്ന അഭ്യർത്ഥനയോടുകൂടി ഈ ബിൽ അവതരിപ്പിക്കുന്നു.

MR. PRESIDENT : ഈ ബിൽ സഭ അംഗീകരിക്കുകയും അതു് ഒരു സെലക്റ്റു കമ്മററിയിലേക്കയക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

HON'BLE MR. A. THANU PILLAI : താഴെ പറയുന്ന അംഗങ്ങൾ സെലക്റ്റുകമ്മററിയിൽ ഉൾപ്പെടുന്നതാണ്.

1. Hon'ble Mr. A. Thanu Pillai.
2. Mr. K. P. Nilakanta Pillai.
3. Mr. E. John Philipose.
4. Mr. A. Nesamony.
5. Mr. P. K. Kunju.
6. Mr. T. T. Kesavan Sastri.
7. Mr. K. N. Sankunni Pillai.
8. Mr. G. Nilakantan.
9. Mr. A. P. Udayabhanu.
10. Mr. R. Atchuthan.
11. Mr. N. V. Chacko.
12. Mr. K. A. Gangadhara Menon.
13. Miss Accamma Cheriyan.
14. Mr. K. Sivarama Pillai.
15. Mr. P. Chacko.

ഇതിന്റെ കോറം ആറായിരിക്കുന്നതാണ്.

MR. PRESIDENT: ഈ സഭ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു.

(സഭ അനുകൂലിച്ചു.)

THB TRAVANCORE SAVINGS BANK BILL.

MR. PRESIDENT: The Travancore Savings Bank Bill അവതരിപ്പിക്കുന്നതിന് മി. താണുപിള്ളയെ ക്ഷണിച്ചുകൊള്ളുന്നു.

HON'BLE MR. A. THANU PILLAI: ഇപ്പോൾ തിരുവിതാംകൂറിൽ സേവിംഗ്സ് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുകകൾ തിരിച്ചുകൊടുക്കുന്നതിനുള്ള റൂളുകൾ Statutory അല്ല; Administrative ആണ്. അതനുസരിച്ചു ഡെപ്പോസിററർ മരിച്ചുപോയാൽ അതിനുശേഷം പണം അവകാശികൾക്കു കൊടുക്കുന്നതായാൽ, അതു ശരിയായ അവകാശി അല്ല എന്നു പറഞ്ഞു പിന്നീടും അവകാശികൾ വരുന്നതിനു സൗകര്യമുള്ളതുകൊണ്ടു അതു എളുപ്പം കൊടുക്കുന്നതിനു വൈഷമ്യങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ടു അങ്ങനെയുള്ള പണം ക്ലിപ്തമായ ഒരു തുകയെ സംബന്ധിച്ചിടത്തോളം ഒരു ക്ലിപ്തകാലത്തിനുള്ളിൽ കൊടുത്തുതീർക്കുന്നതിനുള്ള നിയമസാധുത്വം വരുത്തുന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശം. ഇതിൽ മൂവായിരം രൂപായ്ക്കുള്ള തുക മാത്രമേ വരുന്നുള്ളു. മററു തുകകളെ സംബന്ധിച്ചു Succession certificate, probate, letters of administatrion ഇവയൊക്കെ ആവശ്യമുള്ളതു തന്നെയാണ്. മൂവായിരം രൂപായ്ക്കകത്തുള്ള തുകകളാണ് മിക്ക ആളുകളും നിക്ഷേപിച്ചിരിക്കുന്നത്.

അതിലും ഒരു വ്യത്യാസമുണ്ട്. സിക്രട്ടറി തന്നെയായിരിക്കണം എന്നുണ്ട്. ഡിപ്പോസിററർ അധികാരപ്പെടുത്തപ്പെട്ട ആളിനു പണം

[Hon'ble Mr. A. Thanu Pillai]

തിരിച്ചു വാങ്ങാം. താണ നിലയിലുള്ള ഉദ്യോഗസ്ഥന്മാർ ൫൦൦ രൂപാ വരെയുള്ള തുകകൾ കൊടുക്കുന്നതിന് അധികാരമുള്ളവരാണ്. ഈ സേവിംഗ്സ് ബാങ്ക് എന്നു പറയുന്നതു് നാടു ഒട്ടുക്കുണ്ടു്. അതു കൊണ്ടാണ് ഈ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. പിന്നീടു അങ്ങനെ കൊടുത്തുപോയാൽ അതു് വാങ്ങുന്ന ആളിൽനിന്നും വല്ല തകരാറും വന്നുപോയാൽ അയാളിൽനിന്നും ഈടാക്കാൻ വ്യവസ്ഥയുണ്ടു്. അതിനെപ്പററിയാണ് ൫-ാം വകുപ്പിൽ പറയുന്നതു്.

"5. Such payment shall be a full discharge from all further liability in respect of the money so paid.

But nothing herein contained precludes any executor or administrator, or other representative of the deceased from recovering from the person receiving the same the amount remaining in his hands after deducting the amount of all debts or other demands lawfully paid or discharged by him in due course of administration.

Payment to be a discharge, saving of right of executor saving of right of creditor.

And any creditor or claimant against the estate of the deceased may recover his debt or claim out of the money paid under this Act to any person, and remaining in his hands unadministered, in the same manner and to the same extent as if the latter had obtained letters of administration of the estate of the deceased."

പിന്നെ തെളിവെടുക്കുന്നതിനുള്ള അധികാരങ്ങൾ സിക്രട്ടറിക്കു കൊടുത്തിട്ടുണ്ടു്. അതിൽ കളവു കാണിച്ചാൽ ശിക്ഷിക്കുന്നതിനും വകുപ്പുണ്ടു്. അതാണ് ൭-ാം വകുപ്പിൽ കാണുന്നതു്. പക്ഷെ ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നേയുള്ളു. മൈനറുകളെ സംബന്ധിച്ചാണെങ്കിൽ ചെയ്തിരിക്കുന്ന വ്യവസ്ഥ ഒരു മൈനർതന്നെ നിക്ഷേപിച്ചിട്ടുള്ള തുകയാണെങ്കിൽ അയാൾക്കുതന്നെ തിരിച്ചുകൊടുക്കാം. അതല്ല വേറൊരാളാണ് ഒടുക്കിയിട്ടുള്ളതെങ്കിൽ മൈനറിന്റെ രക്ഷകർത്താവിനേ അതു വാങ്ങിക്കാൻ നിവൃത്തിയുള്ളു. അതുപോലെതന്നെ ബുദ്ധിക്കു സ്ഥിരതയില്ലാത്തവരുടെ നിക്ഷേപങ്ങളെക്കുറിച്ചും വ്യവസ്ഥ ചെയ്തിട്ടുണ്ടു. ഈ തത്വങ്ങൾ കാര്യനടത്തിപ്പിനെ ഉദ്ദേശിച്ചു ഏർപ്പെടുത്തിയിട്ടുള്ളതാണ്. അതു് ഈ സമിതി അംഗീകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇൻഡ്യൻസേവിംഗ്സ് ബാങ്ക് റൂൾസ്സിലും ഇതേ വിധത്തിലുള്ള വ്യവസ്ഥകളാണ് ചെയ്തിരിക്കുന്നതു്.

MR. D. GNANASIGAMONI : Under Section 9, is there a distinction made regarding European Officers?

HON'BLE MR. A. THANU PILLAI : അതു യൂറോപ്യന്മാരെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ അനുസരിച്ചു അവരുടെ സ്വത്തുക്കളെ കൈകാര്യം

ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പ്രത്യേകമുണ്ട്. അതിനെ ആസ്പദമാക്കിയാണ് ഈ വ്യവസ്ഥ. ആവശ്യമെന്നു തോന്നുന്ന മാററങ്ങളെല്ലാം സെലക്റ്റ് കമ്മിററിക്ക് ചെയ്യാവുന്നതാണ്.

MR. P. T. CHACKO: തത്വത്തിൽതന്നെ ഈ ബില്ലിൻെറ അവതരണത്തെ ഞാൻ എതിൎക്കുന്നു. അതിനു പ്രധാനമായിട്ടു രണ്ടു കാരണങ്ങളാണുള്ളതു്. ഒന്നാമതായി ഈ ബിൽ നിയമമായി വരുന്നതുകൊണ്ടു നാട്ടിലെ ജനങ്ങളിൽ ആൎക്കെങ്കിലും—ഡിപ്പാസിററുചെയ്യുന്ന ആളിനൊ മരിച്ചശേഷം അവകാശികൾക്കോ—എന്തെങ്കിലും കാൎയ്യമായ ആനുകൂല്യം ഉണ്ടാകുന്നില്ല. അതേ സമയത്തുതന്നെ ഗവൎമ്മെൻറിനെ സംബന്ധിച്ചു മാത്രം ഒരു ആനുകൂല്യം ഉണ്ടാകുന്നുണ്ടു്. സിക്രട്ടറി എന്നു പറയുന്ന അക്കൌണ്ടൻറു ജനറലോ മററു അദ്ദേഹം അധികാരപ്പെടുത്തുന്ന ആളോ ൫൦൦ രൂപക്കു താഴെയുള്ള തുകകളെ സംബന്ധിച്ചിടത്തോളം ഗവൎമ്മെൻറു അധികാരപ്പെടുത്തപ്പെട്ട ആളോ പണം കൊടുത്താൽ അതു ഫുൾ ഡിസ്ചാൎജ്ജ് ആണ്. ഗവൎമ്മെൻറിനു പിന്നെ യാതൊരു ബാദ്ധ്യതയും അതിലില്ല. അങ്ങനെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ യാതൊരു ആനുകൂല്യവ്യവസ്ഥകളും ഇതിലില്ല. സിക്രട്ടറിയോ താഴ്ന്ന പടിയിലുള്ള ഉദ്യോഗസ്ഥന്മാരോ തീരുമാനിക്കുന്നതു അനുസരിച്ചു "pay the same to any person appearing to him to be entitled" എന്നാണ്. ആ ഉദ്യോഗസ്ഥനു് ഇന്നയാളാണ് അവകാശിയെന്നു തോന്നിയാൽ പണം കൊടുക്കാം. അക്കൌണ്ടൻറു ജനറലിനോ അല്ലെങ്കിൽ കീഴുദ്യോഗസ്ഥന്മാൎക്കോ ഒരാളാണു അവകാശിയെന്നു തോന്നിയാൽ മാത്രംമതി. അക്കൌണ്ടൻറു ജനറലാണെങ്കിൽ അതിനെക്കുറിച്ചു അന്വേഷണം നടത്തണമെന്നുമില്ല. ഒരാൾ മരിച്ചാൽ ഡിപ്പോസിററു ചെയ്തിരിക്കുന്ന ൩൦൦൦ രൂപയിൽ താഴെയുള്ള തുകകളെ സംബന്ധിച്ചിടത്തോളം യാതൊരന്വേഷണവും നടത്താതെതന്നെ അതിൻെറ അവകാശിയെന്നു പറയുന്ന ആളിനു് ൩ മാസത്തിനുശേഷം കൊടുക്കാം. അതിനു പ്രത്യേക യാതൊരു തെളിവും വേണമെന്നില്ല. അങ്ങിനെ കൊടുത്തുകഴിഞ്ഞാൽ ഗവൎമ്മെൻറിനു യാതൊരു ബാദ്ധ്യതയുമില്ല പണം വാങ്ങുന്ന ആളോടു ശരിയായ അവകാശിക്കു ഈടാക്കാമെന്നാണ് വ്യവസ്ഥ. അതു വാങ്ങുന്ന ആൾ ബുദ്ധിപൂൎവ്വവും മനഃപൂൎവ്വവും ചെയ്യുകയാണെന്നു വരികിൽ ജനങ്ങളെസംബന്ധിച്ചിടത്തോളം ഒരിക്കലും ഈടാക്കാൻ സാധിച്ചില്ലെന്നും വരാം. ൩൦൦൦ രൂപക്കു മേലുള്ള തുകകളെ സംബന്ധിച്ചിടത്തോളം ന്യായമായ മററു റൂളുകൾ അനുസരിച്ചേ പിൻവലിക്കാൻ സാധിക്കുകയുള്ളു. അതിനു താഴെയുള്ള തുകകളെ

[Mr. P. T. Chacko]

സംബന്ധിച്ചിടത്തോളം ഗവണ്മെന്റിനുള്ള ഉത്തരവാദിത്വത്തെ ഒഴിക്കുകയാണ് ഈ ബിൽ ചെയ്യുന്നതു്. ഇതു് ജനങ്ങൾക്ക് ഉപകാരത്തിനു പകരം ഉപദ്രവമായിട്ടാണ് കാണുന്നതു്. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇതിനുള്ള ഉത്തരവാദിത്വംതന്നെ കുറയുന്നു, ഇതിലെ ഒന്നുരണ്ടു വ്യവസ്ഥകളിലേക്ക് സഭയിലെ സാമാജികന്മാരുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. ഒരു ഡിപ്പോസിററർ മരിച്ചാൽ അയാളുടെ അവകാശിയെ സംബന്ധിച്ചിടത്തോളം എന്തു് ആനുകൂല്യമാണ് ഈ ബിൽകൊണ്ടു ലഭിക്കുന്നതു്? ഇന്നാണെങ്കിൽ സക്സെഷൻ സർട്ടിഫിക്കററു വാങ്ങിച്ചു ഹാജരാക്കിയാൽ പണം വാങ്ങാം. ൨൦൦൦ രൂപയിൽ താഴെയുള്ള തുകയാണെങ്കിൽ ഒരു ഉദ്യോഗസ്ഥനെ ബോദ്ധ്യപ്പെടുത്തണമെങ്കിൽ തിരുവിതാംകൂറിലെ സ്ഥിതിവച്ചു നോക്കിയാൽ എന്തായിരിക്കും അർത്ഥമെന്നു സാമാജികന്മാർ ആലോചിക്കേണ്ടതാണ്. അതു് ഒരു കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതുപോലെയല്ല. ആ ഉദ്യോഗസ്ഥനു ബോദ്ധ്യമുണ്ടെന്നു തോന്നിയാൽ സെക്യൂറിററി വാങ്ങാം. അയാൾ ആവശ്യപ്പെടുന്ന സെക്യൂറിററി കൊടുക്കണം. തന്മൂലം ഗവണ്മെന്റിനുള്ള ഉത്തരവാദിത്വം മുഴുവനും തീരുന്നു. സെക്ഷൻ ൫ ...... "Such payment shall be a full discharge from all further liability in respect of the money so paid" എന്നാണ് പറയുന്നതു്. ഇനിയും സെക്യൂരിട്ടിയുടെ കാര്യം സെക്ഷൻ ൯-ൽ പറയുന്നുണ്ട്. ഒരു ഉദ്യോഗസ്ഥന് അവകാശി ഇന്നാരാണെന്നു തോന്നുന്നതിന് തെളിവു എടുക്കാം. അങ്ങിനെ ഒരു കോടതിയിൽ എടുക്കുന്ന നടപടിയെല്ലാം ആവശ്യമെങ്കിൽ ഉദ്യോഗസ്ഥന് എടുക്കാം. അങ്ങിനെ സക്സെഷൻ സർട്ടിഫിക്കററു സംബന്ധിച്ച് ഒരു കോടതി എടുക്കേണ്ട നടപടികളെല്ലാം ഒരു ഉദ്യോഗസ്ഥനിലേക്കു നീങ്ങുന്നു. അങ്ങിനെ ഒരു കക്ഷിയെ സംബന്ധിച്ചിടത്തോളം യാതൊരു ഗുണവും ഈ നിയമംകൊണ്ടു ഉണ്ടാകുന്നില്ല. യഥാർത്ഥത്തിലുള്ള അവകാശിയെ സംബന്ധിച്ചിടത്തോളം ഒരു തെററു സംഭവിച്ചാൽ ഗവണ്മെന്റിന് അതിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലാതെ വരുന്നു.

ഇനിയും ൧൨-ാമത്തെ സെക്ഷനിലേക്കു സഭാംഗങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

12. "If any depositor becomes insane or otherwise incapable of managing his affairs and if such insanity or incapacity is proved to the satisfaction of the Secretary of the Bank in which his deposit may be,

Payment of deposits belonging to lunatics.

such Secretary may from time, to time make payments out of the deposit to any proper person.

and the receipt of such person, for money paid under this section, shall be sufficient discharge therefor.

Where a committee or manager of the depositor's estate has been duly appointed, nothing in this section authorises payments to any person other than such committee or manager."

ഒരാൾക്കു ഭ്രാന്താണെന്നു സിക്രട്ടറിക്കു ബോദ്ധ്യപ്പെട്ടാൽ അയാളുടെ ഡിപ്പോസിററ് പിൻവലിക്കുന്നതിനു് മററുആർക്കെങ്കിലും അധികാരം കൊടുക്കുകയാണു്. പിന്നീടു ഗവണ്മെൻറിനു് അതിൽ ബാദ്ധ്യതയില്ല. പണം ഡിപ്പോസിററു ചെയ്തിരിക്കുന്ന ഞാൻ ഭ്രാന്തനാകുന്നു എന്നു സിക്രട്ടറിക്കു തോന്നിയാൽ എൻെറ പണം മററാർക്കെങ്കിലും കൊടുക്കാൻ ഈ നിയമംമൂലം സാധിക്കും. ഞാൻ ഭ്രാന്തനല്ലെന്നു തെളിയിച്ചാൽ ആ പണം ഈടാക്കണമെങ്കിൽ സിവിൽകേസുകൊടുത്തു നടപടി നടത്തണം. ഈ ബില്ലിൻെറ ൮-ാം വകുപ്പൊഴിച്ചു് മററുള്ള വകുപ്പുകളൊന്നുംതന്നെ ജനങ്ങൾക്കു് അനുകൂലമായിരിക്കുന്നില്ല. ൮-ാമത്തെ വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ൨൦൦൦ രൂപക്കു് താഴെയുള്ള തുകയെ സംബന്ധിച്ചിടത്തോളം സക്സെഷൻ സർട്ടിഫിക്കററിനു പോകുമ്പോൾ കോർട്ടുഫീസിൽനിന്നു ഒഴിവാക്കിയിരിക്കുന്നു എന്നാണു്. ആ ഒററ വകുപ്പുമാത്രമെ ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അനുകൂലമായിട്ടുള്ളു. അതു തന്നെയും കോർട്ടുഫീസ് ആക്ററിൽവരുന്ന ഒരു ഭേദഗതിയാണു. അങ്ങിനെ ഒരു സൗകര്യം ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പിന്നെ എന്തിനാണു് ഒരു ഉദ്യോഗസ്ഥനു് അധികാരം കൊടുക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. നാട്ടുകാർക്കു് അങ്ങിനെയൊരു ആനുകൂല്യം ചെയ്തുകൊടുക്കണമെന്നുണ്ടെങ്കിൽ ൨൦൦൦ രൂപയിൽ കുറഞ്ഞ തുകകൾക്കു സക്സെഷൻ സർട്ടിഫിക്കററിനു വരുമ്പോൾകോർട്ടുഫീസ് കൊടുക്കേണ്ടതില്ല എന്നൊരു അമൻറുമെൻറു് കൊണ്ടുവന്നാൽ മതി. തത്വത്തിൽ ഈ ബില്ലിൽ പല ന്യൂനതകളുമുണ്ടു്. ൨൦൦൦ രൂപയിൽ താഴെയുള്ള തുകകളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്വം ഇല്ലാതെയാക്കുന്നതിനു് കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണു് ഇതെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു് ഈ ബിൽ അവതരിപ്പിക്കുന്നതിനെ ഞാൻ എതിർക്കുന്നു. സാമാജികന്മാർ എന്നെ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

MR. K. A. MUHAMMED : ഞാൻ ഈ ബില്ലിൻെറ തത്വത്തെ അനുകൂലിക്കുന്നു. മി. പി. ററി. ചാക്കോ ഈ ബിൽ ഇത്രവലിയ കുററം കണ്ടുപിടിക്കത്തക്കവണ്ണം സൂക്ഷിച്ചു പഠിച്ചിട്ടില്ല എന്നു പറയുവാൻ എനിക്കു ധൈര്യമുണ്ടു. ഈ ബില്ലിൻെറ ൪-ാം വകുപ്പു മാത്രം ഉണ്ടായിരിക്കുന്നതുകൊണ്ടുതന്നെ ഈ ബിൽ ഈ സഭ സ്വീകരിക്കേണ്ടതാണു്. ഇന്നാണെ

[Mr. K. A. Muhammed.]

ങ്കിൽ സേവിംഗ്സ് ബാങ്കിൽ പണം അടക്കുന്ന ഒരാൾ മരിച്ചുപോയാൽ സക്സെഷൻ സർട്ടിഫിക്കററ് വാങ്ങിക്കണം. അല്ലെങ്കിൽ ലെററർ ആഫ് അഡ്മിനിസ്ട്രേഷൻ വേണം. അതിനുവേണ്ടി കോർട്ടിനെ സമീപിച്ചു അനേകനാൾ നടന്നു വാങ്ങിച്ചു ആവശ്യമുള്ള കാര്യങ്ങൾ നടത്താൻ ഇന്നത്തെ നിലക്കു സാദ്ധ്യമല്ല. അതു സേവിംഗ്സ് ബാങ്കിൽ പണം ഡിപ്പാസിററു ചെയ്തിട്ടുള്ളവർക്കെല്ലാം അറിയാം. ബഹുമാനപ്പെട്ട പ്രൈം മിനിസ്ററർ പറഞ്ഞതുപോലെ അഡ്മിനിസ്ട്രേററീവ് റൂൾ മാത്രമാണു ഇന്നു നിലവിലുള്ളതു്. ഈ പണം അടച്ചിരിക്കുന്ന ഒരാൾക്കു് ഗവണ്മെൻറിനെ പ്രതിചേർത്തു പണം തിരിച്ചു കിട്ടണമെന്നു പറയാൻ ചട്ടം ഇല്ല. ആ നിലക്കു് മററു ബാങ്കുകളിൽ പണം അടച്ചാൽ എന്തെല്ലാം സൗകര്യം ഉണ്ടായിരിക്കുമോ അതിൽ കൂടുതൽ സൗകര്യമുണ്ടായിരിക്കത്തക്കവണ്ണം സേവിംഗ്സ് ബാങ്ക് ആക്ററ് പരിഷ്കരിക്കേണ്ടതു അത്യാവശ്യമാണു്. ൫൦൦൦ രൂപവരെ ഡിപ്പാസിററു ചെയ്തിട്ടുള്ള ഒരാൾ മരിക്കുന്നെങ്കിൽ ആ തുക അയാളുടെ അവകാശിക്കു് ചെല്ലണമെങ്കിൽ പ്രഥമദൃഷ്ട്യാ വേണ്ട തെളിവു ശേഖരിച്ചുകൊണ്ടു കൊടുക്കാൻ സെക്രട്ടറിക്കു അധികാരമുണ്ടു്. കോടതിയിൽ പോയി സക്സെഷൻ സർട്ടിഫിക്കറേറാ ലെററർ ആഫ് അഡ്മിനിസ്ട്രേഷനോ വാങ്ങിക്കൊണ്ടു വരണമെങ്കിൽ കാലതാമസം വരും. ഈ പുതിയ വ്യവസ്ഥയനുസരിച്ചു് അങ്ങിനെയുള്ള കാലതാമസത്തിനിടയില്ല. സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തി തുക വാങ്ങി അടിയന്തിരാവശ്യങ്ങൾ നിർവഹിക്കുന്നതിനു ഈ വ്യവസ്ഥ പ്രയോജനീഭവിക്കുന്നതാണു്. അതുപോലെതന്നെ ൫൦൦ രൂപാവരെയുള്ള തുകകൾ കൊടുക്കുന്നതിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞതുപോലെ അതാതു സേവിംഗ്സ് ബാങ്കുകളിലെ ഉദ്യോഗസ്ഥന്മാരെതന്നെ അധികാരപ്പെടുത്തി വേണ്ട ഉത്തരവാദിത്വത്തോടുകൂടി കൊടുക്കാവുന്നതാണു്. ഇതിനെല്ലാം പുറമെ മി. പി. ററി. ചാക്കോ വിട്ടുപോയ ഒരു വ്യവസ്ഥ ഉണ്ടു്. അതു ഡിപ്പോസിററു ചെയ്ത ഒരാൾക്കു് മറെറാരാളെ നാമിനേററു ചെയ്യാമെന്നുള്ളതാണു. ഇതുമൂലം മരിച്ച ആളിന്റെ അവകാശിക്കു യാതൊരു ബുദ്ധിമുട്ടും കൂടാതെതന്നെ പണം വാങ്ങാവുന്നതാണു്. ഈ ഒരൊററ വ്യവസ്ഥകൊണ്ടുതന്നെ ഈ ബിൽ സദസ്സ് സ്വാഗതം ചെയ്യേണ്ടതാണു. ഇങ്ങനെ നോക്കുന്നപക്ഷം എല്ലാ വിധത്തിലും സേവിംഗ്സ് ബാങ്ക് ഡിപ്പോസിററന്മാരെ രക്ഷിക്കുന്നതിനായിക്കൊണ്ടാണിരിക്കുന്ന ഈ ബില്ലിൽ മി. പി. ററി. ചാക്കോ ഇത്രയ്ക്കുള്ള തെററുകൾ കാണാൻ എന്താണായി എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടു ഈ സഭ ഈ ബിൽ അംഗീകരിച്ചു് സെലക്ററു കമ്മിററിയിൽ അയക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. P. THANULINGOM NADAR: Sir, நான் மிகவும் வருத்தத்தோடு இந்த மசோதா வேண்டாமென்று கருதுகிறேன். அதற்குக் காரணம் பல டிப்பார்ட்மென்றுகளிலும் பொதுஜனங்களின் நன்மைக்காக சீர்திருத்தங்களையெல்லாம் கொண்டுவந்து, இந்த அஞ்சல் டிபார்ட்மென்றுக்கு மாத்திரம் இப்படிப்பட்டக் குறை ஒன்றும் இல்லாமல் போய்விடுமே என்ற வருத்தம்! இருந்தாலும் இந்த bill வந்தாலும் பெரிய ஆபத்திருக்கிறது. கோர்ட், கச்சேரிகளில் சக்ஸஷன் சர்ட்டிபிக்கட் வாங்க அதிகநாள் ஆகிறது என்றும், அநேக கஷ்டங்கள் இருக்கின்றன என்றும், நண்பர் கூறினார். அதற்குப்பதில் அஞ்சல் டிபார்ட்மென்றில் இருக்கிற சிக்கரட்டரியிடம்-ஹிந்து லா, கிருஸ்டியன் லா, மஹமதியர் லா தெரியாத ஒரு சிக்கரட்டரியிடம்—மெட்ரிகுலேஷன் பாஸானவரிடம்—ஒரு அவகாசத்தைத் திட்டப்படுத்த முடியுமா?

அங்கே அவர் சரியாகத் தீர்க்காவிட்டால் எப்படியும் கோர்ட்டுக்குப் போய்த்தான் ஆகவேண்டும். அப்படியிருக்கும்போது சட்டம் தெரியாதவரிடம் ஏன் போகவைக்கவேண்டும். அது ஆபத்தல்லவா? சட்டங்கள் படித்த ஆபீசர்கள் கோர்ட், கச்சேரிகளிலிருக்கிறார்கள். அவர்கள் கடமைப்பட்டவர்கள். உத்தியோகஸ்தர்களை அதிகம் ஏற்படுத்தலாம். ஆனால் சட்டம் தெரியாதவர்களை (இந்தச் சட்டத்திற்கு) சிக்கரட்டரிகளாக நியமித்து இத்தகைய பொறுப்பை ஏற்பிப்பது என்பது மிகவும் ஆபத்தான காரியம்.

Mr. T. K. NARAYANA PILLAI: സർ, ഈ ബില്ലിന്റെ അടിസ്ഥാനതത്വങ്ങളെ സംബന്ധിച്ചിടത്തോളം ചില തെററിദ്ധാരണകൾ കടന്നുകൂടിയിട്ടുണ്ടെന്നാണ് എനിക്കു വിനയപൂർവം പറയാനുള്ളത്. അതിന്റെ അടിസ്ഥാനതത്വം ഞാൻ മനസ്സിലാക്കിയിട്ടുള്ളത് ഒരു മൈനറുടേയോ ഒരു ഭ്രാന്തന്റെയോ ഒരു പരദേശന്റെയോ നിക്ഷേപങ്ങളെ അതിന്റെ അവകാശികൾക്കു തിരിച്ചുകൊടുക്കുന്നതു സംബന്ധിച്ച് നിയമപരമായ വ്യവസ്ഥ ആവശ്യമാണോയെന്നുള്ളതാണ്: ഇതു് ഏതു വിധത്തിലാണ് നിയന്ത്രിക്കേണ്ടതു്, ഈ വക നിക്ഷേപങ്ങൾ ഏതു രീതിയിലാണ് തിരിച്ചുകൊടുക്കേണ്ടതു് എന്നുള്ളതിനു് ഇന്നു വ്യവസ്ഥകൾ ഉണ്ടെന്നു എനിക്കറിയാം. എന്നാൽ ആ വ്യവസ്ഥകൾ മതിയാകുമോ വേറെ വ്യവസ്ഥകൾ ആവശ്യമാണോ എന്നെല്ലാം ചിന്തിക്കുന്നതിനു സെലക്ട് കമ്മിററിക്കു് അധികാരമുണ്ടായിരിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനതത്വത്തോടു് ഇങ്ങനെയൊരു എതിർപ്പിന്റെ ആവശ്യമുണ്ടോ എന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. അതുപോലെതന്നെ ഭ്രാന്തന്മാരുടെ നിക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ഒരു നിയമം ആവശ്യമുണ്ടോ? പരദേശന്റെ നിക്ഷേപങ്ങളെ സംബന്ധിച്ചും എന്തെങ്കിലും

[Mr. T. K. Narayana Pillai]

നിയമ വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ? ഇവ സാമാന്യജനങ്ങളുടെ രക്ഷയ്ക്കു ആവശ്യമാണോ എന്നുമാത്രം ആലോചിച്ചാൽ ഈ നിയമം ആവശ്യമാണെന്നും അതിന്റെ തത്വം സഭ അംഗീകരിക്കണമെന്നും ഞാൻ വിശ്വസിക്കുന്നു. അതു് ഏതെല്ലാം വിധത്തിലാണ് ക്രമീകരിക്കേണ്ടതു എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തേണ്ടതു് എന്നുള്ള കാര്യങ്ങളെല്ലാം സെലക്ട് കമ്മിറ്റിയുടെ പരിചിന്തനത്തിനു വിഷയീഭവിക്കും. മി. പി. റ്റി. ചാക്കോ പറയുന്നതുപോലെ സെക്രിട്ടറിയിൽ സമർപ്പിച്ചിരിക്കുന്ന അധികാരങ്ങൾ ഏതെങ്കിലും കാരണത്താൽ കൂടുതലാണെന്നു സെലക്ട് കമ്മിറ്റിക്കു തോന്നിയാൽ അവയെ ഭേദപ്പെടുത്തുന്നതിനുള്ള അധികാരം ഈ കമ്മിറ്റിക്ക് ഉണ്ടായിരിക്കും. ആ സ്ഥിതിക്ക് ഇതിലുള്ള ഒററ വ്യവസ്ഥകളെ സംബന്ധിച്ച് ഇപ്പോൾ കൂലങ്കഷമായ ചർച്ച നടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ബില്ലിന്റെ അടിസ്ഥാനതത്വത്തെ സഭ സ്വീകരിച്ച് ഇതിനെ സെലക്ട് കമ്മിറ്റിയിലേക്ക് അയക്കേണ്ടതാണെന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. K. K. CHELLAPPAN PILLAI : മി. പി. ടി. ചാക്കോ ഇവിടെ പ്രസ്താവിച്ച യാതൊരു വാദഗതികളിൽനിന്നും അദ്ദേഹം അതിന്റെ പൊതുതത്വങ്ങളെ എതിർക്കുന്നുണ്ടെന്നു് എനിക്കു തോന്നുന്നില്ല. അദ്ദേഹം ഇങ്ങനെ ഒരു നിയമം ഉണ്ടാക്കേണ്ട എന്നു പറഞ്ഞിട്ടില്ല. ഇതിനകത്തു വന്നിട്ടുള്ള ചില വകുപ്പുകളുടെ വിശദാംശങ്ങളെക്കുറിച്ചു മാത്രമേ അദ്ദേഹത്തിന് എന്തെങ്കിലും പറയാൻ ഉണ്ടായിരുന്നുള്ളു.

MR. T. K. NARAYANA PILLAI : അദ്ദേഹം ബില്ലിന്റെ തത്വങ്ങളെ എതിർക്കുന്നുവെന്നാണ് പറഞ്ഞതെന്നു് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

MR. K. K. CHELLAPPAN PILLAI : അദ്ദേഹം അങ്ങനെ പറഞ്ഞെങ്കിലും അതിനെ എതിർത്തിട്ടില്ല.

MR. K. R. ELANKATH : മെമ്പർ അതിനെ എതിർക്കുന്നുവോ അനുകൂലിക്കുന്നുവോ?

MR. K. K. CHELLAPPAN PILLAI : ഞാൻ ബില്ലിനെ അനുകൂലിക്കുന്നു. അതുകൊണ്ടാണ് എതിർക്കുന്നുവെന്നു മി. ചാക്കോ പറഞ്ഞതെങ്കിലും വിശദാംശത്തിലും അതിനകത്തുള്ള ചില പ്രത്യേക കാര്യങ്ങളെക്കുറിച്ചും

മാത്രമേ എത്രപ്പുള്ളവെന്നമല്ലാതെ അദ്ദേഹംപോലും തത്വത്തെ എതിർത്തിട്ടില്ലെന്ന ഞാൻ പറഞ്ഞത്. നമുക്ക് സേവിംഗ്സ് ബാങ്ക് റൂൾ അനുസരിച്ച് ഡിപ്പോസിററ തിരിച്ചുകൊടുക്കുന്നതിന ചില വ്യവസ്ഥകൾ ഉണ്ട്. അതിന നിയമ സാധുത്വം കൊടുക്കണമെന്ന മാത്രമേ ഈ ബിൽകൊണ്ടുദ്ദേശിക്കുന്നുള്ളൂ. അതുതന്നെയാണ് പ്രധാനമന്ത്രി അവർകളും പറഞ്ഞത്. അപ്രകാരം നിയമ സാധുത്വം കൊടുത്തുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് ഒരു ദോഷവും വരാനില്ല. എതിർപ്പിനവേണ്ടി എതിർക്കുക എന്ന തത്വം അംഗീകരിച്ച് അദ്ദേഹം എതിർത്തുവെന്നേയുള്ളൂ. അതു കഷ്ടമായിപ്പോയിയെന്ന പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ ബില്ലിൽ ൩,൦൦൦ രൂപയും താഴെയുള്ള തുകകൾ അതിൻെറ അവകാശിക്ക് കൊടുക്കുന്നതിന് അക്കൌണ്ടൻറു ജനറലിന് സമ്മറിയായി തെളിവെടുത്ത് തീരുമാനിക്കുവാൻ അധികാരം കൊടുക്കുന്നുണ്ട്. അതിൽ എന്താണ് വിഷമമെന്ന മനസ്സിലാകുന്നില്ല. അങ്ങനെയിരിക്കുമ്പോൾ മി. ചാക്കോയുടെ ഇതു സംബന്ധിച്ചുള്ള എതിർപ്പും വാദപ്രതിവാദവും അസ്ഥാനത്താണെന്ന വിചാരിക്കയും ഈ ബില്ലിൻെറ തത്വത്തോട് അനുകൂലിക്കയും ചെയ്യുന്നു.

MR. P. T. CHACKO : തെററായി പണം കൊടുത്താൽ അതിൽ ഗവണ്മെൻറിന വല്ല ചുമതലയും ഉണ്ടോ? അതെപ്പററി മെമ്പറുടെ അഭിപ്രായം എന്താണ്.

MR. K. K. CHELLAPPAN PILLAI : സെലക്ററു കമ്മിററിയിൽ വരുമ്പോൾ അതെക്കുറിച്ച് വേണ്ട ഭേദഗതി ചെയ്യാം. ബില്ലിൽ "The Secretary may take a security" എന്ന പറഞ്ഞിട്ടുള്ളതിൽ "may" എന്നുള്ളത് "shall" എന്ന് വ്യാഖ്യാനിക്കാം.

MR. P. T. CHOAKO : "If the deposit does not exceed three thousand rupees the secretary shall in his own discretion, pay the same to any person appearing to him to be entitled to receive it or to administer the estate of the deceased, or."

MR. K. K. CHELLAPPAN PILLAI : അതാണ് പറഞ്ഞത് ആ വകുപ്പിനെ സംബന്ധിച്ച് സെലക്ററു കമ്മിററിയിൽ വേണ്ട ഭേദഗതി വരുത്താമെന്ന.

MR. P. THANULINGOM NADAR : இந்த Bill பூராவையுமே சீர் திருத்தமா Select Committee ?

MR. K. K. CHELLAPPAN PILLAI : അതുകൊണ്ടുതന്നെയാണ് ഭേദഗതികൾ വരുത്താമെന്ന പറഞ്ഞത്.

MR. K. A. GANGADHARA MENON : സർ, ഈ ബില്ലിന്റെ തത്വത്തോടു ഞാൻ അനുകൂലിക്കുന്നു. ഈ ബിൽ ൫൦൦൦ രൂപയോ അതിനു താഴെയോ ഉള്ള സംഖ്യകളെ സംബന്ധിച്ചുമാത്രം വ്യവസ്ഥ ചെയ്യുന്നതാണു. സേവിംഗ്സു ബാങ്കിൽ ചെറിയ നിക്ഷേപങ്ങളെ സംബന്ധിച്ചാണു കൂടുതൽ വിഷമങ്ങളും ജനങ്ങളും അനുഭവിക്കേണ്ടുള്ളതു്. സേവിംഗ്സു ബാങ്കിൽ ധനം നിക്ഷേപിക്കുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട കടമ ഗവൺമെന്റിനു മാത്രമല്ല പൊതുജനങ്ങൾക്കെല്ലാം തന്നെയുണ്ടു്. ചെറിയ ചെറിയ സംഖ്യകൾ നിക്ഷേപിക്കുന്നതിനും അവയെ ആവശ്യമനുസരിച്ചു വിനിയോഗിക്കുന്നതിനും പര്യാപ്തമായ നിയമങ്ങൾ നടപ്പിലാക്കിയാൽ നാട്ടിന്റെ ധനസ്ഥിതി വർദ്ധിക്കുന്നതും ധനം ദുർവിനിയോഗം ചെയ്യാതെ സൂക്ഷിക്കുന്നതിനും സാധിക്കും. ചെറിയ ചെറിയ നിക്ഷേപങ്ങളും എത്രയും എളുപ്പത്തിൽ നിക്ഷേപിക്കുന്നതിനും ആ നിക്ഷേപങ്ങളെ ആവശ്യപ്പെടുമ്പോൾ പിൻവലിക്കുന്നതിനും നിയമം ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്. ഇപ്പോൾ ൫൦൦൦ രൂപായും അതിനു താഴെയുള്ള സംഖ്യകളെക്കുറിച്ചു മാത്രമേ ഈ ബില്ലിൽ ചർച്ച ചെയ്യുന്നുള്ളൂ. പ്രധാനമായ പല വൈഷമ്യങ്ങളും ഇന്നു നിലവിലിരിക്കുന്ന നിയമംകൊണ്ടു് ഉണ്ടാകുന്നുണ്ടു. അതിനെ ഭേദഗതി ചെയ്തു ജനങ്ങളുടെ ആവശ്യത്തിനു പര്യാപ്തമായ വിധത്തിൽ പരിഷ്കരിക്കേണ്ടതു് ആവശ്യമാണു. അതാണ് ഈ ബിൽകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

മരിച്ചുപോയ ആളിന്റെ നിക്ഷേപങ്ങളെ സംബന്ധിച്ചും മൈനറുകളെ സംബന്ധിച്ചും ഒരു നിക്ഷേപകനു് ഭ്രാന്തുവന്നാൽ അയാളുടെ നിക്ഷേപങ്ങളെ സംബന്ധിച്ചും അത്യാവശ്യമായ ചില വ്യവസ്ഥകൾ ചെയ്യേണ്ടതുണ്ടു്. അവയെയെല്ലാം കുറിച്ചാണ് ഈ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നതു്. ഇതിൽ പ്രതിപാദിച്ചിട്ടുള്ള വിശദാംശങ്ങൾ അടങ്ങിയ വ്യവസ്ഥകളെക്കുറിച്ചു് അഭിപ്രായഭിന്നതയ്ക്കു അവകാശം വരാം. എന്നാൽ ഇന്നു് ഒരു മൈനറിന് ഇന്നത്തെ നിയമം അനുസരിച്ചു് ധനം നിക്ഷേപിക്കാൻ സാധിക്കുമോ എന്നും നിക്ഷേപിച്ചാൽ അയാൾ മേജരാകുന്നതിനു മുൻപു് തിരിച്ചെടുക്കാൻ സാധിക്കുമോയെന്നും സംശയമാണ്. അതു് ഇന്നു് സാധ്യമല്ല. ഒരു മൈനറക്കു് പണം നിക്ഷേപിക്കാമെങ്കിൽ അയാളുടെ വിദ്യാഭ്യാസത്തിനും മററു ചെലവുകൾക്കും ആ പണം എടുത്തു വിനിയോഗിക്കാൻ സാധ്യമല്ലാത്ത ഒരു പരിതസ്ഥിതിയെക്കുറിച്ചു് നാം ആലോചിക്കണം.

വലിയ മുതലെടുപ്പില്ലാത്ത ഒരു രാജ്യത്തിലെ ജനങ്ങൾക്കു ചെറിയ ചെറിയ നിക്ഷേപങ്ങൾ എത്രയും എളുപ്പത്തിൽ നിക്ഷേപിക്കുന്നതിനും, ആ നിക്ഷേപങ്ങളെ എത്രയും അനുവദിക്കുന്നതിനുമുള്ള നിയമങ്ങൾ ഉണ്ടാക്കേണ്ടതു എത്രയും എളുപ്പത്തിൽ ആവശ്യമാണ്. ഈ ബില്ലിൽ ൧൦൦൦ രൂപായ്ക്കു താഴെയുള്ള നിക്ഷേപങ്ങളെപ്പററി സെക്രട്ടറി ചർച്ചചെയ്യണമെന്നുമാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു. ഇപ്പോൾ നിലവിലിരിക്കുന്ന റൂളുകളിൽ ഈ അധികാരം സെക്രട്ടറിക്കു കൊടുക്കാതിരിക്കുന്നതുകൊണ്ടു പല വൈഷമ്യങ്ങളും ഉണ്ടാകുന്നുണ്ട്. ജനങ്ങൾക്ക് എളുപ്പത്തിൽ പണം നിക്ഷേപിക്കുന്നതിനും എടുക്കുന്നതിനും പര്യാപ്തമാകത്തക്കവിധത്തിൽ ആവശ്യമുള്ള ഭേദഗതികൾ റൂളിൽ വരുത്തേണ്ടതാണ്. അതാണ് ഈ ബില്ലുകൊണ്ടുദ്ദേശിച്ചിട്ടുള്ളത്. അതുപോലെ മരിച്ചുപോയ ആളുകളെ സംബന്ധിച്ചും അത്യാവശ്യമായ ചില വ്യവസ്ഥകൾ ചെയ്യേണ്ടതായുണ്ട്. അതും ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളെ സംബന്ധിച്ചു അഭിപ്രായ വ്യത്യാസം ഉണ്ടായേക്കാം. എന്നാൽ ഒരു മൈനർക്കുവേണ്ടി ഇന്നത്തെ വ്യവസ്ഥ അനുസരിച്ചു എന്തെങ്കിലും തുക നിക്ഷേപിക്കാൻ സാധിക്കുമോ എന്നും അഥവാ നിക്ഷേപിച്ചാൽതന്നെ ആ മൈനർ മേജറായി വന്നിരുന്നാൽ തന്നെയും ആ പണം തിരിയെ കിട്ടുന്നതിനു സാധിക്കുമോ എന്നും സംശയമാണ്. ഒരു മൈനറുടെ പേരിൽ പണം നിക്ഷേപിച്ചാൽ ആ മൈനറിനു വിദ്യാഭ്യാസം സംബന്ധിച്ചുള്ള ചെലവുകൾക്കായിട്ടെങ്കിലും നിക്ഷേപത്തുകയിൽ ഒരംശം ചെലവാക്കാൻ സാധിക്കുകയില്ലെന്നു വരുമ്പോൾ ആ നിക്ഷേപത്തിന്റെ ഉദ്ദേശ്യം എന്താണെന്നു ആർക്കും മനസ്സിലാക്കാവുന്നതാണ്. ബാങ്കിൽ കിടക്കുന്ന പണം ദുർവിനിയോഗം ചെയ്യത്തക്കവിധം എടുക്കാതിരിക്കുന്നതിനു ആവശ്യമായ വ്യവസ്ഥകൾ വരുത്തേണ്ടതാണെന്നുള്ളതിനു തർക്കമില്ല.

MR. P. THANULINGOM NADAR : *இந்த* bill *பூராவையுமே* select committee *சேர்படுத்துமா?*

MR. K. A. GANGADHARA MENON : നിലവിലിരിക്കുന്ന എല്ലാ ദോഷങ്ങളും പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇതിൽ ഉൾക്കൊണ്ടിട്ടുണ്ടെന്നു ഞാൻ പറയുന്നില്ല. ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളു. ഒരു മൈനർക്കുവേണ്ടി നിക്ഷേപിക്കുന്ന തുക ആ മൈനർക്കുതന്നെ തിരിയെ എടുക്കാൻ കഴിയുമൊ ഇല്ലയൊ എന്നാണു വാദവിഷയം. അങ്ങനെ എടുക്കാമെന്നുണ്ടെങ്കിൽ ഏതെല്ലാം വ്യവസ്ഥകളിന്മേൽ എടുക്കാം, എന്തെല്ലാം ഉപാധികളാണു അതിനു ആവശ്യമായിട്ടുള്ളത്,

[Mr. K. A. Gangadhara Menon.]

ഏതെല്ലാം മററങ്ങളാണു നിയമത്തിൽ വരുത്തേണ്ടതു എന്നെല്ലാം ആലോചിക്കണം. ഒരാൾ മരിച്ചുപോയാൽ അയാൾ നിക്ഷേപിച്ചിരിക്കുന്ന സംഖ്യ ആർക്കു കൊടുക്കണമെന്ന് കാണിച്ചുകൊണ്ടു നിക്ഷേപകൻ തന്നെ തൻെറ അവകാശിയെ നാമിനേററു ചെയ്യുന്നതിനുള്ള അവകാശം ഇന്നത്തെ രൂളനുസരിച്ചില്ല. ഈമാതിരി നാമിനേഷനു അവകാശമില്ലാത്തതുംകൊണ്ടാണു ഇന്നു കാണുന്ന കുഴപ്പങ്ങളിലധികവും ഉണ്ടായിരിക്കുന്നതു്. മരിച്ചുപോയ ആളിൻെറ നിക്ഷേപസംഖ്യ ആർക്കുകൊടുക്കണമെന്നു് ആ നിക്ഷേപകനുതന്നെ നാമിനേററു ചെയ്യാൻ അവകാശമുണ്ടായാൽ ഇന്നു കാണുന്ന പല കുഴപ്പങ്ങളും ഇല്ലാതെയാകും. ഇങ്ങനെ ആവശ്യമുള്ള ഭേദഗതികൾ വരുത്തി പണം എളുപ്പത്തിൽ നിക്ഷേപിക്കുന്നതിനും, അതുപോലെതന്നെ എളുപ്പത്തിൽ തിരിയെ എടുക്കുന്നതിനും സൗകര്യമുണ്ടാക്കുന്ന വ്യവസ്ഥകൾ ഈ നിയമത്തിൽ വരുത്തേണ്ടതു അത്യന്താപേക്ഷിതമായ ഒരു കാര്യമാകുന്നു. ഈ ബിൽ ഇവിടെ കൊണ്ടുവന്നതിൻെറ പ്രധാനതത്വം അതാണു്. ചില കാര്യങ്ങൾ മാത്രമാണു ഞാൻ ഇവിടെ പറഞ്ഞതു്. ഇതുപോലെ പല കാര്യങ്ങളും പറയാനുണ്ടു്. കോടതിയിൽ പോയി ഒരു സക്സഷൻ സർട്ടിഫിക്കറേറാ, അല്ലാത്തപക്ഷം പ്രൊബേററാ കൊണ്ടുവരുന്നതോ എന്നു ചോദിച്ചേക്കാം. ഇവ നേടുന്നതിനുള്ള പ്രയാസം വളരെ വലുതാണു്. ഒരു നോട്ടീസുതന്നെ എത്ര വിഷമങ്ങൾ തരണം ചെയ്തു കഴിഞ്ഞിട്ടാണു നിയമാനുസരണം നടപ്പിൽ വരുന്നതെന്നു നമുക്കെല്ലാവർക്കും അറിയാം. കൂടിയപക്ഷം നൂറൊ ഇരുന്നൂറൊ രൂപാ ആയിരിക്കും ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ധനം. അതു കിട്ടുവാൻ വേണ്ടി ആറെട്ടുമാസം അലഞ്ഞു തിരിഞ്ഞു കുറെ പണവും ചെലവാക്കി വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടതായുണ്ടു. എന്നാൽ തന്നെയും എളുപ്പത്തിൽ ആ പണം കിട്ടുമെന്നു വിചാരിക്കേണ്ട. നിലവിലിരിക്കുന്ന വ്യവസ്ഥ അത്രയ്ക്കു കുഴപ്പമുണ്ടാക്കുന്നതാണു്. ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ വക സംഗതികൾകൂടി ഓർക്കണം.

ഈ ബില്ലിൽ പറയുന്ന ചില വ്യവസ്ഥകൾ അതിലേക്കു ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാര ദുർവിനിയോഗം ചെയ്യുകയില്ലേ എന്നു ചിലർ ഭയപ്പെടുന്നതായി കാണുന്നു. ആ കാര്യത്തെപ്പററി ചിന്തിക്കേണ്ടതാണ്. അതിലേക്കുള്ള നടപടികൾ എന്താണെന്നും ഒരാളിനു കിട്ടേണ്ട സംഖ്യ തെററായി മറെറാരാളിനു കൊടുത്തുപോയാൽ അതിലേക്കുള്ള പരിഹാരം എന്തെല്ലാമാണെന്നും അവയെ തടയുന്നതിനുള്ള

വ്യവസ്ഥകൾ എന്താണെന്നും മററും ഗാഢമായി ചിന്തിക്കേണ്ട വിഷയങ്ങളാണു. പക്ഷെ അതെല്ലാം സെലക്ട്കമ്മററിയിൽവച്ചു ചെയ്യാവുന്നതാണു്. എന്നാൽ ആ ഒററക്കാരണംകൊണ്ടു ഈ ബില്ലിന്റെ തത്വത്തെ തെററിദ്ധരിച്ചോ, അല്ലാത്തപക്ഷം അതിന്റെ തത്വംതന്നെ വേറൊന്നായി കാണിച്ചോ ഈ ബില്ലിനെ പാടേ നിഷേധിക്കുന്നതു വളരെ ഗൌരവതരമായ ഒരു തെററായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു ഈ ബിൽ സെലക്ട്കമ്മററിക്കു അയയ്ക്കണമെന്നപേക്ഷിക്കുന്നു.

MR. MANNAR GOPALAN NAIR (*Thiruvalla I General*): നിലവിലിരിക്കുന്ന വ്യവസ്ഥതന്നെ ആവശ്യമായ ഭേദഗതികൾ വരുത്തി പരിഷ്കരിച്ചാൽ ഈവക ദോഷങ്ങളെല്ലാം പരിഹരിക്കാവുന്നതല്ലേ?

MR. K. A. GANGADHARA MENON: അതിനുള്ള ഒരു ശ്രമമായിട്ടുകൂടിയാണു ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്.

MR. MANNAR GOPALAN NAIR: ഒരാളിനു കൊടുക്കേണ്ട പണം മറെറാരാൾക്കു കൊടുത്താൽ ഗവണ്മെന്റിനു അതിന്മേലുള്ള ഉത്തരവാദിത്വം ഈ ബിൽ നിയമമായിത്തീരുന്നപക്ഷം ഇല്ലാതാകുമോ?

MR. K. A. GANGADHARA MENON: അങ്ങനെ തെററായി പണം കൊടുക്കാതിരിക്കുന്നതിനുള്ള ഉപാധികളെപ്പററി സെലക്ട്കമ്മിററിയിൽ ആലോചിക്കാമെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു.

MR. P. T. CHACKO: നിലവിലുള്ള നിയമം അനുസരിച്ചു ഒരാളിനുള്ള പണം വേറൊരാളിനു കൊടുത്താൽ ഗവണ്മെന്റിനുള്ള ഉത്തരവാദിത്വം പോകുന്നുണ്ടോ?

MR. K. A. GANGADHARA MENON: ഇന്നു് അതു സംബന്ധിച്ചു് സ്റ്റാറ്റ്യൂട്ടറി പ്രൊവിഷനൊന്നും ഉണ്ടെന്നുതോന്നുന്നില്ല. അഥവാ ഉണ്ടെങ്കിൽതന്നെ അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു വിഷമമുണ്ടായിരിക്കും. അതു നീക്കംചെയ്യേണ്ട ചുമതല രാജ്യത്തിനുണ്ടു്. അതിനു വേണ്ടിയാണു ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്.

MR. P. T. CHACKO: ഞാൻ ഈ ബില്ലിനെപ്പററിയാണു ചോദിച്ചതു്. ഈ ബില്ലിലെ വ്യവസ്ഥകൾ അംഗീകരിക്കുന്നപക്ഷം ഒരാളിനു കൊടുക്കേണ്ടതായ പണം മറ്റൊരാളിനു കൊടുത്തുപോയാൽ അതിനുള്ള ഉത്തരവാദിത്വം ഗവണ്മെന്റിൽനിന്നു പോകുകയില്ലേ എന്നാണു എന്റെ ചോദ്യം.

MR. K. A. GANGADHARA MENON: ഉത്തരവാദിത്വം ഗവണ്മെന്റിൽ നിന്നും പോകത്തക്കനിലയിൽ ഇതിൽ വ്യവസ്ഥകൾ ഉണ്ടെങ്കിൽ അതു ഭേദപ്പെടുത്താൻ സെലക്ട്കമ്മററിക്കും ഈ സഭയ്ക്കും അധികാരമുണ്ടു്.

MR. A. P. UDAYA BHANU: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. മി: പി. ററി. ചാക്കോ ജനങ്ങളുടെ നാമധേയത്തിൽ ഈ ബില്ലിനെ എതിൎക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ ജനങ്ങളുടെ മുന്തിയറുക്കുന്ന ഒരു ബിൽ ആണിതെന്നു ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂറിലെ അഞ്ചൽസേവിംഗ്സുബാംക് മററു പല ബാംകുകളേക്കാറം ജനങ്ങളെ രക്ഷിക്കാനുള്ള ഒരു ബാങ്കാണ്. ആ നിലയ്ക്കു ജനങ്ങൾക്കു കൂടുതൽ വിശ്വാസവും അവരുടെ പ്രവൎത്തനങ്ങൾക്കു കൂടുതൽ സൗകൎയ്യവും കൊടുക്കത്തക്ക വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതു വളരെ ആവശ്യമാണ്. അതിനുവേണ്ടിയുള്ള ഒരു സംരംഭമാണിതു്. അങ്ങനെയുള്ള ഈ ബില്ലിനെ എതിൎക്കുന്നതു തുലോം നിൎഭാഗ്യകരമാണെന്നു പറയാതെ തരമില്ല. സാധാരണ ബാംകുകളെപ്പോലെ പണം എത്രകാലം വേണമെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനുള്ള ഒരു ഉപാധി സേവിംഗ്സു ബാങ്കിനാവശ്യമില്ലെന്നു കരുതിയിട്ടാണ് ഒരാറം മരിച്ചു കഴിഞ്ഞാൽ ആറുമാസത്തിനകം അയാളുടെ അവകാശികറം അവകാശസൎട്ടിഫിക്കററോ, പ്രൊബേററോ ഹാജരാക്കുന്നില്ലെങ്കിൽ സെക്രട്ടറിയുടെ വിവേചനാധികാരം ഉപയോഗിച്ചു അവകാശികളെ അന്വേഷിച്ചു കണ്ടുപിടിച്ചു പണം കൊടുക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നതു്. എന്നാൽ ആറുമാസത്തേക്കു ആ വിവേചനാധികാരം സെക്രട്ടറി ഉപയോഗിക്കാൻ പാടില്ല എന്നുള്ള കാൎയ്യംകൂടി ഈ അവസരത്തിൽ ഓൎക്കേണ്ടതാണ്. ആറുമാസമല്ല ആറുകൊല്ലം കഴിഞ്ഞാലും പ്രൊബേററ് കിട്ടാതെ വരാറുണ്ടു്. "ഇട്ടുമുട്ട എടുക്കാനും വയ്യ. മറുമുട്ട ഇടാനുംവയ്യാ" എന്നുള്ള ആ ദുഃസ്ഥിതിയിൽ നിന്നു നിക്ഷേപകരുടെ അവകാശങ്ങളെ രക്ഷിക്കുവാനുള്ള വ്യവസ്ഥയാണ് സെക്രട്ടറിയുടെ വിവേചനാധികാരം. ഉദ്യോഗസ്ഥന്മാർ ഈ അധികാരത്തെ ദുൎവ്വിനിയോഗം ചെയ്യുമെന്നു ഭയപ്പെടുന്നതായി മി. ചാക്കോ പറഞ്ഞു. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാർ എല്ലാവരും ഒരുപോലെ അഴിമതിക്കാരോ സ്വബോധശുദ്ധിഇല്ലാത്തവരോ ആണെന്നു ഞാൻ വിചാരിക്കുന്നില്ല. അഥവാ ആണെങ്കിൽ നീതിന്യായം പുലൎത്തേണ്ടവരായ ജഡ്ജിമാരും, മുൻസിഫന്മാരും മററും ഇവിടെ നീതിന്യായം നിൎവഹിച്ചുകൊള്ളുമെന്നു നമുക്കു എങ്ങനെ വിശ്വസിക്കാൻ കഴിയും? ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണെന്നു വിചാരിച്ചു ഇവിടത്തെ നീതിന്യായക്കോടതികളേയും, മററു സൎക്കാർ ആഫീസുകളേയും നാം വേണ്ടെന്നു വയ്ക്കുന്നുണ്ടോ? ഈ ബില്ലിനകത്തു പറയുന്ന സെക്രട്ടറിയും മററു ഉദ്യോഗസ്ഥന്മാരും ശരിയായി

തന്നെ പ്രവർത്തിക്കുമെന്നാണു നാം ഉദ്ദേശിക്കേണ്ടതു്. അതുപോലെ തന്നെ ഭ്രാന്തന്മാരെപ്പററിയും മി. ചാക്കോ പറഞ്ഞു. ഒരാൾ ഭ്രാന്തനാണെന്നു സെക്രട്ടറിമാത്രം പറഞ്ഞാൽപോരാ. അയാൾ ഭ്രാന്തനാണെന്നു നിയമമനുസരിച്ചു പ്രഖ്യാപനം ചെയ്യുകതന്നെ വേണം. എന്റെ അഭിപ്രായത്തിൽ സകലവിധത്തിലും സ്വാഗതാർഹമായിരിക്കുന്ന പല വകുപ്പുകളുള്ള ഒരു ബില്ലാണിതു്. ഇതു ജനങ്ങളെ ഉപദ്രവിക്കാൻ കൊണ്ടുവന്നിരിക്കുന്ന ബില്ലല്ല. പണം ന്യായമായി കൈവശംവച്ചുകൊണ്ടിരിക്കുവാൻ ആഗ്രഹിക്കുന്ന ജനങ്ങൾക്കു പണം എളുപ്പത്തിൽ ഡിപ്പാസിററു ചെയ്യുവാനും പല കേസുകളിൽനിന്നും അവരെ രക്ഷിക്കുവാനും ഉപകരിക്കുന്ന ഒരു ബില്ലാണു ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. അഞ്ചൽ സേവിംഗ്സ് ബാങ്കിന്റെ പ്രവർത്തനത്തെ വിപുലപ്പെടുത്തുന്നതിനും പ്രൈവററു ബാങ്കുകളുടെ ആകർഷണത്തിൽനിന്നും ജനങ്ങളെ പിൻവലിപ്പിക്കുന്നതിനും ഈ ബില്ല സഹായകമായിരിക്കുമെന്നാണു എന്റെ വിശ്വാസം.

MR. P. M. VARGHESE (*Thodupuzha II—General*): സർ, ഈ ബില്ലിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. ഇതിനെപ്പററി പല പ്രസംഗങ്ങളും ഇവിടെ നടന്നു. ഇതിന്റെ ഉദ്ദേശകാരണവിവരണത്തിൽ ഇങ്ങനെ പറയുന്നു.

"The Savings Banks Rules now in force under which monies deposited in government savings banks are withdrawn are not statutory Rules."

ഇതിനെ സംബന്ധിച്ചു ഒരു സ്ററാററ്യൂട്ടറി റൂൾ ഇല്ലെങ്കിൽ ഉണ്ടാക്കേണ്ടതു അത്യാവശ്യമല്ലേ എന്നാണു എന്റെ ചോദ്യം. അത്യാവശ്യമാണെങ്കിൽ ഈ ബില്ല സെലക്ട്കമ്മററിയിലേക്കു അയയ്ക്കണം. ഇതു പ്രധാനമായ ഒരു സംഗതിയെപ്പററി സ്ററാററ്യൂട്ടറി പ്രൊവിഷൻ ഉണ്ടാക്കണമെന്നു നാം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ ബില്ല സ്വാഗതാർഹമാണെന്നു സമ്മതിക്കാതെ തരമില്ല. മി. പി. ററി. ചാക്കോ പറയുന്നതിൽ അൽപം പരമാർത്ഥം കണ്ടേക്കാം. അവയ്ക്കു ആവശ്യമായ ഭേദഗതികൾ വരുത്തുകയും, വേണ്ട മാററങ്ങളോടുകൂടി നൂതനമായ വ്യവസ്ഥകൾ ചേർത്തും ഭേദപ്പെടുത്തി എടുക്കുവാൻ സെലക്ട്കമ്മററിക്കു കഴിയുന്നതാണു്. സെലക്ട്കമ്മിററി വീണ്ടും ഈ ബില്ല നമ്മുടെ പര്യാലോചനക്കു വാദപ്രതിവാദത്തിനുമായി ഇവിടെ കൊണ്ടുവരുമ്പോൾ ആവശ്യമുള്ള ഭേദഗതികൾ ഈ സഭക്കും വരുത്താവുന്നതാണു. ഈ ബില്ലിന്റെ ഉദ്ദേശകാരണവിവരണത്തിൽ പറഞ്ഞിരിക്കുന്ന ആ ഒരു കാരണത്തെ മാത്രം അടിസ്ഥാനമാക്കി ഈ ബിൽ സെലക്ട്കമ്മററിക്കു അയയ്ക്കണമെന്ന അഭിപ്രായത്തോടുകൂടി ഞാനും യോജിച്ചുകൊള്ളുന്നു.

MR. MANNATHU PADMANABHA PILLAI : സർ, ഈ ബില്ല വളരെ ഗുണമുള്ള ഒന്നാകുന്നു. ഇതിനെ അനുകൂലിച്ചുകൊണ്ടു സംസാരിച്ച ചില മാന്യന്മാർ ഇവിടെ നടത്തിയ പ്രസംഗങ്ങളിൽ നിന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇതിന്റെ മലയാളം തർജ്ജിമ എനിക്കു കിട്ടിയിരുന്നുവെങ്കിൽ ഇതേപ്പററി എനിക്കുള്ള അഭിപ്രായവും പറയുവാൻ സാധിക്കുമായിരുന്നു. ഏതായാലും കേട്ടിടത്തോളം പ്രസംഗങ്ങൾകൊണ്ടു ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമുണ്ടെന്നു എനിക്കും തോന്നുന്നു. അതിനാൽ ബില്ലിനെ ഞാനും സ്വാഗതം ചെയ്യുന്നു. മേലാൽ എങ്കിലും ഇപ്രകാരം ഏതെങ്കിലും ബിൽ അവതരിപ്പിക്കപ്പെടുമ്പോൾ അതിന്റെ മലയാളം തർജ്ജിമകൂടി വിതരണം ചെയ്യുന്നകാര്യത്തിൽ പ്രസിഡന്റു അവർകൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഈ അവസരത്തിൽ എനിക്കപേക്ഷയുണ്ട്.

MR. KRISHNAN AIYAPPAN : സർ, ഈ ബില്ലിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു. ചില ഭേദഗതികൾ ആവശ്യമാണ്. ഒരാൾ മരിച്ചുകഴിഞ്ഞാൽ ആറുമാസത്തിനകം അവകാശസർട്ടിഫിക്കറേറാ, പ്രൊബേറേറാ ഹാജരാക്കുന്നില്ലെങ്കിൽ അവകാശി എന്നു തോന്നുന്ന ആൾക്കു ൨൦൦൦ രൂപയും താഴെയുള്ള തുക സെക്രട്ടറിക്കു കൊടുക്കാമെന്നു ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൽ ചില വൈഷമ്യങ്ങൾ നേരിടും. നാട്ടിൻപുറങ്ങളിലുള്ള ആളുകൾക്കു ഇങ്ങനെയുള്ള രേഖകൾ ഹാജരാക്കുന്ന കാര്യം അറിയാൻ പാടില്ലാതെ വരും. ഒരവകാശ സർട്ടിഫിക്കററു പെട്ടെന്നു സമ്പാദിക്കുവാനും അതു അധികൃതസ്ഥാനങ്ങളിലെത്തിക്കുവാനും ഉള്ള അറിവോ സൗകര്യമോ നാട്ടിൻപുറങ്ങളിലുള്ളവർക്കു വേണ്ടുവോളം ഉണ്ടായി എന്നു വരുന്നതല്ല. ആറുമാസക്കാലം അതിനു മതിയാകുന്നതുമല്ല. വിവേചനാധികാരം ഉപയോഗിച്ചു ൨൦൦൦ രൂപാവരെയുള്ള സംഖ്യ സെക്രട്ടറിക്കു കൊടുക്കാമെന്നാണ് മൂന്നാമത്തെ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ശരിയായ അന്വേഷണം നടത്തി അവകാശികൾ ആരെന്നു ബോദ്ധ്യപ്പെട്ടതിനു ശേഷമേ ഈ പണം കൊടുക്കുകയുള്ളു എന്ന അർത്ഥത്തിൽ ഒരു മെംബർ ഇവിടെ പ്രസ്താവിക്കുന്നതു കേട്ടു. ഞാൻ വായിച്ചതിൽ അങ്ങിനെ പറഞ്ഞു കാണുന്നില്ല. മൂന്നു ബി യിൽ ൫൦൦ രൂപാ വരെയുള്ള പണം കൊടുക്കുന്ന കാര്യത്തിൽ മാത്രമേ അന്വേഷണം വേണമെന്നു പറഞ്ഞുകാണുന്നുള്ളു. ൨൦൦൦ രൂപയെ സംബന്ധിച്ചിടത്തോളം അന്വേഷണം വേണമെന്നു പറയുന്നില്ല. അതു പിശകാണ്. സേവിംഗ്സ് ബാങ്കിൽ

നിന്നു പണം കിട്ടേണ്ടതിലേക്കു അവകാശത്തർക്കത്തിന്മേൽ വിഷമങ്ങളും നേരിടുന്നുണ്ട്. അതു സംബന്ധിച്ചു ധാരാളം കേസുകളും ഉണ്ടായിട്ടുണ്ട്. ഇത്തരം കേസുകൾക്കും കാലതാമസത്തിനും ഇടകൊടുക്കാതിരിക്കത്തക്കനിലയിൽ ആവശ്യമായ ഭേദഗതികളോടുകൂടി ഈ ബിൽ നിയമമാക്കണമെന്നാണു എന്റെ അഭിപ്രായം.

MR. PRESIDENT: മി. താണുപിള്ള അവതരിപ്പിച്ച ട്രാവൻകോർ സേവിംഗ്സ് ബാങ്കു ബിൽ ഒരു സെലക്ട് കമ്മററിക്കു അയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു സഭ യോജിക്കുന്നതായി പ്രഖ്യാപിക്കുന്നു. (സഭ അനുകൂലിച്ചു)

സെലക്ട് കമ്മിററിയിലേക്കുള്ള അംഗങ്ങളുടെ ലിസ്ററു മി. താണുപിള്ള വായിക്കുന്നതാണു.

HON' BLE MR. A. THANU PILLAI : താഴെ പറയുന്ന മെംബറന്മാരെ സെലക്ട് കമ്മിററി അംഗങ്ങളായി ഞാൻ നിർദ്ദേശിക്കുന്നു.

1. Hon'ble Mr. A. Thanu Pillai
2. Mr. G. Ramachandran
3. ,, V. O. Markos
4. ,, Mannathu Padmanabha Pillai
5. ,, Abdul Azis
6. ,, K. Ramakrishnan Achari
7. ,, P. C. Adichan
8. ,, R. V. Thomas
9. ,, R. Sankar
10. ,, K. Sivarama Pillai

ഇതിന്റെ കോറം ൪ ആയിരിക്കുന്നതാണ്.

MR. MANNATHU PADMANABHA PILLAI : മി. എം. സി. മാത്യുവിനെക്കൂടി ചേർത്താൽ കൊള്ളാം.

HON' BLE MR. A. THANU PILLAI : എനിക്കു അതിനു വിരോധമില്ല,

MR. A. ATCHUTHAN: ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : സെലക്ട് കമ്മററിയിലെ പേരുവിവരം അടങ്ങിയ ലിസ്ററും കോറം ൪ ആയിരിക്കണമെന്നുള്ളതും ഈ സഭ സ്വീകരിച്ചിരിക്കുന്നതായി വിചാരിക്കുന്നു. (സഭ അനുകൂലിച്ചു)

അടുത്തതു 'ദി ട്രാവൻകോർ ലാ റിഫാംസ് (മിസലേനിയസ് പ്രൊവിഷൻസ്)' ബിൽ ആണു.

THE TRAVANCORE LAW REFORMS (MISCELLANEOUS PROVISIONS) BILL.

HON' BLE MR. A. THANU PILLAI : ഈ സഭ മുൻപാകെ 'ദി ട്രാവൻകോർ ലാ റിഫാംസ് (മിസലേനിയസ് പ്രൊവിഷൻസ്) ബിൽ അവതരിപ്പിക്കുകയും അതു താഴെ പേരുവിവരം പറയുന്ന സെലക്ട് കമ്മിറ്റിക്കു

അയക്കേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു. ഇതിന്റെ ഉദ്ദേശം ടാർട്ടിന്റെ, അതായതു് നിയമാനുസരണമായ ഒരു പ്രവൃത്തി നടത്താത്തതുകൊണ്ടു് ഒരാളിനുണ്ടാകാവുന്ന നഷ്ടത്തെ സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ, ആ നഷ്ടം വരുത്തിയ ആറം മരിച്ചുപോയാൽ ആ വ്യവഹാരത്തിന്റെ അവകാശവും ബാദ്ധ്യതയും നശിച്ചുപോകും എന്നാണു ഇപ്പോഴം വ്യവസ്ഥയുള്ളതു്. അതു ഈ കാലസ്ഥിതിക്കു യോജിച്ചതല്ല. അതുകൊണ്ടു ഇങ്ങനെ വരുന്ന സന്ദർഭങ്ങളിൽ ആ വ്യവഹാരകാരണം തുടർന്നുകൊണ്ടുപോകണമെന്നുള്ള ഇന്നത്തെ അഭിപ്രായഗതിയനുസരിച്ചു ആവശ്യമുള്ള നിയമനിർമ്മാണമാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. ഇതിൽ ആദ്യത്തെ ഭാഗത്തിൽ ടാർട്ടുസംബന്ധമായ വ്യവഹാരകാരണത്തെപ്പററിയും മരണംകൊണ്ടു വ്യവഹാരകാരണം എങ്ങനെ ബാധിക്കുമെന്നുള്ളതിനെപ്പററിയും അതുകൊണ്ടു അവ നശിച്ചുപോകാതിരിക്കുന്നതിനുള്ള വ്യവസ്ഥകളെപ്പററിയും പറയുന്നു. ആദ്യത്തെ ഏഴു ക്ലാസുകളിലായി പറയുന്നതു് ഇതാണു്. രണ്ടാമത്തെ ഭാഗത്തു രണ്ടു മെംബറന്മാർ ഒരുമിച്ചുപോൾ ഉണ്ടാവുന്ന കാര്യങ്ങളിൽ ഒരാറം വരുത്തിയ നഷ്ടത്തിൽ മറെറയാളുടെനെ എങ്ങനെ വീതപ്രകാരം ചേർക്കാം എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. പിന്നെ ടാർട്ടുസംബന്ധമായി വേറെ ഒരു സംഗതി കൂടിയുണ്ടു്. അതായതു ഏയുടെ പ്രവൃത്തിമൂലം ബിക്കു് നഷ്ടംവന്നാൽ അതിനു ചിലപ്പോഴം ബിയും ഉത്തരവാദിയായിരിക്കും. അങ്ങനെ വന്നാൽ എത്രത്തോളമാണു് ബിക്കു നഷ്ടം കുറയ്ക്കേണ്ടതെന്നുള്ളതിനെപ്പററിയും മററും മൂന്നാമത്തെ ഭാഗത്തിൽ, അതായതു് ൯-ാമത്തെ വകുപ്പിൽ, വ്യവസ്ഥചെയ്തിരിക്കുന്നു. ഇപ്പോഴത്തെ നിയമനിർമ്മാണത്തിനും നടത്തിപ്പിനും അനുസരണമായി നമുക്കും ഇതുസംബന്ധിച്ചു നിയമം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ ഇപ്പോഴം അവതരിപ്പിച്ചിരിക്കുന്നതു്. ഈ ബില്ലിനെ ഈ സഭ അംഗീകരിക്കണമെന്നും ഇതു ഒരു സെലക്ട് കമ്മിററിയിലേക്കു അയയ്ക്കുവാൻ സഭ അനുവദിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

MR. PRESIDENT : ഈ ബില്ലിന്റെ തത്വത്തോടു സഭ യോജിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. (സഭ അനുകൂലിച്ചു.) മി: താണുപിള്ള സെലക്ട്കമ്മിററിയിലെ അംഗങ്ങളുടെ പേരുവിവരം വായിക്കുന്നതാണു്.

HON'BLE MR. A. THANU PILLAI : ഈ ബില്ലും ഫോറൽ ആക്സിഡൻസ് ബില്ലും ഒരേ സെലക്ട് കമ്മിററിക്കുതന്നെ അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. സെലക്ട്കമ്മിററിയിലെ അംഗങ്ങളുടെ പേരുവിവരം ഇതാണു്. [illegible]
[illegible]

1. Hon'ble Mr. A. Thanu Pillai
2. Mr. E. John Philipose
3. „ A. Nesamony
4. „ P. K. Kunju
5. „ T. T. Kesavan Sastri
6. „ K. N. Sankunni Pillai
7. „ G. Nilakantan
8. „ A. P. Udayabhanu
9. „ R. Atchuthan
10. „ N. V. Chacko
11. „ K. A. Gangadhara Menon
12. Miss. Accamma Cherian
13. Mr. K. Sivarama Pillai
14. „ P. Chacko
15. „ K. P. Nilakanta Pillai

ഇതിന്റെ കോറം ൫ ആയിരിക്കുന്നതാണ്.

MR. A. ATCHUTHAN : ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. PRESIDENT : സെലക്ട് കമ്മിററിയിലെ ലിസ്ററും കോറം ൫ ആയിരിക്കണമെന്നുള്ളതും സഭ സ്വീകരിച്ചതായി വിചാരിക്കുന്നു. (സഭ അംഗീകരിച്ചു.) അടുത്തത് ദി ട്രാവൻകൂർ രജിസ്ട്രേഷൻ ഓഫ് സൊസൈററി ബിൽ ആണ്.

HON'BLE MR. A. THANU PILLAI : ആ ബിൽ ഇപ്പോൾ ഞാൻ അവതരിപ്പിക്കുന്നില്ല.

MR. PRESIDENT : മണി ൪ ആയിരിക്കുന്നു. അടിയന്തിര പ്രമേയം അവതരിപ്പിക്കുവാൻ മിസ്സിസ്സ് ദേവകി ജി. ദാസിനെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ADJOURNMENT MOTION.

MRS. DEVAKI GOPIDAS (*Kottayam I General*) : സർ, തിരുവിതാംകൂറിൽ ഇക്കൊല്ലത്തെ ഇംഗ്ലീഷ് സ്കൂൾഫൈനൽ പരീക്ഷ പാസായിട്ടുള്ള ബഹുഭൂരിപക്ഷം കുട്ടികൾക്കും തിരുവിതാംകൂർ കാളേജുകളിൽ പ്രവേശനം കിട്ടുവാൻ നിവൃത്തിയില്ലാതെ കുട്ടികളും രക്ഷാകർത്താക്കന്മാരും അനുഭവിക്കുന്ന സങ്കടാവസ്ഥയേയും അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനേയും കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതിനായി ഒരു അടിയന്തിരപ്രമേയം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചുകൊണ്ട് ഏതാനും സംഗതികൾ സഭയുടെ സാദരശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നു ഉദ്ദേശിക്കുന്നു.

സർ, കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് ഇക്കൊല്ലം ധാരാളം കുട്ടികൾ സ്കൂൾഫൈനൽ പരീക്ഷയിൽ വിജയികളായിട്ടുണ്ടെങ്കിലും നമ്മ

[Mrs. Devaki Gopidas]

എല്ലാവർക്കും അറിവുള്ള കാര്യമാണ്. തിരുവിതാംകൂറിലെ രാഷ്ട്രീയ സമരത്തിലും അതിനുശേഷം തെരഞ്ഞെടുപ്പുപ്രചരണത്തിലും പങ്കെടുത്തു തങ്ങളുടെ അദ്ധ്യയന സമയത്തിലും ശ്രദ്ധയിലും ഒരു നല്ലഭാഗം രാഷ്ട്രത്തിനുവേണ്ടി ബലികഴിച്ച കുട്ടികളാണ് ഇവർ. ഓരോ കൊല്ലവും കഴിയുംതോറും കുട്ടികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷമപ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നു. ഈ കൊല്ലത്തിൽ പാസായവരും കുട്ടികളും കഴിഞ്ഞകൊല്ലത്തിൽ പാസായിട്ട് അഡ്മിഷൻ കിട്ടിയിട്ടില്ലാത്ത ൫൦൦൦-ൽ പരം കുട്ടികൾ ഉൾപ്പെടെ ഏകദേശം ൯൦൦൦ കുട്ടികൾ ഇന്ന് കാളേജ് അഡ്മിഷനുവേണ്ടി പരിശ്രമിക്കുന്നു. പ്രീയൂണിവേഴ്സിററിയും പ്രൈവററു കാളേജുകളും ഉൾപ്പെടെ ൩൭ കാളേജുകൾ കഴിഞ്ഞവർഷം ഉണ്ടായിരുന്നതിൽ ആകെ ൧൪൦൦ കുട്ടികൾക്കാണ് പ്രവേശനം ലഭിച്ചിരുന്നത്. ഈക്കൊല്ലം എൻ. എസ്. എസിൻെറയും, എസ്. എൻ. ഡി. പി.യുടേയും ഓരോ കാളേജുകൾ അനുവദിച്ചിട്ടുണ്ട്. അവയിൽ രണ്ടിലുംകൂടി ൬൦൦-ൽ കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതല്ല എന്നു ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്. ഇന്നത്തെ പരിതഃസ്ഥിതിയിൽ ഇതിൽ എത്രത്തോളം കുട്ടികൾക്ക് തിരുവിതാംകൂർ കാളേജുകളിൽ അഡ്മിഷൻ കിട്ടുമെന്ന് ഊഹിക്കാവുന്നതാണ്. അങ്ങനെ ഈക്കൊല്ലം ഈ കാളേജുകളിൽ പ്രീയൂണിവേഴ്സിററിയുൾപ്പെടെ ൩൦൦൦ കുട്ടികൾക്ക മാത്രമാണ് പ്രവേശനം ലഭിക്കുന്നതു്. ആലപ്പുഴ സനാതന കാളേജു നടത്തുന്ന കമേഴ്സ്യൽ കോഴ്സിന് ഉദ്ദേശം ൫൦൦ കുട്ടികൾക്കും തിരുവനന്തപുരത്തു ടെക്ക്സ്ററയിൽ ടെക്ക്നാളജി, എൻജിനിയറിംഗ് ഡിപ്ലോമാകോഴ്സ് മുതലായവക്ക് ൭൦ കുട്ടികൾക്കും ഇങ്ങനെ ആകപ്പാടെ ൩൫൭൦ കുട്ടികൾക്കാണ് ഇന്ന് പഠിത്തവിഷയത്തിൽ പ്രവേശനം കിട്ടുന്നതു്. ഏകദേശം ൧൦൦൦-ൽ പരം കുട്ടികൾ മേല്പോട്ടു പഠിക്കാനുദ്ദേശിക്കുന്നില്ലെന്ന് നാം വിചാരിക്കുക. എങ്കിലും വളരെയധികം കുട്ടികൾ പഠിത്തവിഷയത്തിൽ പ്രവേശനം കിട്ടാതെ നിരാശരായിത്തീരുന്നു. ഇതിനൊരു പരിഹാരമാർഗ്ഗം ഉണ്ടാക്കേണ്ടതു് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനു സന്നദ്ധതയുള്ള പ്രൈവററുകാളേജ്കൾ തിരുവിതാംകൂറിലുണ്ട്. കോട്ടയം കാളേജ് ഉടമസ്ഥന്മാർ കൂടുതൽ കുട്ടികൾക്ക പ്രവേശനം നൽകുന്നതിനുള്ള സംരംഭങ്ങൾ ചെയ്തുവരുന്നു. അതു് ഏററവും അനുമോദനാർഹമാണ്. പക്ഷെ, അവരെ കുറിച്ചുനോക്കുന്ന ഒരു വിഷമപ്രശ്നം കെട്ടിടങ്ങളെസംബന്ധിച്ചും, അതിനാവശ്യമുള്ള ഉപകരണ

ങ്ങളെ സംബന്ധിച്ചുമാണ്. ഈ കാര്യത്തിൽ ഗവണ്മെന്റുകൂടി ബിൽഡിംഗ് ഗ്രാന്റ് മുതലായി വേണ്ടത്ര സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗവണ്മെന്റു കാളേജുകളിൽ സയൻസ് ഗ്രൂപ്പിൽ ഉള്ള അഡ്മിഷൻ വളരെ പരിമിതമാണ്. അതു് വികസിപ്പിക്കുന്നതിന് പെട്ടെന്നു സാധിക്കുന്നതുമല്ലല്ലോ. എന്നാൽ ഹിസ്റററി ഗ്രൂപ്പ് ഒന്നുകൂടി വിപുലപ്പെടുത്താൻ സാധിക്കുന്നതും വിപുലപ്പെടുത്തേണ്ടതുമാണ്. ഇപ്പോൾ വ്യാവസായികമായും കാർഷികമായുമുള്ള പുരോഗമനത്തിനുവേണ്ടി നവീന പദ്ധതികൾ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഗവണ്മെന്റ് ൧൫ വയസ്സിലും ൧൬ വയസ്സിലും സ്കൂൾഫൈനൽ പാസായി വെളിയിൽ വരുന്ന കുട്ടികൾക്ക് സാങ്കേതിക പരിശീലനത്തിനു കൂടി ഏതെങ്കിലും വ്യവസ്ഥയുണ്ടാക്കേണ്ടതാണ്. ടെക്ക്നിക്കൽ കോഴ്സ് പരിശീലനത്തിനായി ആലപ്പുഴ ഒരു സനാതന കാളേജ് ഉണ്ട്. പക്ഷേ അതു് ഒന്നുകൊണ്ടുമാത്രം മതിയാകയില്ല. അതുകൊണ്ട് ടെക്ക്നിക്കൽ കോഴ്സിനുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ കൂടുതൽ നിർമ്മിച്ചു വേണ്ട പ്രോൽസാഹനം നൽകേണ്ടതാണ്. അതുപോലെതന്നെ നൂതനമായി കൃഷിപരിശീലനകേന്ദ്രങ്ങൾ രാജ്യത്തിന്റെ നാനാഭാഗത്തും നടപ്പിൽ വരുത്തുന്നതും പ്രോത്സാഹജനകമാണ്. അതുപോലെതന്നെ ഇവിടെ ഗവണ്മെന്റിൽനിന്നും തുടങ്ങാൻ ഉദ്ദേശിക്കുന്ന Diploma Course in Secretariat Practice and Office Management ഏകദേശം ൪൦൦ കുട്ടികൾക്ക് പ്രവേശനം കിട്ടുമെന്നു വിചാരിക്കുന്നു. അതു് ഉടൻതന്നെ നടപ്പിലാക്കണമെന്ന് അപേക്ഷിക്കുന്നു. സർ, ഇന്നത്തെ പരിതസ്ഥിതിയിൽ കാളേജിൽ പ്രവേശനം കിട്ടണമെങ്കിൽ തന്നെ കൂടുതൽ ശതമാനം മാർക്കുകൾ വാങ്ങിച്ചിട്ടുള്ള കുട്ടികൾക്കുമാത്രമേ സാധിക്കുകയുള്ളു. ചില സാഹചര്യങ്ങൾകൊണ്ട് വിദ്യാഭ്യാസപരമായി മുന്നിട്ടുനിൽക്കുന്നതിനു സാധിച്ചിട്ടുള്ളവർക്കുമാത്രമേ കൂടുതൽ മാർക്കു കിട്ടുന്നതിനു സാധിക്കുകയുള്ളു എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ആയതിനാൽ കാളേജു പ്രവേശനത്തിന് ആവശ്യാനുസരണം സീററില്ലാതെ വരുമ്പോൾ സാധാരണയായി കൂടുതൽ അവശത അനുഭവിക്കേണ്ടിവരുന്നതു് വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ ആണെന്നുള്ളതു് നിസ്തർക്കമാണ്. പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർക്ക് അങ്ങിനെയുള്ള സാഹചര്യക്കുറവുകൊണ്ട് പ്രവേശനത്തിനുവേണ്ടി വളരെ വിഷമിക്കുന്നു. ആയതിനാൽ ബോംബേ, മദ്രാസ്, മൈസൂർ മുതലായ സ്ഥലങ്ങളിൽ അനുവദിച്ചിരിക്കുന്നതുപോലെ കാളേജുകളിൽ ഇവർക്കു സീററ് റിസർവേഷൻ ഇവിടെയും അനുവദിക്കേണ്ടതു്

[Mrs. Devaki Gopidas]

അത്യന്താപേക്ഷിതമാണ്. അതായത് പിന്നോക്കസമുദായങ്ങളിൽപ്പെട്ടവക്ക് ൪൦ ശതമാനം സീററു റിസർവ്വുചെയ്തു കൊടുക്കണമെന്ന് ഞാൻ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുന്നു. പിന്നോക്കസമുദായത്തിൽനിന്നും ഏററവും സമർത്ഥന്മാരും ബുദ്ധിമാന്മാരുമായ കുട്ടികളെ ഈ സീററുകളിലേക്ക് തെരഞ്ഞെടുക്കേണ്ടതും, അതിനുള്ള അധികാരം ഓരോ കാളേജുകളിലെ പ്രിൻസിപ്പാളന്മാക്ക് വിട്ടുകൊടുക്കേണ്ടതും ആണെന്ന് ഞാൻ വിചാരിക്കുന്നു. സാങ്കേതികപരിശീലനത്തെപ്പററി ഞാൻ പറഞ്ഞുവല്ലോ. ൬ മാസമോ ഒരു വർഷമോ കൊണ്ട് പരിശീലനം തീരത്തക്ക ചില കോഴ്സുകൾ ഉണ്ട്. ഉദാഹരണമായി Confectionery Tauning മുതലായവക്ക് ഇവിടെ നല്ല സാദ്ധ്യതകൾ ഉണ്ട്. എന്നാൽ അങ്ങനെയുള്ള പരിശീലനകേന്ദ്രങ്ങൾ ഇവിടെ ഇല്ല. ഈ പ്രകാരമുള്ള സാങ്കേതികപരിശീലന instituteകൾ ഗവണ്മെൻറിൽനിന്നും സ്ഥാപിക്കണം. ഇങ്ങനെ വിദ്യാഭ്യാസവിഷയത്തിൽ കുട്ടികൾക്കും അവരുടെ രക്ഷകത്താക്കൾക്കുമുള്ള അസമാധാനത്തിനേയും അസംതൃപ്തിയേയും പരിഹരിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം ഗവണ്മെൻറു കൈക്കൊള്ളേണ്ടതാണ്. വിമൻസ് കാളേജിനെപ്പററി പറയുകയാണെങ്കിൽ അവിടെയും പ്രവേശനത്തിന് ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥിനികൾക്കും പ്രവേശനം ലഭിക്കുന്നില്ല. ഈ വിധ സംഗതികൾ ഗവണ്മെൻറിൻെറയും ഈ സഭയുടേയും അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് എൻെറ പ്രമേയത്തെ സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു.

MISS ANNIE MASCARENE (*Trivandrum I—Latin Catholic Reserved*). Sir, I support the motiou moved by the honourable member. I do not think that the facts and figures which she has presented before this House need be questioned. They are so clear as to show that the problem is an urgent public necessity. The limited number of colleges in this State has prevented the admission of many a student who has passed the School Final. I kuow subsequently many students who have passed the School Final Examination three years back and could not yet get the admission in the Colleges. Those students have become overaged today and the students who were juniors had been admitted in the Colleges. The former students had not been admitted merely because they are mediocres. For want of accommodation they are not admitted. I wish to submit before the Honourable Ministry that the Travancore State today can boast of only one Women's College. A State which can boast of female education and stands first in India in the case of female education, cannot boast of more than one Women's College. Even Cochin has got two Women's Colleges. It has been said that it is not for want of accommodation but it is because institutions have not been

coming forward for permission to start Colleges that more Colleges have not been opened. The Holy Angels Convent, Quilon, was trying to secure permission during the past few years. Still it has not got permission. I do not know whether they have asked for permission this year. The urgent and pressing problem can be easily solved by raising the present Women's College to the first grade. Parents and students must have invited the attention of many honourable members here. I request the honourable ministry in charge of education kindly to take into consideration the question of female education before the opening of Colleges next year. I wish that we have more than three Colleges for Women in Travancore. Further there is difficulty even with regard to the admission of well-qualified children. I know a case where a school final student who has secured 68 per cent. for Mathematics and 58 per cent. in all the other important subjects has not been able to get admission to the Women's College for the simple reason that College cannot accommodate more than 34 students for Mathematics. So it happens that those who have secured more than 75 per cent. of marks in Mathematics alone would get admission there. This means that not only mediocres but even those above the average suffer for want of admission. If mediocres are not given the advantages of education, how can they face the test, the difficulties and problems of life? Who knows one cannot find among them heroines and patriots in future? Therefore, it is of the most urgent necessity that this House should consider this question and find a solution for the problem at the earliest convenience. With these words, I support the motion of the honourable member.

MR. V. MADHAVAN (*Vaikom II—General*) : സർ, ഈ അടിയന്തിര പ്രമേയത്തെക്കുറിച്ചു രണ്ടു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. സ്കൂൾഫൈനൽ പാസായ വിദ്യാർത്ഥികൾ വളരെപ്പേർ കോളേജു അഡ്മിഷൻ കിട്ടാതെ, പ്രയാസങ്ങൾ അനുഭവിച്ചു വരുന്നുണ്ടു്. ഇതു ഇക്കൊല്ലം മാത്രമുള്ള ഒരു പ്രത്യേക ബുദ്ധിമുട്ടല്ല. ഈ സംഗതി പലപ്പോഴും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ നിവേദനങ്ങൾ മുഖവും മറ്റും കൊണ്ടുവന്നിട്ടും യാതൊരു പ്രയോജനവുമില്ലാതെ, വിദ്യാർത്ഥികളുടെ സങ്കടങ്ങൾ അധികരിച്ചുകൊണ്ടാണിരിക്കുന്നതു്. ഇതിനൊരു പരിഹാരം ഇന്നത്തെ ജനകീയ ഗവണ്മെന്റ് എങ്കിലും കണ്ടുപിടിക്കണം എന്നുള്ള അപേക്ഷയാണ്, ഈ പ്രമേയംമൂലം കൊണ്ടുവരപ്പെട്ടിട്ടുള്ളതു്. എന്റെ അനുഭവത്തിൽ തന്നെ പല വിദ്യാർത്ഥികളും, കാളേജുകളിൽ പ്രവേശനം കിട്ടാത്തതുമൂലം—അവരുടെ രക്ഷാകർത്താക്കന്മാർക്കു അവരെ പഠിപ്പിക്കുന്നതിനു സാധിക്കാഞ്ഞിട്ടോ മറ്റോ അല്ല—വിദ്യാഭ്യാസം നിർത്തേണ്ടി വന്നിട്ടുണ്ടു്. ഞാൻ ഒരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു

[Mr. V. Madhavan.]

വരുവാൻ ആഗ്രഹിക്കുന്നത് ഇതാണ്. കാളേജുകളിൽ അഡ്മിഷൻ കിട്ടാതെ വരുന്നത് പലപ്പോഴും പിന്നോക്കസമുദായക്കാർക്കാണ്. അതിൽ സമുദായവാദം എന്ന അപരാധം ആരും ആരോപിക്കരുത്.

MR. KRISHNAN AYYAPPAN : മററു സമുദായക്കാരിൽ അഡ്മിഷൻ കിട്ടാതെ വിഷമിക്കുന്നവർ ഇല്ലേ ?

MR. V. MADHAVAN : എങ്കിലും പലപ്പോഴും ഉപദ്രവം നേരിടുന്നത് ഇങ്ങനെയുള്ളവർക്കാണ്. ഏതെങ്കിലും കാളേജിൽ, പ്രത്യേകിച്ചു യൂണിവേഴ്സിററി കാളേജിൽ സ്കൂൾഫൈനൽ പാസായ വിദ്യാർത്ഥികൾ അപേക്ഷകൾ അയയ്ക്കുമ്പോൾ അതിൽ നല്ല മാർക്കുള്ളവരുടെ അപേക്ഷകൾ മാത്രം തിരിഞ്ഞ് എടുത്തുകൊണ്ടു മററുള്ളവയെ ഉപേക്ഷിച്ചുകളയുന്നു. ഇങ്ങനെ ഉപേക്ഷിക്കപ്പെട്ടവർ ആലുവായിലോ, മധുരയിലോ, പാളയംകോട്ടയിലോ മററോ ഓടുകയാണ്. എന്നാൽ ഇങ്ങനെ യൂണിവേഴ്സിററി കാളേജിൽ വളരെ ശുദ്ധീകരിച്ചു സ്ഫുടം വച്ചെടുക്കുന്ന ഈ വിദ്യാർത്ഥികളുടെ പരീക്ഷാ റിസൽട്ട് നോക്കുകയാണെങ്കിൽ, പ്രൈവററു കാളേജുകളിൽ യൂണിവേഴ്സിറ്റി കാളേജിനേക്കാൾ നല്ല റിസൽട്ടുള്ളതായിട്ടാണ് അനുഭവംകൊണ്ടു കാണുന്നത്. ഇതു ഞാൻ പറഞ്ഞതു മാർക്കുകളെ അടിസ്ഥാനമാക്കി മാത്രം കാളേജ് അഡ്മിഷൻ കൊടുക്കാൻ പാടില്ലെന്നുള്ളതിനാണ്. അതിനുള്ള നിർദ്ദേശങ്ങൾ ഇന്നത്തെ ജനകീയ ഗവമെൻറു കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഒരു കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്, വിദ്യാഭ്യാസത്തിൽ മുന്നോട്ടു നിൽക്കുന്ന ചില പ്രത്യേക സമുദായക്കാരിൽപെട്ട വിദ്യാർത്ഥികൾക്കാണ് സാധാരണ മാർക്കുകൾ കൂടുതൽ കിട്ടുന്നത് എന്ന വസ്തുതയാണ് — അതായതു വിദ്യാഭ്യാസം ചെയ്യുന്നതിന് സകലവിധത്തിലും പാരമ്പര്യമായി അനുകൂല പരിതസ്ഥിതികളുള്ള ചില സമുദായക്കാർക്ക് മാർക്കുകൾ കൂടുതൽ കിട്ടിവരുന്നത് അത്ഭുതമല്ല. അതിനു സൌകര്യം കിട്ടാത്തവരാണ് പിന്നോക്കസമുദായക്കാർ. എന്നാൽ കുറച്ചുനാളായിട്ട് അവർക്ക് കിട്ടിയിട്ടുള്ള സാഹചര്യംകൊണ്ട് അവരും വിദ്യാഭ്യാസത്തിൽ താല്പര്യം പ്രദർശിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ഇതു പറയുമ്പോൾ ഒരു പൂർവകഥ ഓർമ്മയിൽ വരുന്നുണ്ട്. ഈ രാജ്യത്ത് അല്പകാലം മുമ്പു മുതൽക്കു മാത്രമാണ് വിദ്യാലയങ്ങളിൽ പിന്നോക്കസമുദായക്കാർക്ക് പ്രവേശനം കിട്ടിത്തുടങ്ങിയത്. മുമ്പ് സ്കൂളുകളിൽ അവർക്ക് പ്രവേശനം സുസാദ്ധ്യമല്ലായിരുന്നു. കുറച്ചുകൂടി മുമ്പോട്ടു പോകുകയാണെങ്കിൽ, ഒരു കാലത്ത് വിദ്യാഭ്യാസം ഗവമെൻറു ഏറെറടുത്തകാലത്ത് ഒരൊറ്റ

ചക്രംപോലും ഫീസായി ഈടാക്കിവന്നില്ല. വിദ്യാഭ്യാസത്തിനു പുരോഗതി ഉണ്ടാകുവാൻ വേണ്ടി ഗവണ്മെന്റ് കുട്ടികൾക്ക് അങ്ങോട്ടു ധനസഹായം ചെയ്തു പഠിപ്പിച്ചുവന്നു. അപ്പോൾ പിന്നോക്കവർഗ്ഗക്കാർക്കു പ്രവേശനമില്ലായിരുന്നു. കുറേക്കാലം കഴിഞ്ഞപ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ഒന്നും വേണ്ട എന്ന മട്ടിലായി. അപ്പോഴും അവർക്കു പ്രവേശനം അനുവദിച്ചില്ല. കുറേക്കൂടി കഴിഞ്ഞതിൽ പിന്നീട് നാമമാത്രമായ ഒരു ഫീസ് കുട്ടികളിൽനിന്നും ഈടാക്കിവന്നിരുന്നു. അതിലും എത്രയോ കാലം കഴിഞ്ഞതിൽ പിന്നീടും വിദ്യാഭ്യാസം വ്യയഹേതുകമായി തീർന്നപ്പോഴും ആണ് പിന്നോക്കസമുദായക്കാർക്കു വിദ്യാലയങ്ങളിൽ പ്രവേശനം അനുവദിച്ചതു്. വിദ്യാഭ്യാസത്തിൽ കുറഞ്ഞകാലത്തെ പാരമ്പര്യം മാത്രം ഉള്ളവർക്കു മാർക്കു കുറഞ്ഞു എന്ന കാരണത്തിന്മേൽ അഡ്മിഷൻ കൊടുക്കാതിരിക്കുന്നതു ശരിയല്ല. ഈ സംഗതി പ്രത്യേകം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെടേണ്ടതാണ്. കാളേജിൽ അഡ്മിഷൻ കിട്ടാതെ അനേകം കുട്ടികൾ വിഷമിക്കുന്നു എന്നുള്ള കാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽകൊണ്ടുവരേണ്ടുന്നതാണല്ലോ, ഇന്നത്തെ അടിയന്തിരപ്രമേയം. ഈ വൈഷമ്യം എല്ലാവർക്കും ഉള്ള ഒരു കാര്യമാണ്. എന്നാൽ കൂടുതൽ വൈഷമ്യം പിന്നോക്കസമുദായക്കാർക്കാണ്. ഇപ്പോഴത്തെ നയം തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ പല വൈഷമ്യങ്ങളും ഉണ്ടാകും. അതുകൊണ്ടു് ഞാൻ സഭയുടെ ദൃഷ്ടിയിൽകൊണ്ടുവരുന്നതു് രണ്ടു മൂന്നു സംഗതികളാണ്.

ഒന്നാമതു് ആദ്യം ആദ്യം ചെല്ലുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകുക. രണ്ടാമതു പിന്നോക്കസമുദായക്കാർക്കു കുറച്ചുകാലത്തേക്കു ഒരു മുൻഗണന നൽകുക.

MR. N. P. VARGHESE : അങ്ങനെ കാളേജുകളിൽ ആദ്യം ആദ്യം വരുന്നവർക്ക് അഡ്മിഷൻ കൊടുക്കുകയാണെങ്കിൽ ദൂരസ്ഥലത്തുനിന്നു വരുന്നവരുടെ കാര്യം വിഷമത്തിലാകുകയില്ലയോ ?

MR. V. MADHAVAN : അതാണ് ഞാൻ പറഞ്ഞുകൊണ്ടുവരുന്നതു്. അതിന് കാളേജുകളിൽ കൂടുതൽ, സ്ഥലസൌകര്യങ്ങൾ ഉണ്ടാക്കുക. ഇതു് അതിപ്രധാനമായ ഒരു കാര്യമാണ് ഇത്രയും പറഞ്ഞുകൊണ്ടു് അടിയന്തിരപ്രമേയത്തെ ഹാർദ്ദമായി പിൻതാങ്ങുന്നു.

MR. K. A. MATHEW (*Thiruvalla IV—General*) : സർ, കാളേജുകളിൽ പ്രവേശനം ലഭിക്കുന്നതിന് നമ്മുടെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്ക് നേരിടുന്ന വൈഷമ്യങ്ങളെപ്പറ്റി ആദ്യമായിട്ടല്ല തിരുവിതാംകൂർ നിയമസഭ പര്യാലോചിക്കുന്നതു്. ഈ വിഷയം മിക്കവാറും നമ്മുടെ എല്ലാ

[Mr. K. A. Mathew.]

നിയമസഭാസമ്മേളനങ്ങളുടെയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതാണ്. എനിക്ക ഈ കാര്യത്തെപ്പററി ദീർഘമായി പ്രസംഗിക്കേണ്ട ആവശ്യമില്ല. പ്രതിവർഷം തിരുവിതാംകൂറിൽനിന്നും ധാരാളം വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഇവിടത്തെ കാളേജുകളിൽ പ്രവേശനം കിട്ടാഞ്ഞിട്ട് പുറമെയുള്ള മദ്രാസ്, മധുര, തൃശ്ശിനാപ്പള്ളി, തിരുനൽവേലി, പാളയംകോട്ട ആദിയായ സ്ഥലങ്ങളിലെ കാളേജുകളിലേക്ക് പോകുന്നു. അടുത്ത കാലംവരെയും ധാരാളം പേർക്ക് പ്രവേശനം ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ തിരുവിതാംകൂർ വിദ്യാർത്ഥികളെ പലകാരണങ്ങളാൽ പ്രസ്തുത കാളേജധികൃതർ സ്വാഗതം ചെയ്യുന്നില്ല.

MR. A. NESAMONY : Does the Hon'ble member know that with the abolition of the intermediate classes in University College there is no place in Trivandrum for the Education of Tamilian students.

MR. K. A. MATHEW : തമിഴ് വിദ്യാർത്ഥികളായിരുന്നാലുംശരി മലയാളി വിദ്യാർത്ഥികളായിരുന്നാലുംശരി അവർക്ക് നമ്മുടെ കാളേജുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ വളരെയാണെന്നാണ് ഞാൻ പറയുന്നത്. തിരുവിതാംകൂർകാരായ അനേകം വിദ്യാർത്ഥികളെ സ്വീകരിച്ചുകൊണ്ടിരുന്ന മധുരയിലെ ഒരു കാളേജിൽ കഴിഞ്ഞവർഷം മലയാളം ഗ്രൂപ്പ് നിർത്തലാക്കുകയും തൻമൂലം അവിടത്തെ വാതൽ അടക്കപ്പെടുകയും ചെയ്തു. അതുപോലെ മററു കാളേജുകളിലും പ്രതിബന്ധങ്ങൾ ഉണ്ട്. ഈ പ്രതിബന്ധങ്ങളിൽ പലതും നമ്മുടെ വിദ്യാർത്ഥികൾതന്നെ വരുത്തിക്കൂട്ടിയതാണെന്ന് വ്യസനപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. ഏതായാലും നമ്മുടെ ഹൈസ്കൂളുകളിൽനിന്നു പാസ്സായി ഇറങ്ങുന്ന അനേകായിരം വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്ക് ഇല്ലെങ്കിൽതന്നെ ഏഴായിരത്തിൽപരമുണ്ട്. കാളേജ് അഭ്യസനത്തിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കേണ്ടതു ഗവണ്മെൻറിൻെറ ചുമതലയാണ്. അതിനുള്ള മാർഗ്ഗങ്ങൾ ജനകീയ ഗവണ്മെൻറ് കണ്ടുപിടിക്കണം. ഇപ്പോൾ അത്യാവശ്യമായിട്ടുള്ളതു കൂടുതൽ കാളേജുകൾ സ്ഥാപിക്കണം എന്നുള്ളതാണ്. ഗവണ്മെൻറ് കൂടുതൽ കാളേജുകൾ തുറക്കണം. കാളേജുകൾ തുടങ്ങുന്നതിന് തയ്യാറുള്ള പ്രൈവററു ഏജൻസികൾക്കു അതിനു അനുവാദം നൽകുകയും ഇതര സഹായങ്ങൾമൂലം അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. വിദ്യാർത്ഥിനികൾക്ക് കൂടുതൽ കാളേജുകൾ ആരംഭിക്കണം. ഇപ്പോൾ തിരുവനന്തപുരത്തുമാത്രമേ ഒരു വിമെൻസ് കാളേജ ഉള്ളൂ. നമ്മുടെ നാട്ടിലെ വിദ്യാർത്ഥിനികളിൽ ഭൂരിപക്ഷവും ഇപ്പോൾ ആണ്കുട്ടികൾക്കായി തുടങ്ങിയിട്ടുള്ള കാളേജുകളിലാണ് പഠിക്കുന്നതു. തിരുവനന്തപുരത്തെ യൂണിവേഴ്സിററികാളേജിൽതന്നെ മൂന്നൂറോ നാനൂറോ

വിദ്യാർത്ഥിനികൾ അദ്ധ്യയനം നടത്തുന്നുണ്ട്. ഇവിടത്തെ വിമൻസ് കാളേജ് ഒരു ഒന്നാംഗ്രേഡ് കാളേജായി ഉയർത്തുകയും ഇന്റർമിഡിയേറ്റു ക്ലാസ്സ് വികസിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ കൂടുതൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകുവാൻ സാധിക്കുന്നതാണ്. അതുമൂലം യൂണിവേഴ്സിറ്റികാളേജിൽ കൂടുതൽ ആൺകുട്ടികളെ എടുക്കുകയും ചെയ്യാം. തിരുവിതാംകൂറിന്റെ ഇതര ഭാഗങ്ങളിലും സ്ത്രീകൾക്കായുള്ള കാളേജുകൾ ഗവണ്മെന്റു സ്ഥാപിക്കുകയും അതിനു കഴിവുള്ള പ്രൈവറ്റു ഏജൻസികളെ അതിലേക്ക് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു ഉചിതമായിരിക്കും. കൂടുതൽ കാളേജുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധ ഉടനെ പതിയുമെന്ന് വിശ്വസിക്കുന്നു.

നമ്മുടെ യുവജനങ്ങളുടെ സ്വഭാവരൂപീകരണവും വിജ്ഞാനസമ്പാദനവും ആണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതു സാധിതപ്രായമാക്കുന്നതിനുള്ള വിദ്യാഭ്യാസ സൌകര്യങ്ങൾ നമ്മുടെ യുവജനങ്ങൾക്കു പ്രദാനം ചെയ്യേണ്ടതു് ഇന്നത്തെ ഗവണ്മെന്റിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കർത്തവ്യമത്രെ. ഈ കർത്തവ്യനിർവഹണത്തിൽ പൊതുജനങ്ങളുടെ സഹകരണവും ഉണ്ടാകുമെന്ന് വിശ്വസിച്ചുകൊണ്ടു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കാര്യനിരോധമേയത്തെ ഞാൻ ഹാർദ്ദമായി പിന്താങ്ങിക്കൊള്ളുന്നു.

MR. K. SIVARAMA PILLAI (*Thovala General*) : இதற்குமுன் பேசியவர்கள் பொதுவாக மாணவர்கள் படப்பட்டக் கஷ்டத்தைப்பற்றி மிகவும் தெளிவாகப் பேசினார்கள் ஆனால் அதிலும் தமிழ் மாணவர்கள் படக்கூடிய கஷ்டம் சொல்ல இயலாது. அவர்கள்தான் கூடுதலாகக் கஷ்டப்படுகிறார்களென்று சொல்ல நினைக்கிறேன். அதாவது, கழிந்த ஒரு மாதத்திற்குள் நாங்கள் பேப்பரில் பார்த்தவுடன்—அதாவது Pre-University Class-ஐ இங்கே நிறுத்தல் செய்துவிட்டு University College-ல் Intermediate Class-க்குக் கூடுதல் இடம் கொடுக்கப் போகிறதாக நினைத்து சந்தோஷமாய் இருந்தோம். ஆனால் பள்ளிக்கூடம் திறந்ததும் சர்வகலாசாலையில் சேருவதற்குள்ள Application Forms-ஐ கேட்டவுடன் "இங்கே நாங்கள் Intermediate class-ஐ நிறுத்தல் செய்துவிட்டோம். இங்கே ஒரு N. S. S. College ஸ்தாபிக்கப்பட்டிருக்கிறது. அதற்குப் போகலாம். அல்லது இங்கு Pre-university class-ல் சேரலாம்" என்று சொன்னார்கள். உடனே தமிழ் மாணவர்கள் அங்கே ஓடிச் சென்றார்கள். அங்கே அவர்கள், "எங்கள் College-ல் தமிழ் சொல்லிக் கொடுக்கப்படமாட்டாது" என்றார்கள். இந்த அம்மையார் கொண்டுவந்த தீர்மானத்தில் 7000 பேருக்கு சுமார் 4000 பேருக்குள்ள இடம் போக பாக்கி உள்ளவர்கள் பாளையங்கோட்டை முதல் மதுரை வரையுள்ள ஒவ்வொரு காலேஜையும், தேடித்திரிய வேண்டியதாயிற்று. நான் இப்பொழுது நம் மந்திரிகள் இதை வேண்டுமென்றே செய்தார்கள் என்று சொல்ல வரவில்லை. ஆனால் இதைச் செய்ததில் தமிழருக்கு ஏற்பட்டக் கஷ்டத்தை மாத்திரம் இப்பொ

[Mr. K. Sivarama Pillai]

முறை அவர்கள் முன்னிலையில் வைக்கிறேன். இதற்குப் பரிகாரம் அவர்கள் உடனடியாகச் செய்யவேண்டும். University College-ல் தமிழருக்கு வகுப்பு வைக்காமல் இருக்கமுடியாது. ஏனென்றால் இது பொதுப் பணத்தால் கட்டப்பட்ட ஒரு University. வேறு College களில்—ஒரு மதத்தின் College ஆகவோ அல்லது ஒரு தனிப்பட்டவரின் College ஆகவோ இருந்தால், அவர்கள் இந்த விதமான காரியத்தைச் செய்யலாம். அவைகளைக் கட்டுப்படுத்தவேண்டும். ஆகையால் Government இரண்டில் ஒரு காரியம் செய்யவேண்டும். ஒன்று அந்த College-களில் தமிழர்களுக்குப் பிரவேசனம் கொடுக்கவேண்டும். கட்டாயம் தமிழர்களுக்குப் பிரவேசனம் கொடுக்கவேண்டும். அப்படிக் கொடுக்கவில்லையானால் அந்தக் காலேஜை ரத்து செய்துவிடுவோமென்று சொல்லவேண்டும். தமிழர்களுக்கு அங்கே படிக்க உரிமை உண்டு. அந்த உரிமையைத் தரவேண்டும் இல்லாவிட்டால் திருவிதாங்கூர் தமிழ் மக்கள் அல்லது மற்றப் பேர்களுக்கு—அதாவது இடம் கிடைக்காத மாணவர்களுக்கு—University College-ல இனியும் Intermediate class-ஐத் திறந்து, இடம் கொடுக்கப் படவேண்டும். திருவிதாங்கூர் மாணவர்களை அந்நிய இடத்திற்குப் போக வேண்டும், அல்லது விரட்டப்படவேண்டுமென்றால் அது நாம் செய்யும் முதல் தவறாகும். ஆகையால் மந்திரியார்கள் இதைப்பற்றி நன்றாகக் கவனித்து எந்த விதத்திலாவது—தமிழன் ஆனாலும் சரி, வேறு யாரானாலும் சரி, திருவிதாங்கூரில் ஒருமாணவன் தான் படிப்பதற்கு காலேஜில் இடம் கிடைக்காமல் தனது படிப்பை நிறுத்தவேண்டியதாயிற்று என்று வரக்கூடாது. அதை மந்திரிகள் கவனித்து, இன்னும் 15 நாளைக்குள்—அதாவது காலேஜ் திறப்பதற்குமுன் இதற்கு ஒரு நிவர்த்தி தருவார்களென்று நினைக்கிறேன்.

HON'BLE MR. A. THANU PILLAI. Is there any discrimination between Malayalam and Tamil Students so far as Pre-University class is concerned in the University College in regard to admissions?

MR. K. SIVARAMA PILLAI: Pre-University College-ல் அங்கே பேருக்குப்படிக்க முடியாது. அதில் தமிழ், மலையாளம் என்று பிரிக்கமுடியாது. N. S. S. College போன்றவைகளில் தமிழருக்கு இடமில்லையென்று சொல்லிவிட்டார்கள். நாகர்கோயிலுக்கு வடக்கே ஒரு காலேஜும் இல்லையென்று நான் கனம் மந்திரிக்குச் சொல்லிக் கொள்கிறேன்.

HON'BLE MR. A. THANU PILLAI: So, what do you suggest? You say, if there is provision for Malayalam students in any college in the Intermediate class, Tamil students should also get the same facilities. Is that the suggestion?

MR. K. SIVARAMA PILLAI: திருவிதாங்கூரிலுள்ள எந்த காலேஜிலும் தமிழ் மாணவர்களுக்கு போதுமானவரையிலும்—அதாவது நாற்பது மாணவர்கள் வருவார்களானால் அவர்களுக்கு ஒரு உபாத்தியாயரை நியமித்து, அந்தக் காலேஜிலும் தமிழ் படிப்பிக்கவேண்டுமென்று கேட்டுக்கொள்கிறேன்.

MR. P. THANULINGOM NADAR: தமிழ் மாணவர்கள் திருவிதாங்கூரில் அல்ல வடக்கேதான் போய் படிக்கவேண்டும் என்று கட்டாயமா? இனி மேலுள்ள அரசியல் நிலையில் அவர்கள் வடக்கே போகலாமா?

MR. K. SIVARAMA PILLAI : *திருவிதாங்கூரில் பிறந்து, திருவிதாங்கூரில் வளர்ந்து, திருவிதாங்கூர் மன்னரின்கீழ் இருக்கும்வரையில, இங்கே எல்லா காலேஜிலும் படிக்கத் தமிழர்களுக்கு உரிமையுண்டு.*

MR. G. RAMACHANDRAN : ഇന്ന് ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ അടിയന്തിരപ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നതിനു ഞാനാഗ്രഹിക്കുന്നു. പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് വളരെ വലിയ ഒരു സംഖ്യ വിദ്യാർത്ഥികൾ ഇംഗ്ലീഷുസ്കൂൾ ലീവിംഗ് പരീക്ഷ പാസായതിനുശേഷം കോളേജുകളിലോ മററു ഏതു വഴിയെങ്കിലുമോ വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകാൻ നിവൃത്തിയില്ലാതെ വളരെ കഷ്ടപ്പെടുന്നുവെന്നുള്ളതാണ്. ഇതു തിരുവിതാംകൂറിനെപ്പററി പറകയാണെങ്കിൽ വളരെ ലജ്ജാവഹമായ ഒരു കാര്യമാണെന്നു പറയാതെ നിവൃത്തിയില്ല. ഞാൻ കുറെ ദിവസങ്ങൾക്കു മുമ്പ് മദ്രാസിൽ പോയപ്പോൾ അവിടുത്തെ വിദ്യാഭ്യാസ ഡയറക്ടർ എന്നോടു പറഞ്ഞതു ഈ മലയാളികൾ ഞങ്ങളുടെ കാളേജിൽ വന്നു പ്രവേശനത്തിനായി ചെയ്യുന്ന ശല്യങ്ങൾ ഞങ്ങൾക്കു സഹിക്കാൻ നിവൃത്തിയില്ലാ എന്നാണ്. അതിന് എന്തെങ്കിലും പരിഹാരം നിങ്ങളുടെ രാജ്യത്തു നിങ്ങൾ തന്നെ ചെയ്യണമെന്നുമാണ്.

MR. MANNAR GOPALAN NAIR : മലയാളികൾ എന്നു പറഞ്ഞതു മലബാറുകാരെ ഉദ്ദേശിച്ചല്ലേ ?

MR. G. RAMACHANDRAN : മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള മലയാളികളെ ഉദ്ദേശിച്ചാണ്.

MR. R. K. RAM : (*Agasteeswaram General*) :— *திருவிதாங்கூரில் வாழ்கின்ற அத்தனை பேர்களும் மலையாளிகள் தானா ?*

MR. G. RAMACHANDRAN : *திருவிதாங்கூரில் வாழ்கிறவர்களெல்லோரும் மலையாளிகள் என்று நான் சொல்லவில்லை,* മലബാറിൽ നിന്നു മാത്രമാണോ, അങ്ങനെയല്ല തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമുള്ള മലയാളികൾ എന്നാണു പറഞ്ഞതു്. അല്ലാതെ എല്ലാവരും മലയാളികളാണെന്നു നിങ്ങൾ ധരിച്ചതു നിങ്ങൾക്കു മലയാളഭാഷ തീരെ അറിയാൻ പാടില്ലാത്തതുകൊണ്ടാണ്. അതുകൊണ്ടു നിങ്ങൾ കുറെയെങ്കിലും മലയാളം മനസ്സിലാക്കിയിരിക്കുന്നതു നന്നായിരിക്കും.

MR. CHIDAMBARA NATHA NADAR : *அந்த ஒரு காரணத்திற்குத் தான் தமிழ் தெரியாதவர்கள் ஆங்கிலத்திலாவது பேசக்கூடாதா என்று உங்களிடம் கேட்கிறோம்.*

MR. G. RAMACHANDRAN : തമിഴ് ഭാഷയുടെ പേരും പറഞ്ഞു ഭാഷാപരമായ വിഭജനത്തിനു വേണ്ടി അവകാശവാദം പുറപ്പെടുവിക്കുന്നവർ തന്നെ ഇംഗ്ലീഷിൽകൂടി പറയണമെന്നു പറഞ്ഞാൽ അതിനപ്പുറം ലജ്ജാകരമായി മറ്റൊന്നുമില്ലെന്നു എനിക്കു തോന്നുന്നില്ല.

MR. R. K. RAM : *ஆங்கிலத்தில் மாத்திரம் பேசவேண்டுமென்று நாங்கள் ஒருவரும் சொல்லவில்லை.*

MR. G. RAMACHANDRAN : *அப்படியும் சொல்லவில்லை,*

പാളയംകോട്ടെ രണ്ടു കാളേജുകളിലെയും പ്രിൻസിപ്പാളുമ്മാർ എന്നെ കണ്ടപ്പോൾ പറഞ്ഞതു് മാപ്പുചെയ്യു് നിങ്ങളുടെ ആളുകളെ ഇങ്ങോട്ടയച്ചു് ഞങ്ങളെ ശല്യപ്പെടുത്തരുതെന്നാണ്. മലയാളികൾക്കു ആ കാളേജുകളിൽ മലയാളം വേണമെന്നു നിർബ്ബന്ധിക്കാനൊന്നും നിവൃത്തിയില്ല. ഹൈസ്കൂൾ ജയിച്ചിട്ട് കാളേജുകളിൽ തന്നെ പോകണമെന്നു നിർബന്ധം വയ്ക്കാതെ അവർക്കു എന്തെങ്കിലും സാങ്കേതിക വിദ്യാഭ്യാസം ചെയ്യുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യണം. അല്ലെങ്കിൽ അത്രത്തോളം ഹൈസ്കൂൾ ജയിച്ച വിദ്യാർത്ഥികളെ നാം മാനുഫാക്ചർ ചെയ്താൽ അവർക്കു കാളേജിൽ പഠിക്കാൻ ഇടം കൊടുക്കണം. ഇതിൽനിന്നു രക്ഷപ്പെടാൻ ആത്മാഭിമാനത്തോടു കൂടി നമുക്കു സാധ്യമല്ല. അതിനെക്കുറിച്ചു രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ ചില ആളുകളോ സംഘങ്ങളോ സംഘടനകളോ ഞങ്ങൾ കാളേജു നടത്താൻ തയ്യാറാണെന്നു പറഞ്ഞാൽ അതിനു ഗവണ്മെന്റിൽനിന്നു പ്രോത്സാഹനം നൽകിയിട്ടില്ലെന്നു ഒരു മെമ്പർ പറഞ്ഞു. ഇതു് എത്രത്തോളം വാസ്തവമാണെന്നു എനിക്കറിഞ്ഞുകൂടാ. മദ്രാസ് സംസ്ഥാനത്തിലാണെങ്കിൽ ഗവണ്മെന്റിന്റെ നിബന്ധനകൾ അനുസരിക്കുന്ന ആൾക്കു സകല ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും കൊടുത്തുകൊണ്ടിരിക്കുന്നു. തന്മൂലം പല പുതിയ കാളേജുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു് അവിടെ ഈ പ്രശ്നത്തിനു് ഒരു ഉപശാന്തി ഉണ്ടായിട്ടുണ്ട്. എനിക്കു പറയാനുള്ളതു് തിരുവിതാംകൂറിൽ ആരെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നു തീരുമാനിക്കുന്ന നിബന്ധനയനുസരിച്ചു് കാളേജുകൾ തുറക്കാൻ സന്നദ്ധരാണെങ്കിൽ അവർ ആരായാലും ശരി പ്രോത്സാഹനം നൽകേണ്ടതും ഏതു വഴിയെങ്കിലും ഇതിനു് ഒരു ഉപശാന്തി

ഉണ്ടാക്കേണ്ടതും ആവശ്യമാണ്. എന്നാൽ ഇതിൽ ഒരു കാര്യം ആലോചിക്കേണ്ടതുണ്ട്. വളരെപ്പേർ ഇങ്ങനെ അനിയന്ത്രിതമായി ജയിച്ചുവരികയും അവരെയെല്ലാം ഇപ്പോൾ ഉള്ള മാതിരിയിൽ ഉള്ള കാളേജുകളിൽ മാത്രം അയയ്ക്കുകയും ചെയ്താൽ അതിന്റെ ഭവിഷ്യത്ത് "എഡ്യുക്കേറഡ് അൺ എമ്പ്ലായ്മെന്റ്" ഉണ്ടാകയെന്നുള്ളതാണ്. എനിക്ക പറയാനുള്ളത് ഇവിടെ പുതിയ കാളേജുകൾ തുറക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഗവണ്മെന്റ് ഈക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചു പല വിധത്തിലുള്ള ടെക്കനിക്കൽ കോളേജുകൾ തുടങ്ങണം. അല്ലെങ്കിൽ പഠിച്ചുവർക്കു തൊഴിൽ കിട്ടാതെ വരും. ഇവിടെ ഇപ്പോൾ ഒരു എൻജിനിറിംഗ് കോളേജ് ഒരു ടെക്സ്റ്റൈൽ ടെക്നാളജിക്കൽ ഇൻസ്റ്റിട്യൂട്ട് ഇവയുണ്ട്, ഒരു മെഡിക്കൽ കാളേജിനെപ്പററി പറഞ്ഞുകേൾക്കുന്നു. അതു വന്നതുകൊണ്ട് ഈ പ്രശ്നത്തിനു ഒരു ഉപശാന്തി ഉണ്ടാകുമെന്നു തോന്നുന്നില്ല. ഒരു ഫാറസ്ട്രി കാളേജു എന്തുകൊണ്ടു സ്ഥാപിച്ചുകൂടാ. നമ്മെപ്പോലെ ഫാറസ്ററ് വെൽത്ത് ഉള്ള ഒരുരാജ്യം മററു ഇൻഡ്യയിലോ ഭൂലോകത്ത് എവിടെയെങ്കിലുമോ ഇല്ല. അതുപോലെ തന്നെ ഇവിടെ ആഹാരസാധനങ്ങൾ വർദ്ധിപ്പിക്കണമെന്നു മുറവിളികൂട്ടുന്നുണ്ട്. ഒരു അഗ്രിക്കൾച്ചറൽ കാളേജ് നമുക്ക് എന്തുകൊണ്ടു തുടങ്ങിക്കൂടാ! ഇങ്ങനെ പല ടെക്കനിക്കൽ കാളേജുകൾ നടത്തുന്നതിനു പല സാദ്ധ്യതകളും ഉണ്ട്. അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ഹൈസ്കൂൾ വിദ്യാർത്ഥികളെ കാളേജുകളിൽ അയച്ചതുകൊണ്ട് പ്രശ്നത്തിനു തീരുമാനം ഉണ്ടാകുന്നതല്ല. ഏതു തരത്തിലാണു ഇതിനു പരിഹാരമുണ്ടാക്കേണ്ടതെന്ന് ഗവണ്മെന്റു പരിചിന്തിക്കേണ്ടതാണ്. ശ്രീമതി ദേവകി ഗോപിദാസിന്റെ ഈ പ്രമേയത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു.

MR. A. CHIDAMBARANATHA NADAR: *தலைவர் அவர்களே! நான் முதன்முதலாக அம்மையார் தேவகி கோபிதாஸ் அவர்கள் கொண்டு வந்த அவசரப் பிரேரணையை ஆதரிக்கிறேன். இதற்கு முன்னர் பெருமை தங்கிய அங்கத்தினர்களால் நம் திருவிதாங்கூரில் கழிந்த வருடத்தில்* E. S. L. C. *பரீட்சையில் பல மாணவர்களும் தங்களுக்குக் கல்லூரியில் படிப்பதற்கு எவ்விதமான வசதிகளும் கல்லூரித் தலைமை ஆசிரியரால் அளிக்கப்படவில்லை என்ற வருத்தத்தால் இருந்துகொண்டிருக்கிறார்களென்றும், இப்பொழுதும் அப்படித்தான் இருக்கிறார்களென்றும், அதிலும்கூட என் நண்பர் கனம் சிவராமபிள்ளை அவர்கள் சொன்னதுபோல் திருவிதாங்கூர் மாணவர்களில் தமிழ் மாணவர்களே அதிகமாகக் கஷ்டப்பட்டுக்கொண்டிருக்கிறார்களென்றும், தமிழில் எளிய நடையில் வெகு அழகாகச் சொன்னார்கள். நான் அதை ஒத்துக்கொள்கிறேன். மேலும் நம் திருவிதாங்கூரில் கழிந்த* E. S. L. C. *பரீட்சையில் வாகை சூடியவர்*

[Mr. A. Chidambaranatha Nadar]

மாணவர்கள் 7000-க்கு கூடுதல். ஆனால் நம் சர்வகலாசாலை—நமக்கென்றிருக்கும் திருவிதாங்கூர் சர்வகலாசாலையில் 3000-க்கு சற்று அதிகமாகத்தான் இடம் கொடுக்கிறது. பாக்கியுள்ள ஏராளமான மாணவர்கள், "நாங்கள் எங்கே செல்வது—யாரிடம் சென்று முறையிடுவது—எந்தக் கல்லூரிக்குச் சென்று கதவைத் தட்டுவதென்று" வருந்துகிறார்கள். இந்த நிலையில் அவர்களுடைய தாய் தந்தையர்கள் என்ன நினைக்கிறார்களென்றால், "நாம் அவர்களைப் பெற்று வளர்த்தோம். சரியான முறையில் அவர்களுக்கு நம்மால் கல்வி கற்பிக்க முடியவில்லையே" என்று வருந்துகிறார்கள். அது மாத்திரமல்ல, இதே நிலையில்தான் இன்று சென்னை மாகாணமும் இருந்துகொண்டிருக்கிறதென்று சொல்கிறேன். ஆனால் அங்கேயுள்ள சர்வகலாசாலைகள் ஒவ்வொரு நிமிஷமும் அங்குள்ள மாணவர்களுக்கு உயர்தரக் கல்வி போதிக்க வசதிகள் செய்துகொண்டு இருக்கின்றன என்பதை நான் சொல்லிக்கொள்கிறேன். இன்று காரைக்குடியில் கனம் அழகப்பச் செட்டியார் அவர்களால் ஒரு காலேஜ் ஸ்தாபிக்கப்பட்டிருக்கிறது. இன்னும் செந்திகுமார் காலேஜ் வந்துகொண்டிருக்கிறது. இன்னும் பலவிதமான கல்லூரிகளும் வந்துகொண்டே இருக்கின்றன. ஆனால் நம் திருவிதாங்கூரை எடுத்துப் பார்த்தால் நான் முன் சொன்னதுபோல 7000-க்கு அதிகமாக மாணவர்கள் ஜெயித்திருக்க, நம் கலாசாலையில் 3000 மாணவர்களுக்கு மாத்திரமே இடவசதி தந்திருக்க, மற்றுமுள்ளவர்கள் எங்கே செல்வார்கள் என்பதை நம் ஜனநாயக சர்க்காரும், நம் ஜனநாயக மந்திரிகளும், அதிலும் கூடுதல் நம் கல்வி இலாகா மந்திரி அவர்களும் இந்தக் காரியத்தில் சற்றுக் கவனத்தைச் சிலவழிப்பார்களென்று நம்புகிறேன். இதற்குப் பொருளாதாரம் என்ற ஒரு விசேஷகாரணமுண்டு. இன்று எங்களிடம் பார்த்தால், நாகர்கோவில் என்ற இடத்தில் ஒரு கலாசாலையிருக்கிறது. அங்கேயுள்ள பாஸான மாணவர்களைப் பார்த்தால் 75 சதமானம் மாணவர்களுக்கு, மதறாஸ், பம்பாய், கல்கத்தா முதலிய இடங்களுக்குச் சென்று தங்களால் இயன்றளவில் செலவழித்துப் படிக்கக் கூடிய நிலைமையில்லை. ஆனால் இன்டர்மீடியட் படித்தால் தேவலை என்ற ஆசை அவர்களுக்குண்டு. அவர்களுக்கு நம் நாட்டுக் கலாசாலைகளில் இடமில்லை என்ற காரணத்தால் தங்கள் மேல்படிப்பை நிறுத்துகிறார்கள். ஆதலால் மந்திரிமார்களுக்கு நான் செய்துகொள்கிற வேண்டுகோள் என்னவென்றால்,

"காலத்தால் செய்த நன்றி சிறிதெனினும்,
ஞாலத்தின் மாணப் பெரிது."

என்று பொய்யாமொழிப் புலவர் கூறியதுபோல, ஒரு தருணத்தில் ஒருவனுக்கு இன்னொருவன் விசேஷ உதவி செய்யாவிட்டாலுங் கூட, அதே சந்தர்ப்பத்தில் ஒரு துரும்பளவு உதவி செய்தாலும் அது ஒரு பெரிய உதவியாகக் கருதப்படும். இதை உங்களிடம் சமர்ப்பித்துக்கொண்டு இத்துடன் நிறுத்திக்கொள்கிறேன்.

MR. M. GOVINDAN: Sir, I heartily support the motion moved by Sry. Devaki Gopi Das. We are supposed to be in the forefront of educated India. But what is the provision we have for higher education? I am sorry to hear that the University authorities are not

able to give admission to most of those who seek admission to colleges. We have not made adequate provision for the total number of nearly 11000 who have to be given accommodation. The number of students who appeared this year for the E. S. L. C. Examination is above 15,000. Out of it about 8,000 and odd have passed. We have to accommodate not only the students who passed this year but also a portion of those who passed last year and did not get admission then. The Pre-University class in the Government Colleges cannot accommodate more than 3 or 4 hundred. Certain Colleges have the Intermediate class and no Pre-University. The accommodation in the Pre-University is only for a small fraction of the 11,846 probable applicants. That is quite insufficient. A considerable number of students will not get admission for want of accommodation. It is a very serious problem. Therefore what I suggest is that the Government College in Trivandrum should have Intermediate class also. We must follow the principles followed in the Colleges in Madras. The Delhi University has sufficient provision for B. Sc. The idea originally was to have the Intermediate class also here. Now I understand that we are going to have only the Pre-University. If that is true how can we provide for at least a considerable number of those who seek admission. In Trivandrum there is the N. S. S. College which has the Intermediate class and I learn that it has started giving admission. On the whole according to the present arrangements only 2,000 students at the most can get admission. The private Colleges in Alwaye, Kottayam, Changanasseri and Nagercoil can accommodate only a small number of students. It will be a very serious disappointment for ever so many students if they cannot get admission this year. Besides what is the fun of our claiming to be in the fore-front of educated India, if we are unable to keep pace with the growing demand for admission? For the solution of this very series problem I would make one or two suggestions. Very soon the Colleges will be re-opening. Immediate arrangements should be made to open the Intermediate class also in the Government College to direct the P. W. Department to put up temporary sheds in the Private Colleges at Alwaye, Changanasseri, Kottayam, and Nagercoil which have been helping the State in attaining its present position in higher education.

MR. A. ATCHUTHAN: ഇതേപ്പററി ഗവണ്മെൻറിൻെറ നില എന്താണെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ ഒരു വിശദീകരണം ഞാൻ ആവശ്യപ്പെടുന്നു.

HON'BLE MR. T. M. VERGHESE: ഗവണ്മെൻറും ഈ സഭയിലെ മററു മെമ്പറന്മാരും തമ്മിലും, മെമ്പറന്മാർ തമ്മിൽ തമ്മിലും അഭിപ്രായവ്യത്യാസം യാതൊന്നുമില്ലാത്ത ഒരൊററ സംഗതി എൻെറ അനുഭവത്തിൽ ഇതു മാത്രമാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ അടിയന്തിരപ്രമേയം

[Hon'ble Mr. T. M. Verghese.]

അവതരിപ്പിച്ചപ്പോൾ ചില വിവരങ്ങൾ ഈ സഭയെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അധികാരികളെ സമീപിച്ച് ഞാൻ കുറിച്ചെടുത്തു. എന്നാൽ അതു മുഴുവനും തന്നെ ആ മെമ്പർ അവരുടെ പ്രസംഗത്തിൽ പറഞ്ഞുകഴിഞ്ഞു. ആ നിലയിലും യാതൊരു വ്യത്യാസവുംഗവണ്മെൻറും ഈ സഭയും തമ്മിൽ ഇക്കാര്യത്തിലില്ല. അവർ പറഞ്ഞിട്ടുള്ളതെല്ലാം വെറും പരമാർത്ഥം മാത്രമാണ്. ആകപ്പാടെ ജയിച്ച വിദ്യാർത്ഥികളുടെ എണ്ണം, ഓരോ കാളേജുകളിലും പ്രവേശനം കൊടുക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം, പ്രവേശനം ലഭിക്കാതെ ഒഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണം, സങ്കേതികപഠനം നടക്കുന്ന കാളേജുകളിലെ വിദ്യാർത്ഥികളുടെ എണ്ണം ഇതെല്ലാം വളരെ പ്രയാസപ്പെട്ടു ശേഖരിച്ചു ഈ സഭയുടെ അറിവിനായി ഉദ്ധരിക്കണമെന്നു ഉദ്ദേശിച്ചും നിങ്ങളുടെ അനുഭാവം സമ്പാദിക്കണമെന്നു വിചാരിച്ചും ഇവിടെ കൊണ്ടുവന്നു. എന്നാൽ അതെല്ലാം എങ്ങനെ ഈ ബഹുമാനപ്പെട്ട മെമ്പർക്കു കിട്ടി എന്ന് എനിക്കറിഞ്ഞുകൂട. ഞാൻ അതിൽ അവരെ അനുമോദിക്കുന്നു. എനിക്ക് ഈ അടിയന്തിരപ്രമേയത്തിനു വിപരീതമായി പറയാൻ ഒന്നുംതന്നെയില്ല. എന്നാൽ ഒരു സംഗതി പറയാനുള്ളത് ഇതു് അടിയന്തിരപ്രമേയംമൂലം ഗവണ്മെൻറിനെ ഉൽബോധിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു എന്നാണ്. എന്നാൽ ഇതുകൊണ്ട് ഈ അടിയന്തിരപ്രമേയം അസ്ഥാനത്താണെന്നു മെമ്പറന്മാർ വിചാരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഈ സഭയിലെ ഏതെങ്കിലും ഒരു മെമ്പർ ഈ വിവരങ്ങൾ ഗവണ്മെൻറിനെ അറിയിച്ചാൽ ഗവണ്മെൻറ് സന്തോഷത്തോടുകൂടി അതിനു പരിഹാരം ചെയ്യാൻ തയാറാണ്. കുട്ടികളുടെ സങ്കടങ്ങളും ആവശ്യങ്ങളും എന്തെല്ലാം ഉണ്ടെന്നും അതിനുവേണ്ടി എന്തെല്ലാം ചെയ്യണമെന്നും ഇവിടെ കൂടിയിട്ടുള്ളവരിൽ ആരെങ്കിലും ഗവണ്മെൻറിനെ പരസ്യമായോ അല്ലാതെയോ അറിയിച്ചാൽ അതെല്ലാം ചെയ്തുകൊടുക്കുവാൻ ഗവണ്മെൻറു തയാറാണെന്നു ഗവണ്മെൻറിനു വേണ്ടി ഗവണ്മെൻറിൻെറ പ്രതിനിധിയെന്ന നിലക്ക് ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. പ്രസംഗങ്ങളിലെ നിർദ്ദേശങ്ങൾ എന്തെല്ലാം ആയിരുന്നു എന്നു ഞാൻ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നു. ഏതാനും നിർദ്ദേശങ്ങൾ ഇവിടെ പ്രസംഗിച്ച മെമ്പറന്മാരും അടിയന്തിരപ്രമേയം അവതരിപ്പിച്ച മെമ്പറും നൽകിക്കഴിഞ്ഞു. അതായതു കാളേജുകൾ കൂടുതലായി സ്ഥാപിക്കുക, സാങ്കേതികപരിശീലനം നൽ

കുന്നതിനു കാളേജുകൾ സ്ഥാപിക്കുക, സ്ത്രീകൾക്കു വിമൻസുകാളേജുകൾ കൂടുതലായി സ്ഥാപിക്കുക മി. എം. ഗോവിന്ദൻ പ്രസ്താവിച്ചതു പോലെ ഷെഡ്യൂൾഡുകൾ ആലപ്പുഴ, കോട്ടയം, ചങ്ങനാശേരി മുതലായ സ്ഥലങ്ങളിൽ കെട്ടി സൗകര്യങ്ങൾ കൂടുതലായി നൽകുക ഇതെല്ലാമാണ്. ഗവണ്മെൻറു ഇതിനെക്കുറിച്ച് വേണ്ടവിധത്തിൽ ആലോചിച്ചു കഴിയുന്നതെല്ലാം ചെയ്യുന്നതാണ്. കുട്ടികൾക്കു കാളേജുകളിൽ കഴിയുന്നതു കൂടുതൽ പ്രവേശനം നൽകണമെന്നുള്ളതിൽ ഗവണ്മെൻറിനു യാതൊരു സംശയവുമില്ല. ഒരു സംഗതികൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. മുൻകാലങ്ങളിൽ ആറായിരമോ ഏഴായിരമോ കുട്ടികൾ വീതം മാത്രമേ സ്കൂൾ ഫൈനൽ പരീക്ഷക്കു ചേർന്നിരുന്നുള്ളു. എന്നാൽ ഇയാണ്ടിൽ ൧൨൦൦൦-ൽ പരം വിദ്യാർത്ഥികൾ പരീക്ഷയിൽ ചേർന്നിരുന്നു. ഫിഫ്ത്തു ഫാറത്തിൽ നിന്നു സിക്സ്ത്തു ഫാറത്തിൽ എല്ലാകുട്ടികൾക്കും കയററം കൊടുത്തതുകൊണ്ടും, സെലക്ഷൻ ഇല്ലാതെ എല്ലാവരേയും പരീക്ഷയിൽ ചേർത്തുകൊണ്ടും, വളരെ ദാക്ഷിണ്യമായും അനുകമ്പാപൂർവമായും പരീക്ഷകരും അധികാരികളും പ്രവർത്തിച്ചിട്ടുള്ളതിൻെറയും ഫലമായിട്ടാണ് വളരെ കുട്ടികൾ പാസ്സായിട്ടുള്ളതു.

ഏതായാലും കഴിയുന്നതും വേഗത്തിൽ എല്ലാ കുട്ടികൾക്കും കാളേജു അഭ്യസനം ലഭിക്കത്തക്കവണ്ണം ഗവണ്മെൻറിനാൽ കഴിവുള്ളതെല്ലാം ചെയ്യുമെന്നു എനിക്കു ധൈര്യമായി പ്രസ്താവിക്കുവാൻ കഴിയും. പക്ഷെ ഈ വിഷയത്തിൽ പല പ്രായോഗികവൈഷമ്യങ്ങളും ഗവണ്മെൻറിന് അഭിമുഖീകരിക്കേണ്ടതായുണ്ട്. ചില മെമ്പറന്മാർ ഇവിടെ പ്രസ്താവിച്ചതുപോലെ സാധാരണ കാളേജുകൾക്കും പുറമെ മററു കാളേജുകളെപ്പററിയും ഗവണ്മെൻറിൻ ആലോചിക്കേണ്ടതായുണ്ട്. അവയെപ്പററിയും ഗവണ്മെൻറു ആലോചിച്ചു നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണു. ഇപ്പോൾ ഉള്ളതിനും പുറമെ മി. മാത്യു പ്രസ്താവിച്ചതുപോലെ കൂടുതൽ കാളേജുകൾ സ്ഥാപിക്കുവാൻ കഴിയുമോ എന്നും ഗവണ്മെൻറു ശ്രമിക്കുന്നുണ്ട്. ഏതായാലും മദ്ധ്യതിരുവിതാംകൂറിൽ ഒരു ഫസ്റ്റ്ഗ്രേഡ് കാളേജു സ്ഥാപിക്കുവാൻ ഗവണ്മെൻറു ശ്രമിച്ചുവരുകയാണ്. പക്ഷെ അതിനു കുറെ കാലതാമസംകൂടാതെ കഴിയുകയില്ല. ഈ സഭയിൽ ഇപ്പോൾ ഉന്നയിക്കപ്പെട്ട പല പ്രശ്നങ്ങളെപ്പററിയും ഗവണ്മെൻറു ചിന്തിച്ചുകൊണ്ടിരിക്കയാണെന്നും അവ ക്രമേണ നടപ്പിൽ വരുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഞാൻ ഒരി

[Hon'ble Mr. T. M. Verghese.]

കൽകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഗവണ്മെൻറിൻെറ ഈദൃശ സംരംഭങ്ങളിൽ ഈ സഭയുടെ സർവവിധ സഹായങ്ങളും ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഈ സഭയുടെ അഭിപ്രായപ്രകാരവും കഴിവുള്ളത്ര തൃപ്തികരമായ വിധത്തിലും ഗവണ്മെൻറു ശ്രമിക്കുന്നതാണ്.

ഇവിടെ തമിഴ വിദ്യാഭ്യാസത്തെപ്പറ്റി പരാമർശിക്കുകയുണ്ടായി. തമിഴിനെപ്പറ്റി ഒരു കാര്യം ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ. തിരുവനന്തപുരത്തായാലും വേറെ ഏതു സ്ഥലത്തായാലും, ശരി മലയാളത്തിനു ഏതെല്ലാം ആനുകൂല്യങ്ങൾ ഗവണ്മെൻറു ചെയ്തുകൊടുക്കുന്നുവോ അതേ അളവിലും അതേ തോതിലും അതേ രീതിയിലും തമിഴിനും ചെയ്തുകൊടുക്കുന്നതായിരിക്കും. ഈ വിവരം ഇവിടെയിരിക്കുന്ന എൻെറ ബഹുമാന്യസ്നേഹിതന്മാർ പ്രത്യേകം ഓർമ്മിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇതു് ഗവണ്മെൻറിൻെറ ആത്മാർത്ഥമായ അഭിപ്രായമാണ്. ഭിന്നമായ അഭിപ്രായത്തിനു അവകാശം തരുന്ന ഒരു സംഗതിയല്ല ഇതു്.

MR. K. R. ELANKATH: ൧൦ വയസ്സുകഴിഞ്ഞ കുട്ടികളെ പ്രീയൂണിവേഴ്സിറ്റി ക്ലാസ്സിൽ ചേർക്കുകയില്ലയെന്നു വ്യവസ്ഥയുണ്ടു്. ആ പ്രായം കഴിഞ്ഞ അനവധി കുട്ടികൾ കഴിഞ്ഞ കൊല്ലം പാസായിട്ടുണ്ടു്. അവരെക്കൂടി കാളേജിൽ പ്രവേശിപ്പിക്കുവാൻ ഏർപ്പാടു ചെയ്യുമോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. T. M. VERGHESE: ഇതു സംബന്ധിച്ച് ഞാൻ യൂണിവേഴ്സിറ്റി അധികൃതന്മാരുമായി സംസാരിച്ചു. വയസ്സിനെ സംബന്ധിച്ചു കഴിവുള്ള ദാക്ഷിണ്യം കാണിക്കണമെന്നു അവരോടു ഞാൻ പറയുകയും ചെയ്തു. അവർക്കു ഈ വിഷയത്തിൽ ഏതാനും ചില പരിമിതികൾ ഉണ്ടെങ്കിലും കഴിവുള്ള സൗകര്യങ്ങളെല്ലാം ചെയ്യുന്നതാണെന്നു എന്നോടു പറഞ്ഞിട്ടുണ്ടു്.

MR. K. RAMACHANDRAN: ഇക്കൊല്ലം തന്നെ പുതിയ കാളേജുകൾ ഏതെങ്കിലും സ്ഥാപിക്കുവാൻ ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VERGHESE: ഇക്കൊല്ലം എന്നല്ല അതിനു മുമ്പു തന്നെ കാളേജ് സ്ഥാപിക്കണമെന്നാണ് ഗവണ്മെൻറിൻെറ ആഗ്രഹം.

MR. A. NESAMONY: University College or Intermediate Class யும் திரும்பத் தொடங்க முடியுமா?

HON'BLE MR. T. M. VERGHESE: പ്രീ യൂണിവേഴ്സിററി ക്ലാസ്സ മാത്രമേ ഇക്കൊല്ലം അവിടെ തുറക്കുവാൻ ഒക്കുകയുള്ളു. അങ്ങനെയാണ് തീരുമാനിച്ചിരിക്കുന്നതു്. ആ വിഷയത്തെപ്പററി ഞാൻ ഇന്നുതന്നെ യൂണിവേഴ്സിററി അധികാരികളുമായി ആലോചിക്കുന്നുണ്ട്. കഴിവുള്ളതു ചെയ്യാമെന്നല്ലാതെ അതു സാദ്ധ്യമാകുമെന്നോ അല്ലെങ്കിൽ സാദ്ധ്യമാകുകയില്ലെന്നോ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. A. NESAMONY: Private College களை extend செய்கிறதானால் Science apparatus கள், Staffs, Library, building முதலியவைகளுக்கு ஏராளமான பணம் வேண்டும். அதை கவர்மென்டுக்கு கொடுக்க முடியுமா?

HON'BLE MR. T. M. VERGHESE: ഈ സംഗതിയുടെ ഗൌരവം ഗവണ്മെൻറിനു ബോദ്ധ്യമായിരിക്കുന്ന സ്ഥിതിക്കു വേണ്ടവിധം ഗവണ്മെൻറു ആ കാര്യത്തിൽ ശ്രദ്ധിക്കുന്നതാണ്. ഈ സഭ ഗവണ്മെൻറിനെ വളരെ നിർബന്ധിക്കുന്ന പക്ഷം സഭയുടെ അഭിപ്രായമനുസരിച്ചു പ്രവർത്തിക്കുവാൻ ഗവണ്മെൻറു തയാറാണ്. എന്നാൽ പെട്ടെന്നു ഇതെല്ലാം പ്രയോഗത്തിൽ വരുത്തുവാൻ ചില പ്രായോഗികവൈഷമ്യങ്ങളും ഉണ്ടെന്നുള്ള വിവരംകൂടി ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കേണ്ടതാണ്.

MR. K. A. MOHAMED: കാളേജ് അഭ്യസനത്തെപ്പററിയും പുതിയ കാളേജുകൾ സ്ഥാപിക്കുന്നതിനെപ്പററിയും മററും ഗവണ്മെൻറിനെ ഉപദേശിക്കുന്നതിനായി ഒരു കമ്മററിയെ നിയമിക്കുന്നതിൽ വിരോധമുണ്ടോ?

HON'BLE MR. T. M. VERGHESE ഇപ്പോൾ പെട്ടെന്നു ഒരു കമ്മിററിയെ നിയമിക്കുവാൻ ഈ സഭക്കു വിഷമമാണ്. രണ്ടു ദിവസം കഴിഞ്ഞു് ഈ സഭക്കു അതിനെപ്പററി ആലോചിക്കുന്നതിന് വിഷമമില്ലായിരിക്കാം. അതിലേക്കു ഒരു കമ്മിററിയെ നിയമിക്കുന്ന കാര്യത്തിനു ഗവണ്മെൻറിനു യാതൊരു വിരോധവുമില്ല. പരമാർത്ഥത്തിൽ ഭാഷ, കെട്ടിടങ്ങൾ, സ്ഥലം, മററുകാര്യങ്ങൾ മുതലായ പ്രാധാന്യമുള്ള വിഷയങ്ങളെപ്പററി ഒരു കമ്മററി ചർച്ചചെയ്തു ഗവണ്മെൻറിനെ ഉപദേശിക്കുന്നതു നല്ലതുതന്നെയാണ്. സഭക്കു അഭിപ്രായമുള്ളപക്ഷം ഒരു കമ്മററിയെ നിയമിക്കുന്നതിനു വിരോധമില്ല.

MR. K. A. MOHAMED: ഇപ്പോഴം കാളേജു തുറക്കാൻപോകുകയാണു്. അതുകൊണ്ടു് ഇതേപ്പററി പിന്നെ ആലോചിക്കാമെന്നു വിചാരിക്കുന്നതുകൊണ്ടു് വലിയ പ്രയോജനമൊന്നമുണ്ടാകാൻ പോകുന്നില്ല. കാളേജിൽ കൂടുതൽ പ്രവേശനം നൽകുന്ന കാര്യമാണു് പ്രധാനമായ വിഷയം. അതുകൊണ്ടു സമയം ഇനിയും നീട്ടിവയ്ക്കാതെ ഇപ്പോഴംതന്നെ നാലോ അഞ്ചോപേരെ ഒരു കമ്മററിയായി നിയമിച്ചു ആലോചന മുമ്പോട്ടു കൊണ്ടുപോകുന്നതിൽ വിഷമമുണ്ടോ?

HON'BLE MR. T. M. VERGHESE: കാളേജു ഇപ്പോഴംതന്നെ തുറക്കുന്നു എന്നുള്ളതുകൊണ്ടു പെട്ടെന്നു ഒരു കമ്മററിയെ നിയമിച്ചു ആലോചിക്കണമെന്നു പറയുന്നതു ശരിയല്ല. ഒരു കമ്മറ്റിക്കു മാത്രം ആലോചിക്കാവുന്ന കാര്യവുമല്ല അതു്. ഇതു സംബന്ധിച്ചു യൂണിവേഴ്സിറ്റി അധികൃതന്മാരുടെ അഭിപ്രായംകൂടി എന്താണെന്നു ആരായേണ്ടതാണു്. കാളേജു പ്രവേശനത്തെപ്പറ്റി മാത്രമല്ല അവിടത്തെ അഭ്യസനക്രമത്തേയും സമ്പ്രദായത്തേയും മററും നവീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തങ്ങളായ ഉപദേശങ്ങൾ നൽകുന്നതിലേക്കു ഒരു കമ്മറ്റിയെ നിയമിക്കുന്നപക്ഷം അതു ഗവൺമെൻറിനു സന്തോഷകരമായിരിക്കും. അതു ആവശ്യമാണെന്നാണു് ഗവൺമെൻറിൻെറ അഭിപ്രായം.

MR. K. A. MOHAMED: ഇപ്പോഴത്തെ അടിയന്തിരപ്രമേയം കുട്ടികളെ കാളേജുകളിൽ ചേർക്കുന്നതിനുള്ള അസൗകര്യത്തെ സംബന്ധിച്ചാണു്. അതുകൊണ്ടു കാളേജു തുറക്കുന്നതിനുമുമ്പു ഇക്കാര്യത്തിൽ ഗവൺമെൻറിനു എന്തെങ്കിലും ചെയ്യുവാൻ ഒക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. T. M. VERGHESE: കഴിവുള്ളതു തീർച്ചയായും ചെയ്യും. അതിലേക്കാണു കമ്മറ്റി വേണമെന്നു ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതെങ്കിൽ അതിലേക്കു പ്രത്യേകമൊരു കമ്മറ്റിയുടെ ആവശ്യമില്ലെന്നാണു് എൻെറ അഭിപ്രായം. ഗവൺമെൻറിനെ തന്നെ ഒരു കമ്മിറ്റിയായി വിചാരിച്ചാൽ മതി.

MR. EAPEN ARACKAL (*Ambalapuzha I Latin Catholic Reserved*): ഇപ്പോഴം ഗവൺമെൻറു സ്വീകരിച്ചിരിക്കുന്ന നടപടിയുടെ ഫലമായി എത്രമാത്രം കുട്ടികളെ കാളേജുകളിൽ പ്രവേശിപ്പിക്കുവാൻ കഴിയുമെന്നു പറയാമോ?

HON'BLE MR. T. M. VARGHESE : ഇക്കൊല്ലം ൩൦൦൦-ൽ ചില്വാനം കുട്ടികളെ കാളേജിൽ പ്രവേശിപ്പിക്കുവാൻ കഴിയുമെന്ന പ്രമേയം അവതരിപ്പിച്ച മെമ്പർതന്നെ ഇവിടെ പറയുകയുണ്ടായി. ആ കണക്ക ഏകദേശം ശരിയായിരിക്കുമെന്ന ഞാനും പറയുന്നു.

MR. EAPEN ARACKAL : എന്റെ ചോദ്യം അതല്ല. ഈ ആണ്ടിൽ കൂടുതലായി കുട്ടികളെ ചേൎക്കുവാനുള്ള ശ്രമം ഗവൺമെന്റു നടത്തുന്നുണ്ടെന്ന പറഞ്ഞതായി ഓൎക്കുന്നു. ആ ശ്രമത്തിന്റെ ഫലമായി എത്ര കുട്ടികളെ കൂടുതലായി ചേൎക്കാൻ കഴിയുമെന്നാണ് ഞാൻ ചോദിച്ചത്.

HON'BLE MR. T. M. VARGHESE . എത്ര കൂടുതൽ കുട്ടികളെ ചേൎക്കാൻ കഴിയുമോ അത്രയും പേരെ ചേൎക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുള്ള ശ്രമങ്ങൾ ചെയ്തുവരുന്നുമുണ്ട്. എന്നാൽ ശ്രമങ്ങൾ പൂൎത്തിയായിക്കഴിഞ്ഞിട്ടില്ല. അതിലേക്ക ആവശ്യമുള്ള ഷെഡ്ഡുകളോ കെട്ടിടങ്ങളോ ഒന്നും ഉണ്ടാക്കിയിട്ടില്ല. അതെല്ലാംഉണ്ടാക്കി എല്ലാ സൗകൎയ്യങ്ങളും ലഭിച്ചുവരുന്നതുവരെ ഈ ചോദ്യത്തിന ഖണ്ഡിതമായ ഒരു ഉത്തരം തരുവാൻ നിവൃത്തിയില്ല. കഴിവുള്ളിടത്തോളം ശ്രമം ഈ കാൎയ്യത്തിൽ ഗവൺമെന്റു ചെയ്യുന്നതാണ്.

MR. EAPEN ARACKAL : Can the Goverment be pleased to give more or less an assurance that some preference will be given to the students of communities which are supposed to be backward?

HON'BLE MR. T. M. VARGHESE : അതിനെ സംബന്ധിച്ച് പറയണമെന്ന ഞാൻ ഉദ്ദേശിച്ചിരുന്നതാണ്. വളരെ ഗൗരവമേറിയ മററുകാൎയ്യങ്ങളെപ്പററി പ്രതിപാദിച്ചതുകൊണ്ട അക്കാൎയ്യം ഞാൻ മറന്നുപോയി എന്നേയുള്ളു. പിന്നോക്കസമുദായക്കാൎക്ക കാളേജിൽ കൂടുതൽ പ്രവേശനം നൽകുന്നതിനെ സംബന്ധിച്ച കാളേജു അധികൃതന്മാരുമായി ഞാൻ ഇന്നുതന്നെ സംസാരിക്കുകയുണ്ടായി. അവൎക്ക കൂടുതൽ സൗജന്യങ്ങൾ ഇപ്പോൾ തന്നെ കാളേജു അധികൃതന്മാർ ചെയ്തുകൊടുക്കുന്നുണ്ട്. അവരുടെ കാൎയ്യത്തിൽ ഇത്ര മാൎക്ക വേണമെന്ന നിൎബന്ധിക്കുന്നില്ല. പക്ഷെ നാലോ അഞ്ചോ കുട്ടികൾ ഉണ്ട്. അവരിൽനിന്ന രണ്ടോ മൂന്നോ പേൎക്കമാത്രമേ സീററുള്ളു. എങ്കിൽ കൂടുതൽ മാൎക്കുകൾ ആൎക്കുകിട്ടിയോ അവരെ പ്രവേശിപ്പിക്കുമെന്നല്ലാതെ പിന്നോക്കസമുദായത്തിൽപെട്ട ഒരു കുട്ടിക്ക് മററു സമുദായങ്ങളിൽപ്പെട്ട കുട്ടികളോടുമാൎക്കുകൾ താരതമ്യപ്പെടുത്തിയല്ല പ്രവേശനം അനുവദിക്കുന്നത്. ആ സൗജന്യം അവൎക്ക നൽകുന്നതാണെന്നുള്ള ഉറപ്പു യൂണിവേഴ്സിറ്റി അധി

[Hon'ble Mr. T. M. Varghese]

കൃത്യന്മാർ നാംകുകയുണ്ടായി. പിന്നോക്കസമുദായങ്ങളിൽപ്പെട്ട ആളുകൾക്കു മററു സമുദായത്തിൽപ്പെട്ട ആളുകളുമായി മത്സരിച്ചെങ്കിൽ മാത്രമേ പ്രവേശനം കിട്ടുകയുള്ളു എന്നില്ല.

MR. M. GOVINDAN : ബഹുമാനപ്പെട്ട മന്ത്രി പിന്നോക്കസമുദായമെന്നു പറഞ്ഞല്ലോ. ഏതു തോതുവച്ചാണ് ആ വാക്കു ഉപയോഗിച്ചതെന്നറിഞ്ഞാൽ കൊള്ളാം.

ഗവർമെൻറിൻെറ പട്ടികയിൽപ്പെട്ട പിന്നോക്കസമുദായക്കാരെയാണോ അതോ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന സമുദായക്കാരെപ്പററിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. T. M. VARGHESE : പിന്നോക്കസമുദായം എന്ന പദത്തിൻെറ വ്യാപ്തി എത്രമാത്രമുണ്ടെന്ന് ഞാൻ മുഴുവൻ മനസ്സിലാക്കിയിട്ടില്ല. ബാക്ക് വേഡു കമ്മ്യൂണിറ്റീസ് എന്നു പറഞ്ഞാൽ ആരൊക്കെയെല്ലാം ഉൾപ്പെട്ടമെന്നും ഞാൻ സൂക്ഷിച്ചു പഠിച്ചിട്ടില്ല. ഈഴവർ ബാക്ക് വേഡു കമ്മ്യൂണിററിയുടെ പരിധിയിൽ വരുന്നില്ല എന്നെനിക്കറിയാം. പക്ഷെ അതിൽ ഉന്നതവിദ്യാഭ്യാസം ഇല്ലാത്തവർകൂടി ഉൾപ്പെട്ടമോ എന്നു ഞാൻ അറിയുന്നില്ല.

MR. T. A. ABDULLA : പിന്നോക്കസമുദായം എന്നു വിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ എന്നു വിവക്ഷ ചെയ്യുന്നതല്ലേ നല്ലത്.

HON'BLE MR. T. M. VARGHESE : മിക്കവാറും ഗവർമെൻറിൻെറ വിവക്ഷ അതാണ്.

MR. P. KUNJUKRISHNAN : മദ്രാസിൽ ഇത്ര ശതമാനം പിന്നോക്കസമുദായക്കാർക്കു കാളേജു പ്രവേശനം കൊടുക്കണമെന്നു വ്യവസ്ഥയുണ്ട്. അങ്ങിനെ ഇവിടെയും ഒരു ശതമാനം ഏർപ്പെടുത്തുന്നതിൽ വിരോധമുണ്ടോ?

HON'BLE MR. T. M. VARGHESE : മദ്രാസിൽ അങ്ങിനെ വ്യവസ്ഥയുണ്ടോ എന്നറിഞ്ഞുകൂടാ. ഒരു ശതമാനം വ്യവസ്ഥവച്ചു അവരെ ഇവിടെ പ്രവേശിപ്പിക്കണമെന്നു ഗവർമെൻറു വിചാരിച്ചിട്ടില്ല. അതു വിഹിതമാണെന്നും തോന്നുന്നില്ല. പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകൾക്കു കാളേജുകളിൽ കൂടുതൽ പ്രവേശനം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇപ്പോൾ ചെയ്തിരിക്കുന്ന വ്യവസ്ഥകൾതന്നെ അത്ര അപര്യാപ്തമാണെന്നു ഗവർമെൻറു വിചാരിക്കുന്നില്ല. അഥവാ ശതമാന വ്യവസ്ഥ

ഇവിടെയും അംഗീകരിക്കുന്നപക്ഷം അവക്കു കൂടുതൽ ഗുണം അതു കൊണ്ടു ഉണ്ടാകുമെന്നു ബോദ്ധ്യമുണ്ടെങ്കിൽ അതേപ്പറ്റി ഗവണ്മെൻറു ആലോചിക്കുന്നതുമാണ്.

MR. M. GOVINDAN : മദ്രാസിൽ ബാക്ക്‌വേഡ് കമ്മ്യൂണിറ്റിസിന് റിസർവേഷൻ ഉണ്ടോ?

HON'BLE MR. T. M. VARGHESE : ഇല്ലെന്നാണ് എന്റെ അറിവ്. ഇവിടെ റിസർവേഷൻ വേണമെന്നുള്ള അഭിപ്രായത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ടു ഞാൻ ആ വിവരം പറഞ്ഞു എന്നേയുള്ളു.

MR. V. GANGADHARAN NAIR . ഇപ്പോൾ കൊല്ലത്തു എസ്. എൻ. ഡി. പി. യോഗത്തിനു അനുവദിച്ചിരിക്കുന്ന കാളേജിൽ ഇക്കൊല്ലം പ്രീ യൂണിവേർസിററി കാളേജിനു മാത്രമേ അനുവാദം കൊടുത്തിട്ടുള്ളു. അവിടെ ഇൻറർമീഡിയററു ക്ലാസുകൂടി തുടങ്ങുവാനുള്ള അനുവാദം എത്രയും വേഗം കൊടുക്കുന്നതിനു ഗവണ്മെൻറിനു വിഷമമുണ്ടോ?

HON'BLE MR. T. M. VARGHESE : അതിനെപ്പററിയും ഗവണ്മെൻറു ആലോചിക്കുന്നതാണ്. യൂണിവേഴ്സിററിയെ ആ വിവരം അറിയിക്കാം. എന്തെന്നാൽ അതിനെപ്പററി നിശ്ചയിക്കേണ്ടതു് യൂണിവേഴ്സിററിയാണ്.

MR. V. GANGADHARAN NAIR : പ്രീ യൂണിവേർസിററിക്ലാസും ഇൻറർമിഡിയററു ക്ലാസും അവിടെ ഒരുമിച്ചു നടത്തുവാൻ അനുവദിക്കരുതോ?

HON'BLE MR. T. M. VARGHESE . ഏതെങ്കിലും ഒന്നു നടത്താമെന്നല്ലാതെ രണ്ടുംകൂടി നടത്തുവാൻ ഒക്കുമോ എന്നും അതു പ്രായോഗികമായിരിക്കുമോ എന്നും ആലോചിച്ചു തീരുമാനിക്കേണ്ടതാണ്.

MR. P. KUNJUKRISHNAN : കൊല്ലത്തു ഇൻറർമീഡിയററു ക്ലാസ്സ് അനുവദിച്ചുകൊടുക്കാമെന്നല്ലേ പറഞ്ഞതു്?

HON'BLE MR. T. M. VARGHESE : ആ ആലോചന ഗവണ്മെൻറു വഴി വന്നതല്ല. കഴിവുള്ളിടത്തോളം അവിടെ ഒരു ഇൻറർമീഡിയററു ക്ലാസു തുടങ്ങുന്നതിനു ഗവണ്മെൻറു ശ്രമിക്കാമെന്നു മാത്രമേ ഇപ്പോൾ എനിക്കു പറയുവാൻ നിവൃത്തിയുള്ളു.

MR. P. KUNJU KRISHNAN : കൊല്ലത്തും പരിസരങ്ങളിലുമുള്ള ശക്തിയായ പൊതുജനാഭിപ്രായം അവിടെ ഇൻറർമീഡിയററു ക്ലാസുതുടങ്ങണമെന്നാണെന്നു ഗവണ്മെൻറിന്നറിയാമോ?

HON'BLE MR. T. M. VARGHESE : അവിടെ നിന്നുവന്ന ഒരു മെമ്പർ എന്ന നിലയ്ക്കു ഇപ്പോൾ മെമ്പർ പറഞ്ഞു ഗവണ്മെന്റിനു അറിയാൻ ഇടയായി.

MR. P. KUNJUKRISHNAN : അങ്ങിനെ ശക്തിയായ പൊതുജനാഭിപ്രായമുള്ള നിലയ്ക്കു അതു സംബന്ധിച്ചു ഊർജ്ജിതമായ നടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : മെമ്പർ ഒന്നു കഴിഞ്ഞു അപ്പുറത്തെയ്ക്കു കടക്കുകയാണ്. അവിടത്തെ പൊതുജനാഭിപ്രായത്തെപ്പറ്റി ഗവണ്മെന്റന്വേഷിച്ചിട്ടില്ല. മെമ്പറിനു ബോദ്ധ്യമുള്ള നിലയ്ക്കു മെമ്പറിന്റെ അഭിപ്രായം ഗവണ്മെന്റിനു സ്വീകാര്യമെന്നല്ലാതെ ഗവണ്മെന്റു അതേപ്പറ്റി ബോദ്ധ്യം വരുത്തിയിട്ടില്ല.

MR. C. NARAYANA PILLAI (*Mavelikara I—General*) : സ്ഥലസൗകര്യങ്ങളെപ്പറ്റി വലിയ കൂടുതൽ നിഷ്കർഷയൊന്നും ചെയ്യാതെ കഴിവുള്ളിടത്തോളം കൂടുതൽ കുട്ടികളെ ഇക്കൊല്ലം കാളേജുകളിൽ ചേർക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെന്റിനു കൊടുക്കുവാൻ കഴിയുമോ?

HON'BLE MR. T. M. VARGHESE : ഉള്ള സ്ഥലത്തു സൌകര്യമുള്ളിടത്തോളം കൂടുതൽ കുട്ടികളെ ചേർക്കാൻ ഗവണ്മെന്റു നിർദ്ദേശിക്കുന്നതാണ്.

MR. ABDUL AZIZ : വളരെ വേഗത്തിൽ കാളേജു തുറക്കാൻപോകുന്ന ഈ സന്ദർഭത്തിൽ ആലോചിക്കാമെന്നുള്ള മറുപടി ദീർഘിപ്പിക്കാതെ രണ്ടോ നാലോ കാര്യങ്ങൾമാത്രം പെട്ടെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ എടുത്തു അതു നടപ്പിൽകൊണ്ടുവരാൻ ശ്രമിക്കുന്നതല്ലേ നല്ലതു്.

HON'BLE MR. T. M. VARGHESE : ആ ചോദ്യത്തിനു ഉത്തരം പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഈ ഗവണ്മെന്റു ഈ സഭയോടും ബഹുമാനപ്പെട്ട മെമ്പറന്മാരോടും ഉത്തരവാദപ്പെട്ടിരിക്കുന്ന ഒരു ഗവണ്മെന്റാണ്. ഈ സഭ ശാസിക്കുന്നതനുസരിച്ചു പ്രവർത്തിക്കുവാൻ ഗവണ്മെന്റു ബാദ്ധ്യസ്ഥരാണ്. ബഹുമാനപ്പെട്ട മെമ്പറന്മാർ എന്തു പറഞ്ഞാലും കേൾക്കാൻ ഇഷ്ടമില്ലാത്തതും കേൾക്കണമെന്നു നിർബന്ധമില്ലാത്തതുമായ ഒരു ഗവണ്മെന്റു മുമ്പുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ഗവണ്മെന്റു മുമ്പുള്ള ഗവണ്മെന്റല്ല. ഈ സഭയുടെ ആജ്ഞയെ അക്ഷരംപ്രതി അനുസരിക്കുന്ന ഒരു ഗവണ്മെന്റാണ്, ഇന്നത്തെ ഗവണ്മെന്റ്. ബഹുമാനപ്പെട്ട മെമ്പറന്മാർ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഈ സംഗതികൂടി ധരിക്കണമെന്നു എനിക്കപേക്ഷയുണ്ട്.

MR. K. K. CHELLAPPAN PILLAI : കാളേജിലും ഷിഫ്റ്റുസിസ്റ്റം ഏർപ്പെടുത്തണമെന്നു ആലോചിക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : അതേപ്പററി ഇതുവരെ ആലോചിച്ചില്ല. യൂണിവേഴ്സിററിയുമായി ആലോചിക്കുന്നതിനു വിരോധമില്ല.

MR. U. K. VASUDEVAN ACHARI (*Kottayam III Kammala Reserved*) : പിന്നോക്കസമുദായത്തോടുള്ള പ്രത്യേകപരിഗണന യൂണിവേഴ്സിററി കാളേജിൽ മാത്രമേ ലഭിക്കുകയുള്ളോ? പ്രൈവററു കാളേജിലും ആ സൗജന്യം ലഭിക്കുമോ?

HON'BLE MR. T. M. VARGHESE : യൂണിവേഴ്സിററി കാളേജിലുള്ള സൗജന്യം പ്രൈവററു കാളേജിലും ലഭിക്കേണ്ടതാണ്. അതു ചെയ്യണമെന്നു ഗവണ്മെൻറു യൂണിവേഴ്സിററി അധികൃതന്മാരെ അറിയിക്കാം.

MR. P. PAULOSE (*Muvattupuzha III General*) : പിന്നോക്കസമുദായത്തെപ്പോലെ പിന്നോക്കപ്രദേശങ്ങളിലുള്ളവർക്കും കൂടുതൽ ആനുകൂല്യം ഉണ്ടാകുമോ?

MR. PRESIDENT : അങ്ങിനെ ഒരു പ്രദേശമില്ല.

MRS. DEVAKI GOPIDAS : സർ, ബാക്ക്വേർഡുകമ്മ്യൂനിററീസ് എന്നു ഞാൻ ഉദ്ദേശിച്ചതു് എഡ്യൂക്കേഷനലായി ബാക്ക്വേർഡു ആയി നിൽക്കുന്ന സമുദായങ്ങളെ ഉദ്ദേശിച്ചാണ്. ഈ അവസരത്തിൽ അങ്ങനെ ഒരു വിശദീകരണം നൽകുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ റിസർവേഷനെപ്പററി പലതും പറയുകയുണ്ടായി. എൻെറ അറിവു ശരിയാണെങ്കിൽ മദ്രാസിൽ ൩൦ ശതമാനവും, ബോംബെയിൽ ൨൫ ശതമാനവും കൽക്കട്ടയിൽ ൨൦ ശതമാനവും റിസർവേഷൻ അനുവദിച്ചിട്ടുണ്ടെന്നാണു തോന്നുന്നതു്.

ഏതായാലും ഇക്കാര്യത്തിൽ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വേണ്ട ഉറപ്പുതന്നതിനാൽ ഞാൻ ഈ പ്രമേയം പിൻവലിച്ചുകൊള്ളുന്നു. അതു് സഭ അനുവദിക്കണമെന്നു അപേക്ഷിക്കുകയും ചെയ്യുന്നു.

MR. PRESIDENT : The Motion, by leave of the House, was withdrawn.

The House will now adjourn and meet again at 11-o' clock tomorrow, The House adjourned at 5-25 P. M. 5th June 1948.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly,

51566

Travancore Legislative Assembly

Vol. 1

p1 Jun 2, 1948-Questions and Answers
p31 Jun 2, 1948-Announcement Regarding Adjournment Motion
p34 Jun 2, 1948-Atrocities of the Police in the four Southern Taluks-Adjournment Motion
p44 Jun 2, 1948-Travancore Factories Bill-Legislative Business
p73 Jun 2, 1948-Travancore Trade Unions Act(Amendment)Bill
p81 Jun 2, 1948-Travancore Minimum Wages Bill
p83 Jun 2, 1948-Travancore Industrial Employment(Standing Order Bill)
p85 Jun 2, 1948-Travancore Industrial Disputes Bill
p85a Jun 3, 1948-Questions and Answers
p114 Jun 3, 1948-Adjournment Motions
p124 Jun 3, 1948-Pay and Allowance to Ministers Submission
p137 Jun 3, 1948-Pay and Allowance to the President and Deputy President
p138 Jun 3, 1948-Allowance to Members-Submission
p139 Jun 3, 1948-Travancore Industrial Disputes Bill-Legislative Business
p157 Jun 3, 1948-Travancore Forest Act Amendment Bill-Legislative Business
p159 Jun 3, 1948-Students have Failed ESLC Examination and been refused Re-admission to Schools-Adjournment Motion
p171 Jun 4, 1948-Questions and Answers
p187 Jun 4, 1948-Vizhinjam Harbour-Legislative Business
p190 Jun 4, 1948-Water works at Nagercoil-Legislative Business
p199 Jun 4, 1948-Havoc and Destruction brought to the Inhabitants of the SakthiKulangara Cheri-Adjournment Motion
p202 Jun 4, 1948-Travancore Prevention of Adulteration Bill-Legislative Business
p210 Jun 4, 1948-Travancore Criminal Procedure Code(Amendment)Bill
p212 Jun 4, 1948-Travancore Fatal Accidents Amendment Bill
p213 Jun 4, 1948-Travancore Savings Bank Bill
p229 Jun 4, 1948-Travancore Law Reforms (Miscellaneous Provision)Bill
p231 Jun 4, 1948-Non availability of Seats for College Study-Adjournment Motion